


പഞ്ചതന്ത്രം
കഥകൾ
ഡോ. കെ. ശ്രീകുമാർ

# പഞ്ചതന്ത്രം കഥകൾ

## ഡോ. കെ. ശ്രീകുമാർ

1967 ഡിസംബർ 31ന് എറണാകുളം ജില്ലയിലെ ചോറ്റാനിക്കരയിൽ ജനിച്ചു. അച്ഛൻ: കെ. എം. ലക്ഷ്മണൻ നായർ, അമ്മ: എ.എസ്. വിശാലാക്ഷി. മലയാള സാഹിത്യത്തിൽ എ.എ, എം.ഫിൽ, ബി.എഡ് ബിരുദങ്ങളും പത്ര പ്രവർത്തനത്തിൽ പി.ജി. ഡിപ്ലോമയും നേടി. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽനിന്ന് മലയാള സംഗീതനാടകങ്ങളെ ക്കുറിച്ചുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ്. 1993 മുതൽ 'മാതൃഭൂമി' സബ് എഡിറ്റർ. മലയാള സംഗീതനാടകചരിത്രം, ഒരു മുഖം- ജനപ്രിയ നാടക വേദിയുടെ മിടിപ്പുകൾ, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, ആൻഡ്രൂസ് മാസ്റ്റർ, ഓച്ചിറ വേലുക്കുട്ടി എന്നീ നാടകസംബന്ധിയായ പുസ്തകങ്ങളും എൺപത് ബാലസാഹിത്യ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു. 'ഒരു മുഖം-ജനപ്രിയ നാടകവേദിയുടെ മിടിപ്പുകൾ' എന്ന ബൃഹദ്ഗ്രന്ഥ മടക്കം പത്തിലേറെ പുസ്തകങ്ങൾ 'ലിപി'യാണ് പ്രസിദ്ധീകരിച്ചത്. കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള സംഗീതനാടക അക്കാദമി അവാർഡ്, അബുദാബി ശക്തി അവാർഡ്, എസ്.ബി.ടി ബാലസാഹിത്യ പുരസ്കാരം, ഭീമ അവാർഡ് എന്നിവയടക്കം നിരവധി അംഗീകാരങ്ങൾ ലഭിച്ചു.

ഇന്ദു ഭാര്യയും വൈശാഖൻ, നയനതാര എന്നിവർ മക്കളുമാണ്.

**വിലാസം:**

'ദേവീകൃപ'
പി.ഒ. ബാലുശ്ശേരി
കോഴിക്കോട് ജില്ല- 673 612

# പഞ്ചതന്ത്രം കഥകൾ

**പുനരാഖ്യാനം:**

**ഡോ. കെ.ശ്രീകുമാർ**

ചിത്രീകരണം

**ദേവപ്രകാശ്**

**ലിപി പബ്ലിക്കേഷൻസ്**

**കോഴിക്കോട് - 673 002**

**വില: 160 രൂപ**

Malayalam Language

**PANCHATHANDRAM KATHAKAL**

(Children's Literature)

Retold by **DR. K. SREEKUMAR**

First Edition : December 2001
Second Edition : December 2005
Third Edition : April 2008
Fourth Edition : March 2009
Fifth Edition : January 2010
Sixth Edition : June 2018
Rights Reserved
Typeset & Layout by LIPI DTP
Illustration : Devaprakash
Cover Designed : Vijeesh Lipi
Printed at Geethanjali Offset Prints
CONDITIONS FOR SALE
No part of this publication may be
reproduced stored in a retrieval system
or transmitted in any form or by any means,
without the prior written permission of the publisher.
**Price: Rs. 160/-**

**Publishers**
**LIPI PUBLICATIONS**
Head Office
Al Ameen Building, 13/766- U 6
Rly.Stn. Link Road, Kozhikode - 673002
Tel: 0495-2700321

**Showroom**
**LIPI BOOKS**
B-12, Vikas Building, Rly. Stn. Link Road, Kozhikode-2
Tel: 0495-2700192 Mobile: 9847262583
Email: lipipublicationsclt@gmail.com
lipiakbar@gmail.com
www.lipipublications.com

# മുഖവുര

കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്നതാണ് പഞ്ചതന്ത്രം കഥകൾ. ഈ സംസ്കൃതഗ്രന്ഥത്തിന് മറ്റെല്ലാ ഭാഷകളിലുമെന്നപോലെ മലയാളത്തിലും നിരവധി പുനരാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. എന്നിട്ടും ഇങ്ങനെയൊരു ശ്രമം എന്തിനെന്ന സംശയമുണ്ടാകാം. പഞ്ചതന്ത്രത്തിന് മലയാളത്തിലുണ്ടായ പുരാഖ്യാനങ്ങളിൽ കുട്ടികൾക്ക് ഒറ്റവായനയ്ക്ക് മനസ്സിലാക്കാവുന്നവ കുറവാണ്. ധർമ്മതത്ത്വങ്ങളുടേയും നീതിസാരങ്ങളുടേയും ആധിക്യവും സംസ്കൃതരൂപമായ നാമങ്ങളും കുട്ടികളുടെ അസ്വാദനത്തെ ഒരു പരിധിവരെ തടസ്സപ്പെടുത്തുന്നുണ്ട്. ആ വിടവ് നികത്തുകയാണ് ഈ പുനരാഖ്യാനത്തിന്റെ ഉദ്ദേശ്യം. കഥാഗതിക്കും ഗുണപാഠത്തിനുമൊഴികെ മറ്റൊന്നിനും ഇതിൽ പ്രാധാന്യം നൽകിയിട്ടുമില്ല. മൂലഗ്രന്ഥത്തിലേക്ക് കുട്ടികളെ നയിക്കാൻ പ്രേരിപ്പിക്കുക എന്നതും എന്റെ ലക്ഷ്യമാണ്.

പഞ്ചതന്ത്രം മൂലം, കുഞ്ചൻനമ്പ്യാരുടെ 'പഞ്ചതന്ത്രം', സുമംഗലയുടെ 'പഞ്ചതന്ത്രകഥകൾ' എന്നിവ ഇതിന് ആധാരമായിട്ടുണ്ട്. സ്വതന്ത്രപുനരാഖ്യാനരീതിയാണ് ഇതിൽ കൈക്കൊണ്ടിട്ടുള്ളത്. കഴിയുന്നത്ര ലളിതമാക്കാനും ശ്രമിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഇവ ഹിതകരമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

**ഡോ. കെ. ശ്രീകുമാർ**

**പഞ്ചതന്ത്രം** 7

**ഒന്നാം ഭാഗം**

കാളയും സിംഹരാജനും 9
ആപ്പിലായ കുരങ്ങൻ 14
ചെണ്ടമൃഗം 16
പ്രിയവും അപ്രിയവും 17
വിശ്വാസവഞ്ചന 20
ബുദ്ധിശൂന്യനായ കുറുക്കൻ 25
വിഷ്ണുവായ നെയ്ത്തുകാരൻ 26
സൂത്രം 30
കൊക്കിന്റെ സഹതാപം 31
കിണറ്റിലെ സിംഹം 34
പേനും മൂട്ടയും 36
നീലക്കുറുക്കൻ 38
ദുഷ്ടസംസർഗ്ഗം 40
കടലിന്റെ ഗർവ്വ് 43
ആമയുടെ ആകാശയാത്ര 45
അഹങ്കാരി മത്സ്യം 46
സംഘശക്തി 47
കുറുക്കന്റെ മിടുക്ക് 49
ഉപദേശിക്കുരുവി 51
കുരങ്ങനും കുരുവിയും 52
സംസാരിക്കുന്ന മരം 53
കൊക്കും ഞണ്ടും 56
പരുന്ത് റാഞ്ചിയ കുട്ടി 57
കാവൽക്കാരൻ 59
കള്ളൻ രക്ഷിച്ചു. 60

**രണ്ടാം ഭാഗം**

കൂട്ടുകാർ 62
കാക്കയും എലിയും 65
നിധിയുടെ കഥ 67
സ്നേഹം രക്ഷിച്ചു 70
എള്ളിനു പിന്നിലെ ചതി 72
അവിവേകിയുടെ അന്ത്യം 74
വിധിച്ചതു കിട്ടും 75
കർത്താവും കർമ്മവും 78
കാത്തിരിപ്പ് 81

**മൂന്നാം ഭാഗം**

കണക്കുതീർത്തു 82
വൈരം 86
ചന്ദ്രനിലെ മുയൽ 88
അവകാശി ആര്? 90
ആടിനെ പട്ടിയാക്കി 92
ദുർബ്ബലരുടെ കരുത്ത് 94
പാമ്പിനു പാൽകൊടുത്താൽ 95
സ്വർണ്ണത്തൂവൽ 97
ത്യാഗം 98
നല്ല കള്ളൻ 100
ആദ്യം ആരെ? 101
പാമ്പുകളുടെ രഹസ്യം 103
സൂത്രക്കാരി 105
മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയായി 107
സ്വർണ്ണം വിസർജ്ജിക്കുന്ന പക്ഷി 109
ഗുഹ സംസാരിച്ചപ്പോൾ 111
പാമ്പും തവളകളും 113
ഭഗവതിയുടെ അനുഗ്രഹം 114

**നാലാം ഭാഗം**

മരക്കൊമ്പത്തെ ഹൃദയം 115
താൻ കുഴിച്ച കുഴിയിൽ.... 119
തലച്ചോറില്ലാത്ത കഴുത 122
വീരകല 125
കുറുക്കൻ കുഞ്ഞ് 127
പ്രാണന്റെ പകുതി 129
പെണ്ണൊരുമ്പെട്ടാൽ 132
പുലിയായ കഴുത 133
കൂടുതൽ നഷ്ടം ആർക്ക്? 134
മണി ചതിച്ചു 136
ശത്രുവിനെ നേരിടേണ്ടത് 137
ദേശസഞ്ചാരം 139

**അഞ്ചാം ഭാഗം**

സ്വർണ്ണം കൊതിച്ച ക്ഷുരകൻ 140
കഥയറിയാതെ 142
നാലാളും നാലുവഴിയും 144
അറിവും ബുദ്ധിയും 147
പണ്ഡിത മണ്ടന്മാർ 149
മീൻബുദ്ധി പിൻബുദ്ധി 151
കഴുത ഭാഗവതർ 152
വരം പാഴായി 154
അരിപ്പൊടിക്കാരന്റെ സ്വപ്നം 156
പകരത്തിനു പകരം 158
രാക്ഷസനും കള്ളനും 161
ഭാഗ്യഹീനയായ രാജകുമാരി 163
കാൽനനഞ്ഞാൽ 165
രണ്ടുവായും ഒരു വയറും 166
ഞണ്ടു രക്ഷിച്ചു 167
കഥാന്ത്യം 168

# പഞ്ചതന്ത്രം

ധീരൻ, പണ്ഡിതൻ, സകലകലാവല്ലഭൻ-മഹിളാരോപ്യം എന്ന രാജ്യത്തെ രാജാവായ അമരശക്തിയുടെ വിശേഷണങ്ങളായിരുന്നു ഇവ. അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിൽ പ്രജകൾ സന്തുഷ്ടരായിരുന്നു. അമരശക്തി സുന്ദരിയായ ഒരു രാജകുമാരിയെ വിവാഹം കഴിച്ചു. അവർക്ക് യഥാകാലം മൂന്നു പുത്രന്മാരുണ്ടായി. വസുശക്തി, ഉഗ്രശക്തി, അനേകശക്തി എന്നിങ്ങനെ അവർക്ക് പേരിട്ടു.

രാജാവിന്റെയും രാജ്ഞിയുടേയും കണ്ണിലുണ്ണികളായി മക്കൾ വളർന്നുവന്നു. അവരെ ഗുരുകുലത്തിലയച്ചതോടെ രാജാവിന്റെ പ്രതീക്ഷകൾക്ക് മങ്ങലേറ്റു. മക്കളിൽ ഒരാൾക്കുപോലും പഠിപ്പിൽ താല്പര്യമുണ്ടായില്ല. ജീവിതത്തിലെ സാധാരണ സംഭവങ്ങളിൽപോലും അല്പം ബുദ്ധിശക്തി പ്രകടിപ്പിക്കാൻ അവർക്കായില്ല. ഗുരുനാഥൻമാർ രാജാവിനെ മുഖം കാണിച്ച് പരാജയം സമ്മതിച്ചു. രാജാവിന് കനത്ത നിരാശയായി.

അദ്ദേഹം തന്റെ മന്ത്രിമാരെ വിളിച്ചുവരുത്തി അവരുമായി കൂടിയാലോചിച്ചു "അല്ലയോ മന്ത്രിമാരെ, നിങ്ങളെന്റെ വിഷമം മനസ്സിലാക്കണം. മണ്ടന്മാരായ മൂന്നു മക്കളെയാണ് ദൈവം എനിക്കു തന്നത്. ഈ രാജ്യത്തിന് ഞാൻ സമ്പാദിച്ച പ്രശസ്തിയും സമ്പത്തും തുടർന്നു കൊണ്ടുപോകേണ്ടത് ഇവരാണ്. ബുദ്ധികെട്ട മക്കളുണ്ടാവുന്നത് മക്കളില്ലാത്തതിനേക്കാൾ ദുരിതകാരണമാണ്. കുമാരൻമാർക്ക് ബുദ്ധിയുണ്ടാക്കാൻ പറ്റിയ വഴികൾ നിങ്ങൾ ഉപദേശിച്ചുതരണമെന്നാണ് എന്റെ അപേക്ഷ". തൊണ്ടയിടറി അമരശക്തി പറഞ്ഞു.

രാജാവിന്റെ മാസികാവസ്ഥ മന്ത്രിമാർക്ക് മനസ്സിലായി. എന്ത് മറുപടി പറഞ്ഞ് അദ്ദേഹത്തെ ആശ്വസിപ്പിക്കണമെന്ന് അവർക്ക് വ്യക്തമായില്ല. ഒടുവിൽ, മന്ത്രിമാരിൽ മുഖ്യനായ സുമതി എഴുന്നേറ്റു

നിന്ന് രാജാവിനോടുണർത്തിച്ചു. “മഹാരജാവേ, അങ്ങയുടെ ദു:ഖം ഇല്ലാതാക്കാൻ പോന്ന ഒരു പണ്ഡിതൻ ജീവിച്ചിരിപ്പുണ്ട്. വിഷ്ണുശർമ്മ എന്ന ബ്രാഹ്മണനാണദ്ദേഹം. സകല ശാസ്ത്രങ്ങളിലും അഗാധമായ അറിവുള്ള അദ്ദേഹത്തിന് അവിടുത്തെ കുമാരൻമാരെ ബുദ്ധിമാന്മാരാക്കാൻ കഴിയും എന്നാണ് ഞങ്ങളുടെ വിശ്വാസം”.

മന്ത്രിയുടെ വാക്കുകൾ രാജാവിന് ആശ്വാസം പകർന്നു. അദ്ദേഹം ഉടനെതന്നെ വിഷ്ണുശർമ്മയെ ആളയച്ചുവരുത്തി. മഹാബ്രാഹ്മണൻ മുന്നിലെത്തി രാജാവിനെ വണങ്ങി. രാജാവ് ദു:ഖത്തോടെ പറഞ്ഞു. “ബ്രാഹ്മണശ്രേഷ്ഠാ, കേട്ടാലും, ബുദ്ധിപരമായി ഏറെ പിന്നിലാണ് എന്റെ മൂന്നാൺമക്കളും. അവരെ ഞാൻ അങ്ങയുടെ കൈകളിൽ ഏൽപ്പിക്കുന്നു. അങ്ങയുടെ ശിക്ഷണത്തിൽ അവർ ബുദ്ധി കൈവരിക്കുന്ന പക്ഷം ധാരാളം സ്വത്ത് പ്രതിഫലമായി പ്രതീക്ഷിക്കാം”.

“ധിക്കാരമെന്ന് തോന്നരുത്. സ്വത്തിനുവേണ്ടി അറിവ് വിൽക്കാൻ ഈയുള്ളവൻ ശീലിച്ചിട്ടില്ല. എങ്കിലും അവിടുത്തെ മനോദു:ഖം തീർക്കാനുള്ള ഉത്തരവാദിത്തം ഈ ബ്രാഹ്മണൻ ഏൽക്കുന്നു. ആറുമാസത്തിനകം കുമാരന്മാരുടെ ബുദ്ധിശക്തിയിൽ പ്രകടമായ മികവുണ്ടാകുമെന്നും ഉറപ്പുതരുന്നു.” വിഷ്ണുശർമ്മ പറഞ്ഞു.

അമരശക്തിക്ക് സന്തോഷമായി. അദ്ദേഹം ബ്രാഹ്മണന് താമസ സൗകര്യം ഒരുക്കിക്കൊടുത്തു. ലോകത്തെ മുഴുവൻ നീതിശാസ്ത്രങ്ങളും കഥാരൂപത്തിൽ അവതരിപ്പിക്കുന്ന അഞ്ചു പുസ്തകങ്ങൾ വിഷ്ണുശർമ്മ കുമാരന്മാർക്കായി രചിച്ചു. അവ കുമാരന്മാരെ പഠിപ്പിച്ചു.

കുമാരന്മാർക്കു വേണ്ടി വിഷ്ണുശർമ്മ രചിച്ച കഥകളാണ് പഞ്ചതന്ത്രത്തിലുള്ളത്. അഞ്ചു ഗ്രന്ഥങ്ങളിലായി കഥകൾ ചേർത്തതുകൊണ്ടാണ് അതിന് ഈ പേരു ലഭിച്ചത്. ആ കഥകൾ ഒന്നൊന്നായി കേട്ടോളൂ.

## ഒന്നാം ഭാഗം

# കാളയും സിംഹരാജനും

**ഒ**രിടത്ത് പണക്കാരനായ ഒരു കച്ചവടക്കാരൻ ജീവിച്ചിരുന്നു. പല തലമുറകൾക്ക് ജീവിക്കാനുള്ള പണം സമ്പാദിച്ചിട്ടും തൃപ്തനാവാതെ ദൂരദേശമായ മഥുരയിൽ ചെന്ന് കൂടുതൽ പണമുണ്ടാക്കാൻ അയാൾ തീരുമാനിച്ചു. കരുത്തന്മാരായ രണ്ടു കാളകൾ വലിക്കുന്ന വണ്ടിയിലാണ് കച്ചവടക്കാരൻ യാത്ര പുറപ്പെട്ടത്. കുറെ ദൂരം പിന്നിട്ടപ്പോൾ കാളകളിലൊന്ന് ക്ഷീണംകൊണ്ട് കുഴഞ്ഞുവീണു. നിർഭാഗ്യവശാൽ അതിന്റെ മുൻകാലുകൾ ചെളിയിൽ പുതഞ്ഞ് കിടന്നു. ഇതുകണ്ട് ഭൃത്യന്മാർ കച്ചവടക്കാരനെ കാര്യം ധരിപ്പിച്ചു.

തന്റെ വിശ്വസ്തനായ കാളകളിലൊന്നിന് വന്നുപെട്ട ദുരവസ്ഥ കച്ചവടക്കാരനെ ദു:ഖത്തിലാഴ്ത്തി. അയാൾ ഊണും ഉറക്കവും ഉപേക്ഷിച്ച് ദിവസങ്ങളോളം കാളയെ ശുശ്രൂഷിച്ചെങ്കിലും ഫലമുണ്ടായില്ല. ഗത്യന്തരമില്ലാതെ കാളയെ ഉപേക്ഷിച്ചുപോകുവാൻ അയാൾ തീരുമാനിച്ചു. അയാൾ ഭൃത്യന്മാരെ വിളിച്ച് ഇങ്ങനെ പറഞ്ഞു. “ഞാനേതായാലും മഥുരയിലേക്ക് യാത്ര തുടരുകയാണ്. നിങ്ങൾ ഇവിടെത്തന്നെ നിന്ന് കാളയെ ശുശ്രൂഷിക്കണം. കാളയുടെ അസുഖം ഭേദമാവുകയാണെങ്കിൽ അതിനേയും കൂട്ടി വരണം. വേദന തിന്നുതിന്ന് മരിക്കാനാണ് വിധിയെങ്കിൽ മരണാനന്തരചടങ്ങുകൾ ചെയ്തിട്ടു മതി നിങ്ങളുടെ യാത്ര.” കച്ചവടക്കാരൻ മറ്റേ കാളയുടെ കഴുത്തിൽ നുകം വെച്ച് യാത്ര തുടർന്നു.

ഭൃത്യന്മാർക്ക് കാട്ടിലുള്ള ജീവിതം ഒട്ടും ഹിതമായി തോന്നിയില്ല. എത്ര ശുശ്രൂഷിച്ചാലും കാള രക്ഷപ്പെടാൻ പോകുന്നില്ലെന്നും അവർക്കു തോന്നി. അവിടെ ചെന്ന് കച്ചവടക്കാരനെ കണ്ട് കാള മരിച്ച വിവരം അറിയിച്ചു. ദു:ഖിതനായ കച്ചവടക്കാരനും കാളയുടെ ആത്മാവിന് നിത്യശാന്തി കിട്ടുവാനായി ചില കർമ്മങ്ങൾ ചെയ്തു.

എന്നാൽ കാളയുടെ മരണസമയം അടുത്തിരുന്നില്ല. കുറെ ദിവസം നീണ്ട ശ്രമങ്ങൾക്കുശേഷം അവന് പതുക്കെ എഴുന്നേൽക്കാമെന്നായി. പിന്നെ അല്പാല്പം നടക്കാനും കഴിഞ്ഞു. ഇളം പുല്ലുകൾ തിന്നും നദിയിലെ വെള്ളം കുടിച്ചും അവൻ വിശപ്പും ദാഹവും അകറ്റി. ക്രമേണ അവന്റെ ശരീരം തടിവെക്കുകയും ശക്തനാവുകയും ചെയ്തു. ശക്തി യോടൊപ്പം അല്പം അഹങ്കാരവും അവനുണ്ടായി. കാട്ടിലെങ്ങും മുഴങ്ങു ന്നത്ര ഉച്ചത്തിൽ അലറുക അവന്റെ പതിവായി. അവന്റെ തടിമിടുക്ക് കണ്ട് ഭയന്ന് കാട്ടിലെ ചെറിയ മൃഗങ്ങൾ സ്ഥലം വിട്ടു.

അങ്ങനെയിരിക്കെ ഒരു ദിവസം സിംഹരാജാവും അനുചരന്മാരും ഇരതേടി കാട്ടിലെത്തി. സിംഹത്തിന്റെ വിശ്വസ്തരായ രണ്ടു കുറുക്ക ന്മാരും അപ്പോൾ കൂടെയുണ്ടായിരുന്നു. മദോന്മത്തനായ കാളയുടെ അലർച്ച കേട്ട് സിംഹം ഒന്നു ഭയന്നു. ഏതോ ശക്തനായ ശത്രു കാട്ടിലെ ത്തിയിരിക്കുന്നെന്നറിഞ്ഞ് സിംഹം മൗനം പാലിച്ചു. രാജാവിന്റെ ഈ ഭാവമാറ്റം കുറുക്കന്മാർ ശ്രദ്ധിച്ചു. എങ്ങനേയും രാജാവിന്റെ പ്രീതി പിടിച്ചുപറ്റി മന്ത്രിസ്ഥാനത്തെത്താനുള്ള ശ്രമം നടത്തിയിരുന്ന കുറുക്ക ന്മാർക്ക് ഇതൊരു സുവർണ്ണാവസരമായി തോന്നി. എന്നാൽ, അനാവശ്യ കാര്യങ്ങളിൽ ഇടപെടുന്നത് അപകടമാണെന്നു പറഞ്ഞ് ചങ്ങാതിയെ പിന്തിരിപ്പിക്കാൻ ഒന്നാം കുറുക്കൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല.

രണ്ടാംകുറുക്കൻ ആശങ്കയോടെയാണെങ്കിലും സിംഹത്തെ സമീപിച്ച് ദു:ഖകാരണം അന്വേഷിച്ചു. തന്റെ ഭീരുത്വം കുറുക്കന്മാർ അറിയേണ്ടെന്നുകരുതി സിംഹം ആദ്യം മറുപടിയൊന്നും പറഞ്ഞില്ല. എന്നാൽ, രണ്ടാംകുറുക്കൻ നിർബന്ധിച്ചപ്പോൾ സിംഹം പറഞ്ഞു. "ദൂരെ നിന്നും ശക്തമായ ഒരലർച്ച കേട്ടില്ലേ? കരുത്തനായ ഏതോ ശത്രു അവിടെയുണ്ട്. അവനോട് എതിരിടാനുള്ള ശക്തി നമുക്കുണ്ടോ എന്ന ശങ്കയാണ് എന്നെ ദു:ഖിപ്പിക്കുന്നത്. അവൻ കാണാതെ ഈ കാടുവിട്ടു പോയാലോ എന്നാണിപ്പോൾ എന്റെ ചിന്ത". വെറും അലർച്ച കേട്ടതു കൊണ്ടുമാത്രം കാടുവിട്ടോടുന്നത് രാജാവിന് ചേർന്ന പ്രവർത്തിയ ല്ലെന്നും ശബ്ദത്തിന്റെ ഉത്ഭവം എനിടെനിന്നെന്നും ശത്രു ആരെന്നും കണ്ടെത്താൻ തന്നെ ചുമതലപ്പെടുത്തണമെന്നും കുറുക്കൻ പറഞ്ഞു. സിംഹം സമ്മതിച്ചു.

കാട്ടുചെടികൾ കുത്തിനിറച്ച് അലറുന്ന കാളയെ കുറുക്കൻ ദൂരെ നിന്നുതന്നെ കണ്ടു. കേവലമൊരു കാളയെ ഭയന്നാണ് രാജാവ് കാടു വിടണമെന്നു പറഞ്ഞത് എന്നോർത്തപ്പോൾ രണ്ടാം കുറുക്കന് ചിരി വന്നു.

തൽക്കാലം ഇക്കാര്യം രാജാവിനോട് പറയേണ്ടെന്നും ഈ അവസരം വേണ്ടുംവണ്ണം വിനിയോഗിച്ച് രാജപ്രീതിക്ക് പാത്രമാവാ മെന്നും കുറുക്കൻ കരുതി. അവൻ സിംഹത്തിന്റെ അടുത്ത് മടങ്ങിയെത്തി കിതച്ചുകൊണ്ട് പറഞ്ഞു. "പ്രഭോ, ഞാനവനെ കണ്ടു. നമ്മൾ വിചാരിച്ച പോലെയല്ല കാര്യങ്ങളുടെ കിടപ്പ്. അവൻ അതിശക്തനും ക്ഷിപ്രകോപി യുമാണ്. എങ്കിലും ബുദ്ധി ഉപയോഗിച്ച് ഞാനവനെ അങ്ങയുടെ മുന്നിലെ ത്തിച്ച് സന്ധി ചെയ്യാം''. സിംഹത്തിന് ഇതുകേട്ടപ്പോൾ ആശ്വാസമായി. ബുദ്ധിമാനായ രണ്ടാംകുറുക്കനെ സിംഹം അപ്പോൾത്തന്നെ മുഖ്യമന്ത്രി യായി നിയമിച്ചു.

തീപാറുന്ന കണ്ണുകളോടെ കുറുക്കൻ  കാളയുടെ അടുത്തെത്തി. ഈ കാട് വനരാജാവായ സിംഹത്തിന്റെ സ്വന്തമാണെന്നും ഇവിടെ അനുവാദം കൂടാതെ കയറിയ കാളയോട് അദ്ദേഹം കോപിച്ചിരിക്കുകയാ ണെന്നും കുറുക്കൻ  കാളയോട് വിവരിച്ചു. കാളയെ കൊല്ലാനായി സിംഹം ഉടനെയെത്തുമെന്നും അവൻ കൂട്ടിച്ചേർത്തു. ഇതുകേട്ട് കാള വല്ലാതെ ഭയന്നു. പ്രാണരക്ഷക്കായി കാള കുറുക്കനെത്തന്നെ അഭയം പ്രാപിച്ചു. സിംഹത്തിന്റെ അഭിപ്രായം കേട്ടശേഷം അദ്ദേഹത്തെക്കണ്ട് മാപ്പിരക്കാനായി അങ്ങോട്ട് കൊണ്ടുപോകാമെന്ന് കാളയോട് പറഞ്ഞിട്ട് കുറുക്കൻ മടങ്ങി.

''പ്രഭോ, നമ്മുടെ ശത്രു അങ്ങേയറ്റത്തെ അഹങ്കാരിയാണ്. അങ്ങയുടെ അനുവാദം കൂടാതെ കാട്ടിൽ കയറിയതെന്തിനെന്ന് ചോദിച്ച പ്പോൾ പരമേശ്വന്റെ വാഹനമായ തനിക്ക് ഒരു പീറസിംഹത്തിന്റെ അനുവാദമെന്തിന് എന്ന ധിക്കാരം കലർന്ന മറുപടിയാണ് അവൻ പറഞ്ഞത്! ഞാനും വിട്ടുകൊടുത്തില്ല. എന്റെ യജമാനനും അതിശക്തനാ ണെന്നു വിശദീകരിച്ച് അവനുമായി ഒരു സഖ്യമുണ്ടാക്കാനുള്ള വഴിയും ഒരുക്കിയിട്ടാണ് ഞാൻ വന്നിരിക്കുന്നത്. ബലവാനായ ശത്രുവുമായി ഏറ്റുമുട്ടുന്നതിനേക്കാൾ സന്ധിചെയ്യുന്നതല്ലേ ബുദ്ധി?" രണ്ടാം കുറുക്കൻ സിംഹത്തോട് ചോദിച്ചു. കുറുക്കൻ പറഞ്ഞതിൽ കാര്യമുണ്ടെന്നു തോന്നിയ സിംഹം കാളയുമായി സന്ധിചെയ്യാൻ സമ്മതിച്ചു. കുറുക്കൻ അപ്പോൾത്തന്നെ കാളയേയും കൂട്ടിയെത്തി. പരസ്പരം അക്രമിക്കി ല്ലെന്നും ഉറ്റ ചങ്ങാതിമാരായിരിക്കാമെന്നും അവർ വ്യവസ്ഥ ചെയ്തു. സിംഹം രാജ്യഭരണം കുറുക്കന്മാരെ ഏല്പിച്ച് കാളയോടൊപ്പം ജിവിതം തുടങ്ങി. ബുദ്ധിമാനായ കാള സിംഹത്തിന് നീതിസാരങ്ങൾ പറഞ്ഞുകൊടുത്ത് അവന്റെ ബുദ്ധി വികസിപ്പിച്ചു.

കാളയുടെ സൗഹൃദം ലഭിച്ചതോടെ കുറുക്കന്മാരെ രാജാവ് തീരെ ശ്രദ്ധിക്കാതെയായി. മറ്റ് അനുചരന്മാർക്കും രാജാവിന്റെ സാമീപ്യം നഷ്ടമായി. എപ്പോഴും ഗുഹയിലിരുന്ന് കാളയോട് സംസാരിക്കുക മാത്രമായി സിംഹത്തിന്റെ പരിപാടി. സിംഹം ഇരപിടിക്കൽ അവസാനി പ്പിച്ചതോടെ കുറുക്കന്മാരും മറ്റു മൃഗങ്ങളും ഭക്ഷണം കിട്ടാതെ വലഞ്ഞു. ഈ രീതി തുടർന്നാൽ തങ്ങളുടെ മരണം ഉറപ്പാണെന്നു മനസ്സിലാക്കിയ കുറുക്കന്മാർ ഭാവിപരിപാടികളെക്കുറിച്ചാലോചിച്ചു. രാജാവിന്റെ സഹായം ലഭിക്കില്ലെന്നു മനസ്സിലാക്കിയതോടെ ചില മൃഗങ്ങൾ അവരെ വിട്ടുപോവുകയും ചെയ്തു. സിംഹത്തേയും കാളയേയും തമ്മിൽ സന്ധിചെയ്യിച്ച രണ്ടാംകുറുക്കൻതന്നെ അവരെ വേർപെടുത്താനുള്ള തന്ത്രവും ആവിഷ്കരിക്കാമെന്ന് ഒന്നാം കുറുക്കനു ഉറപ്പു നൽകി.

കാള അടുത്തില്ലാതിരുന്ന തക്കം നോക്കി രണ്ടാം കുറുക്കൻ സിംഹത്തിന്റെ ഗുഹയിലെത്തി. അവൻ ഭയത്തോടെ പറഞ്ഞുതുടങ്ങി. “പ്രഭോ, അങ്ങേക്ക് ദോഷം വരുന്ന കാര്യമായതുകൊണ്ടാണ് ഞാനിത് പറയുന്നത്. അങ്ങ് വിശ്വസ്തനെന്ന് കരുതിയിരിക്കുന്ന കാള യഥാർത്ഥ ത്തിൽ ചതിയനാണ്. അങ്ങ് മണ്ടനാണെന്നും അങ്ങയെക്കൊന്ന് രാജപദവി തട്ടിയെടുക്കലാണ് അവന്റെ ലക്ഷ്യമെന്നും ഞാനറിഞ്ഞു. അവൻ രാജാവാകുമ്പോൾ എന്നെ മന്ത്രിയാക്കാമെന്നും ഉറപ്പു തന്നിട്ടുണ്ട്. അങ്ങേതായാലും അല്പം സൂക്ഷിക്കണം”. കുറുക്കന്റെ വാക്കുകൾ സിംഹത്തെ ദു:ഖത്തിലാഴ്ത്തി. തന്റെ ഉറ്റസ്നേഹിതനെക്കുറിച്ചുകേട്ട വർത്തമാനങ്ങൾ അതേപടി വിശ്വസിക്കാൻ സിംഹത്തിനായില്ല. എന്നാൽ, കുറുക്കൻ പലതവണ ആരോപണങ്ങൾ ആവർത്തിച്ചപ്പോൾ അത് വിശ്വസിക്കാതിരിക്കാനും കഴിഞ്ഞില്ല.

കുറുക്കൻ നേരെ പോയത് കാളയുടെ അടുത്തേക്കാണ്. “ചങ്ങാതീ, നിങ്ങളുടെ കാര്യം വലിയ കഷ്ടത്തിലാണ്. രാജാവ് രഹസ്യമായി സൂക്ഷിക്കാനേല്പിച്ചതാണെങ്കിലും നിങ്ങളുടെ ജീവിത്തെ ബാധിക്കുന്ന കാര്യമായതുകൊണ്ട് ഞാൻ പറയാം. നാളെ രാവിലെ കാളയെക്കൊന്ന് മൃഗങ്ങൾക്ക് ഇറച്ചി വിളമ്പാനാണ് രാജാവ് ഉത്തരവിട്ടിട്ടുള്ളത്”. ഇതുകേട്ട് കാള ഞെട്ടി. രാജാവിന്റെ അപ്രീതിക്ക് പാത്രമാവാൻ താനൊരു തെറ്റും ചെയ്തിട്ടില്ലല്ലോ എന്ന് കാള ചിന്തിച്ചു. കുറുക്കന്റെ വാക്കുകളെ വിശ്വസി ക്കാതിരുന്ന കാള അടുത്തദിവസംതന്നെ സിംഹത്തെക്കണ്ട് യാഥാർത്ഥ്യം മനസ്സിലാക്കണമെന്ന് തീരുമാനിച്ചു. സിംഹത്തെ പേടിച്ച് നാടുവിട്ടു പോകണമെന്ന കുറുക്കന്റെ ഉപദേശവും കാളയ്ക്ക് സ്വീകാര്യമായില്ല.

പിറ്റേന്ന് രാവിലെത്തന്നെ സിംഹത്തെക്കാണാൻ കാള ഗുഹയിലെത്തി. കുറുക്കന്റെ കുതന്ത്രങ്ങൾ മൂലം കാളയുടെ മേൽ കനത്ത കോപവുമായി ഇരിക്കുകയായിരുന്ന സിംഹത്തിന് അവനെ കണ്ടപ്പോൾ ദേഷ്യം ഇരട്ടിച്ചു. സിംഹത്തിന്റെ ക്രുദ്ധമായ മുഖഭാവം കണ്ടപ്പോഴാകട്ടെ, കുറുക്കൻ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് കാളയ്ക്കും തോന്നി. രണ്ടുപേരും പരസ്പരം ഒന്നും സംസാരിച്ചില്ല. ഇതിനിടയിൽ സിംഹം കാളയുടെ ദേഹത്ത് ചാടിവീണു. കാളയും വിട്ടുകൊടുത്തില്ല. രണ്ടുപേരും തമ്മിൽ തീപാറുന്ന പോരാട്ടംതന്നെ നടന്നു. ഒടുവിൽ സിംഹത്തിന്റെ കൂർത്ത നഖങ്ങൾ ആഴ്ന്നിറങ്ങി കാള ചത്തുവീണു.

തന്റെ ഉറ്റ ചങ്ങാതി പിടഞ്ഞുവീണപ്പോൾ സിംഹത്തിന് അടക്കാനാവാത്ത ദു:ഖമുണ്ടായി. കോപം മൂലം ഇത്തരമൊരു ക്രൂരകൃത്യം ചെയ്യേണ്ടി വന്നതിൽ സിംഹം പശ്ചാത്തപിക്കുകയും വാവിട്ട് കരയുകയും ചെയ്തു. അപ്പോൾ രാജകർത്തവ്യങ്ങൾ ഓർമ്മിപ്പിച്ച് കുറുക്കന്മാർ സിംഹത്തെ സമാധാനിപ്പിച്ചു.

---

**'വീണ്ടുവിചാരമില്ലാത്ത പ്രവൃത്തി പശ്ചാത്താപത്തിനിടയാക്കും'.**

---

## ആപ്പിലായ കുരങ്ങൻ

**ഒ**രു പറ്റം കുരങ്ങൻമാർ കാട്ടിലൂടെ ഓടിച്ചാടി നടക്കുകയായിരുന്നു. മരങ്ങളിൽനിന്ന് മരങ്ങളിലേക്ക് ചാടിച്ചാടി അവർ ഏറെ ദൂരം മുന്നി ലെത്തി. അപ്പോഴാണ് അല്പം അകലെയായി ഒരു ശബ്ദം കേട്ടത്. കുരങ്ങ ന്മാർ മരത്തിന്റെ മറവിൽനിന്ന് അത് ശ്രദ്ധിച്ചു.

കാടിന്റെ ഉള്ളിലായി കുറെ ആശാരിമാർ ഒരു അമ്പലം പണിയാ നുള്ള ശ്രമത്തിലാണെന്ന് കുരങ്ങന്മാർക്ക് മനസ്സിലായി. അവരിൽ കൽപ്പണിക്കാരും മരപ്പണിക്കാരുമുണ്ട്. വെട്ടിയെടുത്ത ചെങ്കല്ല് ഒരു കൂട്ടർ ചെത്തിമിനുക്കുമ്പോൾ മരപ്പണിക്കാർ വൻമരങ്ങൾ വെട്ടിവീഴ്ത്തി വാളുകൊണ്ട് പലകയാക്കി മുറിച്ചെടുക്കയായിരുന്നു. ഇതെല്ലാം കണ്ട് കുരങ്ങന്മാർക്ക് കൗതുകം തോന്നി.

അല്പം കഴിഞ്ഞതും അവർ പണി നിർത്തി പോയി. നേരം ഉച്ചയാ യതിനാൽ അടുത്ത ഗ്രാമത്തിൽച്ചെന്ന് ഊണ് കഴിക്കുകയാണ് അവരുടെ ഉദ്ദേശ്യമെന്ന് കുരങ്ങന്മാർക്ക് മനസ്സിലായി. ഒരു വലിയ മരത്തിന്റെ കാതൽ പകുതി അറുത്ത് നിർത്തിയാണ് അവർ പോയത്. അറവ് എളുപ്പ മാക്കാൻ മരത്തിന്റെ രണ്ടു പാളികൾക്കുമിടയിൽ ഒരു മരക്കുറ്റി തിരുകി വെച്ചിരുന്നു.

പണിക്കാർ പോയതും കുരങ്ങന്മാർ അതിലെ ചാട്ടം തുടങ്ങി. കല്ലും മരവും പണിയായുധങ്ങളുമൊക്കെ അവരുടെ കളിപ്പാട്ടങ്ങളായി. ഇതിനിടെ ഒരു വികൃതിക്കുരങ്ങൻ പകുതി അറുത്ത മരത്തിനടുത്തെത്തി. അവൻ കൗതുകത്തോടെ അതിനു മുകളിൽ കയറിയിരുന്നു. തന്റെ നീളമുള്ള വാൽ മരത്തിന്റെ പിളർപ്പിനിടയിൽ ഇറങ്ങിയത് അവനറിഞ്ഞില്ല. അപ്പോഴാണ് മരത്തിനിടയിൽ തറച്ചിരുന്ന മരക്കുറ്റി

അവൻ കാണുന്നത്. അവന്റെ 'വാനരബുദ്ധി' ഉണർന്നു. സർവ്വശക്തിയുമെടുത്ത് അവനത് വലിച്ചൂരി. 'ടപ്പ്' എന്ന ശബ്ദത്തോടെ മരക്കഷ്ണങ്ങൾ ഒന്നായി. കുരങ്ങന്റെ വാല് അതിൽപ്പെട്ട് ചതഞ്ഞരഞ്ഞു. വേദന സഹിക്കവയ്യാതെ അവൻ ചത്തുപോയി. മറ്റുകുരങ്ങന്മാർ കൂട്ടുകാരന്റെ മൃതദേഹം കണ്ട് സങ്കടപ്പെട്ട് തിരിച്ചുപോയി.

**'അനാവശ്യകാര്യങ്ങളിൽ തലയിടുന്നത് ബുദ്ധിയല്ല'**



## ചെണ്ടമൃഗം

**കു**റുക്കൻ കുറ്റിക്കാട്ടിലൂടെ അലഞ്ഞുനടക്കാൻ തുടങ്ങിയിട്ട് വളരെ നേരമായി. വയറിന്റെ വിശപ്പടക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് അന്വേഷിച്ചായിരുന്നു അവന്റെ നടത്തം. പെട്ടെന്ന് വലിയ മുഴക്ക മുള്ള ഒരു ശബ്ദം കേട്ട് അവൻ നിന്നു. വല്ല ദുഷ്ടമൃഗങ്ങളുമായിരിക്കുമോ അത് എന്നോർത്ത് അവൻ ഭയന്നു. പിന്നെ, ധൈര്യം സംഭരിച്ച് മുന്നോട്ടു നടന്നു.

അല്പം അകലെയായി വലിയൊരു ചെണ്ട കിടന്നിരുന്നു. യുദ്ധത്തി നിടയിൽ പടയാളികളാരോ ഉപേക്ഷിച്ചുപോയതാണ് ആ ചെണ്ട. അതിന്റെ തോലിൽ കാട്ടുവള്ളികൾ ചെന്നിടിച്ചാണ് ശബ്ദമുണ്ടാകുന്നത്. എന്നാൽ, മുമ്പൊരിക്കലും ചെണ്ട കണ്ടിട്ടില്ലാത്ത മണ്ടൻ കുറുക്കന് അതെന്താണെന്ന് മനസ്സിലായില്ല. അവൻ ഭയത്തോടെ ചെണ്ടക്ക് ചുറ്റും പതുങ്ങി നടന്നു.

ക്രമേണ അവന്റെ ഭയം ഇല്ലാതായി. ഏതോ സാധുമൃഗമാണ് അതെന്ന് അവന് തോന്നി. അവന്റെ വിശപ്പ് അപ്പോഴേക്കും ഇരട്ടിച്ചിരുന്നു. ഈ ജീവിയുടെ ഉള്ളിൽ നിറയെ ഇറച്ചി ഉണ്ടായിരിക്കുമെന്നു കരുതി കുറുക്കൻ നഖംകൊണ്ട് ചെണ്ടയുടെ തോൽ മാന്തിപ്പൊളിച്ചു. ആർത്തി യോടെ അവൻ അതിനകത്ത് തലയിട്ടു. അതിനുള്ളിൽ ഒന്നും കാണാതെ നിരാശനായി പുറത്തിറങ്ങി. വിശന്നുപൊരിയുന്ന വയറോടെ അവൻ ആഹാരമന്വേഷിച്ച് വീണ്ടും നടന്നു.

---

**'പുറംമോടി കണ്ട് നിഗമനത്തിലെത്തുന്നത്'**

---

# പ്രിയവും അപ്രിയവും

രാജാവിന്റെ വലംകൈയായിരുന്നു ധനികനായ ആ വ്യാപാരി. ഭരണസംബന്ധമായ എല്ലാ കാര്യങ്ങളിലും അയാൾ രാജാവിനെ സഹായിച്ചു. രാജാവിന് അയാളുടെ ബുദ്ധിശക്തിയും വിശ്വസ്തതയിലും നല്ല മതിപ്പായിരുന്നു.

അങ്ങനെയിരിക്കെ, വ്യാപാരിയുടെ മകൾക്ക് വിവാഹപ്രായമായി. ധനികനും സുന്ദരനുമായ ഒരു പ്രഭുകുമാരനെ കണ്ടെത്തി വിവാഹം നിശ്ചയിച്ചു. ആർഭാടപൂർവ്വം നടന്ന വിവാഹാഘോഷത്തിൽ നാടിന്റെ നാനാഭാഗത്തുനിന്നും അതിഥികൾ എത്തിച്ചേർന്നു. കൂട്ടത്തിൽ നിരക്ഷര കുക്ഷിയായ കൊട്ടാരം തൂപ്പുകാരനും എത്തി. വീണ്ടുവിചാരമില്ലാത്ത അയാൾ വന്നപാടെ മഹാബ്രാഹ്മണരോടൊപ്പം കസേരയിൽ കയറിയിരിപ്പായി. ബ്രാഹ്മണൻ നെറ്റി ചുളിച്ചു. തൂപ്പുകാരന്റെ അഹങ്കാരം കണ്ട വ്യാപാരിക്കും ദേഷ്യം കയറി. അയാൾ തൂപ്പുകാരനെ കഠിനമായി ശാസിച്ച് ആട്ടിയിറക്കി.

തൂപ്പുകാരന് വല്ലാത്ത നാണക്കേടായി. തന്നെ ആളുകൾക്കിടയിൽ അപമാനിച്ച വ്യാപാരിയെ ഒരു പാഠം പഠിപ്പിക്കണമെന്ന് അയാൾ തീരുമാനിച്ചു. വിരലും മോതിരവുംപോലെ ഒട്ടിച്ചേർന്നുനിൽക്കുന്ന രാജാവിനേ യും വ്യാപാരിയേയും തമ്മിൽ തെറ്റിക്കാനുള്ള വഴി അയാൾ കണ്ടെത്തി.

പിറ്റേന്നു രാവിലെ രാജാവ് മയങ്ങുമ്പോൾ അന്തഃപുരം തൂത്തുവാരാനെന്ന ഭാവത്തിൽ തൂപ്പുകാരൻ ചൂലുമായി അവിടെയെത്തി. രാജാവ് കിടന്നിരുന്ന കട്ടിലിന്റെ അടിഭാഗം വൃത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ തൂപ്പുകാരൻ ആരൊടെന്നില്ലാതെ പറഞ്ഞു. "അയ്യോ! മഹാപാപം. മഹാരാജാവിന്റെ വിശ്വസ്തനായ വ്യാപാരി അദ്ദേഹത്തെ ചതിക്കുന്നു. ആ ദുഷ്ടൻ മഹാറാണിയെ കെട്ടിപ്പിടിച്ച് ചുംബിക്കുന്നു"

പാതിമയക്കത്തിലായിരുന്ന മഹാരാജാവ് ഇതുകേട്ട് ഞെട്ടി. അദ്ദേഹം കോപത്തോടെ ചാടിയെഴുന്നേറ്റ് തൂപ്പുകാരനെ ചോദ്യം ചെയ്തു. താൻ ഉറക്കച്ചടവിൽ എന്തൊക്കെയോ പറയുന്നത് ക്ഷമിക്കണം എന്നുപറഞ്ഞ് അയാൾ തടിയൂരി. എന്നാൽ, തൂപ്പുകാരന്റെ വാക്കുകൾ രാജാവിന്റെ മനസ്സിൽനിന്ന് പോയില്ല. വിശ്വസ്തയെന്ന് കരുതിയ രാജ്ഞി തന്നെ ചതിച്ചുവെന്ന് അദ്ദേഹം കരുതി. വ്യാപാരിക്ക് കൊട്ടാര ത്തിൽ അമിതസ്വാതന്ത്ര്യം നൽകിയതും തെറ്റായെന്ന് അദ്ദേഹത്തിന് തോന്നി. രാജാവ് അപ്പോൾത്തന്നെ വ്യാപാരിയെ കൊട്ടാരത്തിൽ കാൽ കുത്തുന്നതിൽനിന്ന് വിലക്കിക്കൊണ്ട് ഉത്തരവിറക്കി.

രാജകല്പനയറിഞ്ഞപ്പോൾ വ്യാപാരിക്ക് അത്ഭുതവും ദു:ഖവും തോന്നി. രാജാവിനെതിരെ ഒരിക്കൽപ്പോലും അപ്രിയം പ്രവർത്തിക്കാത്ത താൻ കേവലമൊരു തെറ്റിദ്ധാരണയുടെ പേരിൽ കൊട്ടാരത്തിനു പുറത്തായതിൽ വ്യാപാരിക്ക് വിഷമമുണ്ടായി. തന്നേയും രാജാവിനേയും തമ്മിൽ അകറ്റിയതിനു പിന്നിൽ തൂപ്പുകാരന്റെ വക്രബുദ്ധിയാണെങ്കിലും രാജകോപം മാറിക്കിട്ടാൻ തൽക്കാലം തൂപ്പുകാരനെത്തന്നെ ആശ്രയിക്കു കയേ നിവൃത്തിയുള്ളൂവെന്ന് വ്യാപാരി തിരിച്ചറിഞ്ഞു. വ്യാപാരി തൂപ്പുകാരനെ വിളിച്ച് കുറേ പണം കൊടുത്തിട്ട് പറഞ്ഞു. “മാന്യരേ, ചില സമയത്ത് ആർക്കും ദുർബുദ്ധി തോന്നും. അങ്ങനെയാണ് ഞാൻ താങ്കളെ ജനസമക്ഷം അക്ഷേപിച്ചത്. ഇപ്പോഴത് സദയം പൊറുക്കണം”.

വ്യാപാരിയുടെ തന്ത്രം ഫലിച്ചു. തൂപ്പുകാരൻ ചിരിച്ചുകൊണ്ട് പറഞ്ഞു. “അതൊന്നും സാരമില്ല. ഞാനതൊക്കെ എന്നേ മറന്നു. ഞാൻ മൂലം താങ്കൾക്കും രാജാവിനുമിടയിലുണ്ടായ പ്രശ്നം ഞാൻതന്നെ തീർക്കും. താങ്കൾ ധൈര്യമായി പൊയ്ക്കൊള്ളൂ.” തൂപ്പുകാരന്റെ ഈ വാക്കുകൾ വ്യാപാരിക്ക് ആശ്വാസം പകർന്നു.

പതിവുപോലെ പിറ്റേന്നും രാവിലെ തൂപ്പുകാരൻ അന്തഃപുരം വൃത്തിയാക്കാൻ ചൂലുമായെത്തി. പാതിയുറക്കത്തിലായിരുന്ന രാജാവു കേൾക്കെ തൂപ്പുകാരൻ പുലമ്പി “മഹാകഷ്ടം! നാണക്കേട്. നമ്മുടെ മഹാരാജാവിന്റെ ഊണും ഉറക്കവുമെല്ലാം കക്കൂസിലിരുന്നുതന്നെ! ഛേ. ആരെങ്കിലും ഇതറിഞ്ഞാൽ.....”. ഇതുകേട്ട് രാജാവിന് കടുത്ത കോപം വന്നു. തൂപ്പുകാരൻ തന്നെ അപമാനിക്കുകയാണെന്നു തോന്നിയ രാജാവ് അവനെ ശാസിച്ചു. ഉറക്കക്ഷീണംകൊണ്ട് താനെന്തോ പറഞ്ഞത് ക്ഷമിക്കണമെന്ന് തൂപ്പുകാരൻ അപേക്ഷിച്ചു.

രാജാവിന് അപ്പോഴാണ് കാര്യം മനസ്സിലായത്. ബുദ്ധിശൂന്യയായ തൂപ്പുകാരന്റെ വാക്കുകേട്ട് വിശ്വസ്തനായ വ്യാപാരിയെ ആട്ടിപ്പുറത്താക്കിയതിൽ അദ്ദേഹം പശ്ചാത്തപിച്ചു. അപ്പോൾത്തന്നെ അദ്ദേഹം വ്യാപാരിയെ ആളയച്ചുവരുത്തി ക്ഷമ ചോദിച്ചു, പിന്നീടൊരിക്കലും അവർ പിരിഞ്ഞില്ല.

**'കാര്യം കാണാൻ ചിലപ്പോൾ നിസ്സാരന്മാരേയും ആശ്രയിക്കേണ്ടിവരും**



# വിശ്വാസവഞ്ചന

**ആ**ളൊഴിഞ്ഞ ഒരിടത്ത് ഒരു സന്യാസി ആശ്രമം പണിത് താമസം തുടങ്ങി. അദ്ദേഹത്തിന്റെ ദിവ്യശക്തിയെക്കുറിച്ചുള്ള വാർത്തകൾ നാടെങ്ങും അതിവേഗം പരന്നു. നിരവധി ഭക്തന്മാർ അദ്ദേഹത്തിന്റെ ആശ്രമത്തിലെ സ്ഥിരം സന്ദർശകരായിത്തീർന്നു. അവർ ധാരാളം പണം സന്യാസിയാണെങ്കിലും അളവറ്റ ധനം കൈവശമെത്തിയപ്പോൾ അദ്ദേഹത്തിന് പരിഭ്രമമായി. ഈ പണം എങ്ങനെ സുരക്ഷിതമായി വെക്കുമെന്ന ചിന്ത അദ്ദേഹത്തെ അലട്ടി. മുഴുവൻ പണവും പട്ടുകിഴി യിലാക്കി അദ്ദേഹം അരയിൽത്തന്നെ തിരുകിവെച്ചു. ഊണിലും ഉറക്കത്തിലും അദ്ദേഹത്തിന്റെ ചിന്ത പണക്കിഴിയെക്കുറിച്ചു മാത്രമായി.

സന്യാസിയുടെ പക്കൽ ധാരാളം പണമുണ്ടെന്ന് ആ നാട്ടിലെ കുപ്രസിദ്ധനായ ഒരു കള്ളൻ മണത്തറിഞ്ഞു. എങ്ങനേയും അത് കൈക്ക ലാക്കണമെന്ന് അയാൾ കരുതി. ഏതെങ്കിലും വിധത്തിൽ ആശ്രമത്തിൽ കയറിപ്പറ്റി തന്ത്രപൂർവ്വം പണക്കിഴി തട്ടിയെടുക്കാനുള്ള മാർഗ്ഗം അയാൾ ആലോചിച്ചുണ്ടാക്കി.

പിറ്റേന്നുതന്നെ കള്ളൻ വേഷപ്രച്ഛന്നനായി, പൂണൂൽ ധരിച്ച് ആശ്രമത്തിലെത്തി. സന്യാസിയെ സാംഷ്ടാംഗം നമിച്ച് ഇപ്രകാരം പറഞ്ഞു. “മഹാശയാ, ഭൗതികസുഖങ്ങളെല്ലാം ഉപേക്ഷിച്ച് അങ്ങയുടെ ശിഷ്യനാകാൻ ഞാൻ എത്തിയിരിക്കുകയാണ്. അവിടുന്ന് എന്നെ സ്വീകരിച്ചനുഗ്രഹിക്കണം”. കള്ളന്റെ വിനയപ്രകടനം കണ്ട് സന്യാസി മറ്റൊന്നും ആലോചിക്കാതെ അയാളെ ശിഷ്യനാക്കി.

സന്യാസിയെ സഹായിക്കുന്നതായി നടിച്ച് കള്ളൻ രാപ്പകൽ ഭേദമില്ലാതെ കൂടെ നടന്നെങ്കിലും പണക്കിഴി കൈക്കലാക്കാനായില്ല. കള്ളനെ ഏറെ വിശ്വസിച്ചിട്ടും പണക്കിഴിയുടെ കാര്യം സംസാരിക്കാൻ പോലും സന്യാസി തയ്യാറായില്ല. പണക്കിഴി അരയിൽ തിരുകിവെച്ചാണ്

അദ്ദേഹം ഉറങ്ങിയിരുന്നതും. ഇത് കള്ളനെ നിരാശനാക്കി.

അങ്ങനെയിരിക്കെ കള്ളന് ഒരു സുവർണ്ണാവസരം കൈവന്നു. സന്യാസിയുടെ പരിചയത്തിലുള്ള ഒരാളുടെ മകന്റെ ഉപനയനത്തിനായി അവർക്ക് കുറേ ദൂരം കാട്ടിലൂടെ സഞ്ചരിക്കേണ്ടി വന്നു. തലേന്ന് കഴിച്ച ഭക്ഷണം ദഹിക്കായ്കയാൽ സന്യാസിക്ക് പെട്ടെന്ന് വയറുവേദനയുണ്ടായി. ഗത്യന്തരമില്ലാതെ അദ്ദേഹം അരയിൽ നിന്ന് പണക്കിഴിയെടുത്ത് കള്ളന് നൽകിയിട്ട് പറഞ്ഞു. "ശിഷ്യാ, ഞാൻ വയറു ശുദ്ധിയാക്കി വരുംവരെ ഈ കിഴി സൂക്ഷിക്കണം. പണമാണിതിനുള്ളിൽ. നല്ലവണ്ണം ശ്രദ്ധിക്കണം" കൂടുതൽ വിശദീകരിക്കൻ നിൽക്കാതെ അദ്ദേഹം വയർ പൊത്തിക്കൊണ്ട് കാട്ടിനുള്ളിലേക്ക് ഓടി. അദ്ദേഹം കൺമുന്നിൽനിന്ന് മറഞ്ഞതും കള്ളൻ പണക്കിഴിയുമായി പമ്പകടന്നു.

അല്പസമയത്തിനുള്ളിൽ സന്യാസി മലവിസർജ്ജനം കഴിഞ്ഞ് ആശ്വാസത്തോടെ തിരിച്ചെത്തി. ശിഷ്യൻ തന്നെ ചതിച്ച വിവരമറിഞ്ഞ് അദ്ദേഹം നെഞ്ചുപൊട്ടിക്കരഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ ദു:ഖം തെല്ലൊന്നടങ്ങി. നഷ്ടപ്പെട്ടതിനെക്കുറിച്ചോർത്ത് വെറുതെ കരയുന്നതിലർത്ഥമില്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം ശിഷ്യനെ തിരക്കി നടന്നു.

കുറെ നേരം നടന്നപ്പോൾ നേരം ഇരുട്ടി. സന്യാസി ഒരു ഗ്രാമത്തിലെത്തിച്ചേർന്നു. തീർത്തും അപരിചിതമായ സ്ഥലം. രാത്രി എവിടെ തങ്ങുമെന്നോർത്ത് വിഷമിക്കുമ്പോൾ ഒരു തൊഴിലാളിയും ഭാര്യയും വന്ന് അദ്ദേഹത്തെ വണങ്ങി. സന്യാസി അവരെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞു: "നിങ്ങളെ കണ്ടെത്തിയത് ഏതായാലും നന്നായി. എനിക്കിവിടം തികച്ചും അപരിചിതമാണ്. നേരമാണെങ്കിൽ വല്ലാതെ ഇരുട്ടുകയും ചെയ്തു. ഈ രാത്രി നിങ്ങളെന്നെ അതിഥിയായി സ്വീകരിച്ച് അഭയം തരണം."

സന്യാസിയെ അതിഥിയായി ലഭിക്കുന്നതിൽ തൊഴിലാളിക്ക് സന്തോഷം തോന്നിയെങ്കിലും മദ്യപിക്കാനായി ഇറങ്ങിത്തിരിച്ചതിനാൽ അയാൾ അതത്ര പ്രകടമാക്കിയില്ല. ക്ഷിപ്രകോപികളായ സന്യാസിമാരെ പിണക്കുന്നത് അപകടമാണെന്നും അയാൾ കേട്ടിട്ടുണ്ട്. അതുകൊണ്ട് തൊഴിലാളി തന്റെ ഭാര്യയോട് പറഞ്ഞു. "ഈ സന്യാസിവര്യനേയുംകൂട്ടി നീ വീട്ടിലേക്ക് പോണം. ഇദ്ദേഹത്തെ ആതിഥ്യമര്യാദയോടെ ശുശ്രൂഷിക്കുമ്പോഴേക്ക് ഞാൻ വരാം". തൊഴിലാളിയുടെ ഭാര്യ പിറുപിറുപ്പോടെ സമ്മതം മൂളി. ഭർത്താവ് വെറും ഭംഗിവാക്ക് പറയുകയാണെന്നും മൂക്കറ്റം കുടിച്ച് നേരം പുലരുമ്പോഴേ തിരിച്ചെത്തൂ എന്നും അവൾക്കറിയാ

മായിരുന്നു.

തൊഴിലാളിയുടെ ഭാര്യ മനസ്സില്ലാമനസ്സോടെ സന്യാസിയേയും കൂട്ടി വീട്ടിലെത്തി. അവൾ അത്ര നല്ല സ്ത്രീയായിരുന്നില്ല. ഭർത്താവിന്റെ കണ്ണുവെട്ടിച്ച് മറ്റൊരു രഹസ്യകാമുകനുമായി ഇടയ്ക്കിടെ അവൾ ബന്ധം പുലർത്തിപ്പോന്നു. വീട്ടിലെത്തിയതും സന്യാസിയെ വേണ്ടവിധം ശുശ്രൂഷിക്കുന്നതിനു പകരം അവൾ അണിഞ്ഞൊരുങ്ങി രഹസ്യ കാമുകനെ തേടി പോകാൻ തയ്യാറായി. എന്നാൽ, തൊഴിലാളി കള്ളുകുടി കഴിഞ്ഞ് പതിവിലും നേരത്തെ തിരിച്ചെത്തിയതിനാൽ ആ പദ്ധതി നടന്നില്ല. ഭാര്യ അണിഞ്ഞൊരുങ്ങിയത് കണ്ടപ്പോൾ അയാളുടെ സംശയം വർദ്ധിച്ചു. വിശ്വാസവഞ്ചനകാട്ടിയ ഭാര്യയുമായി കലഹിച്ച് അയാൾ അവളെ തൂണിൽ കെട്ടിയിട്ടു. അപ്പോഴേക്കും മദ്യലഹരിയിൽ അയാൾ ബോധശൂന്യനായി വീണു. ഇതെല്ലാം കണ്ട് സന്യാസി ഒരു കീറപ്പായ യിൽ കിടന്നു.

അല്പസമയം കഴിഞ്ഞപ്പോൾ അവളുടെ കൂട്ടുകാരിയും ഗ്രാമത്തിലെ ക്ഷുരകന്റെ ഭാര്യയുമായ യുവതി അവിടെയെത്തി. അവളെയും കാത്ത് രഹസ്യകാമുകൻ അക്ഷമനായി ഇരിക്കുകയാ ണെന്നും ഉടൻ ചെല്ലണമെന്നും ക്ഷുരകസ്ത്രീ പറഞ്ഞു. ഭർത്താവ് തന്നെ കെട്ടിയിട്ട സ്ഥിതിക്ക് താനെങ്ങനെ പോകുമെന്നായി അവൾ. ഒരു നിമിഷം ആലോചിച്ച ശേഷം ക്ഷുരകസ്ത്രീ പറഞ്ഞു. “അതു സാരമില്ല. മൂക്കറ്റം കള്ളുകുടിച്ച നിന്റെ ഭർത്താവ് നേരം വെളുത്തിട്ടേ ഉണരൂ. അതിനിടയിൽ നിനക്ക് പോയിവരാം. നിനക്കു പകരം എന്നെ കയറിൽ കെട്ടിയിട്ടോളൂ”. തൊഴിലാളിയുടെ ഭാര്യ സന്തോഷത്തോടെ അപ്രകാരം ചെയ്ത് രഹസ്യക്കാരനെ തേടിപ്പോയി.

രാത്രിയിൽ ഇടയ്ക്കെപ്പോഴോ തൊഴിലാളിക്ക് ബോധം വീണു. തൂണിൽ കെട്ടിയിരിക്കുന്ന തന്റെ ഭാര്യയുമായി അയാൾ പിന്നീടും കയർത്തു. ക്ഷുരകസ്ത്രീയാകട്ടെ, കള്ളി വെളിച്ചത്താകാതിരിക്കാൻ മുഖം കുനിച്ച് മിണ്ടാതെ നിന്നു. തന്റെ ചോദ്യങ്ങൾക്കൊന്നും ഭാര്യ മറുപടി പറയാത്തതിൽ ക്ഷുഭിതനായ തൊഴിലാളി കത്തികൊണ്ട് അവളുടെ മൂക്ക് അരിഞ്ഞുവീഴ്ത്തി. ചോര തറയിൽ പരന്നൊഴുകി. അസഹ്യമായ വേദനയുണ്ടായിട്ടും ക്ഷുരകസ്ത്രീ അത് സഹിച്ചുനിന്നു. തൊഴിലാളി വീണ്ടും ബോധം കെട്ടു വീണു. അല്പം കഴിഞ്ഞപ്പോൾ കാമുകസമാഗമം കഴിഞ്ഞ് തൊഴിലാളിയുടെ ഭാര്യ തിരിച്ചെത്തി. കൂട്ടുകാരിയുടെ മൂക്കുമിറിച്ച കാര്യം അവൾ അറിഞ്ഞു. ക്ഷുരകസ്ത്രീ

സമയം കളയാതെ വീട്ടിലേയ്ക്ക് പോയി. കയറുകൊണ്ട് ബന്ധിതയായി തൊഴിലാളിയുടെ ഭാര്യ തൂണിൽ ചാരി നിന്നു.

നേരം പുലർന്നപ്പോൾ തൊഴിലാളി മദ്യലഹരിയിൽ നിന്ന് വിമുക്തനായി. തലേരാത്രിയിൽ താൻ ഭാര്യയുടെ മൂക്ക് അരിഞ്ഞു കളഞ്ഞ കാര്യം അയാൾക്ക് ഓർമ്മവന്നു. ബോധം വീണിട്ടും വിശ്വാസ വഞ്ചകിയായ ഭാര്യയോടുള്ള കോപം തണുത്തില്ല. അയാൾ പിടഞ്ഞെഴുന്നേറ്റ് ഭാര്യയുടെ മുടിക്കു കുത്തിപ്പിടിച്ച് ചോദിച്ചു. "മൂധേവീ, മൂക്കു പോയിട്ടും നിന്റെ അഹങ്കാരം തീർന്നില്ലേ? ഇനിയും ദുർന്നടത്തം തുടരാനാണ് ഭാവമെങ്കിൽ നിന്റെ നാക്കു കൂടി ഞാൻ അരിയും".

തൊഴിലാളിയുടെ ഭാര്യക്ക് പെട്ടെന്നൊരു ബുദ്ധി തോന്നി. അവൾ മുഖം പൊത്തിപ്പിടിച്ച് അലറി. "ദുഷ്ടനായ മനുഷ്യാ, പതിവ്രതയായ എന്നെ നിങ്ങൾ സംശയിച്ചില്ലേ? ഞാൻ നിഷ്കളങ്കയാണെങ്കിൽ നിങ്ങൾ അരിഞ്ഞു വീഴ്ത്തിയ എന്റെ മൂക്ക് ഈ നിമിഷം കൂടിച്ചേർന്ന് പഴയ നിലയിലാകട്ടെ". എന്നിട്ട് സന്തോഷത്തോടെ പറഞ്ഞു. "ദാ....കണ്ടോ, എന്റെ മൂക്ക് പൂർവ്വസ്ഥിതിയിലായി! ഈശ്വരന് നന്ദി". ഭാര്യയുടെ ഈ വാക്കുകൾ കേട്ട് അവിശ്വസനീയതയോടെ അയാൾ മുഖം പരിശോധിച്ചു. അത്ഭുതം! അവളുടെ മൂക്കിന് ഒരു പോറൽ പോലുമില്ല. നിഷ്കളങ്കയായ ഭാര്യയെ തെറ്റിദ്ധരിച്ചതിൽ അയാൾ പശ്ചാത്തപിച്ചു. തൊഴിലാളി ഭാര്യയോട് മാപ്പു പറഞ്ഞു. അയാളെ വിദഗ്ദ്ധമായി കബളിപ്പിച്ചതിൽ അവൾ മനസ്സിൽ ചിരിച്ചു. സ്ത്രീയുടെ കുതന്ത്രങ്ങൾ നേരിട്ടു കണ്ട സന്യാസി വാ പൊളിച്ചുപോയി.

ഈ സമയം ചോരയിറ്റുന്ന മൂക്കുമായി ക്ഷുരകസ്ത്രീ വീട്ടിലെത്തി. തന്റെ മുഖത്തെ മുറിവ് ഭർത്താവിൽനിന്നും മറച്ചുവെക്കാൻ അവൾ തീരുമാനിച്ചു. അപ്പോഴേക്കും ഭർത്താവ് വീട്ടുമുറ്റത്തുനിന്ന് അവളെ വിളിച്ചു പറഞ്ഞു. "എടീ, എനിക്ക് ജോലിക്ക് പോകാൻ നേരമായി. നീയാ പണിസാധനങ്ങൾ ഇങ്ങോട്ടെടുക്ക്". സാധനങ്ങളുമായി ഭർത്താവിന്റെ അടുത്തു ചെന്നാൽ കള്ളി വെളിച്ചത്താകുമെന്ന് അവൾ ഭയന്നു. അവൾ ക്ഷൗരക്കത്തി മാത്രമെടുത്ത് ജനലിലൂടെ പുറത്തേക്കെറിഞ്ഞുകൊടുത്തു. പണിസഞ്ചിചോദിച്ചപ്പോൾ കത്തി മാത്രം എടുത്തുതന്ന ഭാര്യയോട് അയാൾക്ക് കലശലായ ദേഷ്യം വന്നു. അയാൾ കോപത്തോടെ കത്തി അകത്തേക്കുതന്നെ വലിച്ചെറിഞ്ഞു.

ഇതുതന്നെ സുവർണ്ണാവസരമെന്ന് ക്ഷുരകസ്ത്രീ കരുതി. "അയ്യോ! ഇയാൾ എന്റെ മൂക്കരിഞ്ഞു കളഞ്ഞേ" എന്ന് അവൾ വലിയ വായിൽ

നിലവിളിക്കാൻ തുടങ്ങി. ഇതുകേട്ട് ക്ഷുരകൻ പരിഭ്രമത്തോടെ വീടിനകത്ത് കയറിനോക്കി. നിലത്തു കിടക്കുന്ന ക്ഷൗരക്കത്തിയും ചോരയിറ്റുന്ന മൂക്കും കണ്ട് അയാൾ ഞെട്ടിപ്പോയി. താൻ വലിച്ചെറിഞ്ഞ കത്തിതന്നെയാണ് ഭാര്യയുടെ മൂക്കിൽ കൊണ്ടതെന്ന് അയാൾ വിശ്വസിച്ചു. ഭാര്യയെ എന്തു പറഞ്ഞ് സമാധാനിപ്പിക്കുമെന്നറിയാതെ ക്ഷുരകൻ കുഴങ്ങി. ക്ഷുരകസ്ത്രീയുടെ ഉച്ചത്തിലുള്ള കരച്ചിൽകേട്ട് ഇതിനകം അയൽവാസികൾ ഓടിക്കൂടി. അവർ ക്ഷുരകസ്ത്രീയോട് കാര്യം തിരക്കി. പതിവ്രതയായ തന്നെ സംശയിച്ച് ഇയാൾ മൂക്കു ചെത്തിക്കളഞ്ഞുവെന്ന് അവൾ വിശദീകരിച്ചു. അയൽവാസികൾ ക്ഷുരകനെ പിടികൂടി രാജസന്നിധിയിലെത്തിച്ചു.

രാജാവ് ക്ഷുരകസ്ത്രീയെ വിളിച്ചുവരുത്തി ചോദ്യം ചെയ്തു. അവൾ ഭർത്താവിനെതിരായ ആരോപണങ്ങൾ ആവർത്തിച്ചു. തുടർന്ന് അദ്ദേഹം ക്ഷുരകനേയും വിചാരണ ചെയ്തു. തെറ്റു മുഴുവനും തന്റെ ഭാഗത്താണെന്നു വിശ്വസിച്ച അയാൾ കുറ്റം സമ്മതിച്ചു. രാജാവ് അയാളെ വധശിക്ഷക്ക് വിധിച്ചു. അടുത്ത നിമിഷംതന്നെ വധശിക്ഷ നടപ്പാക്കാൻ ആരാച്ചാരെത്തി. ക്ഷുരകൻ മരണം ഉറപ്പാക്കി നിൽക്കുമ്പോൾ, ദൂരെനിന്നും സന്യാസി ഓടിക്കിതച്ചെത്തി. അദ്ദേഹം രാജസദസ്സിലെത്തി നടന്ന കാര്യങ്ങൾ ഒന്നൊഴിയാതെ വിശദീകരിച്ചു. തന്റെ പണം നഷ്ടപ്പെട്ട കഥയും അദ്ദേഹം പറഞ്ഞു. സത്യാവസ്ഥ മനസ്സിലാക്കിയ രാജാവ് ക്ഷുരകന്റെ വധശിക്ഷ റദ്ദാക്കി. പകരം, കുബുദ്ധിയായ ക്ഷുരകസ്ത്രീയുടെ ചെവികൾ അരിഞ്ഞുകളയാൻ അദ്ദേഹം വിധിച്ചു. ശിക്ഷ ഉടനെ നടപ്പാക്കപ്പെട്ടു. ഇതെല്ലാം കണ്ടപ്പോൾ പണം നഷ്ടപ്പെട്ട ദു:ഖം സന്യാസി മറന്നു.

# ബുദ്ധിശൂന്യനായ കുറുക്കൻ

**ഒ**രു പുഴക്കരയിൽ രണ്ട് മുട്ടനാടുകൾ തമ്മിൽ കുത്തുകൂടുകയായിരുന്നു. ഇരുവശത്തുനിന്നും ഓടിയടുത്ത് ശക്തിയായി കൊമ്പു ചേർത്താണ് അവ മല്ലടിച്ചിരുന്നത്. യുദ്ധം രൂക്ഷമായപ്പോൾ ആടുകളുടെ നെറ്റി പൊട്ടി ചോര നിലത്തു വീഴാൻ തുടങ്ങി. ഈ കാഴ്ച കണ്ട് ഒരു കുറുക്കൻ അവിടെയെത്തി. വിശന്നു പൊരിഞ്ഞ് ഭക്ഷണം തേടി നടക്കുന്നതിനിടയിലാണ് കുറുക്കൻ പുഴക്കരയിലെത്തിയത്. നിലത്തിറ്റു വീണ ചുടുചോരയുടെ മണം അവന്റെ മൂക്കിലടിച്ചുകയറി. ആടുകൾ പരസ്പരം മല്ലടിച്ച് ചത്തുവീഴുന്നതുവരെ കാത്തിരിക്കാനുള്ള ക്ഷമ അവനുണ്ടായില്ല. ആടുകൾ പരസ്പരം പിറകോട്ടു മാറിയ തക്കത്തിന് അവൻ ചോര നക്കിക്കുടിക്കാൻ തുടങ്ങി. അടുത്തനിമിഷം ആടുകൾ സർവ്വശക്തിയുമെടുത്ത് കൊമ്പുകോർക്കാനടുത്തു. ഫലമോ? ആടുകളുടെ ഇടിയുടെ ശക്തികൊണ്ട് കുറുക്കൻ ചതഞ്ഞരഞ്ഞു ചത്തു.

---

**'വിവേകശൂന്യന്മാർ അപകടം ക്ഷണിച്ചുവരുത്തും'**

---



# വിഷ്ണുവായ നെയ്ത്തുകാരൻ

**പ**ണ്ടൊരിക്കൽ ഒരിടത്ത് ഉറ്റചങ്ങാതിമാരായ നെയ്ത്തുകാരനും ആശാരിയും ജീവിച്ചിരുന്നു. അങ്ങനെയിരിക്കെ, അടുത്തുള്ള അമ്പലത്തിൽ ഉത്സവം വന്നു. നെയ്ത്തുകാരനും ആശാരിയും ഉത്സവക്കാഴ്ച്ചകൾ കണ്ട് അവിടെയെങ്ങും ചുറ്റിനടന്നു. അപ്പോഴാണ് ആ രാജ്യം ഭരിക്കുന്ന രാജാവിന്റെ അതിസുന്ദരിയായ മകൾ പരിവാര സമേതം ക്ഷേത്രദർശനത്തിനെത്തിയത്. രാജകുമാരിയുടെ അസാധാരണ സൗന്ദര്യം നെയ്ത്തുകാരന്റെ മനം കവർന്നു. അയാൾ ആർത്തിയോടെ കുമാരിയെത്തന്നെ നോക്കിനിന്നു. അല്പനേരത്തിനുശേഷം രാജകുമാരി ക്ഷേത്രദർശനം പൂർത്തിയാക്കി പല്ലക്കിൽ കയറിപ്പോയി.

ഇതോടെ നെയ്ത്തുകാരൻ നിരാശനായി. ചങ്ങാതിയുടെ മുഖത്തെ ദു:ഖഭാവം കണ്ട് ആശാരി കാര്യം തിരക്കി. രാജകുമാരിയുടെ സൗന്ദര്യം തന്നെ ആകർഷിച്ചുവെന്നും അവളോടൊപ്പമല്ലാതെ ഒരു ജീവിതം തനിക്കു വേണ്ടെന്നും പറഞ്ഞ് നെയ്ത്തുകാരൻ തലയിട്ടടിക്കാൻ തുടങ്ങി. നെയ്ത്തുപണിചെയ്യുന്ന തുച്ഛനായ തനിക്ക് ഒരിക്കലും രാജകുമാരിയെ ഭാര്യയായി ലഭിക്കില്ലെന്നും അയാൾ പറഞ്ഞുകൊണ്ടിരുന്നു.

ആശാരിക്ക് ചങ്ങാതിയുടെ അവസ്ഥയിൽ സഹതാപം തോന്നി. കുറേനേരം ആലോചിച്ചശേഷം അയാൾ പറഞ്ഞു. “ചങ്ങാതീ, നീ വിഷമിക്കേണ്ട. നിന്റെ ആഗ്രഹംപോലെത്തന്നെ രാജകുമാരിയെ നിനക്ക് ലഭിക്കും. അതിനുള്ള ചില കുറുക്കുവഴികൾ ഞാൻ ശരിയാക്കിത്തരാം.” ആശാരിയുടെ വാക്കുകൾ നെയ്ത്തുകാരനെ ആശ്വസിപ്പിച്ചെങ്കിലും അയാൾക്ക് അത്ര വിശ്വാസം വന്നില്ല.

ആശാരി ചങ്ങാതിയേയും കൂട്ടി വിജനമായ ഒരിടത്തെത്തി. അയാൾ തന്റെ കരവിരുതുകൊണ്ട് നിമിഷങ്ങൾക്കുള്ളിൽ ഗരുഡനെ നിർമ്മിച്ചു.

അതിൽ ചില യന്ത്രങ്ങൾ ഉറപ്പിച്ച് ഗരുഡനെ ഉയർന്നു പറക്കാവു ന്നതാക്കി. അനന്തരം, നെയ്ത്തുകാരനെ മഹാവിഷ്ണുവിന്റെ വേഷത്തിൽ ഗരുഡനു മുകളിലിരുത്തിക്കൊണ്ട് പറഞ്ഞു. “ചങ്ങാതീ, ഇപ്പോൾ മുതൽ നീ സാക്ഷാൽ മഹാവിഷ്ണുവാണ്. ഈ രൂപത്തിൽ നീ കൊട്ടാരത്തിൽ ചെന്ന് രാജകുമാരിയെ വിളിക്കണം. വിഷ്ണുപദം പ്രാപിക്കാൻ ഇഷ്ടപ്പെടാത്ത ആരെങ്കിലും ഈ ഭൂമിയിലുണ്ടോ? ബാക്കിയെല്ലാം നിന്റെ സാമർത്ഥ്യം പോലെ വരും.”

സന്തുഷ്ടനായ നെയ്ത്തുകാരൻ ആകാശമാർഗ്ഗം പറന്ന് രാജകൊട്ടാരത്തിലെത്തി. അയാളുടെ ക്ഷണം കേട്ട് കുമാരി അന്തഃപുരം വിട്ട് പുറത്തിറങ്ങി. ശംഖചക്രഗദാധാരിയായി നിൽക്കുന്ന നെയ്ത്തു കാരനെ അന്തഃപുരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.. ആലിംഗന ബദ്ധരായി അവർ ആ രാത്രി കഴിച്ചുകൂട്ടി. നേരം പുലർന്നപ്പോൾ ആരോരു മറിയാതെ നെയ്ത്തുകാരൻ ഗരുഡന്റെ പുറത്തുകയറി തന്റെ കുടിയി ലേക്ക് തിരിച്ചുപോയി.

പിന്നീട്, എല്ലാ രാത്രികളിലും നെയ്ത്തുകാരനും രാജകുമാരിയും അന്തഃപുരത്തിൽ സന്ധിക്കുക പതിവായി. അങ്ങനെയിരിക്കെ, അന്തഃപുരം കാവൽക്കാരിൽ ചില സംശയങ്ങൾ മൊട്ടിട്ടു. രാജകുമാരിയുടെ ശരീരത്തിൽ പുരുഷസാമീപ്യത്തിന്റെ ലക്ഷണങ്ങൾ കാണുന്നതായി അവർ രാജാവിനോട് സംശയം പ്രകടിപ്പിച്ചു. രാജാവ് ഇതുകേട്ട് അസ്വസ്ഥനായി. അന്തഃപുരം കാവൽക്കാരുടെ കണ്ണുവെട്ടിച്ച് അകത്തു കടന്നത് ആരാണെന്ന് കണ്ടെത്താൻ അദ്ദേഹം രാജ്ഞിയെ ചുമതല പ്പെടുത്തി. രാജ്ഞി ദുഃഖത്തോടെ അന്തഃപുരത്തിലെത്തി മകളെ ചോദ്യംചെയ്തു. അപ്പോൾ കുമാരി ലജ്ജാവിവശയായി. സാക്ഷാൽ മഹാവിഷ്ണുവാണ് രാത്രികാലങ്ങളിൽ അന്തഃപുരത്തിലെത്തു ന്നതെന്നും ഗാന്ധർവ്വവിധിപ്രകാരം തങ്ങളുടെ വിവാഹം കഴിഞ്ഞു വെന്നും കുമാരി വിവരിച്ചു. ഇതുകേട്ടപ്പോൾ രാജ്ഞിയുടെ ദുഃഖമെല്ലാം പമ്പകടന്നു. അവർ മകളെ അനുഗ്രഹിച്ച് തിരിച്ചുപോയി.

സർവ്വശക്തനായ മഹാവിഷ്ണുവിനെയാണ് തങ്ങൾക്ക് മരുമക നായി ലഭിച്ചതെന്നറിഞ്ഞ് രാജാവും രാജ്ഞിയും സന്തോഷിച്ചു. അന്നു രാത്രി അന്തഃപുരത്തിന്റെ കവാടത്തിൽ മറഞ്ഞുനിന്ന് അവർ മഹാവിഷ്ണുവിനെ കണ്ട് തൃപ്തിയടയുകയും ചെയ്തു. അതോടെ രാജാവിന്റെ സ്വഭാവത്തിൽ പ്രകടമായ മാറ്റങ്ങളുണ്ടായി. മഹാവിഷ്ണു മരുമകനായതിന്റെ ഗർവ്വിൽ അദ്ദേഹം അയൽരാജാക്കന്മാരുമായി

കലഹിച്ചു. അവരോട് നീതിശൂന്യമായി പെരുമാറി. കുറഞ്ഞ കാലം കൊണ്ട് അവരെല്ലാം രാജാവിന്റെ ശത്രുക്കളായി. അവർ ഒന്നുചേർന്ന് രാജാവിനോട് യുദ്ധത്തിനൊരുങ്ങി.

ഈ നീക്കത്തിന്റെ പ്രത്യാഘാതം ഗുരുതരമാണെന്നറിഞ്ഞ രാജാവ് മകളുടെ സഹായം തേടി. ശത്രുക്കളോടുള്ള യുദ്ധത്തിൽ മരുമകന്റെ സഹായമുണ്ടെങ്കിലേ വിജയിക്കാനാവൂ എന്ന് അദ്ദേഹം മകളോട് പറഞ്ഞു. അന്നു രാത്രിയും ഗരുഡന്റെ പുറത്തെത്തിയ നെയ്ത്തുകാര നോട് രാജകുമാരി ഇക്കാര്യം സൂചിപ്പിച്ചു. നെയ്ത്തുകാരൻ ആദ്യം ഇതുകേട്ട് ഒന്നു പകച്ചെങ്കിലും ഇടുത്ത നിമിഷം ധൈര്യം വീണ്ടെടുത്ത് പറഞ്ഞു. ''പ്രിയേ, നീ ഒന്നുകൊണ്ടും വിഷമിക്കേണ്ട. എന്റെ കൈയിലുള്ള സുദർശനചക്രം കാണുന്നില്ലേ? കോടിക്കണക്കിന് ശത്രുക്കൾ ഒന്നിച്ചുവന്നാലും ക്ഷണനേരം കൊണ്ട് അവരുടെ തലയരിയാ മെന്ന് അച്ഛനോട് പറഞ്ഞേക്ക്." ഇതു കേട്ടപ്പോൾ കുമാരിയുടെ പരിഭ്രമം മാറി.

മരുമകൻ നൽകിയ ഉറപ്പിന്റെ ധൈര്യത്തിൽ രാജാവ് ശത്രുക്കളെ അത്ര കാര്യമാക്കിയില്ല. വർദ്ധിതവീര്യത്തോടെ മുന്നേറിയ ശത്രു സൈന്യം രാജ്യം മുഴുവനും പിടിച്ചടക്കി. ശത്രുക്കളുടെ കൈയ്യിൽ അകപ്പെടാൻ രാജകൊട്ടാരം മാത്രമേ ബാക്കിയുള്ളൂ എന്ന അവസ്ഥയായി. പിറ്റേന്നു രാവിലെ ആക്രമണം തുടരാനായി അവർ കൊട്ടാരമുറ്റത്ത് തമ്പടിച്ചു. സംഗതിയുടെ ഗൗരവും മനസ്സിലാക്കിയ രാജാവ് അന്തഃപുരത്തി ലെത്തി മരുമകന്റെ സഹായം അപേക്ഷിച്ചു. നെയ്ത്തുകാരൻ രാജകുമാരി യേയും രാജാവിനേയും സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു. "എല്ലാറ്റിനും ഞാൻ പരിഹാരമുണ്ടാക്കാം. നാളെ രാവിലെ ശത്രുസൈന്യവുമായി ഏറ്റുമുട്ടാൻ ഗരുഡാരൂഢനായി ഞാൻ എത്തും."

ഈ സംഭവങ്ങളെല്ലാം ഇതിനകംതന്നെ വൈകുണ്ഠത്തിലെ ത്തിക്കഴിഞ്ഞിരുന്നു. രാജകുമാരിയെ മോഹിച്ച ഒരു നെയ്ത്തുകാരൻ കപടവിഷ്ണുവായി ഗരുഡന്റെ പുറത്ത് വിലസുന്നത് മഹാവിഷ്ണു ജ്ഞാനദൃഷ്ടിയിൽ കണ്ടു. അദ്ദേഹം ഗരുഡനുമായി ഇക്കാര്യം ചർച്ച ചെയ്തു. പിറ്റേന്ന് ശത്രുസൈന്യവുമായുള്ള യുദ്ധത്തിൽ നെയ്ത്തു കാരൻ ചത്തുവീഴുമെന്ന് ഗരുഡൻ പറഞ്ഞു. അതു കേട്ട് മഹാവിഷ്ണു ഇപ്രകാരം പറഞ്ഞു. "അങ്ങനെ സംഭവിക്കരുത്. നെയ്ത്തുകാരൻ ചെയ്തത് ന്യായീകരിക്കത്തക്കതല്ലെങ്കിലും ഇപ്പോൾ നാമവനെ സഹായിച്ചേ പറ്റൂ. അവിടെ മഹാവിഷ്ണുവും ശത്രുസൈന്യവുമായി യുദ്ധം

ചെയ്തുവെന്നാണ് ജനങ്ങൾ മുഴുവൻ വിശ്വസിച്ചിരിക്കുന്നത്. യുദ്ധത്തിൽ നെയ്ത്തുകാരൻ ചത്തുവീണാൽ മഹാവിഷ്ണു തോറ്റുവെന്നേ അവർ കരുതൂ. അതിനിടവരുത്തരുത്.”

പിറ്റേന്നു രാവിലെത്തന്നെ യുദ്ധം ആരംഭിച്ചു. ഈ സമയം മഹാവിഷ്ണു നെയ്ത്തുകാരനിലും ഗരുഡൻ കൃത്രിമഗരുഡനിലും ആവേശിച്ചു. നിമിഷനേരംകൊണ്ട് നെയ്ത്തുകാരൻ ശത്രുസൈന്യത്തെ തുരത്തിയോടിച്ചു. രാജ്യം തിരിച്ചുകിട്ടിയ രാജാവ് മരുമകനെ സന്തോഷപൂർവ്വം കെട്ടിപ്പുണർന്നു. അപ്പോൾ, നെയ്ത്തുകാരൻ തന്റെ വിഷ്ണുരൂപം അഴിച്ചുമാറ്റി. തന്റെ മുന്നിൽ നിൽക്കുന്നത് വെറും നെയ്ത്തുകാരനാണെന്ന് തിരിച്ചറിഞ്ഞ് രാജാവും രാജകുമാരിയുമെല്ലാം സ്തംഭിച്ചുപോയി. അപ്പോൾ, നെയ്ത്തുകാരൻ എല്ലാ സംഭവങ്ങളും അവർക്കു മുന്നിൽ വവരിച്ചു. മരുമകന്റെ ധൈര്യത്തിലും ബുദ്ധിശക്തിയിലും മതിപ്പുതോന്നിയ. രാജാവ് അടുത്ത മുഹൂർത്തത്തിൽ ത്തന്നെ മകളെ നെയ്ത്തുകാരന് ആചാരമനുസരിച്ച് വിവാഹം കഴിച്ചുനൽകി. പകുതിരാജ്യത്തിന്റെ ഭരണാധികാരിയും നെയ്ത്തുകാരനായി. അവർ ഏറെക്കാലം സസുഖം ജീവിച്ചു.

---

**‘കള്ളം ചെയ്യുന്നവന് അത് ഒളിപ്പിച്ചു വെക്കാനും വേണം മിടുക്ക്’**

---

# സൂത്രം

ഒരിടത്ത് വലിയൊരു ആൽമരത്തിൽ ഒരാൺകാക്കയും പെൺകാക്കയും കൂടുകെട്ടി ജീവിച്ചിരുന്നു. പെൺകാക്ക കൂട്ടിൽ മുട്ടയിട്ട്, അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിച്ചു. എന്നാൽ, കാക്കകൾ കുഞ്ഞുങ്ങൾക്ക് ഇരതേടി പോയ സമയത്ത് ആൽമരപ്പൊത്തിൽനിന്ന് ഒരു മൂർഖൻ പാമ്പ് ഇഴഞ്ഞുവന്ന് കാക്കക്കുഞ്ഞുങ്ങളെ തിന്നു. പിന്നീട് പലതവണ കാക്കക്കുഞ്ഞങ്ങൾ ഉണ്ടായപ്പോഴും ഇത് ആവർത്തിക്കപ്പെട്ടു.

ദു:ഖിതരായ കാക്കകൾ കാട്ടിൽച്ചെന്ന് ചങ്ങാതിയായ കുറുക്കനെ അഭയം പ്രാപിച്ചു. മൂർഖന്റെ ശല്യത്തിൽനിന്നും കുഞ്ഞുങ്ങളെ രക്ഷിക്കാൻ എന്തുചെയ്യണമെന്ന് അവർ കുറുക്കനോട് ചോദിച്ചു. അല്പം ആലോചിച്ച ശേഷം കുറുക്കൻ അവർക്ക് ഒരു സൂത്രം ഉപദേശിച്ചു കൊടുത്തു. അവർ സന്തുഷ്ടരായി മടങ്ങി.

ഒരു ദിവസം പെൺകാക്ക ഭക്ഷണം തേടി അലയുന്നതിനിടയിൽ രാജകൊട്ടാരത്തിലെ കുളക്കരയിലെത്തി. അവിടെ ആഭരണങ്ങളും വസ്ത്രങ്ങളും കരയിൽ അഴിച്ചുവെച്ച് രാജകുമാരി നീരാടുന്നതും കാക്ക കണ്ടു. ഇതുതന്നെ അവസരമെന്നു കരുതി കാക്ക അതിൽനിന്നൊരു വൈരമാല കൊത്തിയെടുത്ത് പറന്നു. രാജകുമാരി ഇതുകണ്ട് വാവിട്ടു കരഞ്ഞു. കുമാരിയുടെ കരച്ചിൽ കേട്ട് ഭടന്മാർ ആയുധങ്ങളുമായി ഓടിയെത്തി.

കുമാരിയുടെ വൈരമാലയുമായി പറക്കുന്ന കാക്കയെ കണ്ടപ്പോൾ അവർക്ക് കാര്യം മനസ്സിലായി. കാക്കയെ പിന്തുടർന്ന് അവർ കാട്ടിലെത്തി. കാക്കയാകട്ടെ, വൈരമാല ഭടന്മാർ കാണെ മൂർഖൻ പാമ്പിന്റെ പൊത്തിലിട്ട് പറന്നകന്നു. വൈരമാല വീണ്ടെടുക്കാൻ മരത്തിൽ കയറിയ ഭടന്മാർ മൂർഖൻ പാമ്പിനെ കൊന്ന് മാലയുമായി തിരിച്ചുപോയി. പിന്നീട് പാമ്പിന്റെ ശല്യമില്ലാതെ കാക്കകൾ കുഞ്ഞുങ്ങളെ വിരിയിച്ച് വളർത്തി. ആപൽഘട്ടത്തിൽ തങ്ങളെ സഹായിച്ച കുറുക്കനോട് അവർ നന്ദി പറഞ്ഞു.

---

**നിസ്സാരനെങ്കിലും തന്ത്രശാലിയെ തോല്പിക്കുക പ്രയാസമാണ്'**

---

# കൊക്കിന്റെ സഹതാപം

**കാ**ടിനു നടുവിലായി വലിയൊരു കുളവും അതിൽ കുറെ ജീവികളും ഉണ്ടായിരുന്നു. ഒരു ദിവസം എവിടെനിന്നോ ഒരു കൊക്ക് കുളക്കരയിൽ പറന്നെത്തി. പ്രായമേറെയായതിനാൽ ഇരപിടിക്കാനുള്ള ശേഷി നഷ്ടപ്പെട്ട കൊക്ക് തന്ത്രത്തിൽ വിശപ്പടക്കാനുള്ള വഴിയന്വേഷിച്ചിറങ്ങിയതാണ്. കുളത്തിലെ ജീവികളെ കണ്ടപ്പോൾ കൊക്കിന്റെ നാവിൽ വെള്ളമൂറി. എന്തെങ്കിലും സൂത്രം പ്രയോഗിച്ച് ഇവയെ അകത്താക്കണമെന്ന് കൊക്ക് തീരുമാനിച്ചു. അവൻ കുളക്കരയിൽ ഒറ്റക്കാലിൽനിന്ന് തപസ്സു തുടങ്ങി.

കുളത്തിലെ ഞണ്ടുകളുടെ തലവൻ ഈ കാഴ്ച കണ്ടു. അവൻ നടന്നുനടന്ന് കൊക്കിന്റെ അടുത്തെത്തി ചോദിച്ചു. "ഏയ് കൊക്കമ്മാവാ, നിങ്ങൾ എവിടെ നിന്നു വരുന്നു? ഇവിടെ കണ്ണടച്ച്, ഒറ്റക്കാലിൽനിന്ന് എന്തെടുക്കകയാണ്?" ഞണ്ടിന്റെ ചോദ്യംകേട്ട് കൊക്ക് കണ്ണുതുറന്ന് പറഞ്ഞു. "അതോ, എനിക്ക് ഭൗതികജീവിതം മടുത്തു. ശേഷിക്കുന്ന കാലം ഇവിടെയിങ്ങനെ തപസ്സുചെയ്ത് ജീവിതം അവസാനിപ്പിക്കാമെന്നാണ് വിചാരിക്കുന്നത്. എന്നാൽ, നിങ്ങളെയൊക്കെയോർത്താണ് എന്റെ വിഷമം".

"ഞങ്ങളെയോർത്ത് അമ്മാവനെന്തിനാണ് വിഷമിക്കുന്നത്?" ഞണ്ട് ആകാംക്ഷയോടെ ചോദിച്ചു. "ഞാനെല്ലാം പറയാം, കേട്ടോളൂ." കൊക്ക് ദു:ഖം നടിച്ച് പറഞ്ഞുതുടങ്ങി. "ഭാവികാര്യങ്ങൾ പറയാനറിയാവുന്ന ഒരു സുഹൃത്ത് എനിക്കുണ്ട്. അയാൾ കവിടി നിരത്തി പ്രവചിച്ചതാണിത്. ഇനി പന്ത്രണ്ടു വർഷത്തേക്ക് ഈ കാട്ടിൽ മഴ പെയ്യില്ലത്രെ. നിങ്ങളുടെ കുളത്തിൽ ഇപ്പോൾത്തന്നെ വെള്ളം കുറവാണ്. കുറച്ചു ദിവസങ്ങൾ കൂടി ഈ നില തുടർന്നാൽ കുളത്തിലെ വെള്ളം വറ്റി നിങ്ങൾ മരിച്ചു പോകുമല്ലോ എന്ന ദു:ഖമാണ് എനിക്ക്."

കൊക്കമ്മാവന്റെ വാക്കുകൾ ഞണ്ടിനെ ഭയപ്പെടുത്തി. അപ്പോൾ കൊക്ക് പറഞ്ഞു. "നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. ഇവിടെനിന്നും

കുറച്ചകലെയായി മറ്റൊരു കുളമുണ്ട്. അവിടെ കടുത്ത വേനലിൽപ്പോലും വെള്ളം വറ്റാറില്ല. രക്ഷപ്പെടണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ ഓരോരുത്തരെയായി ഞാനവിടെ കൊണ്ടുചെന്നാക്കാം." ഇതുകേട്ടപ്പോൾ ഞണ്ടിന് ആശ്വാസമായി. ഞണ്ട് അപ്പോൾത്തന്നെ കുളത്തിലെ ജീവികളുടെ യോഗം വിളിച്ച് മുഴുവൻ സംഭവങ്ങളഴും വിശദീകരിച്ചു. ഈ കുളത്തിൽനിന്നും ജീവനുംകൊണ്ട് രക്ഷപ്പെടാൻ കൊക്കമ്മാവന്റെ സഹായം തേടാൻ അവർ തീരുമാനിച്ചു.

പിറ്റേന്ന് രാവിലെ കുളത്തിലെ മത്സ്യങ്ങളിലൊന്ന് കൊക്കിന്റെ പുറത്തു കയറിയിരുന്നു. കൊക്കമ്മാവൻ അതിനേയും കൊണ്ട് പറന്നു. കുറെദൂരം ചെന്നപ്പോൾ കൊക്ക് മത്സ്യത്തെ കുലുക്കി നിലത്തിട്ട് കറുമുറാ കൊത്തിത്തിന്നു. എന്നിട്ട് ഒന്നും സംഭവിക്കാത്തതുപോലെ കുളക്കരയിൽ തിരച്ചെത്തി. മത്സ്യത്തെ സുരക്ഷിതമായി കുളത്തിലെത്തിച്ചുവെന്ന കൊക്കിന്റെ മറുപടി മറ്റുജീവികൾ അപ്പടി വിശ്വസിച്ചു.

പിന്നീടുള്ള ദിവസങ്ങളിലെല്ലാം ഇത് ആവർത്തിച്ചു. കുളത്തിലെ മത്സ്യങ്ങളുടേയും ഞണ്ടുകളുടേയും എണ്ണം കുറഞ്ഞു വന്നു. കൊക്കമ്മാവനാകട്ടെ, ദിവസം തോറും തടച്ചും വന്നു. ഇതെല്ലാം കണ്ടപ്പോൾ ഞണ്ടുകളുടെ തലവന് ചെറിയ സംശയം തോന്നി. പിറ്റേന്ന് കൊക്കമ്മാവൻ കുളക്കരയിലെത്തിയപ്പോൾ ഞണ്ട് പറഞ്ഞു. "ഇവിടെനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം അമ്മാവൻ ആദ്യം എന്നോടാണ് പറഞ്ഞു തന്നത്. ഇതിനകം ഒരുപാടുപേരെ അമ്മാവൻ രക്ഷിക്കുകയും ചെയ്തു. എന്നെ ഇതുവരെ കൊണ്ടുപോയില്ലല്ലോ. ഇന്ന് ഞാനാണ് അമ്മാവന്റെ കൂടെ വരുന്നത്" ഇത്രയും പറഞ്ഞ് ഞണ്ടുകളുടെ തലവൻ കൊക്കിന്റെ കഴുത്തിൽ കയറിയിരുന്നു.

കൊക്കമ്മാവൻ ഞണ്ടിനേയും കൊണ്ട് പറന്നു. കുറേദൂരം പോയിട്ടും കുളം കാണാതെ വന്നപ്പോൾ ഞണ്ടിന്റെ സംശയം ഇരട്ടിച്ചു. അല്പം കൂടി മുന്നോട്ട് പോയപ്പോൾ, നിലത്ത് കുന്നുകൂടിക്കിടക്കുന്ന എല്ലുകൾ അവൻ കണ്ടു. ദുഷ്ടൻകൊക്ക് കൊന്നുതിന്ന ജീവികളുടെ അവശിഷ്ടങ്ങളാണവയെന്ന ഞണ്ടിനു മനസ്സിലായി. അടുത്ത നിമിഷം അവൻ കൊക്കിന്റെ കഴുത്തിൽ സർവ്വശക്തിയുമെടുത്ത് ഇറുക്കി. ചോരവാർന്ന് കൊക്കമ്മാവൻ ചത്തുവീണു.

ഞണ്ട് കുളത്തിൽ മടങ്ങിയെത്തി. കൊക്കിന്റെ വഞ്ചനയുടെ കഥ അവൻ ശേഷിക്കുന്ന ജീവികൾക്ക് വിവരിച്ചുകൊടുത്തു. പിന്നീട് ശത്രുഭയം കൂടാതെ അവർ ജീവിച്ചു.

**‘ശത്രുവിന്റെ കാപട്യത്തെ വിശ്വസിക്കുന്നത് ആപത്താണ്’**



# കിണറ്റിലെ സിംഹം

ഒരു കാട്ടിൽ ദുഷ്ടനായ സിംഹം ജീവിച്ചിരുന്നു. അവൻ കണ്ണിൽപ്പെടുന്ന മുഴുവൻ ജീവികളെയും കൊന്നുതിന്നു ശീലമാക്കി. ഇതുമൂലം കാട്ടിലെ ജീവികളുടെ എണ്ണം പ്രതിദിനം കുറഞ്ഞുവന്നു. ഈ പോക്ക് അപകടത്തിലേക്കാണെന്ന് ജീവികൾ യോഗം ചേർന്ന് വിലയിരുത്തി. ജീവികളുടെ കൂട്ടക്കുരുതി അവസാനിപ്പിക്കാൻ സിംഹത്തോട് ആവശ്യപ്പെടണമെന്ന് അവർ തീരുമാനിച്ചു.

കാട്ടിലെ മുഴുവൻ ജന്തുക്കളും ഘോഷയാത്രയായി സിംഹത്തിന്റെ ഗുഹയിലെത്തി. തങ്ങളെ ഒന്നടങ്കം കൊന്നൊടുക്കരുതെന്നും. ഓരോ ദിവസവും സിംഹത്തിന് വിശപ്പടക്കാൻ ഓരോ മൃഗം ഗുഹയിലെത്തുമെന്നും അവർ വിവരിച്ചു. എല്ലാ ദിവസവും വൈകീട്ട് തനിക്കുള്ള ഇര ഗുഹയിലെത്തുമെന്നറിഞ്ഞപ്പോൾ സിംഹം ആ നിർദ്ദേശം സന്തോഷത്തോടെ സ്വീകരിച്ചു. ഈ കരാർ എന്നെങ്കിലും തെറ്റിച്ചാൽ എല്ലാ ജന്തുക്കളേയും ഒറ്റയിടിക്ക് കൊല്ലുമെന്ന ഭഷണിയും സിംഹം മുഴക്കി. തങ്ങളുടെ ആവശ്യം സിംഹം അംഗീകരിച്ചതിലുള്ള സന്തോഷത്തോടെ മൃഗങ്ങൾ മടങ്ങിപ്പോയി.

പിറ്റേന്നു മുതൽതന്നെ ഓരോ ദിവസവും വൈകീട്ട് നറുക്കു വീഴുന്ന മൃഗം ഗുഹയിലെത്തി സിംഹത്തിന് ഭക്ഷണമായി. അങ്ങനെയി രിക്കെ, സൂത്രക്കാരനായ മുയലിനാണ് ഒരു ദിവസത്തെ നറുക്ക് വീണത്. സിംഹത്തിന് ഭക്ഷണമാവാൻ തനിക്ക് തീരെ താല്പര്യമില്ലെന്ന് അവൻ പറഞ്ഞെങ്കിലും കരാർ ലംഘിക്കുന്നത് ശരിയല്ലെന്ന് വിശദീകരിച്ച് മറ്റു മൃഗങ്ങൾ അവനെ നിർബന്ധിച്ച് പറഞ്ഞയച്ചു.

എങ്ങനെയെങ്കിലും സിംഹത്തിന്റെ ശല്യം അവസാനിപ്പിക്കണമെന്ന് ചിന്തിച്ചാണ് മുയൽ നടന്നത്. വഴിമധ്യേ കാടിന്റെ നടുവിലായി ഒരു പൊട്ടക്കിണർ അവൻ കണ്ടു. കൗതുകത്തോടെ അവൻ അതിനുള്ളിലേക്ക് എത്തിനോക്കി. വളരെ ആഴമുള്ള കിണറായിരുന്നെങ്കിലും

അതിലെ വെള്ളത്തിൽ മുയലിന്റെ രൂപം പ്രതിഫലിച്ചു. അപ്പോൾ മുയലിന്റെ മുഖം വികസിച്ചു. സന്തോഷത്തോടെ, മൂളിപ്പാട്ടും പാടി മുയൽ സിംഹത്തിന്റെ അടുത്തേക്ക് നടന്നു.

അന്നത്തെ ഇര എത്താൻ ഏറെ വൈകുന്നതിൽ ക്ഷുഭിതനായി കാത്തിരിക്കുകയായിരുന്നു സിംഹം. അടിയളന്ന് വരുന്ന മുയലിനെ കണ്ടപ്പോൾ ആ ക്ഷോഭം ഇരട്ടിച്ചു. "എടാ കിഴട്ടുമുയലേ, നീയെന്താ വൈകിയത്?" തീ പാറുന്ന കണ്ണുകളോടെ സിംഹം ചോദിച്ചു. "അങ്ങ് മാപ്പാക്കണം. ഞാൻ എത്താൻ വൈകിയത് മനഃപൂർവ്വമല്ല. ഇന്ന് അങ്ങേക്ക് ആഹാരമാകാൻ നിയോഗിക്കപ്പെട്ട ഞാനും മറ്റ് നാല് മുയലുകളും കൃത്യസമയത്തുതന്നെ മാളത്തിൽനിന്നും പുറപ്പെട്ടതാണ്. എന്നാൽ, വഴിക്കുവെച്ച് അഹങ്കാരിയായ മറ്റൊരു സിംഹം ഞങ്ങളെ തടഞ്ഞു നിർത്തി. അതാണ് വൈകിയത്." മുയൽ ഭയം നടിച്ച് പറഞ്ഞു.

"ഈ കാട്ടിൽ ഞാനല്ലാതെ മറ്റൊരു സിംഹമോ?! എവിടെയാണവൻ? വേഗം പറയൂ" സിംഹം തിരക്കുകൂട്ടി." പ്രഭോ, ഇങ്ങോട്ട് വരുന്ന വഴിക്കുള്ള ഗുഹയിലാണവന്റെ താമസം. എന്തൊരു ശക്തിയാണവന്റെ ദേഹത്തിന്! അലർച്ച കേട്ടാൽ നാലുദിക്കും നടുങ്ങും. ഞങ്ങൾ അങ്ങേക്ക് ആഹാരമാകാൻ വരികയാണെന്നു പറഞ്ഞപ്പോൾ അവൻ അങ്ങെ കണക്കിന് പരിഹസിച്ചു. എന്റെ കൂടെ വന്ന മുയലുകളെ അവനവിടെ പിടിച്ചുവെച്ചിരിക്കുകയാണ്. അങ്ങ് അത്ര ധൈര്യവാനാണെങ്കിൽ വന്ന് അവനോട് യുദ്ധം ചെയ്യണമെന്നാണ് ഇപ്പോൾ വെല്ലുവിളിച്ചിരിക്കുന്നത്" മുയൽ തന്ത്രപൂർവ്വം പറഞ്ഞു. "ആ ധിക്കാരിയെ കാണിച്ചു താ. ഇപ്പോൾത്തന്നെ ചെന്ന് അവന്റെ അഹങ്കാരം തീർത്തിട്ടു വേറെ കാര്യം" സിംഹം അലറി.

സിംഹവും മുയലും കാട്ടിലെ കിണറിനടുത്തെത്തി. കിണറിനകത്താണ് അവന്റെ താമസമെന്ന് മുയൽ പറഞ്ഞു. സിംഹം ക്രോധത്തോടെ കിണറിന്റെ അരമതിലിൽ ചാടിക്കയറി താഴോട്ടുനോക്കി. അപ്പോൾ വെള്ളത്തിൽ സ്വന്തം രൂപം പ്രതിഫലിച്ചു കണ്ടു. ഇതാണ് അഹങ്കാരി യായ സിംഹം എന്ന് തെറ്റിദ്ധരിച്ച മണ്ടൻ സിംഹം ഉറക്കെ അലറി. അലർച്ചയുടെ ശബ്ദം ഇരട്ടിയായി പ്രതിദ്ധ്വനിച്ചു. അത് സിംഹത്തെ കൂടുതൽ ക്രുദ്ധനാക്കി. എതിരാളി തന്നെ പരസ്യമായി വെല്ലുവിളിക്കുകയാണെന്ന് സിംഹത്തിന് തോന്നി. സിംഹം കോപത്തോടെ കിണറ്റിലേക്ക് ചാടി. ധാരാളം വെള്ളമുണ്ടായിരുന്ന കിണറ്റിൽ വീണ് അവൻ മുങ്ങിച്ചത്തു.

---

**'തടിമിടുക്കല്ല, ബുദ്ധിശക്തിയാണ് യഥർത്ഥശക്തന്റെ ലക്ഷണം'**

---

# പേനും മൂട്ടയും

**ദി**വസേന രാജാവിന്റെ ദേഹത്തെ ചോര കുടിച്ചു, അന്തഃപുര ത്തിലെ പട്ടുമെത്തയിലുറങ്ങിയുമായിരുന്നു വെള്ളപ്പേനിന്റെ സുഖ ജീവിതം. ഇടയ്ക്കൊരു ദിവസം എവിടെനിന്നോ ദുഷ്ടനായ ഒരു മൂട്ട ഇഴഞ്ഞിഴഞ്ഞ് രാജാവിന്റെ കട്ടിലിലെത്തി. മൂട്ടയെക്കണ്ട് പേൻ അമ്പരപ്പോടെ പറഞ്ഞു. "ഇപ്പോഴെന്തിനാണ് ഇങ്ങോട്ടു വന്നത്? രാജകിങ്കരന്മാരുടെ കണ്ണിൽപ്പെട്ടാൽ നിന്നെ ശരിയാക്കിക്കളയും. വേഗം ജീവനുംകൊണ്ട് തിരിച്ചുപോവാൻ നോക്ക്".

''പ്രിയപ്പെട്ട ചങ്ങാതീ, നിന്റെയടുത്തു വന്ന അതിഥിയാണ് ഞാനിപ്പോൾ. അതിഥിയെ നിർദ്ദാക്ഷിണ്യം ഇറക്കിവിടുന്നത് നല്ല ആതിഥേയന്റെ ലക്ഷണമല്ല. ഞാൻ വയറുനിറയെ ചോരകുടിച്ചിട്ട് നാളുകൾ ഏറെയായി. ഇവിടെയാകുമ്പോൾ രാജാവിന്റെ ചോരതന്നെ കുടിക്കാമല്ലോ എന്നുകരുതി വന്നതാണ്. നീയതിന് സഹായിക്കണം" മൂട്ട പറഞ്ഞു. "നിന്നെ നിരാശപ്പെടുത്തി തിരിച്ചയക്കാൻ എനിക്കുദ്ദേശ്യ മില്ല. എന്നാൽ, ഇവിടെ കഴിയുമ്പോൾ ഏറെ ക്ഷമവേണം. രാജാവ് ഉറങ്ങിക്കഴിഞ്ഞശേഷം, വളരെ ശ്രദ്ധിച്ചും അദ്ദേഹത്തെ വേദനിപ്പിക്കാ തെയുമാണ് ഞാൻ ചോര കുടിക്കാറ്. നീയും അതുപോലെത്തന്നെ പെരു മാറണം." പേൻ വിശദീകരിച്ചു. മൂട്ട സമ്മതം മൂളി.

രാത്രിയായപ്പോൾ രാജാവ് പള്ളിയുറക്കത്തിനെത്തി. രാജാവ് ഉറങ്ങാനായി പേൻ കാത്തിരുന്നു. എന്നാൽ, അതുവരെ കാത്തിരിക്കാ നുള്ള ക്ഷമ മൂട്ടയ്ക്കുണ്ടായില്ല. രാജാവ് കിടന്ന ഉടനെ മൂട്ട അദ്ദേഹത്തെ കടിച്ചു. വേദനകൊണ്ട് പുളഞ്ഞ രാജാവ് ചാടിയെഴുന്നേറ്റു. അദ്ദേഹം കിങ്കരന്മാരെ വിളിച്ച് പട്ടുമെത്ത പരിശോധിക്കാനാവശ്യപ്പെട്ടു. ഈ തക്കത്തിന് മൂട്ട കടിവിട്ട് കട്ടിലിന്റെ പൊത്തിലൊളിച്ചു. കിങ്കരന്മാർ പുതപ്പ് മാറ്റിനോക്കിയപ്പോൾ അതിനടിയിൽ പതുങ്ങിയിരിക്കുന്ന പേനിനെ കണ്ട് തല്ലിക്കൊന്നു. മൂട്ടയെ കണ്ടെത്താൻ അവർക്ക് കഴിഞ്ഞതുമില്ല.

---

**'തനിസ്വഭാവം അറിയാതെ അഭയംകൊടുക്കുന്നത് ആപത്താണ്'**

---

# നീലക്കുറുക്കൻ

**ഒ**രിടത്ത് മടിയനായ ഒരു കുറുക്കൻ ഉണ്ടായിരുന്നു. അലസത കൊണ്ടുതന്നെ മറ്റു കുറുക്കന്മാർ അവനെ ഒറ്റപ്പെടുത്തി. വിശപ്പ് അസഹ്യമായപ്പോൾ അവൻ കാടുവിട്ട് നഗരത്തിലെത്തി. കാട്ടുവാസിയായ കുറുക്കൻ നാട്ടിലെത്തിയത് കണ്ട് തെരുവുനായ്ക്കൾ അവനു പുറകെ കുരച്ചുകൊണ്ടോടി. പേടിച്ചരണ്ട കുറുക്കൻ ഓടിയോടി ഒരു വീട്ടിനുള്ളിൽ കയറി. അതൊരു അലക്കുകാരന്റെ വീടായിരുന്നു. അവിടെ തുണികളിൽ മുക്കാൻ നീലം കലക്കിവെച്ചിരുന്ന പാത്രത്തിലാണ് കുറുക്കൻ പരിഭ്രമത്തിനിടയിൽ ചെന്നുവീണത്. ദേഹമാസകലം നീലനിറവുമായി കുറുക്കൻ പുറത്തേക്ക് വന്നു. കുറുക്കന്റെ നിറംമാറ്റം കണ്ടുഭയന്ന് തെരുവുപട്ടികൾ തിരിച്ചോടി.

നീലക്കുറുക്കൻ നേരെ പോയത് കാട്ടിലേക്കാണ്. കാട്ടിലെത്തി അത്ഭുതജീവിയെ മൃഗങ്ങളെല്ലാം ഭയത്തോടെ നോക്കിക്കണ്ടു. സിംഹം, പുലി, കടുവ തുടങ്ങിയ ദുഷ്ടമൃഗങ്ങൾപോലും കുറുക്കന്റെ മുന്നിൽ വരാൻ ഭയന്നു. തന്റെ പുതിയ രൂപത്തെ മൃഗങ്ങളെല്ലാം ഭയപ്പെടുന്നതായി കുറുക്കൻ മനസ്സിലാക്കി. ഈ അവസരം വേണ്ടും വണ്ണം വിനിയോഗിക്കണമെന്ന് അവൻ തീരുമാനിച്ചു.


കുറുക്കൻ മൃഗങ്ങളെയെല്ലാം വിളിച്ചുകൂട്ടിയിട്ട് പറഞ്ഞു. "അല്ലയോ പ്രജകളേ, നിങ്ങൾ ഭയപ്പെടേണ്ട. ഈ കാടു ഭരിക്കാനായി സാക്ഷാൽ ബ്രഹ്മാവ് എന്നെ സൃഷ്ടിച്ച് ഇങ്ങോട്ടയച്ചിരിക്കുകയാണ്. നിങ്ങൾ എല്ലാവരും എന്നെ രാജാവായി അംഗീകരിച്ച് അനുസരിക്കണം." മൃഗങ്ങൾ ഇതുകേട്ട് പുതിയ രാജാവിനെ വണങ്ങി. കുറുക്കൻ സിംഹത്തെ മുഖ്യമന്ത്രിയായും ആന, കടുവ, പുലി തുടങ്ങിയവരെ മന്ത്രിമാരായും നിയമിച്ചു. തന്റെ ജാതിയിൽപ്പെട്ട കുറുക്കന്മാരോട് മാത്രം രാജാവ് ക്രൂരമായി പെരുമാറി. ഒരൊറ്റ കുറുക്കപ്പരിഷയെപ്പോലും കാട്ടിൽ കണ്ടുപോകരുതെന്ന് മുന്നറിയിപ്പു നൽകി. പാവം കുറുക്കന്മാർ രാജാവിന്റെ കണ്ണുവെട്ടിച്ച് പൊന്തക്കാടുകളിൽ ഒളിച്ചുതാമസിച്ചു.

ഒരു രാത്രിയിൽ മുഖ്യമന്ത്രി സിംഹം വേട്ടയാടി കൊണ്ടുവന്ന ഇറച്ചി രാജാവിന് സമ്മാനിച്ചു. സ്വാദേറിയ ആ ഇറച്ചി കുറുക്കൻ രാജാവ്

ആർത്തിയോടെ അകത്താക്കി. രാജാവിന്റെ വയർ നന്നായി നിറഞ്ഞു. ഈ സമയത്താണ് ആഹാരം കഴിഞ്ഞ കുറുക്കന്മാർ പൊന്തക്കാട്ടിൽനിന്നും ഉച്ചത്തിൽ ഓരിയിടുന്നത് രാജാവ് കേട്ടത്. ഒരു നിമിഷത്തേക്ക് കുറുക്കൻ രാജാവിന് സ്ഥലകാലബോധം നഷ്ടമായി. അവനും സന്തോഷത്തോടെ നീട്ടി ഓരിയിട്ടു.

മുഖ്യമന്ത്രിയും മന്ത്രിമാരും പ്രജകളുമെല്ലാം ഇതുകേട്ട് ഞെട്ടി. വെറുമൊരു പീറക്കുറുക്കനാണ് ഇതുവരെ തങ്ങളെ പറ്റിച്ച രാജാവെന്ന് അവർക്ക് മനസ്സിലായി. അമളി പറ്റിയതറിഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ച കുറുക്കനെ അവർ ക്ഷണനേരത്തിൽ കടിച്ചുകീറി.

**'സ്വകുലം മറന്ന് അന്യകുലത്തിൽ ബന്ധുത്വം തേടുന്നത് നന്നല്ല'**



# ദുഷ്ടസംസർഗ്ഗം

**സിം**ഹരാജാവിന്റെ അനുയായികളായിരുന്നു കടുവ, കാക്ക, കുറുക്കൻ എന്നിവർ. കടുവയും കാക്കയും കുറുക്കനും ചേർന്ന് ദിവസേന ഏതെങ്കിലും ജന്തുവിനെ വേട്ടയാടിപ്പിടിച്ച് സിംഹത്തിന് കാഴ്ച വെക്കുകയാണ് പതിവ്. അങ്ങനെയിരിക്കെ ഒരു ദിവസം ഗ്രാമത്തിൽ നിന്ന് വഴിതെറ്റിയെത്തിയ ഒരു ഒട്ടകം അവരുടെ മുന്നിൽ വന്നുപെട്ടു. ഒട്ടകത്തിന്റെ ഭീമാകാരമായ രൂപം കണ്ട് സിംഹം ആദ്യമൊന്ന് ഭയന്നെങ്കിലും അനുയായികൾ അവന് ധൈര്യം പകർന്നു. അന്നത്തെ ആഹാരത്തിനായി ഒട്ടകത്തെ കൊല്ലാമെന്ന് കാക്ക അഭിപ്രായപ്പെട്ടു. എന്നാൽ, സിംഹം അതിനെ എതിർത്തു. കാട്ടിൽ അഭയം തേടിയെത്തിയ ഒട്ടകത്തെ കൊല്ലുന്നത് ന്യായമല്ലെന്ന് വിവരിച്ച സിംഹം ഒട്ടകത്തെ തന്റെ അനുയായികളിലൊരാളാവാൻ ക്ഷണിച്ചു. സിംഹത്തിന്റെ മഹാമനസ്കതയ്ക്ക് നന്ദി പറഞ്ഞ് ഒട്ടകം ആ ക്ഷണം സ്വീകരിച്ചു.

കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ ഒരു കാട്ടാന മദപ്പാടോടെ ആ കാട്ടിലെത്തി. കാട്ടാനയുടെ അഹങ്കാരത്തെക്കുറിച്ച് കേട്ടറിഞ്ഞ സിംഹം അവനുമായി യുദ്ധത്തിനു തയ്യാറായി. യുദ്ധത്തിൽ കാട്ടാനയെ തുരത്തിയോടിക്കാൻ സിംഹത്തിനായെങ്കിലും കാട്ടാനയുടെ കൊമ്പുകൊണ്ട് സിംഹത്തിന് മാരകമായ മുറിവേറ്റു. നടക്കാൻ പോലുമാവാതെ സിംഹം അവശനായി.

തങ്ങളുടെ ജയമാനന്റെ വിശപ്പടക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നന്വേഷിച്ച് അനുയായികൾ നാലുപാടും പാഞ്ഞു. പകലന്തിയോളം തിരഞ്ഞിട്ടും ഒരു ജന്തുവിനേയും പിടികൂടാൻ അവർക്കായില്ല. കുറുക്കന് അപ്പോൾ ഒരു ബുദ്ധി തോന്നി. അവൻ കാക്കയേയും കടുവയേയും വിളിച്ച് രഹസ്യമായി പറഞ്ഞു. "ചങ്ങാതിമാരേ, നാമെന്തിനാണ് ഇങ്ങനെ

കഷ്ടപ്പെടുന്നത്? രാജാവിന്റെ വിശപ്പടക്കാൻ നമുക്ക് ഒട്ടകത്തെ കൊന്നുകൂടെ? അവനാകുമ്പോൾ നിറയെ മാംസവും കിട്ടു. " കുറുക്കൻ പറയുന്നതിലും കാര്യമുണ്ടെന്ന് കുടവയ്ക്കും കാക്കയ്ക്കും തോന്നി. എന്നാൽ, ഒട്ടകത്തെ കൊല്ലുന്ന കാര്യം സിംഹം സമ്മതിക്കാനിടയില്ലെന്ന് അവർ പറഞ്ഞു. അതിനായി ചില തന്ത്രങ്ങൾ ആവിഷ്കരിച്ച് മൂവരും സിംഹത്തിന്റെ അടുത്തെത്തി.

വിശന്നുവലഞ്ഞു കിടന്ന സിംഹത്തിന് തന്റെ അനുയായികൾ വെറുംകൈയോടെ തിരിച്ചുവരുന്നത് കണ്ട് നിരാശയായി. ഏറെ ശ്രമിച്ചിട്ടും ഒരു ചെറിയ ജന്തുവിനെപ്പോലും കിട്ടിയില്ലെന്ന് അവർ മറുപടി നൽകി. രാജാവിന്റെ വിശപ്പടക്കാനായി ഒട്ടകത്തെ കൊല്ലാമെന്ന നിർദ്ദേശം അവർ മുന്നോട്ടു വെച്ചു. എന്നാൽ, ആശ്രിതനായ ഒട്ടകത്തെ വധിക്കുന്നതിനോട് സിംഹം ഒരു വിധത്തിലും യോജിച്ചില്ല. അഭയം കൊടുത്തവനെ കൊല്ലുന്നത് തികഞ്ഞ അനീതിയാണെന്ന് സിംഹം ഉറപ്പിച്ചുപറഞ്ഞു. കൊല്ലുന്നതിൽ നീതിയില്ലെങ്കിലും ആശ്രിതൻ സ്വന്തം ജീവൻ രാജാവിന് ബലിയർപ്പിക്കാൻ സ്വയം തീരുമാനമെടുത്താൻ അത് സ്വീകരിക്കുന്നതിൽ തെറ്റില്ലെന്ന് കുറുക്കൻ വിശദീകരിച്ചു. മനസ്സില്ലാമനസ്സോടെ സിംഹം അതിന് സമ്മതം മൂളി.

അപ്പോൾത്തന്നെ കുറുക്കനും കടുവയും കാക്കയും ഒട്ടകത്തിന്റെ അടുത്തെത്തി. "ചങ്ങാതിമാരേ, നമ്മുടെ യജമാനൻ ഭക്ഷണം കഴിക്കാതെ മൃതപ്രായനായി കിടക്കുകയാണ് അദ്ദേഹത്തിന്റെ വിശ്വസ്ത സേവകരെന്ന നിലയ്ക്ക് ജീവൻ ബലികൊടുത്തും അദ്ദേഹ ത്തിന്റെ ജീവൻ രക്ഷിക്കാനുള്ള കടമ നമുക്കുണ്ട്. ഇനി ഒട്ടു സമയം കളയാതെ നമുക്ക് അങ്ങോട്ടു പോകാം." കുറുക്കൻ പറഞ്ഞു. അനുയായികൾ അടുത്ത നിമിഷംതന്നെ സിംഹത്തിന്റെ മുന്നിലെത്തി.

കാക്ക അല്പം മുന്നോട്ടു ചെന്ന് ഇങ്ങനെ പറഞ്ഞു. "യജമാനനേ, ഞങ്ങൾ കാട്ടിലെല്ലായിടത്തും തിരഞ്ഞിട്ടും അങ്ങേക്ക് ആഹാരത്തിനായി ഒരു ജന്തുവിനേയും കിട്ടിയില്ല. അതുകൊണ്ട് അങ്ങ് എന്നെ ഭക്ഷിച്ച് വിശപ്പുമാറ്റണമെന്ന അപേക്ഷയാണുള്ളത്." കാക്കയുടെ വാക്കുകൾ കേട്ട് കുറുക്കൻ പറഞ്ഞു. " പ്രിയപ്പെട്ട ചങ്ങാതീ, യജമാനനുവേണ്ടി സ്വന്തം ജീവൻ ത്യജിക്കാനുള്ള നിന്റെ മഹാമനസ്കതയെ ഞാൻ ആദരിക്കുന്നു. എന്നാൽ ചിറകും തോലും മാത്രമുള്ള നിന്നെ കൊന്നാൽ രാജാവിന് എന്തു കിട്ടാനാണ്? അതുകൊണ്ട് എന്നെത്തിന്ന് വിശപ്പടക്കാൻ ഞാൻ രാജാവിനോട് അപേക്ഷിക്കുകയാണ്."

അപ്പോൾ കടുവ കുറുക്കനെ തടഞ്ഞുകൊണ്ട് പറഞ്ഞു. "അമ്പോ! പ്രശംസനീയംതന്നെ നിന്റെ ഈ ത്യാഗബുദ്ധി. എന്നാൽ നീ ഒന്നു മറന്നു. ശ്രേഷ്ഠൻമാർക്ക് പ്രാണഭയം ഉള്ളപ്പോൾപ്പോലും നഖം ആയുധ മാക്കിയ ഹീനജീവികളെ ഭക്ഷിച്ചുകൂടാ എന്നുണ്ടല്ലോ. അതുകൊണ്ട് മഹാരാജാവ് തിരുമനസ്സ് എന്നെ തിന്നോളൂ." ഇതെല്ലാം കേട്ടുനിന്ന ഒട്ടകം തങ്ങളെ കൊന്നുതിന്നാൻ രാജാവ് തയ്യാറാവില്ലെന്ന് ഉറച്ചുവിശ്വസിച്ചു. മറ്റു ചങ്ങാതിമാർ പറഞ്ഞതുപോലെ എന്തെങ്കിലും ന്യായം പറഞ്ഞ് കടുവയെ ജീവത്യാഗത്തിൽനിന്ന് പിന്തിരിപ്പിക്കണമെന്ന് അവനു തോന്നി. ഒട്ടകം രാജാവിനെ വണങ്ങി പറഞ്ഞു. " പ്രഭോ, ന്യായപ്രകാരം നോക്കുകയാണെങ്കിൽ കടുവയുടെ ഇറച്ചിയും അങ്ങയുടെ അമൃതേത്തിന് ചേരുന്നതല്ല. കടുവയും കുറുക്കനേപ്പോലെ നഖമുപയോ ഗിച്ച് ഇരയെ കൊന്ന് ഭക്ഷിക്കുന്ന ജീവിയാണല്ലോ. അതുകൊണ്ട് ഈ കുറവൊന്നുമില്ലാത്ത എന്റെ ഇറച്ചി അങ്ങ് ആഹാരമാക്കിയാലും."

കടുവയും കുറുക്കനും കാക്കയുമെല്ലാം കാത്തിരുന്നത് ഈ നിമിഷമായിരുന്നു. അവർ അപ്പോൾത്തന്നെ ഒട്ടകത്തിന്റെ പുറത്ത് ചാടിവീണ് അവനെ കൊന്നു. ഒട്ടകത്തിന്റെ ഇറച്ചികൊണ്ട് സിംഹവും അനുയായികളും വിശപ്പടക്കി.

---

**'നീചരോടുള്ള കൂട്ട് അപകടത്തിന് വഴിയൊരുക്കും'**

---

# കടലിന്റെ ഗർവ്വ്

**ക**ടൽക്കരയിലായിരുന്നു കുളക്കോഴിക്കുടുംബത്തിന്റെ വാസം. അവർ സന്തോഷത്തോടെ ജീവിതം തുടരവേ, കുളക്കോഴിപ്പെണ്ണിന് മുട്ടയിടാനുള്ള സമയമായി. മുട്ടകൾ സുരക്ഷിതമായി വെയ്ക്കാനുള്ള സ്ഥലമേതെന്ന് അവൾ ഭർത്താവിനോട് തിരക്കി. ഈ കടൽക്കരയോളം നല്ല മറ്റൊരു സ്ഥലമില്ലെന്ന് കുളക്കോഴി മറുപടി പറഞ്ഞു. എന്നാൽ കുളക്കോഴിപ്പെണ്ണിന് അതത്ര വിശ്വാസമായില്ല. കടലിൽ വേലിയേറ്റ മുണ്ടാകുമ്പോൾ കരയിലേക്കടിച്ചുകയറുന്ന തിരകളിൽപ്പെട്ട് മുട്ട നഷ്ടപ്പെടുമെന്ന് അവൾ ആശങ്കപ്പെട്ടു. അപ്പോൾ കുളക്കോഴി അവളെ സമാധാനിപ്പിച്ചു. "പ്രാണനാഥേ, നിന്റെ ആശങ്കകൾ അസ്ഥാനത്താണ്. ധീരന്മാരായ നമ്മുടെ മുട്ടകൾ നശിപ്പിക്കാനുള്ള തന്റേടം ഭീരുവായ കടലിനില്ല. ഈ കടൽക്കര നമ്മുടേതാണ്. നിസ്സാരനായ സമുദ്രത്തെ ഭയന്ന് ഇവിടം വിടുന്നത് ഭീരുത്വമാണ്".

കുളക്കോഴിയുടെ ആത്മപ്രശംസ നിറഞ്ഞ വാക്കുകൾ കടൽ കേട്ടു. എങ്ങിനേയും അവന്റ അഹങ്കാരം അടക്കണമെന്ന് കടൽ തീരുമാനിച്ചു. കുളക്കോഴിപ്പെണ്ണ് മുട്ടയിട്ട നിമിഷത്തിൽത്തന്നെ സമുദ്രത്തിൽ നിന്നുയർന്ന തിര മുഴുവൻ മുട്ടകളേയും വെള്ളത്തിലേക്ക് കൊണ്ടുപോയി. ഈ കാഴ്ച കണ്ട് കുളക്കോഴിപ്പെണ്ണ് വാവിട്ടുകരഞ്ഞു. അമിതാത്മവിശ്വാസം മൂലം തന്റെ വാക്കുകൾ വിലക്കെടുക്കാതിരുന്ന ഭർത്താവിനെ അവൾ കഠിനമായി വിമർശിച്ചു.

അപ്പോൾ കുളക്കോഴി അവളോടു പറഞ്ഞു. "കടലിന്റെ കരുത്തിനെ കുറച്ചുകണ്ടുവെന്നത് എന്റെ തെറ്റാണ്. എങ്കിലും തോറ്റുപിന്മാറാൻ ഞാനൊരുക്കമല്ല. ഞാനെന്റെ ഈ കൊക്കുകൊണ്ട് കടൽ കുടിച്ചുവറ്റിച്ച് മുട്ടകൾ വീണ്ടെടുക്കാൻ പോവുകയാണ്". ഭർത്താവിന്റെ വീണ്ടുവിചാ

രമില്ലാത്ത ഈ വാക്കുകളെ കുളക്കോഴിപ്പെണ്ണ് പുച്ഛിച്ചുതള്ളി. കടലിനെ വെല്ലുവിളിക്കാനാണ് ഭാവമെങ്കിൽ മറ്റെല്ലാ പക്ഷികളേയും വിളിച്ചുകൂട്ടി അവരുടെ സഹായമഭ്യർത്ഥിക്കുകയാണ് വേണ്ടതെന്ന് അവൾ ഉപദേശിച്ചു. കുളക്കോഴി അപ്രകാരം പ്രവർത്തിച്ചു. എന്നാൽ, കടൽ കുടിച്ചുവറ്റിക്കുന്നത് ദുഷ്കരമാണെന്നും പക്ഷിരാജാവായ ഗരുഡന്റെ സഹായമുണ്ടെങ്കിൽ മാത്രമേ നമുക്ക് വിജയിക്കാനാവൂ എന്നും പക്ഷികൾ ഏകസ്വരത്തിൽ പറഞ്ഞു.

പക്ഷികൾ കുളക്കോഴിയുടെ നേതൃത്വത്തിൽ ഗരുഡനെ കണ്ട് സങ്കടം പറഞ്ഞു. തന്റെ മുട്ടകൾ തട്ടിക്കൊണ്ടുപോയ കടലിനോട് പ്രതികാരം ചെയ്യാൻ സഹായിക്കണമെന്ന് കുളക്കോഴി അഭ്യർത്ഥിച്ചു. പക്ഷികളുടെ രോഷത്തിൽ കാര്യമുണ്ടെന്ന് തോന്നിയ ഗരുഡൻ കടൽ വറ്റിക്കാൻ സഹായിക്കാമെന്നേറ്റു.

ഈ സമയത്ത് മഹാവിഷ്ണുവിന് അമരാവതിവരെ യാത്ര ചെയ്യേണ്ടതായി വന്നു. അദ്ദേഹം ഗരുഡനെ വിളിച്ചുകൊണ്ടുവരാൻ ദൂതനെ അയച്ചു. എന്നാൽ, പതിവിനു വിരുദ്ധമായി ഗരുഡൻ ഭഗവാന്റെ വാഹനമാകാൻ താല്പര്യം കാട്ടിയില്ല. ദൂതനിൽനിന്നും പ്രിയങ്കരനായ ഗരുഡന്റെ നീരസത്തെക്കുറിച്ച് മനസ്സിലാക്കിയ മഹാവിഷ്ണു നേരിട്ട് പക്ഷിശ്രേഷ്ഠനെ ചെന്നുകണ്ടു. മഹാവിഷ്ണുവിന്റെ ആശ്രിതനെന്ന് അഹങ്കരിച്ച് കടൽ പാവം കുളക്കോഴിയുടെ മുട്ടകൾ നശിപ്പിച്ചുവെന്നും അതിന് പ്രതികാരമെന്നോണം പക്ഷികൾ കടൽ കുടിച്ചുവറ്റിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും ഗരുഡൻ മറുപടി നൽകി. മഹാവിഷ്ണു ഗരുഡനെ സമാധാനിപ്പിച്ച് കടൽക്കരയിലേക്കു നടന്നു. ആർത്തിരമ്പുന്ന കടലിനുനേരെ സുദർശന ചക്രം ചുഴറ്റി മഹാവിഷ്ണു ആജ്ഞാപിച്ചു. "അഹങ്കാരിയായ സമുദ്രമേ, നിനക്ക് നിലനില്പ് വേണമെങ്കിൽ വേഗം കുളക്കോഴിയുടെ മുട്ട തിരിച്ചുനൽകൂ." മഹാവിഷ്ണുവിന്റെ കോപം കണ്ട് ഭയന്ന കടൽ അപ്പോൾത്തന്നെ മുട്ടകൾ തിരിച്ചുനൽകി. മുട്ടകൾ തിരിച്ചു കിട്ടിയപ്പോൾ കുളക്കോഴിക്കും കുളക്കോഴിപ്പെണ്ണിനും സന്തോഷമായി. അവർ മഹാവിഷ്ണുവിനും ഗരുഡനും നന്ദി പറഞ്ഞു.

**'എതിരാളയുടെ കരുത്തറിഞ്ഞുവേണം ഏറ്റുമുട്ടുവാൻ'**

# ആമയുടെ ആകാശയാത്ര

**ഒ**രു കുളത്തിൽ ആമ തനിച്ച് താമസിച്ചിരുന്നു. ദിവസേന കുളക്കരയിലെത്താറുള്ള രണ്ട് അരയന്നങ്ങളായിരുന്നു ആമയുടെ ചങ്ങാതിമാർ. അങ്ങനെയിരിക്കെ വേനലിന് കാഠിന്യം കൂടി കുളത്തിലെ വെള്ളം വറ്റാറായി. വെള്ളം വറ്റിയാൽ താനെങ്ങനെ ജീവിക്കും എന്ന ആധിയായി ആമയ്ക്ക്. ആമയും അരയന്നങ്ങളും ചേർന്ന് ഒരു പോംവഴിയ്ക്കായി തലപുകഞ്ഞാലോചിച്ചു.

ഏറെനേരത്തെ ആലോചനയ്ക്കുശേഷം ആമ പറഞ്ഞു. " ഇവിടെ നിന്നും രക്ഷപ്പെടാൻ ഞാനൊരു വഴി കണ്ടിട്ടുണ്ട്. ഒരു വടിയുടെ നടുവിൽ ഞാൻ പല്ലുകൊണ്ട് കടിച്ചു തൂങ്ങിക്കിടക്കാം. നിങ്ങൾ രണ്ടറ്റത്തും പിടിച്ച് പറന്ന് എന്നെ വെള്ളമുള്ള മറ്റൊരു കുളത്തിൽ കൊണ്ടുപോയാക്കിയാൽ മതി."

അത് നല്ല ഉപായമാണെന്ന് അരയന്നങ്ങൾക്കു തോന്നി. അവർ വേഗംതന്നെ വടിയുമായെത്തി. ആമ അതിൽ തൂങ്ങും മുമ്പേ അരയന്നങ്ങൾ ഓർമ്മിപ്പിച്ചു; പറന്നുയർന്നുകഴിഞ്ഞാൽ ഒരക്ഷരം മിണ്ടരുതെന്നും മിണ്ടിയാൽ പിടിവിട്ട് താഴെക്കിടക്കുമെന്നും. ആമ സമ്മതിച്ചു.

അരയന്നങ്ങൾ വടിയിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന ആമയേയും കൊണ്ട് ആകാശത്തിലൂടെ പറന്നു. ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും മുകളിലൂടെയായിരുന്നു യാത്ര. ഒരിടത്തെത്തിയപ്പോൾ ഈ വിചിത്ര കാഴ്ച കണ്ട് ഗ്രാമവാസികൾ ആർത്തുവിളിക്കാൻ തുടങ്ങി. കാര്യമെന്തന്ന് ആമയ്ക്ക് മനസ്സിലായില്ല. ഗ്രാമീണർ തന്നെ ആക്രമിക്കാൻ വരികയാണോ എന്ന് ആമ ഭയന്നു. അരയന്നങ്ങളോട് ചോദിച്ച് സംശയം തീർക്കാനായി ആമ വായ തുറന്നു. അടുത്ത നിമിഷംതന്നെ അവൻ പിടിവിട്ട് നിലത്തുവീണ് മരിച്ചു. അരയന്നങ്ങൾ പ്രിയ സുഹൃത്തിന്റെ വേർപാടിൽ ദുഃഖിച്ചു.

---

**'നല്ലവരായ ചങ്ങാതിമാരുടെ ഉപദേശം'**

---

# അഹങ്കാരി മത്സ്യം

**ഒ**രു കുളത്തിൽ മൂന്നു മത്സ്യങ്ങളുണ്ടായിരുന്നു. ഒരു ദിവസം കുറെ മുക്കുവന്മാർ അതുവഴി കടന്നുപോയി. ഈ കുളത്തിലെ മത്സ്യങ്ങളെ അടുത്ത ദിവസം വലവീശി പിടിക്കണമെന്ന് മുക്കുവന്മാർ തമ്മിൽ പറയുന്നത് അവർ കേട്ടു. എങ്ങനെ ജീവൻ രക്ഷിക്കണമെന്നോർത്ത് മത്സ്യങ്ങൾ വിഷമിച്ചു.

''മുക്കുവന്മാർ പറഞ്ഞത് കേട്ടില്ലേ? നാളെത്തന്നെ നമ്മളെ പിടികൂടാൻ അവരെത്തും. അതുകൊണ്ട് നമുക്ക് അടുത്തുള്ള മറ്റേതെങ്കിലും കുളത്തിലേയക്ക് മറുന്നതാവും നല്ലത്. ഇപ്പോൾത്തന്നെ നമുക്കിവിടെനിന്നും പോകാം". ഒന്നാമത്തെ മത്സ്യം നിർദ്ദേശിച്ചു. "ചങ്ങാതീ, നീ പറഞ്ഞതാണ് ശരി. മനുഷ്യർ വന്ന് വല വീശിയാൽപ്പിന്നെ നമുക്ക് രക്ഷപ്പെടാനാവില്ല. അടുത്ത കുളത്തിലേയ്ക്ക് പോകാൻ നിന്നോടൊപ്പം ഞാനും വരുന്നു." രണ്ടാമത്തെ മത്സ്യം അതിനോടു യോജിച്ചു.

''നിങ്ങൾ പറയുന്നതിനോട് യോജിക്കാൻ എനിക്കാവില്ല. നിസ്സാരന്മാരായ മനുഷ്യരെ ഭയന്ന് നമ്മുടെ വീടുവിട്ട് പോകുന്നത് ഭീരുത്വമാണ്. നമ്മുടെ കുറെ തലമുറകൾ ജീവിച്ച ഈ കുളം വിട്ട് ഞാൻ എങ്ങോട്ടുമില്ല. മരിക്കാനാണ് നമ്മുടെ വിധിയെങ്കിൽ എവിടെ ചെന്നാലും അതനുഭവിച്ചല്ലേ തീരൂ. ഭീരുക്കളായ നിങ്ങൾക്കു വേണമെങ്കിൽ ഇവിടെ വിട്ടുപോകാം." മൂന്നാമത്തെ മത്സ്യം അഹങ്കാരത്തോടെ പറഞ്ഞു.

ചങ്ങാതിയുടെ മനസ്സുമാറ്റാൻ രണ്ടു മത്സ്യങ്ങളും കിണഞ്ഞു പരിശ്രമിച്ചെങ്കിലും ഫലിച്ചില്ല. ഒടുവിൽ രണ്ടുപേരും അടുത്ത കുളത്തിലേക്ക് ജീവനുംകൊണ്ട് രക്ഷപ്പെട്ടു. പിറ്റേന്ന് രാവിലെത്തന്നെ മുക്കുവന്മാരെത്തി വലവീശി. വലയിൽ കുടുങ്ങിയ അഹങ്കാരി മത്സ്യത്തേയുംകൊണ്ട് അവർ തിരിച്ചുപോയി.

**'വരുംവരായ്കകൾ ചിന്തിക്കാതെയുള്ള ജീവിതം അർത്ഥശൂന്യമാണ്'**

# സംഘശക്തി

**കാ**ട്ടിലെ മരത്തിനു മുകളിലായിരുന്ന ആൺകുരുവിയും പെൺ കുരുവിനും കൂടുകെട്ടി താമസിച്ചിരുന്നത്. പെൺകുരുവി മുട്ടയിട്ട്, അടയിരുന്ന് കുറെ കുരുവിക്കുഞ്ഞുങ്ങളെ വിരിയിച്ചു. ഈ സമയത്ത് ഒരു മദയാന മരത്തിന്റെ ചുവട്ടിലെത്തി. മദമിളകിയതിനാൽ നിരവധി വന്മരങ്ങൾ പിഴുത് നിലത്തിട്ട് ചവിട്ടിയരച്ചാണവൻ വന്നത്. കുരുവിക്കൂടു ള്ള മരക്കൊമ്പും ആന വലിച്ചൊടിച്ചു. കുരുവിക്കുഞ്ഞുങ്ങൾ നിലത്തു വീണ് ചത്തുപോയി.


കുഞ്ഞുങ്ങൾക്ക് തീറ്റയുമായി തിരിച്ചെത്തിയ കുരുവികൾ ഈ കാഴ്ചകണ്ട് നെഞ്ചുപൊട്ടി നിലവിളിച്ചു. പക്ഷികളുടെ കൂട്ടക്കരച്ചിൽ കേട്ട് ചങ്ങാതിയായ മരംകൊത്തി പറന്നെത്തി കാര്യം അന്വേഷിച്ചു. മദയാന തങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളഞ്ഞുവെന്ന് കുരുവികൾ വിശദീകരിച്ചു. മരംകൊത്തി അവരെ സമാധാനിപ്പിച്ചു. കുറെ നേരം കഴിഞ്ഞപ്പോൾ മക്കൾ നഷ്ടപ്പെട്ട ദു:ഖത്തിന് നേരിയ അയവ് വന്നെങ്കിലും ദുഷ്ടനായ ആനയെ കൊല്ലാതെ താൻ മറ്റൊന്നിനുമില്ലെന്ന് പെൺകുരുവി ശപഥം ചെയ്തു. അതിനായി മരംകൊത്തിയുടെ സഹായം അവൾ അഭ്യർത്ഥിച്ചു.

മരംകൊത്തി പോയി തന്റെ ചങ്ങാതിയായ തേനീച്ചയെ കൂട്ടിക്കൊണ്ടു വന്നു. മദയാനയോടേറ്റുമുട്ടാൻ അവർ ചില പദ്ധതികൾ ആസൂത്രണം ചെയ്തു. ചങ്ങാതിയായ തവളയേക്കുടി അവർ കൂട്ടിനു വിളിച്ചു. അവർ സംഘമായി മദയാനയുടെ അടുത്തേക്ക് നടന്നു.

തേനീച്ച ആനയുടെ കാതിനുചുറ്റും പറന്ന് മൂളിപ്പാട്ടു പാടാൻ തുടങ്ങി. പാട്ടിന്റെ മാധുര്യത്തിൽ ലയിച്ച് ആന കണ്ണുചിമ്മിനിന്നു. ഈ തക്കത്തിന് മരംകൊത്തി പറന്നുചെന്ന് അവന്റെ രണ്ടു കണ്ണുകളും കുത്തിപ്പൊട്ടിച്ചു. മദയാന വേദനകൊണ്ട് അലറിക്കരഞ്ഞു. അപ്പോൾ

തവള ആഴമേറിയ പൊട്ടക്കുളത്തിന്റെ കരയിലിരുന്ന് 'പേക്രോം' എന്ന് കരഞ്ഞു. തവളക്കരച്ചിൽ കേട്ടത് കുളത്തിൽ നിന്നാണെന്നു കരുതി ആന കുളത്തിലേയ്ക്കോടി. വെള്ളത്തിലിറങ്ങിയതും അതിനടിയിലെ ചെളിയിൽ കാൽ പുതഞ്ഞ് ആന വിഷമിച്ചു. കരയ്ക്കു കയറാനാവാതെ കിടന്ന ആന കുറേനേരത്തിനു ശേഷം ചത്തു. പ്രതികാരം നിർവ്വഹിച്ച സന്തോഷത്തോടെ കുരുവികൾ തിരിച്ചുപോയി.

**'ദുർബ്ബലരാണെങ്കിലും ഒത്തുചേർന്നാൽ ബലവാനെ തുരത്താം'**



# കുറുക്കന്റെ മിടുക്ക്

**കാ**ട്ടിലെ രാജാവായിരുന്നു സിംഹം. സിംഹത്തിന്റ അനുചരന്മാരായി കുറുക്കനും ചെന്നായയും എപ്പോഴും കൂടെയുണ്ടായിരുന്നു. ഒരിക്കൽ അവർ ഇരതേടി നടക്കുമ്പോൾ ഗർഭിണിയായ ഒട്ടകത്തെ കണ്ടെത്തി. വിശന്നുപൊരിഞ്ഞ സിംഹം ഒട്ടകത്തെ കൊന്നു. തുടർന്ന് ഒട്ടകത്തിന്റെ വയർ പിളർന്ന് ഒട്ടകക്കുഞ്ഞിനെ പുറത്തെടുത്തു. സിംഹത്തിന് അവനോട് സ്നേഹവും സഹതാപവും തോന്നിയതിനാൽ കൊല്ലാതെ കൂടെക്കൂട്ടി. സിംഹത്തിന്റെ മറ്റൊരു അനുചരനായി അവൻ വളർന്നുവന്നു.

അങ്ങനെയിരിക്കെ, ഒരു കാട്ടാനയുമായുണ്ടായ ഏറ്റുമുട്ടലിൽ സിംഹം പരിക്കേറ്റ് കിടപ്പിലായി. അതോടെ അവർക്ക് ഒരുനേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാതെയായി. ഇരതേടി കാട്ടിലെങ്ങും അലഞ്ഞ കുറുക്കനും ചെന്നായയും നിരാശരായി തിരിച്ചെത്തി. ഒട്ടകത്തെ കൊന്നുതിന്നുക മാത്രമാണ് ഏകപോംവഴിയെന്ന് അവർക്കു തോന്നി. യജമാനൻ മൃതപ്രായനായി കിടക്കുമ്പോൾ അദ്ദേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കാൻ തയ്യാറാവണമെന്ന് കുറുക്കൻ ഒട്ടകത്തെ ഉപദേശിച്ചു. നിഷ്കളങ്കനായ ഒട്ടകം അത് സമ്മതിച്ചു. ഒട്ടകത്തെത്തിന്ന് വിശപ്പടക്കാമെന്ന അഭിപ്രായത്തോട് സിംഹം ആദ്യം യോജിച്ചില്ലെങ്കിലും മറ്റു പോംവഴിയില്ലെന്നു കണ്ട് പിന്നീട് സമ്മതിച്ചു. ഒട്ടകം ജീവൻ വെടിയാൻ സന്നദ്ധനായി വന്നതും സിംഹം അവന്റെ കഥകഴിച്ചു. അനന്തരം ദേഹശുദ്ധി വരുത്താനായി വെള്ളമന്വേഷിച്ചു പോയി.

ഒട്ടകത്തിന്റെ ഇളംമാംസം കണ്ടപ്പോൾ കുറുക്കന്റെ നാവിൽ വെള്ളമൂറി. അതുമുഴുവൻ തനിച്ച് അകത്താക്കണമെന്ന് അവൻ ആഗ്രഹിച്ചു. അവൻ ചെന്നായയോടായി പറഞ്ഞു. “നിനക്കു വേണ

മെങ്കിൽ ഒട്ടകത്തിന്റെ ചോര അല്പം കുടിച്ചോളൂ. സിംഹം തിരിച്ചെത്തി ഇതേക്കുറിച്ച് ചോദിച്ചാൽ നിന്നെ രക്ഷപ്പെടുത്തുന്ന കാര്യം ഞാനേറ്റു." ആർത്തി അടക്കിക്കിടന്ന ചെന്നായ ഉടൻതന്നെ ഒട്ടകത്തിന്റെ വയർ കടിച്ചുമുറിച്ചു ചോര കുടിച്ചു. അല്പം കഴിഞ്ഞപ്പോഴേക്കും സിംഹം തിരിച്ചുവന്നു. തനിക്കുള്ള ആഹാരം എച്ചിലാക്കിയതും കണ്ട് സിംഹം ക്രുദ്ധനായി. സിംഹം ചെന്നായയേയും കുറുക്കനേയും തുറിച്ചുനോക്കി. എന്തെങ്കിലും പറഞ്ഞ് കുറുക്കൻ തന്നെ രക്ഷിക്കുമെന്ന് ചെന്നായ സമാധാനിച്ചു. എന്നാൽ, അടുത്ത നിമിഷം കുറുക്കൻ ചെന്നായയെ കുറ്റപ്പെടുത്തി ഇങ്ങനെ പറഞ്ഞു. "ഇപ്പോൾ എന്നെ നോക്കിയിട്ടെന്തു കാര്യം? രാജാവിന്റെ അമൃതേത്ത് അശുദ്ധമാക്കാൻ നീ ഒരുങ്ങിയപ്പോഴേ ഞാൻ തടഞ്ഞതല്ലേ? വരുംവരായ്കകൾ ഓർക്കാതെ ഓരോന്നു ചെയ്താൽ അതിന്റെ ഫലം അവനവൻ അനുഭവിക്കേണ്ടി വരും." ഇതുകൂടി കേട്ടപ്പോൾ ഇനിയും ഇവിടെ നിൽക്കുന്നത് പന്തിയല്ലെന്ന് ചെന്നായയ്ക്ക് തോന്നി. അവൻ ജീവനും കൊണ്ട് കാടുവിട്ടോടി.

സിംഹം ഒട്ടകത്തിന്റെ ഇറച്ചി തിന്നാൻ തയ്യാറെടുക്കുമ്പോഴാണ് ദൂരെനിന്നും എന്തോ ബഹളം കേട്ടത്. അത് എന്താണെന്ന് അന്വേഷിച്ചു വരാൻ സിംഹം കുറുക്കനെ അയച്ചു. ഒരു പറ്റം കച്ചവടക്കാർ ഒട്ടകക്കൂട്ടങ്ങളുമായി വരുന്നതിന്റെ ശബ്ദമാണതെന്ന് കുറുക്കന് മനസ്സിലായി. അതുമറച്ചുവെച്ച് അവൻ സിംഹത്തോട് ഇങ്ങനെ പറഞ്ഞു."അല്ലയോ രാജാവേ, അത് കാലനും കിങ്കരന്മാരുമാണ്. കാലന്റെ പ്രജയായ ഒട്ടകത്തെ കൊന്നതിനു പകരം ചോദിക്കാൻ അദ്ദേഹം വലിയൊരു ഒട്ടകക്കൂട്ടത്തേയും കൂട്ടി ഇങ്ങോട്ടു വരികയാണ്". കുറുക്കന്റെ വാക്കുകൾ സിംഹത്തെ ഭയപ്പെടുത്തി. ഒട്ടകത്തിന്റെ മാംസം ഉപേക്ഷിച്ച് സിംഹം സ്ഥലം വിട്ടു. തന്ത്രക്കാരനായ കുറുക്കൻ മുഴുവൻ ഇറച്ചിയും തിന്ന് സന്തോഷത്തോടെ നീട്ടി ഓരിയിട്ടു.

---

**'എതിരാളിയോട് തന്ത്രപരമായി പെരുമാറുകയും സ്വന്തം കാര്യം നോക്കുകയും ചെയ്യുന്നയാൾ നേട്ടമുണ്ടാക്കും'**

---

# ഉപദേശിക്കുരുവി

**ന**ല്ല തണുപ്പു കാലമായിരുന്നു. കിടുകിടാവിറച്ചുകൊണ്ട് കുറേ കുരങ്ങന്മാർ കുറ്റിക്കാട്ടിൽ ഒന്നിച്ചുകൂടി. അതിലൊരു കുരങ്ങൻ അതിലേ പറന്നുനടന്ന ഒരു മിന്നാമിനുങ്ങിനെ പിടിച്ച്, തീയാണെന്നു കരുതി ഊതിക്കത്തിക്കാൻ ശ്രമിച്ചു. ആ തീപ്പൊരിയിൽനിന്ന് തീ പടർത്തി തണുപ്പകറ്റാൻ തീകായാമെന്നായിരുന്നു അവന്റെ ചിന്ത.

മണ്ടൻ കുരങ്ങന്റെ ഈ പ്രവൃത്തി കണ്ട് അടുത്ത മരത്തിന്റെ മുകളിലിരുന്ന കുരുവി ചോദിച്ചു. "ഏയ്, നിങ്ങൾ എന്തു മണ്ടത്തരമാണ് ഈ കാണിക്കുന്നത്? അതൊരു പാവം മിന്നാമിനുങ്ങാണ്. അതിന്റെ ദേഹത്തുകാണുന്ന വെളിച്ചം തീയല്ല." ഇതുകേട്ട് കുരങ്ങൻ കുരുവിയെ തുറിച്ചുനോക്കി വീണ്ടു തീയൂതാൻ തുടങ്ങി. മണ്ടൻമാരെ ഉപദേശിച്ച് നേരം കളയരുതെന്ന് കൂട്ടത്തിലെ ഒരു വയസ്സൻ കുരങ്ങനും കുരുവിയെ ഓർമ്മപ്പെടുത്തി. അതൊന്നും കാര്യമാക്കാതെ കുരുവി വീണ്ടും ഉപദേശം തുടർന്നു. കുപിതനായ കുരങ്ങൻ കുരുവിയെ പിടികൂടി കൊന്നുകളഞ്ഞു.

**'മണ്ടന്മാരെ ഉപദേശിച്ചാൽ ദോഷമാവും ഫലം'**



## കുരങ്ങനും കുരുവിയും

**കാ**ട്ടിലെ വലിയൊരു മരത്തിന്റെ കൊമ്പിലായിരുന്നു കുരുവിക്കുടുംബം താമസിച്ചിരുന്നത്. മഴക്കാലം വന്നപ്പോൾ തണുത്തുവിറച്ച ഒരു കുരങ്ങൻ അവിടെയെത്തി. അവൻ തണുത്തുവിറച്ച് മരത്തോടൊട്ടിയിരുന്നു. ഇതുകണ്ട് പെൺകുരുവി ചോദിച്ചു. "നീയിങ്ങനെ തണുപ്പുകൊണ്ടിരിക്കുന്നതെന്തിനാണ്? കുറച്ച് ചുള്ളിക്കൊമ്പും ഇലകളും ഉപയോഗിച്ച് നിനക്കൊരു വീടുണ്ടാക്കി അതിനകത്തിരുന്നു കൂടെ?"

കുരുവിയുടെ വാക്കുകൾ കുരങ്ങനെ ദേഷ്യം പിടിപ്പിച്ചു. നിസ്സാര നായ കുരുവി തന്നെ ഉപദേശിക്കാൻ വന്നതിലുള്ള ദേഷ്യമായിരുന്നു അത്. കുരുവി കുരങ്ങനോട് വീണ്ടു ഓരോന്നു പറയാൻ തുടങ്ങിയപ്പോൾ അവൻ മരത്തിൽ ചാടിക്കയറി കുരുവിക്കൂട് അടിച്ചുതകർത്തു. എന്നിട്ട് തന്റെ പാട്ടിനുപോയി.

**'മൂഢന്മാർക്കല്ല വിദ്യ പകർന്നുകൊടുക്കേണ്ടത്'**



# സംസാരിക്കുന്ന മരം

ഒരിടത്ത്, വിരുദ്ധ സ്വഭാവക്കാരെങ്കിലും ഉറ്റമിത്രങ്ങളായ രണ്ടുപേർ ജീവിച്ചിരുന്നു. ഒരാൾ നല്ലവനും മറ്റെയാൾ പരമദുഷ്ടനും. ഒരു ദിവസം ദുഷ്ടൻ ചങ്ങാതിയെ സമീപിച്ച് പറഞ്ഞു. "ചങ്ങാതീ ഇവിടെ നമ്മൾ ചോര നീരാക്കി ജോലി ചെയ്താലും ഒന്നും സമ്പാദിക്കാനാവില്ല. നമുക്കിവിടം വിട്ട് ദൂരെ ദേശങ്ങളിൽ പോയി ധാരാളം പണം നേടി തിരിച്ചുവരാം." നല്ലവൻ സമ്മതിച്ചു.

ഇരുവരും പിറ്റേന്നുതന്നെ വിദേശത്തേക്ക് പുറപ്പെട്ടു. ദുഷ്ടൻ വെറുതെയിരുന്നും നല്ലവൻ കഠിനമായി പണിയെടുത്തും ചുരുങ്ങിയ കാല കൊണ്ട് ധനികരായി. അവർ ആ പണവുമായി നാട്ടിലേക്ക് തിരിച്ചു. വഴിമധ്യേ ദുഷ്ടൻ പറഞ്ഞു. "നമ്മൾ ഈ പണവുംകൊണ്ട് നേരെ വീട്ടിലേക്ക് ചെല്ലുന്നത് ബുദ്ധിയല്ല. പ്രാരബ്ധക്കാരായ നിരവധി ബന്ധുക്കൾ നമുക്കുണ്ടല്ലോ. ആർത്തിപ്പണ്ടാരങ്ങളായ അവർ പണം ചോദിച്ച് നമ്മെ ശല്യപ്പെടുത്തും. അതുകൊണ്ട് നമുക്കീ പണം ഈ കുറ്റി ക്കാട്ടിൽ കുഴിച്ചിടാം. പിന്നീട് പണത്തിനാവശ്യം വരുമ്പോൾ നമുക്കൊരു മിച്ചു വന്ന് പണം എടുത്ത് തുല്യമായി വീതിയ്ക്കാം." ദുഷ്ടന്റെ ചതി മനസ്സിലാക്കാതെ നല്ലവൻ സമ്മതം മൂളി പണം ഭദ്രമായി കുഴിച്ചിട്ട് അവർ വീട്ടിലേക്ക് മടങ്ങി.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ ദുഷ്ടൻ രഹസ്യമായി കുറ്റി ക്കാട്ടിലെത്തി നിലംകുഴിച്ച് പണവുമായി മടങ്ങി. ചങ്ങാതിയെ ഏറെ വിശ്വസിച്ചിരുന്ന നല്ലവൻ ഇതറിഞ്ഞതേയില്ല. വീണ്ടും രണ്ടുദിവസം കഴിഞ്ഞപ്പോൾ ദുഷ്ടൻ ചങ്ങാതിയുടെ വീട്ടിലെത്തി. തനിക്ക് പണത്തി ന്റെ അത്യാവശ്യമുണ്ടെന്നും രണ്ടുപേരുംകൂടിച്ചെന്ന് പണം എടുക്കാ മെന്നും ദുഷ്ടൻ പറഞ്ഞു. നല്ലവനും ദുഷ്ടനും അപ്പോൾത്തന്നെ കുറ്റി ക്കാട്ടിലേയ്ക്ക് നടന്നു. അവിടെയെത്തിയപ്പോൾ പണം നഷ്ടപ്പെട്ട തറിഞ്ഞ് നല്ലവൻ ഞെട്ടിപ്പോയി. ഈ സന്ദർഭം ദുഷ്ടൻ നന്നായി ഉപയോഗപ്പെടുത്തി. അയാൾ നല്ലവനോട് പരുഷമായി പറഞ്ഞു. "നീയാണ് വിശ്വാസവഞ്ചന

നടത്തിയത്. ഞാനറിയാതെ നീയിവിടെ വന്ന് പണവും തട്ടിയെടുത്ത് മടങ്ങി. എന്നിട്ടിപ്പോൾ ഒന്നുമറിയാത്തവനെപ്പോലെ അഭിനയിക്കുന്നത് കണ്ടില്ലേ? പെരുങ്കള്ളൻ!"

ചങ്ങാതിയുടെ ആരോപണങ്ങൾ നല്ലവനെ ദു:ഖിപ്പിച്ചു. താനിക്കാര്യത്തിൽ നിരപരാധിയാണെന്ന് അയാൾ ആവർത്തിച്ചിട്ടും ദുഷ്ടൻ അതൊന്നും ചെവിക്കൊണ്ടില്ല. പ്രശ്നം രാജാവിന്റെ മുന്നിലെത്തി. രാജാവും ന്യായാധിപനും ചേർന്ന് ഇരുവരേയും ചോദ്യം ചെയ്തു. രണ്ടുപേരും തങ്ങളുടെ വാദഗതിയിൽ ഉറച്ചുനിന്നതിനാൽ യഥാർത്ഥകുറ്റക്കാരനാരെന്നു കണ്ടെത്താൻ അവർക്കായില്ല. രാജാവ് രണ്ടുപേരെയും കഠിനപരീക്ഷണങ്ങൾക്ക് വിധേയരാക്കാൻ ഒരുങ്ങിയപ്പോൾ ദുഷ്ടൻ പറഞ്ഞു. "അല്ലയോ ബഹുമാന്യനായ രാജാവേ, സത്യം തെളിയിക്കാൻ ഒരു മാർഗ്ഗം ഈയുള്ളവൻ പറയാം. ഞങ്ങൾ ധനം കുഴിച്ചിട്ട സ്ഥലത്തിന്റെ അടുത്ത് വലിയൊരു മരം നിൽക്കുന്നുണ്ട്. ആ മരത്തോടു ചോദിച്ചാൽ യഥാർത്ഥത്തിൽ നടന്നതെന്തെന്ന് അറിയാനാവും". ദുഷ്ടന്റെ അഭിപ്രായം സ്വീകാര്യമാണെന്ന് രാജാവിനു തോന്നി. പിറ്റേന്നുതന്നെ മരത്തിന്റെ അഭിപ്രായം കേൾക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.


ദുഷ്ടൻ വീട്ടിലെത്തി തന്റെ പിതാവിന്റെ സഹായം തേടി. അടുത്ത ദിവസം രാവിലെതന്നെ അദ്ദേഹം കുറ്റിക്കാട്ടിലെ മരപ്പൊത്തിൽ ഒളിച്ചിരിക്കണമെന്നും രാജാവിന്റെ ചോദ്യത്തിന് പണം മോഷ്ടിച്ചത് നല്ലവനാണെന്ന് മറുപടി നൽകണമെന്നും വിശദീകരിച്ചു. മകനെ രക്ഷിക്കണമെന്ന് തീരുമാനിച്ച പിതാവ് ആ സാഹസത്തിന് തയ്യാറായി. മരപ്പൊത്തിൽ കയറിയിരുന്നു.

അല്പം കഴിഞ്ഞപ്പോൾ രാജാവും ന്യായാധിപനും പരിവാരങ്ങളും അവിടെയെത്തി. രാജാവ് മരത്തോടായി പറഞ്ഞു. "മരശ്രേഷ്ഠാ, ഈ പ്രശ്നത്തിന് അങ്ങ് പരിഹാരമുണ്ടാക്കണം. കുറ്റിക്കാട്ടിൽ കുഴിച്ചിട്ടിരുന്ന പണം ആരാണ് തട്ടിയെടുത്തത്?" ഇതുകേട്ടപ്പോൾ മരപ്പൊത്തിലിരുന്ന ദുഷ്ടന്റെ പിതാവ് വിളിച്ചുപറഞ്ഞു. "നല്ലവൻതന്നെ കള്ളൻ".

തന്റെ ചോദ്യത്തിന് മരം വ്യക്തമായ മറുപടി നൽകിയതിൽ രാജാവിന് സന്തോഷം തോന്നി. അദ്ദേഹം നല്ലവനെ ശിക്ഷിക്കുവാനൊരുങ്ങി. എന്നാൽ, നല്ലവൻ ഈ സമയം കുറെ ചുള്ളിക്കമ്പുകൾ മരത്തിന്റെ ചുവട്ടിലിട്ട് തീ കൊളുത്തി. തീ ആളിപ്പടർന്നു. വെളുത്ത കട്ടിപ്പുക മരപ്പൊത്തിലേക്ക് അടിച്ചുകയറി. പൊത്തിലിരുന്ന വൃദ്ധന്റെ

ദേഹം പൊള്ളി. ഗത്യന്തരമില്ലാതെ അയാൾ നിലവിളിച്ചുകൊണ്ട് പുറത്തേക്കോടി. ഇതുകണ്ട് രാജാവ് അത്ഭുതപ്പെട്ടു. ഭടന്മാർ വൃദ്ധനെ പിടികൂടി രാജാവിന്റെ മുന്നിലെത്തിച്ചു. അയാൾ രാജാവിനോട് നടന്നതെല്ലാം വിശദമായി പറഞ്ഞു. കുപിതനായ രാജാവ് ദുഷ്ടന് അപ്പോൾത്തന്നെ തക്കതായ ശിക്ഷ നൽകി. നല്ലവന്റെ ബുദ്ധിശക്തിയിൽ മതിപ്പുതോന്നിയ രാജാവ് അയാൾക്ക് ധാരാളം സമ്മാനങ്ങൾ നൽകി പറഞ്ഞയച്ചു.

**'പ്രത്യാഘാതങ്ങൾ അറിഞ്ഞുവേണം തന്ത്രങ്ങൾ ആവിഷ്ക്കരിക്കാൻ'**



# കൊക്കും ഞണ്ടും

**കാ**ട്ടിലെ മരക്കൊമ്പിൽ കുറെ കൊക്കുകൾ ജീവിച്ചിരുന്നു. ആ മരത്തിന്റെ ചുവട്ടിലെ പൊത്തിൽ താമസിച്ചിരുന്ന മൂർഖൻപാമ്പ് ഇടയ്ക്കിടെ മരത്തിൽ ഇഴഞ്ഞുകയറി കൊക്കിന്റെ കുഞ്ഞുങ്ങളെ കൊന്നുതിന്നു. തങ്ങളുടെ വംശം നശിക്കുന്നതിലുള്ള ദു:ഖവുമായി കൊക്കുകളുടെ തലവൻ അടുത്ത കുളക്കരയിലിരുന്നു കരഞ്ഞു. ഇതു കണ്ട് കുളത്തിൽനിന്നും ഒരു ഞണ്ട് കൊക്കിനോട് ദു:ഖകാരണം തിരക്കി. ദുഷ്ടനായ മൂർഖൻപാമ്പിനെ കൊല്ലാനുള്ള വഴിയാലോചിച്ചിരിക്കുകയാണ് താനെന്ന് കൊക്കു പറഞ്ഞു.

ഞണ്ട് കുറച്ചുനേരം ആലോചിച്ചു. ഈ കൊക്ക് ഇപ്പോൾ തന്റെ ഉപദേശം തേടിയെത്തിയിരിക്കുകയാണ്. വർഗ്ഗപരമായി കൊക്ക് ഞണ്ടുകളുടെ ബദ്ധശത്രുക്കളാണ്. അതുകൊണ്ട് കൊക്കിന്റെ വംശം തന്നെ നശിക്കുന്ന രീതിയിൽ ബുദ്ധിയുപദേശിക്കാം. ഞണ്ട് സ്നേഹം നടിച്ച് കൊക്കിനോടു പറഞ്ഞു. "അമ്മാവാ, പാമ്പിനെ കൊല്ലാൻ ഒരു വഴിയുണ്ട്. തൊട്ടടുത്തായി ഒരു കീരി പാർക്കുന്നുണ്ട്. അവിടെനിന്നും പാമ്പിന്റെ മാളംവരെ മത്സ്യം വിതറിയാൽ കീരി ആ വഴി വന്ന് പാമ്പിനെ കൊല്ലും."

കൊക്ക് ഞണ്ടിന്റെ ഉപദേശപ്രകാരം പ്രവർത്തിച്ചു. മത്സ്യക്കഷ്ണങ്ങൾ തിന്നുതിന്ന് കീരി പാമ്പിനെ കൊന്നു. അപ്പോഴാണ് മരത്തിനു മുകളിൽ നിറയെ കൊക്കുകൾ ഉള്ളത് കീരിയുടെ ശ്രദ്ധയിൽപ്പെട്ടത്. പിന്നെ, ഒട്ടും താമസിക്കാതെ കീരി അവയേയും തിന്നുതീർത്തു.

---

**'ഉപദേശം കേൾക്കുമ്പോൾ അതിനു പിന്നിലെ ഉദ്ദേശ്യശുദ്ധികൂടി അറിയണം.'**

---

# പരുന്ത് റാഞ്ചിയ കുട്ടി

**ഒ**രിടത്ത് ഒരു ഭാഗ്യംകെട്ട കച്ചവടക്കാരനുണ്ടായിരുന്നു. കച്ചവടത്തിൽ നഷ്ടം വന്ന് സ്വത്തുകൾ മുഴുവൻ അന്യാധീനപ്പെട്ടപ്പോൾ ദൂരദേശത്തു പോയി ജീവിച്ച് പണമുണ്ടാക്കണമെന്ന് അയാൾ തീരുമാനിച്ചു. പരമ്പരാഗതമായി ഉപയോഗിച്ചുപോന്ന വിലയേറിയ ഒരു തുലാസ് മാത്രമായിരുന്നു അയാളുടെ ഏക സമ്പാദ്യം. അത് അടുത്ത സ്നേഹിതനായ കച്ചവടക്കാരന്റെ പക്കൽ സൂക്ഷിക്കാനേല്പിച്ചിട്ട് അയാൾ നാടുവിട്ടു.

കുറെ മാസങ്ങൾ കഴിഞ്ഞ് പണം സമ്പാദിച്ച് അയാൾ തിരിച്ചെത്തി. ചങ്ങാതിയുടെ വീട്ടിലെത്തി തുലാസ് തിരിച്ചുതരാൻ ആവശ്യപ്പെട്ടു. ഇതുകേട്ട് കച്ചവടക്കാരൻ തലയിൽ കൈവച്ച് പറഞ്ഞു. ''അയ്യോ ചങ്ങാതീ, ഭാഗ്യദോഷം നോക്കണേ, നിങ്ങൾ പോയി കുറെ കഴിഞ്ഞപ്പോൾ ആ തുലാസ് എലികൾ തിന്നുകളഞ്ഞു.'' അപ്പോഴാണ് താൻ വിശ്വസിച്ചയാളുടെ തനിനിറം കച്ചവടക്കാരനു മനസ്സിലായത്. അയാൾ അത് പുറത്തുകാട്ടാതെ പറഞ്ഞു. "അത് സാരമില്ല. പോയതുപോകട്ടെ. ഒക്കെ എന്റെ വിധിയാണെന്നു കരുതി സമാധാനിക്കുന്നു. പിന്നെ, ഞാൻ ദീർഘയാത്ര കഴിഞ്ഞുവന്നതിനാൽ വല്ലാത്ത ക്ഷീണം. താങ്കളുടെ മകനെ എന്റെ കൂടെ കുളക്കടവുവരെ വഴികാട്ടാൻ അയയ്ക്കാമോ?

''അതിനെന്താ? എന്റെ മകൻ നിങ്ങൾക്കും മകനെപ്പോലെ തന്നെയല്ലേ? ഇപ്പോൾത്തന്നെ കൂടെ അയയ്ക്കാം''. അയാൾ മകനെ കച്ചവടക്കാരന്റെ കൂടെ അയച്ചു. കുളത്തിലെത്തി കുളികഴിഞ്ഞതും കച്ചവടക്കാരൻ ചങ്ങാതിയുടെ മകനെ ഒരു ഗുഹയിലടച്ച് തിരിച്ചുപോന്നു. സന്ധ്യയായിട്ടും മകനെ കാണാതെ വിഷമിച്ച് കച്ചവടക്കാരൻ തിരക്കിയിറങ്ങി. ചങ്ങാതിയുടെ അടുത്തെത്തി മകനെക്കുറിച്ച്

അന്വേഷിച്ചപ്പോൾ അയാൾ ദു:ഖം നടിച്ച് പറഞ്ഞു. "ചങ്ങാതീ, എനിക്ക് തുലാസല്ലേ നഷ്ടപ്പെട്ടുള്ളൂ. താങ്കൾക്ക് മകനെത്തന്നെ നഷ്ടപ്പെട്ടു. ഞാൻ കുളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പരുന്ത് വന്ന് താങ്കളുടെ മകനെ റാഞ്ചിക്കൊണ്ടുപോയി.." അയാൾ കല്ലുവച്ച നുണ പറയുകയാണെന്ന് തിരിച്ചറിഞ്ഞ കച്ചവടക്കാരൻ തർക്കിച്ചു. പരുന്തിന് കുട്ടിയെ റാഞ്ചാനുള്ള കരുത്തില്ലെന്ന് അയാൾ വാദിച്ചു. വാക്കുതർക്കം മൂത്തപ്പോൾ പ്രശ്നം ന്യായാധിപന്റെ അടുത്തെത്തി.

ന്യായാധിപൻ രണ്ടുകച്ചവടക്കാരെയും ചോദ്യം ചെയ്തു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ കച്ചവടക്കാരന്റെ മകനെ തിരിച്ചുകൊടുക്കാൻ ന്യായാധിപൻ ഉത്തരവിട്ടു. മകനെ പരുന്തു റാഞ്ചിക്കൊണ്ടുപോയെന്ന് യാതൊരു കൂസലുമില്ലാതെ അയാൾ മറുപടി പറഞ്ഞു. തുലാസ് കരണ്ടുതിന്നാൽ കഴിയുന്ന എലിയുള്ള നാട്ടിൽ കുട്ടിയെ റാഞ്ചാൻ കഴിവുള്ള പരുന്തുമുണ്ടാകുമെന്ന് അയാൾ പറഞ്ഞു. അതെന്താണ് അങ്ങനെ പറയുന്നതെന്ന് ചോദിച്ചപ്പോൾ കച്ചവടക്കാരൻ നടന്ന സംഭവങ്ങൾ എല്ലാം വിശദീകരിച്ചു. സംഭവത്തിന്റെ സത്യസ്ഥിതി മനസ്സിലാക്കിയ ന്യായാധിപൻ തുലാസും കുട്ടിയും പരസ്പരം കൈമാറാൻ ഉത്തരവിട്ടു. അവർ തൃപ്തിയോടെ വീട്ടിലേക്ക് മടങ്ങി.

---

**'വിശ്വാസവഞ്ചനയ്ക്ക് തന്ത്രത്തിലൂടെ**
**പകരംവീട്ടുന്നവനാണ് ബുദ്ധിമാൻ'**

---

# കാവൽക്കാരൻ

**രാ**ജാവിന്റെ വിശ്വസ്തനായ കാവൽക്കാരനായിരുന്നു കുരങ്ങൻ. ഊണിലും ഉറക്കത്തിലും രാജാവിന് കാവൽ നിൽക്കുന്നതിൽ അവൻ ശ്രദ്ധിച്ചു. തന്മൂലം രാജാവിന്റ പ്രിയം എളുപ്പം പിടിച്ചുപറ്റാൻ അവനായി.

ഒരുദിവസം പതിവുപോലെ രാജാവ് ഉറങ്ങുമ്പോൾ കുരങ്ങൻ വാളുമായി അദ്ദേഹത്തിന് കാവൽ നിന്നു. അപ്പോൾ ഒരു മണിയനീച്ച പറന്നുവന്ന് രാജാവിന്റെ ദേഹത്തിരുന്നു. നല്ല ഉറക്കത്തിലായിരുന്ന തിനാൽ രാജാവ് ഇതറിഞ്ഞില്ല. ഈച്ച രാജാവിന്റെ ഉറക്കത്തെ തടസ്സപ്പെടുത്തും എന്നു ധരിച്ച് കുരങ്ങൻ വാളുയർത്തി ഈച്ചയെ ലക്ഷ്യമാക്കി വെട്ടി. ഈച്ച പറന്നുപോയി. വേട്ടേറ്റ് നെഞ്ചു കീറി രാജാവ് മരിക്കുകയും ചെയ്തു.

---

**‘ഉത്തരവാദിത്വമുള്ള കൃത്യം
ബുദ്ധിമാന്മാർ വിഡ്ഢികളെ ഏല്പിക്കരുത്’**

---

# കള്ളൻ രക്ഷിച്ചു

**ജ്ഞാ**നിയെങ്കിലും മോഷ്ടാവായിത്തീർന്ന ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. ആരെയും പറ്റിച്ച് പണമുണ്ടാക്കലായിരുന്നു അയാളുടെ പരിപാടി. അങ്ങനെയിരിക്കെ, ഒരുദിവസം രത്നങ്ങൾ വില്ക്കുന്ന നാലു ബ്രാഹ്മണർ അവിടെയെത്തി. അവരിൽനിന്നും എങ്ങനെയും വിലപിടിച്ച രത്നങ്ങൾ തട്ടിയെടുക്കണമെന്ന് തീരുമാനിച്ച് അയാൾ കൂടെക്കൂടി. ബ്രാഹ്മണന്റെ ആകർഷകമായ പെരുമാറ്റം അവരെ ആകർഷിച്ചു.

ബ്രാഹ്മണർ തിരിച്ചപോകാനൊരുങ്ങിയപ്പോൾ അയാളും കൂടെക്കൂടി. വഴിമധ്യേ ഇവരെ വിഷം കൊടുത്തുകൊന്ന് രത്നങ്ങൾ കൈക്കലാക്കാമെന്നായിരുന്നു അയാൾ കരുതിയത്. വഴിയിൽ കാട്ടു കള്ളന്മാരുടെ ശല്യമുള്ളതിനാൽ രത്നങ്ങൾ ഭദ്രമായി സൂക്ഷിക്കണമെന്ന് അവർ തീരുമാനിച്ചു. നാലുബ്രാഹ്മണരും രത്നങ്ങൾ വിഴുങ്ങിയിട്ട് യാത്ര തുടർന്നു.

ഒരു ഗ്രാമത്തിലെത്തിയപ്പോൾ വലിയൊരു കാക്ക ഉറക്കെ കരഞ്ഞു. പെട്ടെന്ന് കുറെ കൊള്ളക്കാർ ആയുധങ്ങളുമായി അവരെ വളഞ്ഞു. അവർ ബ്രാഹ്മണരെ മർദ്ദിച്ചവശരാക്കിയെങ്കിലും രത്നങ്ങൾ കണ്ടെത്താനായില്ല. അപ്പോൾ കാക്ക വീണ്ടു കരഞ്ഞു. വഴിപോക്കരുടെ പക്കൽ വിലപിടിച്ച എന്തെങ്കിലുമുണ്ടെങ്കിലേ കാക്ക കരയാറുള്ളു. എങ്കിൽ, അവർ രത്നങ്ങൾ വിഴുങ്ങിയിരിക്കും എന്ന് കൊള്ളക്കാർ അഭിപ്രായപ്പെട്ടു. അവരുടെ വയറുകീറി പരിശോധിക്കാൻ തലവൻ ഉത്തരവിട്ടു.

ബ്രാഹ്മണരുടെ വയറുകീറി രത്നങ്ങൾ പുറത്തെടുക്കുമെന്ന് കള്ളന് ഉറപ്പായി. തന്റെ വയറ്റിൽ മാത്രമാണ് രത്നങ്ങൾ ഇല്ലാത്തത്. ആദ്യം

തന്റെ വയറുകീറിയാൽ മറ്റുള്ളവർ രക്ഷപ്പെടും– കള്ളൻ കണക്കു കൂട്ടി. ജീവൻ കളയാൻ സന്നദ്ധനായി കള്ളൻ മുന്നോട്ടുവന്നു. കൊള്ളക്കാർ അവന്റെ വയറുകീറി പരിശോധിച്ചു. വയറ്റിൽ ഒന്നും കാണാതെ വന്നപ്പോൾ കൊള്ളക്കാർ മറ്റു നാലു ബ്രാഹ്മണരേയും മോചിപ്പിച്ചു. അപ്പോഴും കരഞ്ഞ കാക്കയെ കൊള്ളത്തലവൻ ഒറ്റവെട്ടിനു കൊന്നു.

---

**'അറിവുള്ളവൻ ശത്രുവായാലും ചിലപ്പോൾ ഗുണമുണ്ടാകും'**

---



## പഞ്ചതന്ത്രം കഥകൾ

### രണ്ടാം ഭാഗം

# കൂട്ടുകാർ

**വി**ജനമായ ഒരു കുറ്റിക്കാട്ടിലെ ആൽമരത്തിലാണ് കാക്ക താമസിച്ചിരുന്നത്. ഒരിക്കൽ അവൻ ഇരതേടി പറക്കുമ്പോൾ വലയും തോളിലേറ്റി വരുന്ന ഭീമാകാരനായ വേടനെ കണ്ടു. അപകടം മണത്തറിഞ്ഞ കാക്ക വേഗംതന്നെ തിരിച്ചുപറന്ന് ആലിനടുത്തെത്തി. അടുത്ത മരങ്ങളിലെ താമസക്കാരായ പക്ഷികളെയെല്ലാം വിളിച്ചുകൂട്ടി കാക്ക പറഞ്ഞു. "ചങ്ങാതിമാരേ, നമ്മെത്തേടി വലിയൊരപകടമാണ് വരാൻപോകുന്നത്. ചില നിമിഷങ്ങൾക്കുള്ളിൽ ദുഷ്ടനായ വേടൻ ഇവിടെയെത്തും. അവൻ ഇവിടെ വലവിരിച്ച് അതിനു മുകളിൽ അരി വിതറും. മരണം ആഗ്രഹിക്കാത്ത ആരും അങ്ങോട്ട് തിരിഞ്ഞുനോക്കുകപോലും അരുത്". കാക്കയുടെ വാക്കുകൾ മറ്റു പക്ഷികൾ ഞെട്ടലോടെ ശ്രദ്ധിച്ചു.

കാക്ക പറഞ്ഞതുപോലെ വേടൻ അവിടെയെത്തി വല വിരിച്ചു. വലയ്ക്കു മുകളിൽ അരിമണികൾ തൂകിയിട്ട് വേടൻ അടുത്തൊരിടത്ത് മറഞ്ഞിരുന്നു. എന്നാൽ, അപകടം മുൻകൂട്ടിയറിഞ്ഞ പക്ഷികളാരും അതിനടുത്തുപോലും എത്തിയില്ല. കാത്തിരുന്ന് മുഷിഞ്ഞ വേടൻ നിരാശനായി.

ഈ സമയത്ത് ആയിരത്തോളം വരുന്ന പ്രാവുകൾ കൂട്ടത്തോടെ ഇരതേടി അവിടെയെത്തി. നിലത്തുവിതറിയിരിക്കുന്ന അരിമണികൾ കണ്ട് പ്രാവുകൾ സന്തോഷത്തോടെ അത് കൊത്തിത്തിന്നാനടുത്തു. ഇതുകണ്ട് കാക്ക അവരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫല മുണ്ടായില്ല. നിമിഷങ്ങൾക്കുള്ളിൽ പ്രാവുകളെല്ലാം വലയിൽ കുടുങ്ങി. ഒളിച്ചിരുന്ന വേടൻ ഇതുകണ്ട് സന്തോഷിച്ചു.

അപകടത്തിൽ കുടുങ്ങിയപ്പോഴാണ് പ്രാവുകൾക്ക് ചതി മനസ്സിലായത്. കാക്കയുടെ ഉപദേശം അവഗണിച്ചതിൽ അവർക്ക് പശ്ചാത്താപമുണ്ടായി. വേടന്റെ കൈകൊണ്ട് മരണം അടുത്തുവെന്നു

കരുതി പ്രാവുകൾ കൂട്ടനിലവിളി തുടങ്ങി. ഇതുകേട്ട് പ്രാവുകളുടെ നേതാവ് പറഞ്ഞു. "കൂട്ടുകാരേ, അല്പം കരുതി പ്രവർത്തിച്ചിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്നതേയുള്ളൂ ഈ അപകടം. ഭക്ഷണത്തോടുള്ള ആർത്തി നമ്മുടെ വിവേകത്തെ കീഴടക്കി. ഇനി വെറുതെ ദു:ഖിച്ചിരുന്നിട്ട് കാര്യമില്ല. ബുദ്ധിപൂർവ്വം എന്തെങ്കിലും ചെയ്തേ പറ്റൂ. ഇപ്പോൾ വലയിൽ നമ്മൾ എല്ലാവരുമുണ്ടല്ലോ. സംഘശക്തികൊണ്ട് ഈ ആപത്തിൽനിന്ന് രക്ഷപ്പെടാനാവുമോ എന്നു നോക്കാം. വേടൻ എത്തുന്നതിനു മുമ്പ് നമുക്ക് സർവ്വശക്തിയുമെടുത്ത് വലയുംകൊണ്ട് പറന്നുയരാം. അതിനുശേഷം മറ്റു മോചനമാർഗ്ഗങ്ങൾ ആലോചിക്കാം."

നേതാവ് പറഞ്ഞതാണ് ശരിയെന്ന് മറ്റ് പ്രാവുകൾക്കും തോന്നി. അവർ ഒരുമിച്ച് ശ്രമിച്ചപ്പോൾ വലയുമായി പറന്നുയരുക എളുപ്പമായി. ആയിരം പ്രാവുകളെ ഒരിമിച്ച് കിട്ടിയ സന്തോഷത്തിൽ മതിമറന്നു വന്ന വേടൻ കണ്ടത് തന്റെ വലയുമായി പ്രാവുകൾ പറന്നുയരുന്നതാണ്. തന്റെ ഏക വരുമാനമാർഗ്ഗമായ വല നഷ്ടപ്പെട്ടതറിഞ്ഞ് വേടൻ കരഞ്ഞു കൊണ്ട് തിരിച്ചുപോയി.

വേടൻ കൺവെട്ടത്തുനിന്നു മറഞ്ഞതും നേതാവ് മറ്റു പ്രാവുക ളോട് പറഞ്ഞു. "നമ്മൾ തല്ക്കാലം രക്ഷപ്പെട്ടു. ഇനി ഈ വലയ്ക്കുള്ളിൽ നിന്ന് രക്ഷപ്പെട്ടാലെ നമ്മുടെ മോചനം പൂർണ്ണമാകൂ. നമ്മൾ ശ്രമിച്ചാൽ നടക്കുന്ന കാര്യമല്ല അത്. അതുകൊണ്ട് നമുക്ക് എന്റെ സ്നേഹിതനായ എലിയുടെ സഹായം തേടിപോകാം." ഇതുകേട്ട് പക്ഷികൾ വലയുമായി എലിയുടെ മാളം ലക്ഷ്യമാക്കി പറന്നു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന കാക്കയും ഇവരറിയാതെ പ്രാവുകളെ പിന്തുടർന്നു.

എലിയുടെ മാളത്തിനു മുന്നിലെത്തിയപ്പോൾ പ്രാവുകളുടെ നേതാവ് വിളിച്ചുപറഞ്ഞു. "പ്രിയപ്പെട്ട കൂട്ടുകാരാ, ദയവായി പുറത്തു വന്നാലും. ചങ്ങാതിമാർ അപകടത്തിൽപ്പെടുമ്പോൾ രക്ഷിക്കേണ്ടത് നല്ല സുഹൃത്തുക്കളുടെ കടമയല്ലേ?'' മാളത്തിനു പുറത്തുനിന്നും പരിചിതസ്വരം കേട്ട് എലി പുറത്തുവന്നു. പുറത്ത് തന്റെ പ്രിയമിത്രമായ പ്രാവിനേയും അനുചരന്മാരേയും കണ്ട് എലിക്ക് സന്തോഷം തോന്നി. എന്നാൽ, അവർ വലയിൽ അകപ്പെട്ടിരിക്കുന്നത് എലിയെ അത്ഭുത പ്പെടുത്തി. അപ്പോൾ പ്രാവുകളുടെ തലവൻ നടന്ന സംഭവങ്ങൾ വിശദീകരിച്ചു.

എലി അവരെ സമാധാനിപ്പിച്ചുകൊണ്ട് തലവന്റെ കാലിലെ കുടുക്കുകൾ അറുത്തു മുറിക്കാൻ തുടങ്ങി. അപ്പോൾ പ്രാവ് ചങ്ങാതിയെ

തടഞ്ഞു. തന്നെ ആശ്രയിച്ചു കഴിയുന്ന മറ്റു പ്രാവുകളുടെ മോചനത്തിനു ശേഷം മതി എന്റെ മോചനമെന്ന് അവൻ വിശദീകരിച്ചു. ചങ്ങാതിയുടെ ധാർമ്മികബോധത്തെ മനസാ അഭിനന്ദിച്ച എലി ആദ്യം മറ്റു പ്രാവുക ളേയും തുടർന്ന് നേതാവിനേയും മോചിപ്പിച്ചു. മേലിലും ആപത്ത് സംഭവിച്ചാൽ സഹായത്തിന് താനുണ്ടാകുമെന്ന് ഓർമ്മിപ്പിച്ച് എലി പ്രാവുകളെ യാത്രയാക്കി. പ്രാവുകൾ എലിയോട് നന്ദി പറഞ്ഞ് പറന്നകുന്നു.

കുറച്ചകലെ മരത്തിലിരുന്ന് കാക്ക ഇതെല്ലാം കണ്ടു.

**'ഉത്തമസൗഹൃദം അപകടങ്ങളിൽനിന്നുള്ള മോചനം സാധ്യമാക്കും'**



# കാക്കയും എലിയും

**ബു**ദ്ധിമാനും നീതിജ്ഞനുമായ എലിയെ കാക്കയ്ക്ക് ഏറെ ഇഷ്ടപ്പെട്ടു. എലിയുമായി എങ്ങനേയും സൗഹൃദം സ്ഥാപിക്കണമെന്ന് കാക്ക തീരുമാനിച്ചു. പ്രാവുകൾ പറന്നകലുന്നതും, എലി തന്റെ മാളത്തിനകത്തേക്ക് തിരിച്ചുപോവുന്നത് അവൻ കണ്ടു. അവൻ പറന്ന് മാളത്തിനടുത്ത് വന്നിരുന്ന് പരുക്കൻ ശബ്ദത്തിൽ വിളിക്കാൻ തുടങ്ങി. "ചങ്ങാതീ, ഒന്ന് പുറത്തുവരൂ. നിന്നെ കാണാനും പരിചയപ്പെടാനും ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ". കാക്കയുടെ നിർത്താത്ത കരച്ചിൽ കേട്ട് എലി മാളത്തിനു പുറത്തു വന്നു. എന്നാൽ, പുറത്ത് കാക്കയെ കണ്ടതും അവന്റെ മുഖം വാടി. പെട്ടെന്നുതന്നെ അവൻ മാളത്തിലേക്ക് ഉൾവലിഞ്ഞുകൊണ്ട് ചോദിച്ചു. "കറുകറുത്ത പക്ഷീകീടമേ നീയാരാണ്? നിയെന്തിനാണ് എന്നെ വിളിച്ചത്?" എലിയുടെ മയമില്ലാത്ത മറുപടി കാക്കയെ നിരാശപ്പെടുത്തി. എങ്കിലും പ്രതീക്ഷ വിടാതെ അവൻ പറഞ്ഞു. "അല്ലയോ മൂഷിക ശ്രേഷ്ഠാ, കൊടിയ അപകടത്തിൽനിന്നും താങ്കൾ പ്രാവിൻകൂട്ടത്തെ രക്ഷിച്ചത് ഞാൻ കണ്ടു. മഹാബുദ്ധിമാനായ താങ്കളുമായി സൗഹൃദം സ്ഥാപിക്കലാണ് എന്റെ ലക്ഷ്യം."

"അത് സാദ്ധ്യമല്ല. നമ്മൾ ജന്മശത്രുക്കളാണ്. ശത്രുക്കൾ തമ്മിൽ സൗഹൃദം സ്ഥാപിക്കാനാവില്ല. വെറുതെ സമയം കളയാതെ സ്ഥലം വിടാൻ നോക്ക്" എലി തീർത്തുപറഞ്ഞു. കാക്ക വീണ്ടും പലതും പറഞ്ഞ് എലിയുടെ മനസ്സുമാറ്റാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഒടുവിൽ, താനുമായി സൗഹൃദമുണ്ടാക്കിയില്ലെങ്കിൽ ഈ മാളത്തിനു മുന്നിൽ തലതല്ലി ചത്തുകളയുമെന്നു കാക്ക ഭീഷണി മുഴക്കി. അതിനുംപുറമെ ഉത്തമ സുഹൃത്തുക്കളെ സംബന്ധിക്കുന്ന നീതിസാരവും കാക്ക സോദാഹരണം വിശദീകരിച്ചു. അതോടെ എലിയുടെ തീരുമാനത്തിൽ അയവുവന്നു. ജീവിതത്തെക്കുറിച്ച് അഗാധജ്ഞാനമുള്ള കാക്കയുമായി കൂട്ടുകൂടാൻ

സമ്മതിച്ച് എലി മാളത്തിനു പുറത്തെത്തി. പരസ്പരം സൗഹൃദമുള്ള വരായിരിക്കുമെന്ന് അവർ സന്ധിയുണ്ടാക്കി. കാക്കയ്ക്ക് സന്തോഷമായി.

തുടർന്നുള്ള ദിവസങ്ങളിൽ കാക്ക പതിവായി എലിയുടെ മാളത്തിലെത്തി. അവർ ലോകകഥകൾ പറഞ്ഞ് നേരം കഴിച്ചു. കാക്കയും എലിയും ശേഖരിക്കുന്ന് ഭക്ഷണം അവർ പങ്കിട്ട് കഴിച്ചു. എന്തിനേറെ പറയുന്നു, കുറഞ്ഞ ദിവസങ്ങൾകൊണ്ട് അവർ ഉറ്റചങ്ങാതിമാരായി ത്തീർന്നു.

അങ്ങനെയിരിക്കെ, ഒരു ദിവസം കാക്ക വിഷണ്ണനായാണ് ചങ്ങാതി യുടെ മാളത്തിനടുത്തെത്തിയത്. കാക്കയുടെ മുഖത്തെ ദുഃഖം കണ്ട് എലി കാര്യം തിരക്കി. അപ്പോൾ കാക്ക പറഞ്ഞു. “ചങ്ങാതീ, ഞാനാകെ വല്ലാത്ത പ്രതിസന്ധിയിലാണ് ചെന്നെത്തിയിരിക്കുന്നത്. വേനൽ കഠിനമായതിനാൽ നാടാകെ വറുതിയിലാണ്. തൊണ്ട നനയ്ക്കാൻ പോലും വെള്ളമില്ലാത്ത അവസ്ഥയാണ്. ഈ നില തുടർന്നാൽ അധികം കഴിയും മുമ്പ് ഞാൻ മരിച്ചുപോകും. അതുകൊണ്ട് ഞാൻ ദൂരെയുള്ള കാട്ടിലേക്ക് പോവുകയാണ്. അവിടെയുള്ള കുളത്തിൽ എന്റെ സുഹൃത്തായ ആമയുണ്ട്. അവനോടൊപ്പം ജീവിതം തുടരാനാണ് എന്റെ തീരുമാനം.” ചങ്ങാതി തന്നെ വിട്ടുപിരിയുകയാണെന്നറിഞ്ഞപ്പോൾ എലിക്ക് സങ്കടം തോന്നി. അവൻ ചോദിച്ചു. “അങ്ങനെയെങ്കിൽ വരൾച്ച എന്നെയും ബാധിക്കുമല്ലോ. നിന്റെ സുഹൃത്തിന്റെ അടുത്തേക്ക് ഞാനും വരുന്നതിൽ വിരോധമില്ലല്ലോ. നീ എന്നെ പുറത്ത് ചുമന്ന് കുളത്തിലെ ത്തിച്ചാൽ മതി.” ഇതുകേട്ട് കാക്ക സന്തോഷിച്ചു.

അടുത്ത ദിവസംതന്നെ കാക്ക എലിയേയും ചുമലിലേറ്റി പറന്ന് കാട്ടിലെ കുളത്തിലെത്തി. ജന്മശത്രുവായ എലിയേയുംകൊണ്ട് തന്റെ സുഹൃത്ത് പറന്നുവരുന്നത് ആമ ദൂരെനിന്നുതന്നെ കണ്ടിരുന്നു. ഏറെക്കാലമായി പിരിഞ്ഞിരിക്കുന്ന സുഹൃത്തിനെ ആമ സസന്തോഷം സ്വീകരിച്ചു. തന്റെ ഏറ്റവും അടുത്ത സുഹൃത്തായ എലിയെ കാക്ക കൂട്ടുകാരന് പരിചയപ്പെടുത്തിക്കൊടുത്തു. അപ്പോൾത്തന്നെ അവർ സുഹൃത്തുക്കളായി.

എലിയുടെ മുഖം വാടിയിരിക്കുന്നത് ആമ ശ്രദ്ധിച്ചു. ആമ കാക്കയോട് ദുഃഖകാരണം അന്വേഷിച്ചു. രണ്ടുപേരും ചേർന്ന് നിർബ്ബന്ധിച്ചപ്പോൾ എലി തന്റെ കഥ പറഞ്ഞു.

---

**‘പരസ്പരം തണലാവുന്നവരാണ് നല്ല സുഹൃത്തുക്കൾ’**

---

# നിധിയുടെ കഥ

നഗരത്തിലെ ശിവക്ഷേത്രത്തിനടുത്തായിരുന്നു ഞങ്ങളുടെ താവളം. ക്ഷേത്രത്തിൽനിന്ന് കിട്ടുന്ന എന്തെങ്കിലുമൊക്കെ കഴിച്ച് ഞങ്ങൾ വിശപ്പടക്കിയിരുന്നു. അങ്ങനെയിരിക്കെ, വൃദ്ധനായ ഒരു സന്യാസി ക്ഷേത്രത്തിൽ താമസത്തിനെത്തി. പകലെല്ലാം യാചിച്ചു കൊണ്ടുവരുന്ന ഭക്ഷണം ആവശ്യത്തിനു കഴിച്ച് ബാക്കി ഒരു പാത്രത്തിലാക്കി ഭിത്തിയിൽ തൂക്കിയിടുക അദ്ദേഹത്തിന്റെ പതിവായി.

ഇതെങ്ങിനെയോ എന്റെ അനുചരന്മാർ മനസ്സിലാക്കി. ഭക്ഷണം കൈക്കലാക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് അവർ എന്നോട് തിരക്കി. ഞാൻ സന്യാസി ഉറങ്ങുംവരെ കാത്തുനിന്നു. അദ്ദേഹം കൂർക്കം വലി തുടങ്ങിയപ്പോൾ ഞാൻ സൂത്രത്തിൽ ഭിത്തിയിലൂടെ പാഞ്ഞുകയറി പാത്രത്തിലെ ഭക്ഷണം തട്ടിയെടുത്ത് എല്ലാവർക്കും നൽകി. വയറുനിറഞ്ഞപ്പോൾ അവർ എന്നോട് നന്ദി പറഞ്ഞു.

ഇത് ദിവസവും തുടർന്നുപോന്നു. തന്റെ ഭക്ഷണം എലികൾ കൊണ്ടുപോകുന്നത് തടയാൻ സന്യാസി പലമാർഗ്ഗങ്ങളും പരീക്ഷിച്ചെങ്കിലും അതൊന്നും ഫലിച്ചില്ല. ഒടുവിൽ ഒരുദിവസം വലിയൊരു വടിയുമായാണ് സന്യാസി എത്തിയത്. ഉറങ്ങാൻ കിടക്കുമ്പോൾ വടി കൊണ്ട് പാത്രത്തിൽ തല്ലി ശബ്ദമുണ്ടാക്കുക അദ്ദേഹത്തിന്റ പതിവായി. ആ വടികൊണ്ടുള്ള അടി ഭയന്ന് ഞങ്ങളാരും പിന്നെ അങ്ങോട്ട് അടുക്കാതെയുമായി.

കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ പണ്ഡിതനും ക്ഷിപ്രകോപിയുമായ മറ്റൊരു സന്യാസി ഇദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ച് ക്ഷേത്രത്തിലെത്തി. സന്യാസി അദ്ദേഹത്തെ ആദരപൂർവ്വം നമസ്കരിച്ച് അകത്തേക്ക് കൂട്ടിക്കൊണ്ടുവന്നു. രണ്ടുപേരും ഭക്ഷണം കഴിച്ച്

ശേഷിക്കുന്ന ഭക്ഷണം പതിവുപോലെ പാത്രത്തിലാക്കി ചുമരിൽ തൂക്കി. പുൽപ്പായ വിരിച്ച് രണ്ടുപേരും കിടന്നു. അതിഥിയായ സന്യാസി ഓരോ പുരാണകഥകൾ പറയാനാരംഭിച്ചു. കഥയുടെ ഇടയ്ക്കിടക്ക് ഓരോ ചോദ്യങ്ങളുമുണ്ടായി. എന്നാൽ, ഭക്ഷണം എലികൾ മോഷ്ടിക്കുമോ എന്ന ആശങ്കയിൽ സന്യാസിയുടെ മനസ്സ് അസ്വസ്ഥമായി. അതിഥി പറയുന്ന കഥയിൽ ശ്രദ്ധിക്കാനോ, ചോദ്യങ്ങൾക്ക് ഉത്തരം പറയാനോ സന്യാസിയ്ക്ക് കഴിഞ്ഞില്ല. ഇത് അതിഥിയെ കുപിതനാക്കി. മഹാപണ്ഡിതനായ തന്റെ വാക്കുകളെ അനാദരിച്ച ആതിഥേയനോട് പൊറുക്കാനാവില്ലെന്ന് പറഞ്ഞ് സന്യാസി എഴുന്നേറ്റു നടക്കാൻ ഭാവിച്ചു. അപ്പോൾ അതിഥിയുടെ കാലുപിടിച്ച് സന്യാസി കെഞ്ചി. “മാപ്പു തരണം. ഞാൻ അങ്ങയെ മനഃപൂർവ്വം അനാദരിച്ചതല്ല. മാസങ്ങളായി എന്റെ ഭക്ഷണം കട്ടുതിന്നുന്ന ഒരെലി ഇവിടെയുണ്ട്. ഇതിനെക്കുറിച്ചുള്ള ആശങ്കയാണ് എന്റെ ഏകാഗ്രത നഷ്ടമാക്കിയത്.” ഇതുകേട്ടപ്പോൾ അതിഥിയുടെ കോപം ശമിച്ചു. ഇത്ര ശക്തനായ എലിക്കു പിന്നിൽ എന്തോ രഹസ്യമുണ്ടെന്നും അത് വഴിയെ കണ്ടുപിടിക്കാമെന്നും പറഞ്ഞ് അതിഥി സന്യാസിയെ ആശ്വസിപ്പിച്ചു.

പിറ്റേന്നുതന്നെ വലിയൊരു കമ്പിപ്പാരയുമായി അതിഥി തയ്യാറായി. എലിയെ പിന്തുടർന്ന് അതിന്റെ മാളം കുഴിക്കാനാണ് അദ്ദേഹത്തിന്റെ ഉദ്ദേശ്യമെന്ന് എനിക്ക് മനസ്സിലായി. അപ്പോൾത്തന്നെ ഞാനും അനുചരന്മാരും മറ്റൊരു മാളത്തിലൂടെ രക്ഷപ്പെടാൻ ശ്രമിച്ചു. എന്നാൽ, ഒരു പൂച്ചയുടെ മുന്നിലാണ് ഞങ്ങൾ ചെന്നുപെട്ടത്. ഞങ്ങളിൽ ഭൂരിപക്ഷം പേരെയും പൂച്ച അകത്താക്കി. ആയുസ്സിന്റെ ദൈർഘ്യം കൊണ്ട് ഞാനും മറ്റു ചില എലികളും രക്ഷപ്പെട്ടു. ഞങ്ങൾ പലയിടങ്ങളിലായി ഒളിച്ചിരുന്നു.

അപ്പോഴേക്കും രണ്ടു സന്യാസിമാരും ചേർന്ന് ചോരപ്പാടുകൾ പിന്തുടർന്ന് ഞാനിരിക്കുന്നിടത്തെത്തി. ക്ഷണനേരംകൊണ്ട് ഞാൻ രക്ഷപ്പെട്ടു. എന്നാൽ എന്റെ മാളം കണ്ടെത്തിയ അവർ കമ്പിപ്പാരകൊണ്ട് നിലം കുഴിച്ചു. കുറെ കുഴിച്ചപ്പോൾ അവടെ ഒരു നിധി കണ്ടെത്തി. അതിനു മുകളിലിരുന്നുകൊണ്ടാണ് എനിക്ക് എന്തിനുമുള്ള ശക്തി കൈവന്നതെന്ന് സന്യാസിമാർ പറയുന്നത് ഞാൻ കേട്ടു. അവർ ആ നിധിയുമെടുത്ത് തിരിഞ്ഞുനടന്നപ്പോൾ എന്റെ സർവ്വശക്തിയും നഷ്ടപ്പെടുന്നതുപോലെ തോന്നി.

നഷ്ടപ്പെട്ട ശക്തി വീണ്ടെടുക്കാൻ എങ്ങനേയും നിധി

കൈക്കലാക്കണമെന്നു നിശ്ചയിച്ച് ഞാൻ ക്ഷേത്രത്തിലെത്തി. എന്റെ ശക്തി ക്ഷയിച്ച വിവരമറിഞ്ഞ് മറ്റ് എലികൾ അതിനകംതന്നെ എന്നെ വിട്ടുപോയിരുന്നു. നിധിപേടകത്തിൽ തലവെച്ചുകിടക്കുന്ന സന്യാസിയെ ക്കണ്ട് ഞാൻ അവിടേയ്ക്ക് ഒറ്റ ചാട്ടം ചാടി. ശക്തി നശിച്ച ഞാൻ ചാട്ടം പിഴച്ച് നിലത്തുവീണു. ഈ തക്കത്തിന് സന്യാസി ചാടിയെണീറ്റ് വടികൊണ്ട് എന്നെ അടിച്ചു. അടികൊണ്ട് അവശനായ ഞാൻ അവിടെ നിന്ന് രക്ഷപ്പെട്ടത് ദൈവാധീനംകൊണ്ടുമാത്രമാണ്.

ഇതാണ് ചങ്ങാതിമാരേ, എന്റെ ദു:ഖകഥ.

-എലി കഥ പറഞ്ഞു തീർത്തു.

---

**'വിധി അനുകൂലമല്ലെങ്കിൽ ശക്തിക്ഷയമാകും ഫലം'**

---



# സ്നേഹം രക്ഷിച്ചു

**ആ**മയും എലിയും കാക്കയും ഓരോന്ന് സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നാണ് പേടിച്ചരണ്ട ഒരു മാൻ അവരുടെ അടുത്തേക്ക് ഓടിയെത്തിയത്. താൻ ഒരു വേടന്റെ കൈയിൽനിന്നും രക്ഷപ്പെട്ട് ഓടിവരികയാണെന്ന് മാൻ പറഞ്ഞു. അത് കേട്ടപ്പോൾ ആമയ്ക്കും എലിയ്ക്കും കാക്കയ്ക്കും അവനോട് സഹതാപം തോന്നി. അവർ മാനിനെ സമാധാനിപ്പിച്ച് തങ്ങളുടെ ചങ്ങാതിയാക്കി കൂടെകൂട്ടി. ദിവസേന രാവിലെ മാൻ പുല്ലു തിന്നുന്നതിനായി കാട്ടിലേയ്ക്ക് പോവുകയും വൈകീട്ട് തിരിച്ചെത്തുകയും പതിവായി.

എന്നാൽ, ഒരു ദിവസം രാത്രിയായിട്ടും മാൻ തിരിച്ചെത്തിയില്ല. ഇതറിഞ്ഞ് കൂട്ടുകാർ പരിഭ്രമിച്ചു. മാനിനെ തിരയാനായി അവർ കാക്കയെ ചുമതലപ്പെടുത്തി. കാക്ക കാട്ടിൽ മുഴുവൻ തിരഞ്ഞ് ഒടുവിൽ മാനിനെ കണ്ടെത്തി. വേടൻ വിരിച്ചിട്ട വലയിൽ കുടുങ്ങിയ നിലയിലായിരുന്നു മാൻ. ചങ്ങാതിയുടെ ദുരവസ്ഥ കണ്ട് കാക്ക ദു:ഖിച്ചു. മാനിനെ സമാധാനിപ്പിച്ച ശേഷം കാക്ക തിരിച്ചുപറന്നു.

കാക്ക തിരിച്ചെത്തി ആമയോടും എലിയോടും നടന്ന സംഭവങ്ങൾ വിശദീകരിച്ചു. അനന്തരം എലിയെ ചുമലിലേറ്റി കാക്ക് കാട്ടിലേയ്ക്ക് പറന്നുപോയി. അപ്പോഴേയ്ക്കും ആമയും കുറുക്കുവഴികളിലൂടെ ഇഴഞ്ഞിഴഞ്ഞ് മാനിന്റെ അടുത്തെത്തി. പെട്ടെന്നാണ് വേടൻ വരുന്നത് അവർ കണ്ടത്. എലി തിടുക്കത്തിൽ വല കടിച്ചുമുറിച്ച് മാനിനെ രക്ഷപ്പെടുത്തി. മാൻ വേടനെ വെട്ടിച്ച് കാട്ടിലേയ്ക്ക് ഓടിപ്പോയി. എലിയും ക്ഷണനേരത്തിൽ അപ്രത്യക്ഷനായി. കാക്ക പറന്നും പോയി. പാവം ആമ! അവനു മാത്രം രക്ഷപ്പെടാനായില്ല. വലയിൽ കുടുങ്ങിയ മാൻ നഷ്ടപ്പെട്ട ദു:ഖവുമായി വരുമ്പോഴാണ് വേടൻ ആമയെ കണ്ടത്. ആമയെങ്കിൽ ആമ എന്നു കരുതി അയാൾ ആമയെ വടിയിൽ കെട്ടി തോളിൽ തൂക്കി നടന്നു.


തങ്ങൾ രക്ഷപ്പെട്ടെങ്കിലും ആമ വേടന്റെ കൈയിലകപ്പെട്ടതറിഞ്ഞ് കാക്കയും മാനും എലിയും ദു:ഖിച്ചു. ആമയെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗം കാക്ക കണ്ടെത്തി. മൂവരും എന്തോ മന്ത്രിച്ച് പിരിഞ്ഞുപോയി. വേടൻ നടന്നുവരുന്ന വഴിയിലെ കുളക്കരയിൽ മാൻ ചത്തപോലെ കിടന്നു. ചത്ത മാനിന്റെ മാംസം കൊത്തിത്തിന്നുകയാണെന്ന ഭാവത്തിൽ അതിനു പുറത്ത് കാക്കയും ഇരുന്നു. മാൻ ചത്തു കിടക്കുന്നത് കണ്ട് സന്തോഷത്തോടെ വേടൻ തന്റെ വടി താഴെ വെച്ച് അങ്ങോട്ടു നടന്നു. ഈ തക്കത്തിന് എലി പാഞ്ഞു വന്ന് കയർ മുറിച്ച് ആമയെ രക്ഷപ്പെടുത്തി. ആമ വേഗം കുളത്തിലേയ്ക്ക് കരണം മറിഞ്ഞ് അപ്രത്യക്ഷനായി. എലി ആ ക്ഷണത്തിൽ ഓടി മറഞ്ഞു. വേടൻ അടുത്തെത്തിയതും മാൻ എഴുന്നേറ്റ് കാട്ടിലേയ്ക്ക് ഓടി. കാക്ക വേടനെ കളിയാക്കി കറഞ്ഞു കൊണ്ട് പറന്നുപോയി. വെയൻ നിരാശനായി വീട്ടിലേയ്ക്ക് മടങ്ങി.

വേടൻ പോയ്ക്കഴിഞ്ഞപ്പോൾ ആമയും എലിയും കാക്കയും മാനും ഒന്നിച്ചു കൂടി. ശേഷിച്ച കാലം അവർ സന്തോഷത്തോടെ ചങ്ങാതി മാരായിത്തന്നെ ജീവിച്ചു.

---

**'സുഖത്തിലെന്നപോലെ ദു:ഖത്തിലും ചങ്ങാതിമാർ ഒന്നിച്ചു നിൽക്കും'**

---



# എള്ളിനു പിന്നലെ ചതി

ഒരിടത്ത് ഒരു സാധുബ്രാഹ്മണനുണ്ടായിരുന്നു. ദക്ഷിണായന സംക്രമകാലം വന്നപ്പോൾ ബ്രാഹ്മണൻ തന്റെ ഭാര്യയെ വിളിച്ച് ഇങ്ങനെ പറഞ്ഞു. "പ്രിയേ, ഞാൻ ചില യാഗകർമ്മങ്ങൾക്കായി ദേശാന്തരം പോവുകയാണ്. ഇത് ദാനധർമ്മങ്ങൾക്ക് നല്ല കാലമായിതിനാൽ നാളെ ഏതെങ്കിലും ബ്രാഹ്മണനെ കണ്ടെത്തി ദാനം നൽകാൻ മറക്കരുത്". സ്വതവേ പിശുക്കിയായ ബ്രാഹ്മണപത്നിക്ക് ഭർത്താവിന്റെ അഭിപ്രായ ത്തോട് യോജിക്കാനായില്ല. മുഖം കോട്ടി അവർ പുലമ്പി. "ദാനം കൊടുക്കണം പോലും! ഇവിടെ മനുഷ്യർ മുഴുപ്പട്ടിണിയിലാണ്. അപ്പോഴാണ് ദാനം കൊടുത്ത് പുണ്യം നേടേണ്ടത്!"

ഇതു കേട്ടപ്പോൾ ബ്രാഹ്മണന് കോപം വന്നു. തന്റെ വാക്കുകളെ അനാദരിച്ച അവളോട് അദ്ദേഹം കയർത്തു. കോപം തണുത്തപ്പോൾ ദാനത്തിന്റെ മഹത്വത്തെക്കുറിച്ച് വിശദീകരിച്ച് ഭാര്യയെ ബോധവൽ ക്കരിക്കാൻ ശ്രമിച്ചു. മനസ്സില്ലാമനസ്സോടെ ബ്രാഹ്മണപത്നി സമ്മതം മൂളി. ബ്രാഹ്മണൻ അപ്പോൾത്തന്നെ യാത്ര പുറപ്പെടുകയും ചെയ്തു.

ബ്രാഹ്മണപത്നി വീടുമുഴുവൻ പരതിയിട്ടും അല്പം എള്ളുമാത്ര മാണ് കണ്ടെത്തിയത്. അതാകട്ടെ, ഒട്ടും വൃത്തിയില്ലാത്തതായിരുന്നു. അത് വൃത്തിയാക്കി എള്ളുണ്ടയാക്കി ബ്രാഹ്മണന് ദാനം ചെയ്യാമെന്ന് അവർ കരുതി. അതിനായി അവർ എള്ള് കഴുകി അരിച്ച് ഉണങ്ങാനായി വെയിലത്തു വെച്ചു.


ഈ സമയത്താണ് അതിലെവന്ന തെരുവുപട്ടി എള്ളിൽ മൂത്രമൊഴിച്ച് അശുദ്ധമാക്കിയത്. ഈ കാഴ്ച്ച കണ്ടാണ് ബ്രാഹ്മണപത്നി അങ്ങോട്ടു വന്നത്. വൃത്തികേടായ ഈ എള്ള് എന്തുചെയ്യണ മെന്നാലോചിച്ച് അവർ തലപുകച്ചു. പെട്ടെന്ന് അവർക്കൊരു ബുദ്ധി

തോന്നി. അവർ ആ എള്ള് പൊതിഞ്ഞെടുത്ത് അടുത്ത വീട്ടിലേക്ക് നടന്നു. തന്റെ കൈവശം വൃത്തിയുള്ള എള്ളുണ്ടെന്നും അതിനു പകരം കഴുകി വൃത്തിയാക്കാത്ത എള്ളു തന്നാൽ മതിയെന്നും അവർ അവിടുത്തെ ഗൃഹസ്ഥയോട് പറഞ്ഞു. അവർ സന്തോഷത്തോടെ അതിനു തയ്യാറായപ്പോൾ ഗൃഹസ്ഥയുടെ മകൻ ഓടിവന്ന് അമ്മയെ തടഞ്ഞുകൊണ്ട് പറഞ്ഞു. "അരുത്. അമ്മ അത് വാങ്ങരുത്. മോശം എള്ളിനു പകരം നല്ലത് തരാം എന്ന വാഗ്ദാനം കേട്ടാൽത്തന്നെ അമ്മയ്ക്ക് മനസ്സിലാവില്ലേ, ഇതിലെന്തോ ചതിയുണ്ടെന്ന്?" മകൻ പറഞ്ഞത് ശരിയാണെന്നു തോന്നിയതിനാൽ ഗൃഹസ്ഥ ആ എള്ളു വാങ്ങാൻ കൂട്ടാക്കിയില്ല. ബ്രാഹ്മണസ്ത്രീ നിരാശയോടെ തിരിച്ചുപോയി.

---

**'കഴമ്പില്ലാത്ത വാഗ്ദാനങ്ങൾ വിശ്വസിച്ചാൽ ചതിയിൽപ്പെടും'**

---



# അവിവേകിയുടെ അന്ത്യം

**ഇ**രതേടി നടന്ന വേടന്റെ മുന്നിൽ പെട്ടെന്നൊരു കരടി വന്നുപെട്ടു. വേടൻ പരിഭ്രമിച്ച് കരടിയ്ക്കു നേരെ അമ്പയച്ചു. അമ്പ് കരടിയുടെ വയറ്റിൽ തറച്ചുകയറി. വേദനയും കോപവുംകൊണ്ട് ഭ്രാന്തുപിടിച്ച കരടി വേടന്റെ ദേഹത്ത് ചാടിവീണ് അയാളെ മാന്തിക്കീറി കൊലപ്പെടുത്തി. അല്പനിമിഷങ്ങൾക്കകം കരടിയും ചത്തുവീണു.

അപ്പോഴാണ് വിശന്നുവലഞ്ഞ ഒരു കുറുക്കൻ അവിടെയെത്തുന്നത്. കരടിയും വേടനും ചത്തുകിടക്കുന്നത് കണ്ടപ്പോൾ അവന് സന്തോഷം അടക്കാനായില്ല. ഇറച്ചി തിന്നാൻതുടങ്ങുമ്പോഴാണ് വേടന്റെ വില്ല് അടുത്തുതന്നെ കിടക്കുന്നത് അവൻ കണ്ടത്. വില്ലിന്റെ ഞാണിൽ മാംസക്കൊഴുപ്പ് പുരട്ടുമെന്ന് കുറുക്കന് അറിയാമായിരുന്നു. അതിനാൽ, ആദ്യം ഞാൺ തിന്നശേഷം ഇറച്ചി തിന്നാമെന്ന് അവൻ കരുതി. കുറുക്കൻ ആർത്തിയോടെ വില്ലിന്റെ ഞാൺ കടിച്ചുമുറിച്ചു. പെട്ടെന്ന് വില്ല് നിവരുകയും അതിന്റെ ഒരറ്റം അവന്റെ വായിലൂടെ തുളച്ചുകയറുകയും ചെയ്തു. വില്ലിന്റെ തുമ്പ് തലച്ചോർ പിളർന്ന് കൊമ്പുപോലെ പുറത്തെത്തി. വേദന സഹിക്കവയ്യാതെ കുറുക്കൻ ചത്തുവീണു.

**'അവിവേകി സ്വന്തം പ്രവൃത്തികൊണ്ട്**
**അപകടം ക്ഷണിച്ചുവരുത്തും'**

# വിധിച്ചതു കിട്ടും

**പി**ശുക്കനായ വ്യാപാരിക്ക് ഒരു മകനുണ്ടായിരുന്നു. മകൻ വളർന്നു വന്നപ്പോൾ അയാൾ അവനെ വിദ്യാലയത്തിൽ ചേർത്തു. അവൻ വലിയ വിലകൊടുത്ത് ഒരു പുസ്തകം വാങ്ങി. 'വിധിച്ചത് മാത്രമേ മനുഷ്യന് കിട്ടൂ' എന്നർത്ഥം വരുന്ന ഒരു പദ്യം മാത്രമേ ആ പുസ്തകത്തിലുണ്ടായിരുന്നുള്ളൂ. അവൻ ആ പദ്യം വളരെ വേഗം ഹൃദിസ്ഥമാക്കി. എന്നാൽ, വീട്ടിലെത്തിയതും വ്യാപാരി മകനെ കഠിനമായി ശാസിച്ചു. കേവലം ഒരു പദ്യത്തിനായി വൻതുക മുടക്കിയ മകനെ അയാൾ വീട്ടിൽനിന്നും ആട്ടിയിറക്കി.

പാവം മകൻ! അവൻ വ്യസനത്തോടെ നാടുവിട്ട് വിദൂരത്തുള്ള പട്ടണത്തിലെത്തിച്ചേർന്നു. കാണുന്നവരോടെല്ലാം 'വിധിച്ചതു കിട്ടും' എന്ന പല്ലവി അവൻ ആവർത്തിച്ചു. അങ്ങനെ കുറഞ്ഞ നാളുകൾക്കുള്ളിൽ അവൻ നഗരത്തിൽ പ്രസിദ്ധനായി.

വ്യാപാരിയുടെ മകൻ ഒരു രാത്രി രാജകൊട്ടാരത്തിനടുത്തു കൂടി നടക്കുകയായിരുന്നു. പെട്ടെന്നാണ് രാജകുമാരിയുടെ അന്തഃപുരത്തിൽ നിന്ന് ഒരു കയർ നീണ്ടുവരുന്നത് അവൻ കണ്ടത്. അയൽരാജ്യത്തെ രാജകുമാരനിൽ അനുരക്തയായ കുമാരി അദ്ദേഹത്തിന് രഹസ്യമായി അന്തഃപുരത്തിൽ പ്രവേശിക്കാൻ വേണ്ടിയണ് കയർ കെട്ടിയിറക്കിയത്. എന്നാൽ, രാജകുമാരന് എന്തുകൊണ്ടോ അന്നവിടെ എത്താനായില്ല. വ്യാപാരിയുടെ മകൻ പിന്നൊന്നും ആലോചിക്കാതെ കയറിലൂടെ വലിഞ്ഞുകയറി അന്തഃപുരത്തിലെത്തി. ഇരുട്ടായതിനാൽ രാജകുമാരിക്ക് സംശയമൊന്നും തോന്നിയില്ല. തന്റെ കാമുകൻതന്നെയെന്നു കരുതി അവൾ അവനെ കെട്ടിപ്പുണർന്നു. വ്യാപാരിയുടെ മകൻ അപ്പോഴും പറഞ്ഞു, 'വിധിച്ചതു കിട്ടും'. അപ്പോഴാണ് തനിക്ക് ചതി പറ്റിയെന്ന് രാജകുമാരി

മനസ്സിലാക്കുന്നത്. അവൾ ദേഷ്യത്തോടെ അവനെ അന്തഃപുരത്തിൽ നിന്നിറക്കിവിട്ടു.

ആൾത്താമസമില്ലാത്ത, തകർന്ന ഒരു കെട്ടിടത്തിലാണ് അവൻ എത്തിച്ചേർന്നത്. അവിടെ ദുർന്നടത്തക്കാരിയായ സ്ത്രീയുടെ വരവും പ്രതീക്ഷിച്ച് ഒരു കാവൽഭടൻ എത്തിയിരുന്നു. അയാൾ വ്യാപാരിയുടെ മകനെ കണ്ട് പകച്ചു. തന്റെ രഹസ്യം പുറത്താകുമോ എന്ന് ഭയന്ന ഭടൻ അവനെ സമീപിച്ച് പറഞ്ഞു. "താങ്കൾ ഈ ആളില്ലാത്ത കെട്ടിടത്തിൽ ഒറ്റക്ക് കിടക്കണ്ട. എന്റെ വീട് ഇതിനടുത്താണ്. അവിടെ പോയി കിടന്നുറങ്ങിക്കോളൂ." ഭടന് നന്ദി പറഞ്ഞ് അവൻ വീട്ടിലേയ്ക്ക് നടന്നു.

ഭടന്റെ വീട്ടിൽ അയാളുടെ മകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളാകട്ടെ തന്റെ കാമുകന്റെ വരവും കാത്ത് കിടക്കുകയായിരുന്നു. വ്യാപാരിയുടെ മകൻ വന്ന് അവളുടെ അതേകിടക്കയിൽ കയറിക്കിടന്നു. കാമുകനാണെന്ന ധാരണയിൽ അവൾ അവനെ പുണർന്നു. അപ്പോൾ അവൻ പതിവുപോലെ പറഞ്ഞു. 'വിധിച്ചതു കിട്ടും'. ഇതുകേട്ടപ്പോൾ തനിക്ക് ആളുമാറിയെന്ന് അവൾക്ക് മനസ്സിലായി. അവൾ അവനെ ശാസിച്ച് പുറത്താക്കി.

ദു:ഖിതനായ അവൻ തെരുവിലൂടെ അലഞ്ഞുനടന്നു. അപ്പോഴാണ് ഒരു വിവാഹഘോഷയാത്ര അതിലേ വന്നത്. ധനികനായ വ്യാപാരിയുടെ മകളുടെ വിവാഹയാത്രയായിരുന്നു അത്. അവൻ അവരെടൊപ്പം ചേർന്നു. അല്പം കഴിഞ്ഞപ്പോൾ അവർ കല്യാണവീട്ടിലെത്തി. അവിടെ സുന്ദരിയായ വധു സർവ്വാഡംബരവിഭൂ ഷിതയായി കല്യാണമണ്ഡപത്തിൽ ഇരുന്നിരുന്നു. പെട്ടെന്നാണ്, ഘോഷയാത്രയ്ക്കായി കൊണ്ടുവന്ന ഒരാനക്ക് മദം പൊട്ടിയത്. അത് ചിന്നം വിളിച്ചുകൊണ്ട് നാലുപാടും ഓടി. ജനങ്ങൾ ഭയന്ന് ചിതറിയോടി. പേടിച്ചുവിറച്ചു നിന്ന നവവധുവിന്റെ കൈപിടിച്ച് വ്യാപാരിയുടെ മകൻ അവളെ രക്ഷപ്പെടുത്തി. ഇതുകണ്ട് വരൻ വധുവിന്റെ അച്ഛനോട് കയർത്തു. എന്നാൽ തന്റെ കരം ഗ്രഹിച്ചയാളെ മാത്രമേ വിവാഹം കഴിക്കൂ എന്ന് അവൾ ഉറപ്പിച്ചുപറഞ്ഞു. വ്യാപാരി അവനോട് കാര്യങ്ങൾ തിരക്കി. അവൻ നടന്ന സംഭവങ്ങളെല്ലാം വിശദീകരിച്ച ശേഷം ഇതുകൂടി പറഞ്ഞു. 'വിധിച്ചതു കിട്ടും'. 'നിനക്ക് വിധിച്ചത് എന്റെ മോളെയാണെന്ന്' പറഞ്ഞ് വ്യാപാരി അപ്പോൾത്തന്നെ മകളെ അവന് വിവാഹം കഴിച്ചു കൊടുത്തു. സ്ത്രീധനമായി വൻതുകയും അവന് നൽകി. ഇതറിഞ്ഞ് രാജകുമാരി, ഭടന്റെ മകൾ എന്നിവരും അവന്റെ ഭാര്യമാരായി.

കാലക്രമത്തിൽ അവനെ യുവരാജാവാക്കുവാനും വ്യാപാരി മറന്നില്ല. അവൻ നാട്ടിൽച്ചെന്ന് മാതാപിതാക്കളെ കൂട്ടി കൊട്ടാരത്തിൽ തിരിച്ചെത്തി. ശേഷിച്ച കാലം മൂന്നുഭാര്യമാരോടും സന്താനങ്ങളോടുമൊത്ത് അവൻ ജീവിച്ചു. അപ്പോഴും തന്റെ പതിവുപല്ലവി അവൻ മറന്നില്ല. 'വിധിച്ചതു കിട്ടും'.

**'സമയം അനുകൂലമായാൽ**
**നിസ്സാരന്മാർക്കുപോലും ഉന്നതിയിലെത്താം'**



# കർത്താവും കർമ്മവും

ഒരു നഗരത്തിൽ ദരിദ്രനായ ഒരു നെയ്ത്തുകാരൻ ജീവിച്ചിരുന്നു. കഠിനമായി പണി ചെയ്യുമെങ്കിലും ഒരിക്കലും ദാരിദ്രത്തിൽനിന്ന് കരകയറാൻ അയാൾക്കായില്ല. എത്ര അധ്വാനിച്ചാലും ഭക്ഷണത്തിനും വസ്ത്രത്തിനും വേണ്ടതിലുപരി പണം സമ്പാദിക്കാനാവില്ല എന്ന ശാപം അയാൾക്കേറ്റിരുന്നു. ഇതിറിയാതിരുന്ന അയാൾ കൂടുതൽ പണമുണ്ടാക്കാനായി നാടുവിട്ടുപോകുവാൻ തീരുമാനിച്ചു. ഭാര്യയുടെ കടുത്ത എതിർപ്പിനെ അവഗണിച്ച് അയാൾ വിദേശത്തേക്ക് പുറപ്പെട്ടു.

ഐശ്വര്യം തികഞ്ഞ ഒരു നഗരത്തിലാണ് അയാൾ എത്തിപ്പെട്ടത്. അവിടെ നെയ്ത്തുവസ്ത്രങ്ങൾക്ക് നല്ല ആവശ്യക്കാരുണ്ടായിരുന്നു. ചുരുങ്ങിയ കാലംകൊണ്ട് മുന്നൂറു സ്വർണ്ണനാണയങ്ങൾ സമ്പാദിച്ച് അയാൾ നാട്ടിലേക്ക് തിരിച്ചു. വഴിമധ്യേ അയാൾ ഒരു കാട്ടിലെത്തി. നേരം രാത്രിയായതിനാൽ അന്ന് യാത്ര തുടരാനാവാതെ വന്നു. വന്യമൃഗങ്ങളുടെ ഭീഷണിയുണ്ടായതിനാൽ അയാൾ വലിയൊരു മരത്തിനു മുകളിൽ കയറിയിരുന്നു. അധികം കഴിയുംമുമ്പേ ക്ഷീണത്താൽ അയാളുറങ്ങിപ്പോയി.

അയാളുടെ സ്വപ്നത്തിൽ കർത്താവ്, കർമ്മം എന്ന് രണ്ട് അമാനുഷർ പ്രത്യക്ഷപ്പെട്ടു. നെയ്ത്തുകാരനെ ഉപദേശിച്ച് കർമ്മം കർത്താവിനോട് ചോദിച്ചു. “ഇയാൾക്ക് പണമുണ്ടാക്കാൻ വിധിയില്ലെന്ന് അങ്ങേക്ക് നന്നായറിയാമല്ലോ. പിന്നെന്തിനാണ് വെറുതെ മുന്നൂറു സ്വർണ്ണം നൽകിയത്?” അതിന് കർത്താവിന്റെ മറുപടി ഇതായിരുന്നു. “മാന്യരെ, അയാൾ അദ്ധ്വാനിച്ച് നേടിയ പണമാണത്. ജോലി ചെയ്തവന് കൂലി കൊടുക്കാതിരിക്കാൻ എനിക്കാവില്ല. പിന്നെ, ബാക്കിയെല്ലാം അങ്ങാണല്ലോ തീരുമാനിക്കേണ്ടത്”.

നെയ്ത്തുകാരൻ പെട്ടെന്ന് ഉറക്കമുണർന്നു. തന്റെ പണസഞ്ചിയിൽ പരതിയപ്പോൾ അതിലെ സ്വർണ്ണനാണയങ്ങൾ മുഴുവനും അപ്രത്യക്ഷ മായതറിഞ്ഞ് അയാൾ പൊട്ടിക്കരഞ്ഞു. പണമില്ലാതെ വീട്ടിലേക്ക് ചെല്ലുന്നതിൽ അർത്ഥമില്ലെന്നറിഞ്ഞ അയാൾ വീണ്ടു നഗരത്തിലേക്ക് തിരിച്ചുപോയി. അവിടെ കുറെനാൾ പണിചെയ്ത് സമ്പാദിച്ച അഞ്ഞൂറ് സ്വർണ്ണനാണയങ്ങളുമായാണ് ഇക്കുറി മടങ്ങിയത്.

വഴിമധ്യേയുള്ള കാട്ടിലെത്തിയപ്പോൾ നേരം വീണ്ടും ഇരുട്ടി. എന്നാൽ, പണസഞ്ചി നഷ്ടപ്പെട്ടാലോ എന്ന് ഭയന്ന് അയാൾ വിശ്രമിച്ചില്ല. ഇരുട്ടാണെങ്കിലും കഴിയും വേഗം വീട്ടിലെത്തുകതന്നെ എന്നു നിശ്ചയിച്ച് അയാൾ വേഗം നടന്നു. അല്പം കഴിഞ്ഞപ്പോൾ കർത്താവും കർമ്മവും അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ട് പഴയ സംഭാഷണം ആവർത്തിച്ചു. ഒരു ഞെട്ടലോടെ നെയ്ത്തുകാരൻ പണസഞ്ചി പരിശോധിച്ചപ്പോൾ ഇക്കുറിയും സ്വർണ്ണം മുഴുവൻ നഷ്ടപ്പെട്ടതായി മനസ്സിലാക്കി.

ദു:ഖാധിക്യം മൂലം അടുത്ത മരത്തിന്റെ കൊമ്പിൽ കെട്ടിത്തൂങ്ങി മരിക്കാൻ നെയ്ത്തുകാരൻ തീരുമാനിച്ചു. അതിനായി വള്ളിപിരിച്ച് കുരുക്കൊരുക്കിയപ്പോൾ മാനത്ത് പ്രത്യക്ഷപ്പെട്ട ഒരു അമാനുഷൻ അയാളെ തടഞ്ഞു. തനിക്ക് കൈനിറയെ പണം വേണമെന്ന് നെയ്ത്തുകാരൻ ആവശ്യപ്പെട്ടു. അപ്പോൾ അമാനുഷൻ പറഞ്ഞു. "അതുകൊണ്ട് യാതൊരു കാര്യവുമില്ല. ധനികനാവാനാവില്ലെന്നതാണ് നിന്റെ വിധി. ഉപയോഗിക്കാനാവാത്ത പണം നിഷ്പ്രയോജനമല്ലേ?" എന്നാൽ, പണം കിട്ടണമെന്ന ആവശ്യത്തിൽ നെയ്ത്തുകാരൻ ഉറച്ചുനിന്നു. അമാനുഷൻ അയാളെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു. "നീ വിഷമിക്കേണ്ട. നീ പണം സമ്പാദിച്ച അതേ നഗരത്തിലേക്ക് തിരിച്ചുപോവുക. അവിടെ ധനികരായ രണ്ടു പ്രഭുകുമാരന്മാരുണ്ട്. ഒരാൾ പണമുണ്ടാക്കിയാൽ മാത്രം മതിയെന്നു കരുതുന്നവനാണ്. മറ്റേയാൾ പണംകൊണ്ട് സുഖമായി ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവനും. അവരെ കണ്ടശേഷം നിനക്ക് ആരെപ്പോലെയാകണമെന്ന് പറയുക." ഇത്രയും പറഞ്ഞ് അമാനുഷൻ അപ്രത്യക്ഷനായി.

നെയ്ത്തുകാരൻ തിരികെ നഗരത്തിലെത്തി. ആദ്യത്തെ പ്രഭുകുമാരന്റെ വീട് തേടിപ്പിടിച്ച് ചെന്നു. പ്രഭുകുമാരനും ഭാര്യയും നെയ്ത്തുകാരനെ കഠിനമായി ശകാരിച്ചു. അവർ അതിഥിയെ വീട്ടിനുള്ളിൽ കയറാൻപോലും അനുവദിച്ചില്ല. രാത്രിയായപ്പോൾ കുറച്ച്

ഭക്ഷണം കൊടുക്കാനുള്ള ദയവുമാത്രം അവർ കാട്ടി. നെയ്ത്തുകാരൻ അതുകഴിച്ച് ഇറയത്ത് ഉറങ്ങാൻ കിടന്നു. അപ്പോൾ കർത്താവും കർമ്മവും വീണ്ടും പ്രത്യക്ഷപ്പെട്ട് സംസാരം തുടങ്ങി. പിറ്റേന്നു രാവിലെത്തന്നെ നെയ്ത്തുകാരന് വയറിളക്കം പിടിച്ചു. തലേന്ന് കഴിച്ച ചോറുമുഴുവൻ പോവുകയും ചെയ്തു.

അടുത്ത ദിവസം രണ്ടാമത്തെ പ്രഭുകുമാരന്റെ വീട്ടിലേക്കാണ് അയാൾ പോയത്. നെയ്ത്തുകാരനെ കണ്ടയുടനെ പ്രഭുകുമാരൻ എഴുന്നേറ്റു ചെന്ന് യഥാവിധി സ്വീകരിച്ചു. നല്ല ഭക്ഷണവും വസ്ത്രവും കൊടുത്ത് അയാൾ അതിഥിയെ സന്തോഷിപ്പിച്ചു. കിടക്കാൻ പട്ടുമെത്തയും വിരിച്ചുകൊടുത്തു. അതിഥി സംതൃപ്തനായി കിടക്കിയിൽ കിടക്കുമ്പോൾ കർത്താവും കർമ്മവും വീണ്ടും വന്നു. നെയ്ത്തുകാരനു വേണ്ടി ചിലവഴിച്ച പണം പ്രഭുകുമാരനു തിരിച്ചുകിട്ടാനുള്ള വഴിയാലോചിച്ച് അവർ മറഞ്ഞു.

പിറ്റേന്നു രാവിലെ രാജഭടന്മാർ വന്ന് പ്രഭുകുമാരന് വലിയൊരു തുക പാരിതോഷികമായി നൽകി. അതിഥിയുടെ ഐശ്വര്യം കൊണ്ടാണ് ഇങ്ങനെയൊരു ഭാഗ്യം കൈവന്നതെന്ന് കരുതി പ്രഭുകുമാരൻ നെയ്ത്തുകാരന് നന്ദി പറഞ്ഞു. നെയ്ത്തുകാരൻ യാത്ര പറഞ്ഞിറങ്ങി. പണം ചെലവഴിക്കാനും ദാനം ചെയ്യാനും കഴിയുന്ന രണ്ടാം പ്രഭുകുമാരനെപ്പോലെ തന്നെയും ആക്കിത്തീർക്കണമെന്ന് അയാൾ അമാനുഷനോടപേക്ഷിച്ചു. അതോടെ നെയ്ത്തുകാരന്റെ കഷ്ടപ്പാടുകൾക്ക് വിരാമമായി.

---

**'ഉപയോഗിക്കാനാവാത്ത പണം പാഴ്ച്ചുമടാണ്'**

---

# കാത്തിരിപ്പ്

**ഒ**രു കുറുക്കനും ഭാര്യയും പുഴവക്കത്ത് കാറ്റുകൊള്ളാൻ ഇരിക്കുകയായിരുന്നു. അപ്പോഴാണ് തടിച്ചുകൊഴുത്ത ഒരു കാള പുല്ലുതിന്നാനായി അതുവഴി വന്നത്. കാളയുടെ പിൻഭാഗത്ത് തൂങ്ങിക്കിടക്കുന്ന വൃഷണങ്ങൾ കണ്ട് കുറുക്കത്തി ഭർത്താവിനോട് പറഞ്ഞു. "പ്രിയപ്പെട്ടവനേ, രണ്ട് ഇറച്ചിക്കഷ്ണങ്ങൾ കാളയുടെ പിന്നിൽ തൂങ്ങുന്നത് കണ്ടോ? അത് ഉടനെ താഴെ വീഴാനിടയുണ്ട്. അതുകൊണ്ട് നിങ്ങൾ അതിനെ പിന്തുടർന്ന് ചെല്ലണം. ഇറച്ചിക്കഷണങ്ങൾ എപ്പോൾ താഴെവീഴുന്നുവോ അതെടുത്തു കൊണ്ടുവരണം. കാളയിറച്ചിക്ക് നല്ല സ്വാദാണെന്നറിയാമല്ലോ?"


എന്നാൽ ഭാര്യ പറഞ്ഞത് കുറുക്കന് അത്ര വിശ്വാസമായില്ല. അവൻ കുറുക്കത്തിയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ആ ഇറച്ചിക്കഷ്ണങ്ങൾ ഉടനെയെങ്ങും താഴെ വീഴില്ലെന്നും അതിനെ പിന്തുടരുന്ന സമയം കൊണ്ട് മറ്റേതെങ്കിലും ജീവികളെ പിടിച്ചുതിന്നാമെന്നും കുറുക്കൻ പറഞ്ഞു. അപ്പോൾ കുറുക്കത്തി അവനെ ശകാരിച്ചു. തന്റെ ഭർത്താവ് മണ്ടനും പേടിത്തൊണ്ടനുമാണെന്ന് കുറ്റപ്പെടുത്തി. ഒടുവിൽ ഗത്യന്തരമില്ലാതെ കുറുക്കൻ സമ്മതം മൂളി.

അന്നുമുതൽ രാവും പകലും ഇറച്ചിക്കഷ്ണങ്ങൾ വീഴുന്നതും നോക്കി കുറുക്കൻ കാളയുടെ പുറകെക്കൂടി. നീണ്ട പതിനഞ്ചുവർഷങ്ങൾ കഴിഞ്ഞിട്ടും അവ താഴെ വീണില്ല. ഇനിയും കാത്തിരിക്കുന്നതിലർത്ഥമില്ലെന്നു പറഞ്ഞ് കുറുക്കൻ കുറുക്കത്തിയേയും കൂട്ടി തന്റെ പാട്ടിനുപോയി.

---

**'അവിവേകിയുടെ വാക്കുകേൾക്കുന്നവന് അധോഗതിയാണ് ഫലം'**

---



## പഞ്ചതന്ത്രം കഥകൾ

### മൂന്നാം ഭാഗം

# കണക്കു തീർത്തു

**ഒ**രു നഗരത്തിൽ വലിയൊരു മരം നിന്നിരുന്നു. അതിന്റെ ചില്ലകളിൽ കാക്കരാജാവും അനുചരന്മാരും ജീവിച്ചിരുന്നു. അല്പം അകലെയുള്ള ഗുഹയിലായിരുന്നു മൂങ്ങരാജാവിന്റെയും അനുയായി കളുടേയും താമസം. കാക്കകൾക്ക് രാത്രിയും മൂങ്ങകൾക്ക് പകലും കണ്ണുകാണില്ലല്ലോ. രാത്രിയായയാലുടൻ മൂങ്ങകൾ മരത്തിനു ചുറ്റും പതുങ്ങിനടന്ന് കാക്കകളെ ഓരോന്നായി കൊല്ലുക പതിവായി. ഇങ്ങനെ നാൾക്കുനാൾ കാക്കളുടെ എണ്ണം കുറഞ്ഞുവന്നു.

സംഗതിയുടെ ഗൗരവും മനസ്സിലാക്കിയ കാക്കരാജാവ് കാക്കകളുടെ ഒരു അടിയന്തിരയോഗം വിളിച്ചു. ശത്രുക്കളായ മൂങ്ങകളോട് പകരം വീട്ടുന്ന കാര്യമാണവർ സംസാരിച്ചത്. എന്നാൽ, ശത്രുനിഗ്ര ഹത്തിന് സഹായകമായ എന്തെങ്കിലും നിർദ്ദേശം നൽകാൻ അവർക്കായില്ല. അതേത്തുടർന്ന് കാക്കരാജാവ് തന്റെ അഞ്ചുമന്ത്രിമാരെ വിളിച്ച് അഭിപ്രായമാരാഞ്ഞു. മന്ത്രിമാരിൽ നാലുപേരും വ്യത്യസ്ത അഭിപ്രായങ്ങളാണ് മുന്നോട്ടുവെച്ചത്. അടുത്തത് ബുദ്ധിമാനായ അഞ്ചാമത്തെ മന്ത്രിയുടെ ഊഴമായി. മന്ത്രി രാജാവിനെ വന്ദിച്ചുകൊണ്ടു പറഞ്ഞു. ''പ്രഭോ, എന്റെ അഭിപ്രായം മറ്റൊന്നാണ്. ഇക്കാര്യത്തിൽ സമർത്ഥനും അനുഭവസമ്പത്തിന്റെ ഉടമയുമായ മറ്റാരുടെയെങ്കിലും ഉപദേശം തേടുകയാണ് വേണ്ടത്.''

മന്ത്രിയുടെ അഭിപ്രായം ചെവിക്കൊണ്ട കാക്കരാജാവ് വൃദ്ധനും തന്റെ പിതാവിന്റെ പ്രധാനമന്ത്രിയുമായിരുന്ന കാക്കയുടെ അടുത്ത് സഹായം തേടിയെത്തി. കാക്കകൾ നേരിടുന്ന വംശനാശത്തിന്റെ കഥ കേട്ടുകഴിഞ്ഞപ്പോൾ വൃദ്ധകാകൻ രാജാവിനെ സമാധാനിപ്പിച്ചുകൊണ്ട്

പറഞ്ഞു. “പ്രഭോ, നാമിപ്പോൾ തന്ത്രപൂർവ്വം ചില കാര്യങ്ങൾ ചെയ്യണം. ശത്രുക്കൾ ബലവാന്മാരാകയാൽ നേരട്ടുചെന്ന് ഏറ്റുമുട്ടുന്നത് ബുദ്ധിയല്ല. ശത്രുവിനോട് സ്നേഹം ഭാവിച്ച് അടുത്തുകൂടുകയും തക്കതായ അവസരം വരുമ്പോൾ ആഞ്ഞടിക്കുകയുമാണ് പകവീട്ടാനുള്ള ഉചിത മാർഗ്ഗം. കാക്കയുടെ വംശത്തെ രക്ഷിക്കുകയെന്ന ഭാരിച്ച ഈ ഉത്തര വാദിത്വം ഞാനേറ്റെടുക്കാം.” കാക്കയുടെ വാക്കുകൾ മറ്റെല്ലാ കാക്കകൾ ക്കും സന്തോഷം പകർന്നു. അവർ രഹസ്യമായി ചില പദ്ധതികൾക്ക് രൂപം നൽകി.

പിറ്റേന്ന്, വൃദ്ധകാകൻ കാക്കകളുടെ ഇടയിൽച്ചെന്ന് അവരോട് അകാരണമായി കലഹിക്കാൻ ആരംഭിച്ചു. അപ്പോൾ കാക്കരാജാവ് രംഗത്തെത്തി. വൃദ്ധനെ തലങ്ങും വിലങ്ങും കൊത്തി മുറിവേല്പിച്ചു. വൃദ്ധകാകൻ അവശനായപ്പോൾ കാക്കകളെല്ലാം വലിയമരം വിട്ട് അടുത്തുള്ള പർവ്വതത്തിലേക്ക് പറന്നുപോയി.

തങ്ങളെ ഭയന്ന് കാക്കരാജാവ് നാടുവിട്ടുപോയെന്ന വാർത്ത ചാരന്മാർ വഴി മൂങ്ങരാജാവ് അറിഞ്ഞു. രാജാവും അനുചരന്മാരും കൂടി രാത്രി ബാക്കി കാക്കളെകൂടി വകവരുത്താനായി മരത്തിനടുത്തെ ത്തിയെങ്കിലും ആരെയും കാണാനായില്ല. മൂങ്ങകൾ നിരാശയോടെ മടങ്ങാൻ ഭാവിക്കുമ്പോഴാണ് ദേഹമാസകലം മുറിവേറ്റ് ഞരങ്ങുന്ന വൃദ്ധകാകനെ രാജാവ് കാണുന്നത്. തന്നെ ഈ നിലയിലാക്കിയത് കാക്കരാജാവാണെന്നും മൂങ്ങകളോട് അഭയം യാചിക്കാൻ താനിപ്പോൾ ആഗ്രഹിക്കുന്നുവെന്നും വൃദ്ധൻ അറിയിച്ചു. ഇതുകേട്ട മൂങ്ങരാജാവ് അവന്റെയടുത്ത് പറന്നെത്തി കാര്യം തിരക്കി. വൃദ്ധകാകൻ മറുപടി പറഞ്ഞു. ‘‘മഹാരാജാവേ, നല്ലകാര്യം ഉപദേശിച്ചതിന് കിട്ടിയ പ്രതിഫലമാണ് എന്റെ ശരീരത്തിൽ കാണുന്നത്. മൂങ്ങകൾ കാക്കകളെ കൊല്ലുന്നതിൽ പ്രതിഷേധിച്ച് കാക്കരാജാവും കൂട്ടരും അങ്ങയോട് യുദ്ധത്തിനൊരുങ്ങുന്നത് ബുദ്ധിയല്ലെന്ന് ഞാനുപദേശിച്ചു. ഇതിൽ കുപിതരായ കാക്കകൾ എന്നെ മൂങ്ങകളുടെ ചാരനെന്നു കുറ്റപ്പെടുത്തി കൊത്തി മുറിവേല്പിക്കുകയായിരുന്നു. ഇപ്പോൾ നിരാശ്രയനായിത്തീർന്ന ഞാൻ അങ്ങയെ അഭയം പ്രാപിച്ചിരിക്കുകയാണ്. എന്നെ സ്വീകരിക്കുന്നപക്ഷം കാക്കകളെ ഒന്നടങ്കം നശിപ്പിക്കാനുള്ള മാർഗ്ഗം പറഞ്ഞുതരാം.”

അഭയം തേടിയെത്തിയ ശത്രുവിനെ സ്വീകരിക്കുന്ന കാര്യത്തിൽ തനിച്ചൊരു തീരുമാനമെടുക്കാൻ മൂങ്ങരാജാവിനായില്ല. അദ്ദേഹം തന്റെ

അഞ്ചു മന്ത്രിമാരെ വിളിച്ച് ഇക്കാര്യത്തിൽ അഭിപ്രായമാരാഞ്ഞു. അവരിൽ ഒരാളൊഴികെ മറ്റെല്ലാവരും വൃദ്ധകാകന് അഭയം നൽകണമെന്ന് വാദിച്ചു. ശത്രുവിനെ നിർദ്ദാക്ഷിണ്യം കൊലപ്പെടുത്ത ണമെന്ന ഒരു മന്ത്രിയുടെ അഭിപ്രായാം ആരും ചെവിക്കൊണ്ടില്ല. ഇതിൽ പ്രതിഷേധിച്ച് ആ മന്ത്രിയും അനുയായികളും മൂങ്ങക്കൂട്ടം വിട്ട് മറ്റൊരിടത്തേക്ക് പറന്നുപോയി.

മൂങ്ങകൾ വൃദ്ധകാകനെ ആഘോഷപൂർവ്വം ഗുഹയിലേയ്ക്ക് കൊണ്ടുവന്നു. ഗുഹയുടെ നടുവിൽ അവന് താമസിക്കാനിടം കൊടുത്തെങ്കിലും തന്റെ ചാരപ്പണിക്ക് അത് തടസ്സമാകുമെന്നു കണ്ട് നിരസിച്ചു. മൂങ്ങരാജാവിന്റെ പാദാരവിന്ദങ്ങൾ ധ്യാനിച്ച് കഴിയാനിഷ്ട പ്പെടുന്ന തന്നെ  ഗുഹാകവാടത്തിൽ കഴിയാൻ അനുവദിക്കണമെന്ന് അവൻ അപേക്ഷിച്ചു. ഇതിനുപിന്നിലെ അപകടം മനസ്സിലാക്കാതെ മൂങ്ങരാജാവ് അതനുവദിച്ചു. ദിവസേന മൂങ്ങകൾ വിശിഷ്ടഭക്ഷണങ്ങൾ കൊണ്ടുവന്ന് കാക്കയ്ക്ക് കൊടുത്തു. അവ വയറുനിറയെ കഴിച്ച് അവൻ തടിച്ചകൊഴുത്തു. ദേഹത്തെ മുറിവുകളും ക്രമേണ ഉണങ്ങി.


ഇതിനിടെ വൃദ്ധകാകൻ തന്റെ പദ്ധതികൾ ഓരോന്നായി നടപ്പിൽ വരുത്തിക്കൊണ്ടിരുന്നു. നേരം വെളുത്താൽ മൂങ്ങകൾക്ക് കാഴ്ച നഷ്ടപ്പെടും. ഈ തക്കത്തിന് കാക്ക പുറത്തുപോയി ഉണക്കവിറകുകളും ചുള്ളിക്കമ്പുകളും കൊണ്ടുവന്ന് ഒരോ മൂലകളിൽ കൂട്ടിവെച്ചു. മണ്ടന്മാരായ മൂങ്ങകളിൽ ചിലർ ഇത് കണ്ടെങ്കിലും ആർക്കും സംശയും തോന്നിയില്ല. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മൂങ്ങകളുടെ ഗുഹയിൽ ഉണക്കവിറകുകൾ നിറഞ്ഞു.

പിറ്റേന്നുതന്നെ വൃദ്ധകാകൻ പറന്ന് കാക്കരാജാവിന്റെ അടുത്തെത്തി. വളരെക്കാലത്തിനുശേഷം വൃദ്ധനെ കണ്ടതിൽ കാക്ക രാജാവ് സന്തോഷിച്ചു. അവൻ കാക്കയെ സ്വീകരിച്ചിരുത്തി വിശേഷ മാരാഞ്ഞു. വൃദ്ധകാകൻ മറുപടിയായി ഇങ്ങനെ പറഞ്ഞു. “മഹാരാജാവേ, നമ്മുടെ സമയം അടുത്തുവരുന്നു. മൂങ്ങകളുടെ വിശ്വസ്തനായി മാറിയ ഞാൻ അവരുടെ കണ്ണുവെട്ടിച്ച് ഗുഹകളിൽ നിറയെ ഉണക്കവിറകുകൾ കുത്തിനിറച്ചു കഴിഞ്ഞു. ഇനിയൊട്ടും വൈകരുത്. ഇപ്പോൾ പകൽ സമയമായതിനാൽ അവറ്റകൾക്ക് കണ്ണുകാണില്ല. നാമോരോരുത്തരും ഓരോ തീക്കനലുമായി പറന്ന് അവിടെയെത്തി ഗുഹയ്ക്ക് തീ കൊടുക്കണം.” ഇത്രയും പറഞ്ഞ് കാക്ക ഗുഹയിലേയ്ക്ക് തിരിച്ചുപറന്നു.

അല്പം കഴിഞ്ഞതും കാക്കകൾ തീക്കനലുകളുമായി കൂട്ടത്തോടെ പറന്നെത്തി. മൂങ്ങകൾക്ക് സംഭവിക്കുന്നതെന്തെന്നറിയുന്നതിനു മുമ്പേ

ഗുഹയിൽ തീയാളിപ്പടർന്നു. ഉണക്കവിറകുകളായതിനാൽ തീ എളുപ്പം പടർന്നു. അതിൽപ്പെട്ട് മൂങ്ങകൾ ഒന്നടങ്കം വെന്തുമരിച്ചു. ശത്രുകുലത്തെ തന്ത്രത്തിലൂടെ നശിപ്പിച്ച വൃദ്ധകാകനെ മറ്റുകാക്കകൾ അഭിനന്ദിച്ചു. തുടർന്ന് ശത്രുസംഹാരവും രാജ്യതന്ത്രവും സംബന്ധിച്ച ഗഹനമായ പാഠങ്ങൾ വിശദീകരിച്ച വൃദ്ധകാകൻ കാക്കരാജാവിനെ പണ്ഡിതനാക്കിത്തീർത്തു. പിന്നീടവർ ശത്രുഭയമില്ലാതെ ജീവിച്ചു.

**'ബലവാന്മാരേയും തന്ത്രംകൊണ്ട് തോല്പിക്കാം'**



# വൈരം

ഒരിക്കൽ കാട്ടിലെ പക്ഷികളെല്ലാം യോഗം ചേർന്നു. തങ്ങളെ ബാധിക്കുന്ന വലിയൊരു പ്രശ്നത്തിന് പരിഹാരം കാണുകയായിരുന്നു ലക്ഷ്യം. പക്ഷിരാജാവായ ഗരുഡൻ പ്രജകളുടെ കാര്യത്തിൽ യാതൊരു താല്പര്യവും കാട്ടുന്നില്ലെന്നും അതുകൊണ്ട് പുതിയ രാജാവിനെ കണ്ടെത്തണമെന്നും പക്ഷികൾ ഏകസ്വരത്തിൽ ആവശ്യപ്പെട്ടു.

രാജാവിന്റെ സിംഹാസനത്തിലേയ്ക്ക് പല പക്ഷികളേയും പരിഗണിച്ചെങ്കിലും എല്ലാവർക്കും സുസമ്മതനായിതോന്നിയത് മൂങ്ങയേയാണ്. മൂങ്ങയെ പക്ഷികളുടെ പുതിയ രാജാവായി അഭിഷേകം ചെയ്യാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ദിവ്യതീർത്ഥങ്ങളിൽ നിന്നും അഭിഷേകജലമെത്തി. നൂറ്റൊന്നു പച്ചമരുന്നുകളും തയ്യാറായി. ആഹ്ലാദസൂചകമായി പക്ഷികൾ പാട്ടും നൃത്തവും തുടങ്ങി. ഇതെല്ലാം കണ്ട് സന്തുഷ്ടനായ മൂങ്ങ ഭാര്യാസമേതം സിംഹാസനത്തിൽ കയറിയിരുന്നു.

അപ്പോഴാണ് ഒരു കാക്ക ആ കാട്ടിലെത്തുന്നത്. കാട്ടിലെ ഉത്സവാന്തരീക്ഷം അവനെ അദ്ഭുതപ്പെടുത്തി. അവൻ പക്ഷികളെ സമീപിച്ച് കാര്യം തിരക്കി. ഗരുഡനുപകരം മൂങ്ങയെ പുതിയ പക്ഷിരാജാവായി അഭിഷേകം ചെയ്യുന്നതിന്റെ ഘോഷങ്ങളാണ് ഇതെല്ലാമെന്ന് അവർ വിശദീകരിച്ചു. ഇതുകേട്ടപ്പോൾ കാക്കയുടെ മുഖം വാടി. മുഖം വക്രിച്ച് അവൻ പറഞ്ഞു "മഹാകഷ്ടം! നിങ്ങൾക്ക് രാജാവായി കണ്ടെത്താൻ വിരൂപനും കണ്ണുപൊട്ടനുമായ മൂങ്ങയെ മാത്രമെ കിട്ടിയുള്ളൂ? സർവ്വശക്തനായ ഗരുഡനുപകരം ക്രൂരനായ മൂങ്ങയെ രാജാവാക്കുന്ന നിങ്ങളോട് എനിക്ക് സഹതാപമുണ്ട്. പ്രജകളെ രക്ഷിക്കാനുള്ള കരുത്ത് മൂങ്ങക്ക് അല്പമെങ്കിലുമുണ്ടോ? നിങ്ങൾ

എത്രയും വേഗം ഈ തീരുമാനം മാറ്റിയില്ലെങ്കിൽ അതിന്റെ ഫലം അനുഭവിക്കേണ്ടി വരും."

കാക്കയുടെ വാക്കുകളിലും കാര്യമുണ്ടെന്ന് മറ്റു പക്ഷികൾക്കു തോന്നി. മൂങ്ങയെ തൽക്കാലം അഭിഷേകം ചെയ്യേണ്ടെന്നും പുതിയ രാജാവിനെ പിന്നീട് കണ്ടെത്താമെന്നും പറഞ്ഞ് അവർ ഓരോ വഴിക്ക് പറന്നുപോയി.

സിംഹാസനത്തിൽ അഭിഷേകമുഹൂർത്തവും കാത്തിരുന്ന മൂങ്ങ നിരാശനായി. കുറേക്കഴിഞ്ഞപ്പോഴാണ് അവൻ കാര്യമറിയുന്നത്. എവിടെ നിന്നോ വന്ന ഒരു കാക്കയാണ് തന്റെ അഭിഷേകം മുടക്കിയതെന്ന് മൂങ്ങ അറിഞ്ഞു. അവന് ദേഷ്യവും സങ്കടവുമൊക്കെ വന്നു. അവൻ ഭാര്യയോടൊപ്പം സിംഹാസനത്തിൽ നിന്നിറങ്ങി കാക്കയുടെ അടുത്തേക്ക് ചെന്നു. തീക്കണ്ണുകളോടെ മൂങ്ങ പറഞ്ഞു. "എടാ ദുഷ്ടാ, നീ എന്റെ പട്ടാഭിഷേകം മുടക്കി. ഇന്നുമുതൽ കാക്കകൾ മൂങ്ങകളുടെ ബദ്ധശത്രുക്കളാണ്. ഇനി ഞങ്ങളുടെ ലക്ഷ്യംതന്നെ കാക്കകളുടെ വംശം ഒന്നാകെ നശിപ്പിക്കലാണ്."

കാക്ക ഇതുകേട്ട് ഭയന്നു. ഒരു കാരണവുമില്ലാതെ മൂങ്ങയെ പ്രകോപിപ്പിച്ച് ശത്രുവാക്കിയതിൽ അവൻ പശ്ചാത്തപിച്ചു. എന്നാൽ, അപ്പോഴേക്കും ഏറെ വൈകിപ്പോയിരുന്നു.

**'വിവേകശൂന്യർ ആപത്ത് ഇരന്നുവാങ്ങും'**

# ചന്ദ്രനിലെ മുയൽ

**ഒ**രിടത്ത് കുളക്കരയിൽ മാളങ്ങലുമഅടാക്കി കുറെ മുയലുകൾ വസിച്ചിരുന്നു. വേനൽ രൂക്ഷമായപ്പോൾ അടുത്ത കാട്ടിൽനിന്നും ഒരാനക്കൂട്ടം കുടിവെള്ളം തേടി ഈ കുളത്തിനടുത്തെത്തി. ധാരാളം വെള്ളമുള്ള കുളം കണ്ടപ്പോൾ ആനകൾ ആർത്തിയോടെ അതിലിറങ്ങി വെള്ളം കുടിച്ചു. അപ്പോഴാണ് ആനകളുടെ ചവിട്ടേറ്റ് മുയലിന്റെ മാളങ്ങൾ പലതും തകർന്നുപോയത്. കുറെ മുയലുകളും ആനകളുടെ കാലിനടി യിൽപ്പെട്ട് ചതഞ്ഞുമരിച്ചു. മറ്റു ചിലരുടെ കൈകാലുകൾ ഒടിഞ്ഞു.

ഈ സാഹചര്യത്തിൽ മുയലുകൾ അടിയന്തിരയോഗം ചേർന്നു. ആനകളുടെ ഭീഷണിയിൽനിന്നും എങ്ങനെ രക്ഷപ്പെടാം എന്നതായി അവരുടെ ചിന്ത. ആനകളെ നേരിട്ടെതിർക്കാമെന്നും. അവയെ ഭയന്ന് നാടുവിട്ടുപോകാമെന്നുമൊക്കെയുള്ള വിഭിന്നാഭിപ്രായങ്ങൾ ഉയർന്നു. അവരുടെ കൂട്ടത്തിലെ ബുദ്ധിമാനായ ഒരു മുയൽ ഇപ്രകാരം പറഞ്ഞു. "ചങ്ങാതിമാരേ, ഇപ്പോൾ ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും അത്രകണ്ട് പ്രായോഗികങ്ങളല്ല. എനിക്ക് മറ്റൊരു നിർദ്ദേശമാണുള്ളത്. നമ്മുടെ കൂട്ടത്തിലെ സമർത്ഥനായ ഒരു മുയലിന്റെ സഹായമുണ്ടെങ്കിൽ ആനക്കൂട്ടത്തെ നിഷ്പ്രയാസം ഇവിടെനിന്നോടിക്കാം." മുയലിന്റെ വാക്കുകളെ മറ്റുള്ളവർ വിശ്വസിച്ചു. മിടുക്കനും വാക്ചാതുരിയുള്ള വനുമായ ഒരു മുയലിനെ ഇതിനായി തിരഞ്ഞെടുക്കുകയും ചെയ്തു. അവർ രഹസ്യമായി ഭാവിപരിപാടികൾക്ക് രൂപം നൽകി.

അന്നുരാത്രിതന്നെ മുയൽ ആനക്കൂട്ടത്തിനടുത്തെത്തി. അവിടെ മദിച്ചുകളിക്കുകയായിരുന്നു ആനകൾ. മുയൽ കൂസലില്ലാതെ ആനത്ത ലവന്റെ അടുത്തുചെന്ന് പറഞ്ഞു. "ഏയ്, നിങ്ങൾ എന്ത് അഹങ്കാരമാണ് ഈ കാട്ടുന്നത്? ജീവൻ വേണമെങ്കിൽ എല്ലാവരും വേഗം സ്ഥലം വിട്ടോ.

അല്ലെങ്കിൽ വിവരമറിയും.'' കേവലമൊരു മുയൽ മുന്നിൽ വന്ന് ധിക്കാരത്തോടെ സംസാരിക്കുന്നതു കേട്ട് ആനത്തലവന് കൗതുകം തോന്നി. അവൻ ചോദിച്ചു.“ നീയാരാണ്? ഞങ്ങളോട് ഇങ്ങനെയെല്ലാം ആജ്ഞാപിക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നു?” അപ്പോൾ മുയൽ വിശദീകരിച്ചു. “ഏയ് ആനത്തലവാ, നിനക്കെന്നെ മനസ്സിലായില്ലേ? ചന്ദ്രഭഗവാന്റെ ഉള്ളിൽ ഒരു മുയലുള്ളത് നിനക്കറിയില്ലേ? ആ മുയൽ തന്നെയാണ് ഞാൻ. ഈ കുളം ചന്ദ്രഭഗവാന്റേതാണ്. അദ്ദേഹത്തിന്റെ അനുവാദം കൂടാതെ നിങ്ങൾ കുളം അശുദ്ധമാക്കിയതിൽ ഭഗവാൻ കോപിച്ചിരിക്കുകയാണ്. ജീവൻ വേണമെങ്കിൽ ഇനിയിവിടെ നിൽക്കരുതെന്നാണ് ഭഗവാന്റെ കല്പന.”

ഇതുകേട്ട് ആനത്തലവൻ ഭയന്നു. അവൻ പറഞ്ഞു. “അല്ലയോ മുയൽ ശ്രേഷ്ഠാ. ക്ഷമിക്കണം, ഇത് ഭഗവാന്റെ കുളമാണെന്ന് ഞങ്ങളറിയില്ല. അറിയാതെ ചെയ്ത തെറ്റ് മഹാന്മാർക്ക് പൊറുക്കാവുന്നതാണല്ലോ. ഞങ്ങൾ ഇപ്പോൾത്തന്നെ ഇവിടംവിട്ട് പൊയ്ക്കോളാം. അതിനുമുമ്പ് ഞങ്ങൾക്ക് ഭഗവാനെ ഒന്നു കണ്ടാൽ കൊള്ളാമെന്നുണ്ട്.” മുയൽ ഒരു നിമിഷം ആലോചിച്ചു നിന്നു. എന്നിട്ട് അവരേയും കൂട്ടി മറ്റൊരു കുളത്തിനടുത്തേക്ക് നടന്നു. നല്ല നിലാവുണ്ടായതിനാൽ കുളത്തിലെ വെള്ളത്തിൽ ചന്ദ്രബിംബം പ്രതിഫലിച്ചിരുന്നു. അത് ചൂണ്ടിക്കാട്ടി മുയൽ പറഞ്ഞു. “ദാ, അവിടെ ഭഗവാൻ ധ്യാനിക്കുകയാണ്. ശബ്ദമുണ്ടാക്കാതെ വന്ദിച്ചിട്ട് പൊയ്ക്കോളൂ.” വിഡ്ഢികളായ ആനകൾ ചന്ദ്രഭഗവാനാണെന്നു വിശ്വസിച്ച് പ്രതിബിംബത്തെ വന്ദിച്ചിട്ട് സ്ഥലം വിട്ടുപോയി. പിന്നീടൊരിക്കലും മുയലുകൾക്ക് ആനക്കൂട്ടത്തിന്റെ ഉപദ്രവമുണ്ടായില്ല.

**‘ഉന്നതന്മാരുടെ പേരുപോലും ചിലപ്പോൾ രക്ഷാമർഗ്ഗമായേക്കാം’**

# അവകാശി ആര്?


**കാ**ട്ടിലെ മരത്തിനു ചുവട്ടിലുള്ള മാളത്തിൽ ഒരു പക്ഷി വസിച്ചിരുന്നു. ഒരിക്കൽ ഇത് ഇരതേടാനായി കാടിനുള്ളിലേക്ക് പറന്നുപോയി. കുറെ ദിവസങ്ങൾ കഴിഞ്ഞിട്ടും പക്ഷി തിരിച്ചെത്തിയില്ല. ഈ തക്കത്തിന് ഒരു മുയൽ ആ മാളത്തിൽ  കയറി താമസമുറപ്പിച്ചു.

കതിരുകളും പഴങ്ങളും തിന്ന് വയറുനിറഞ്ഞപ്പോൾ പക്ഷി തന്റെ മാളത്തിനടുത്ത് തിരിച്ചെത്തി. അപ്പോഴാണ് തന്റെ വീട് അന്യാധീനപ്പെട്ടതായി മനസ്സിലാക്കിയത്. ഈ മാളത്തിനവകാശി താനാണെന്നും എത്രയും വേഗം ഒഴിഞ്ഞുതരണമെന്നും പക്ഷി ആവശ്യപ്പെട്ടു. എന്നാൽ ഈ അവകാശവാദം മുയൽ അംഗീകരിച്ചില്ല. രണ്ടുപേരും തമ്മിൽ വാക്കേറ്റമായി. ഒടുവിൽ, ഒരു പണ്ഡിതനെ സമീപിച്ച് ഇക്കാര്യത്തിൽ ഉപദേശം തേടാമെന്ന് അവർ ധാരണയിലെത്തി.

പക്ഷിയുടേയും മുയലിന്റെയും തർക്കം കേട്ട് അല്പം അകലെ യായി ഒരു കാട്ടുപൂച്ച നിന്നിരുന്നു. എന്തെങ്കിലും സൂത്രമുപയോഗിച്ച് രണ്ടിനേയും അകത്താക്കണമെന്ന് കാട്ടുപൂച്ച തീരുമാനിച്ചു. അവൻ വേഗംതന്നെ ഒറ്റക്കാലിൽനിന്ന് കണ്ണടച്ച് തപസ്സുചെയ്യാൻ തുടങ്ങി. അഹിംസയുടെ മഹത്വം വിളിച്ചോതുന്ന ഉപദേശങ്ങളും അവൻ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. മുയലും പക്ഷിയും അപ്പോഴാണ് കാട്ടുപൂച്ചയെ കാണുന്നത്. അവന്റെ നില്പും ഭാവവും കണ്ടപ്പോൾ ആളൊരു മഹാനാണെന്ന് അവർക്കു തോന്നി. എങ്കിലും കാട്ടുപൂച്ച തങ്ങളുടെ വർഗ്ഗശത്രുവാണെന്ന മുൻകരുതലോടെ  സുരക്ഷിതമായ അകലത്തിൽ നിന്ന് പക്ഷി പറഞ്ഞു. "മഹർഷേ, ഞങ്ങൾ തമ്മിൽ ഒരു തർക്കം ഉണ്ടായിരിക്കുന്നു. എന്റെ മാളം ഞാനില്ലാത്ത അവസരത്തിൽ ഈ മുയൽ കൈക്കലാക്കി. ഞാൻ തിരിച്ചെത്തിയിട്ടും മാളം വിട്ടുതരാൻ ഇവൻ

സമ്മതിക്കുന്നില്ല. ഇതിനൊരു പരിഹാരം നിർദ്ദേശിച്ച് അവിടുന്ന് ഞങ്ങളെ സഹായിക്കണം.” ഇതുകേട്ട് കണ്ണുതുറക്കാതെ കാട്ടുപൂച്ച പറഞ്ഞു. “മക്കളേ, നിങ്ങൾ അനാവശ്യമായി വഴക്കുകൂടുകയാണ്. സ്നേഹത്തിന്റേയും അഹിംസയുടേയും സന്ദേശമാണ് നമ്മൾ ഉയർത്തിപ്പിടിക്കേണ്ടത്. നിങ്ങൾ രണ്ടുപേരും എന്റെയടുത്തു വരിക. ഞാനൊന്ന് അനുഗ്രഹിക്കട്ടെ.” കാട്ടുപൂച്ചയുടെ വാക്കുകൾ വിശ്വസിച്ച് പക്ഷിയും മുയലും അടുത്തേയ്ക്കു ചെന്നു. ഈ തക്കത്തിന് കള്ളസന്യാസി രണ്ടിനേയും ഒറ്റയടിക്ക് ശാപ്പിട്ടു.

**‘നീതിക്കായി അധമന്മാരെ സമീപിക്കരുത്’**



# ആടിനെ പട്ടിയാക്കി

**ഒ**രു നഗരത്തിൽ യാഗകർമ്മങ്ങളിൽ പണ്ഡിതനായ ബ്രാഹ്മണനുണ്ടായിരുന്നു. ഒരിക്കൽ യാഗകർമ്മത്തിനായി അദ്ദേഹത്തിന് തടിച്ചു കൊഴുത്ത ഒരു മുട്ടനാടിനെ ദാനമായി കിട്ടി. ആടിനേയും തോളിലേറ്റി ബ്രാഹ്മണൻ വീട്ടിലേയ്ക്കു നടന്നു.

വിശന്നുപൊരിഞ്ഞിരിക്കുന്ന മൂന്നു കള്ളന്മാർ ഈ കാഴ്ച കണ്ടു. എന്തെങ്കലിും സൂത്രം പറഞ്ഞ് ആടിനെ കൈക്കലാക്കണമെന്ന് അവരുറച്ചു. മൂന്നുപേരും വേഷംമാറി മൂന്നു വഴിക്കുപോയി. അതിൽ ആദ്യത്തെ കള്ളൻ ബ്രാഹ്മണന്റെ എതിരെ വന്നിട്ട് മൂക്കിൽ കൈവെച്ച് പറഞ്ഞു. “അയ്യേ! ഇതു കഷ്ടംതന്നെ. അങ്ങയെപ്പോലെ മഹാപണ്ഡി തനായ ഒരാൾ പട്ടിയെ ചുമന്നു നടക്കുന്നോ?” ഇതുകേട്ട് ബ്രാഹ്ണനൻ ദേഷ്യത്തോടെ ചോദിച്ചു. ‘‘അഹങ്കാരീ, നിനക്കെന്താ കാഴ്ചശക്തിയും നഷ്ടപ്പെട്ടോ? നല്ല ലക്ഷണമൊത്ത ആടിനെ കണ്ടിട്ട് പട്ടിയാണെന്നു പറയുന്ന നിന്റെ സമനില തെറ്റിയിരിക്കുകയാണ്.” ഇത്രയുമായപ്പോൾ കള്ളൻ ഇങ്ങനെ പുലമ്പി തിരിഞ്ഞുനടന്നു. “കലികാലവൈഭവം തന്നെ. തിരുമേനീ, അങ്ങ് സമയം കളയാതെ പട്ടിയേയുംകൊണ്ട് നടന്നോളൂ.”

കുറച്ചുദൂരം കഴിഞ്ഞപ്പോൾ രണ്ടാമത്തെ കള്ളൻ എതിരെ വന്നു. ബ്രാഹ്മണനെ കണ്ട് അയാൾ തലയിൽ കൈവെച്ച് പറഞ്ഞു. “എന്താ തിരുമനസ്സേ ഞാനിക്കാണുന്നത്? അങ്ങ് ചത്ത പശുക്കുട്ടിയെ തോളിലേറ്റി നടക്കുന്നോ? മഹാതപസ്വിയായ അങ്ങേക്ക് ഒട്ടും ചേർന്ന പണിയല്ല ഇത്.” ബ്രാഹ്മണൻ അയാളോടും കുറെ കയർത്തു സംസാരിച്ചു. അങ്ങ് പശുക്കുട്ടിയുടെ ശവവുമായി നടക്കുന്നതിനെ താൻ തടസ്സപ്പെടുത്തില്ലെന്നു പറഞ്ഞ് രണ്ടാമത്തെ കള്ളനും തന്റെ വഴിക്കുപോയി.

അല്പം കഴിഞ്ഞപ്പോൾ മൂന്നാമത്തെ കള്ളൻ ബ്രാഹ്മണന്റെ

മുന്നിൽ പ്രത്യക്ഷപ്പെട്ടു. അയാൾ ബ്രാഹ്മണനെ കണ്ട് സങ്കടത്തോടെ പറഞ്ഞു. ''അല്ലയോ ബ്രാഹ്മണശ്രേഷ്ഠാ അങ്ങ് ഈ ചെയ്യുന്നത് തീർച്ചയായും അനുചിതമാണ്. അങ്ങ് ഈ കഴുതയേയും ചുമന്നു നടന്നാൽ നാളിതുവരെ നേടിയ. മഹത്വമെല്ലാം നഷ്ടപ്പെടും." ഇതു കൂടി കേട്ടപ്പോൾ ബ്രാഹ്മണൻ ആകെ ആശയക്കുഴപ്പത്തിലായി. തന്റെ തോളിലി രിക്കുന്നത് ആടല്ല, മറ്റേതോ നികൃഷ്ടജീവിയാണെന്ന് അദ്ദേഹത്തിന് തോന്നി. അദ്ദേഹം ചുമലിലിരുന്ന ആടിനെ നിലത്തിറക്കിവിട്ട് തിരിഞ്ഞു നോക്കാതെ ഓടിപ്പോയി. ഈ തക്കം നോക്കി കള്ളന്മാർ മുട്ടനാടിനെ പിടികൂടി കൊന്ന് ഇറച്ചി പാകം ചെയ്തു ഭക്ഷിച്ചു.

---

**'പണ്ഡിതന്മാരേയും തന്ത്രപൂർവ്വം കബളിപ്പിക്കാനാവും'**

---


# ദുർബലരുടെ കരുത്ത്

**ഒ**രു പുറ്റിൽ ശക്തനായ മൂർഖൻ പാമ്പ് താമസിച്ചിരുന്നു. അവൻ ചിതൽപ്പുറ്റിൽനിന്ന് പുറത്തുകടക്കാൻ ഒരെളുപ്പവഴിയുണ്ടാക്കി. അതിലൂടെ തിങ്ങിഞെരുങ്ങി പുറത്തുവന്നപ്പോൾ ശരീരമാസകലം മുറിഞ്ഞു. മൂർഖൻ വേദനകൊണ്ട് പുളഞ്ഞു. പാമ്പിന്റെ ദേഹത്ത് ചോര പൊടിഞ്ഞതറിഞ്ഞ് ഉറുമ്പുകൾ ഒരോന്നായി എത്തി. കുറച്ചു കഴിഞ്ഞപ്പോൾ അവന്റെ ദേഹം നിറയെ ഉറുമ്പുകളായി. എതിരാളികൾ ദുർബ്ബലരായതിനാൽ അവനത്ര കാര്യമാക്കിയില്ല. വേദന അസഹ്യമായപ്പോൾ പാമ്പ് വാൽകൊണ്ട് കുറെ ഉറുമ്പകളെ അടിച്ചു കൊന്നു. എന്നാൽ, കൂട്ടമായെത്തിയ ഉറുമ്പുകൾക്കു മുന്നിൽ പിടിച്ചു നിൽക്കാൻ അവനായില്ല. മൂർഖന്റെ ദേഹത്തെ മുറിവുകൾ വലുതായി അതിൽനിന്ന് ചോര വാർന്ന് അവൻ മരിച്ചുവീണു.

---

**'ദുർബ്ബലരും ഒത്തുചേർന്നാൽ കരുത്തുകാട്ടും'**

---



# പാമ്പിനു പാൽ കൊടുത്താൽ

**ഒ**രിടത്ത് കൃഷിക്കാരനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. എന്നാൽ ഒരിക്കൽപ്പോലും അദ്ദേഹത്തിന് കൃഷിയിടത്തിൽനിന്ന് നല്ല വിളവ് ലഭിച്ചിരുന്നില്ല. അങ്ങനെയിരിക്കെ, ഒരു ദിവസം വിളവുകാലത്ത് വയലിൽ കിടന്നുറങ്ങുകയായിരുന്ന ബ്രാഹ്മണൻ ഞെട്ടിയുണർന്നു. അപ്പോൾ വയലിനടുത്ത ഒരു പുറ്റിൽ ഫണം വിരിച്ചു നിന്നാടുന്ന പാമ്പിനെ അദ്ദേഹം കണ്ടു. ഭയചകിതനായ ബ്രാഹ്മണൻ പാമ്പിനെ വണങ്ങി. വേഗം പോയി കുറെ പാലുമായി തിരിച്ചെത്തി. പാൽ ഒരു പാത്രത്തിലാക്കി പുറ്റിനടുത്തുവെച്ച് അദ്ദേഹം മടങ്ങിപ്പോയി.


പിറ്റേന്നു ചെന്നു നോക്കുമ്പോൾ പാത്രത്തിലെ പാൽ അപ്രത്യക്ഷ മായതായി കണ്ട് ബ്രാഹ്മണൻ അത്ഭുതപ്പെട്ടു. പാത്രത്തിൽ ഒരു സ്വർണ്ണ നാണയം കിടക്കുന്നതും അദ്ദേഹം കണ്ടു. അദ്ദേഹം അതുമായി വീട്ടിലേക്കു മടങ്ങി. പിന്നീട് എല്ലാ ദിവസവും ബ്രാഹ്മണൻ പാമ്പിന് പാൽ കൊടുക്കുകയും പ്രതിഫലമായി കിട്ടുന്ന സ്വർണ്ണനാണയം സ്വന്തമാ ക്കുകയും ചെയ്തു. ചുരുങ്ങിയ കാലം കൊണ്ടുതന്നെ ബ്രാഹ്മണൻ ധനികനായി.

അതിനിടയിൽ ഒരു നാൾ ബ്രാഹ്മണന് എന്തോ ആവശ്യത്തിനായി ദൂരദേശത്ത് പോകേണ്ടി വന്നു. അന്ന് പാമ്പിന് പാൽ കൊടുക്കുന്ന ജോലി മകനെ ഏല്പിച്ചാണ് അദ്ദേഹം പോയത്. ബ്രാഹ്മണകുമാരൻ പാൽ പുറ്റിനടുത്തുവെച്ച് മടങ്ങിപ്പോന്നു. പിറ്റേന്ന് പാത്രത്തിൽ സ്വർണ്ണ നാണയം കണ്ടപ്പോൾ കുമാരൻ അത്ഭുതപ്പെട്ടു. പാമ്പിന്റെ പുറ്റു നിറയെ ഇത്തരം സ്വർണ്ണ നാണയങ്ങളാകുമെന്നും പാമ്പിനെ കൊന്ന് അതുമുഴുവൻ സ്വന്തമാക്കണമെന്നും അവൻ ഉറച്ചു. ഒരു മുട്ടൻ വടിയെടുത്ത് ബ്രാഹ്മണകുമാരൻ പാമ്പിനെ തല്ലി. എന്നാൽ അതിൽ നിന്നും

ഒഴിഞ്ഞുമാറിയ പാമ്പ് കോപത്തോടെ കുമാരനെ കടിച്ചു കൊന്നു. ബ്രാഹ്മണൻ തിരിച്ചെത്തിയപ്പോൾ മകന്റെ മരണവിവരമറിഞ്ഞ് ദു:ഖിച്ചു.

ഏതാനും ദിവസങ്ങൾക്കുശേഷം ബ്രാഹ്മണൻ വീണ്ടും പാലുമായി വയലിലെത്തി. അത് പുറ്റിനടുത്തുവച്ച് മടങ്ങാൻ ഭാവിക്കുമ്പോൾ പുറ്റിനുള്ളിലിരുന്ന് പാമ്പ് വിളിച്ചു പറഞ്ഞു. "ഇനി അങ്ങ് എനിക്ക് പാൽ തരണ്ട. വെറും ധനമോഹം കൊണ്ടു മാത്രമാണ് അങ്ങ് ഇപ്പോഴിവിടെ വന്നിരിക്കുന്നതെന്ന് എനിക്കറിയാം. ഇത്തരക്കാരോട് എനിക്ക് യാതൊരു താല്പര്യവുമില്ല. അങ്ങേയ്ക്ക് പോകാം." അവസാനമായി ബ്രാഹ്മണന് ഒരു രത്നം നൽകിയിട്ട് പാമ്പ് പുറ്റിൽ നിന്നും ഇഴഞ്ഞു പോയി. പാമ്പിനു പാൽ കൊടുക്കാൻ മകനെ ഏല്പിച്ച നിമിഷത്തെ പഴിച്ച് ബ്രാഹ്മണനും വീട്ടിലേയ്ക്ക് നടന്നു.

**'സൗഹൃദം അയഞ്ഞാൽ വീണ്ടും മുറുക്കുക എളുപ്പമല്ല'**



# സ്വർണ്ണത്തൂവൽ

പ്രശസ്തനായ ഒരു രാജാവ് തന്റെ കൊട്ടാരമുറ്റത്ത് മനോഹരമായ ഒരു തടാകം പണികഴിപ്പിച്ചു. അതിന്റെ ഭംഗി കണ്ട് സ്വർണ്ണനിറമുള്ള നിരവധി അരയന്നങ്ങൾ തടാകത്തിൽ താമസം തുടങ്ങി. അതിലെ ഓരോ അരയന്നവും ആറുമാസത്തിലൊരിക്കൽ ഓരോ സ്വർണ്ണത്തൂവൽ നൽകി രാജാവിനെ സന്തോഷിപ്പിച്ചു. പോന്നു.

അങ്ങനെയിരിക്കെ, ഒരു ദിവസം ആ തടാകത്തിൽ ഒരു വെള്ളിപ്പക്ഷി വന്നുചേർന്നു. അവൻ തടാകത്തിൽ താമസിക്കാൻ അനുവാദം തേടി. എന്നാൽ, അരയന്നങ്ങൾ ഒറ്റക്കെട്ടായി വെള്ളിപ്പക്ഷി യെ തുരത്തിയോടിച്ചു. ദുഃഖിതനായ പക്ഷിരാജാവിനെ ചെന്നുകണ്ട് പരാതിപ്പെട്ടു. "മഹാരാജാവേ, തടാകത്തിന്റെ ഉടമസ്ഥൻ അങ്ങായിരിക്കെ, അവിടെ ആര് താമസിക്കണമെന്ന് തീരുമാനിക്കേണ്ടത് അരയന്ന ങ്ങളാണോ?" രാജാവിന് ഇതുകേട്ട് കലശലായ ദേഷ്യം വന്നു. അഹങ്കാ രികളായ അരയന്നങ്ങളെയെല്ലാം കൊന്നൊടുക്കാൻ രാജാവ് ഉത്തരവിട്ടു. അടുത്ത ക്ഷണംതന്നെ രാജകല്പന നിറവേറ്റാൻ ഭടന്മാർ തയ്യാറായി. ഈ വിവരം അറിഞ്ഞ അരയന്നങ്ങൾ തടാകം വിട്ട് ദൂരേക്ക് പറന്നു പോയി.

---

**'ആശ്രയം തേടിയെത്തുന്നവരെ കൈവിടുന്നവർക്ക്**
**ഐശ്വര്യം നഷ്ടമാകും'**

---

# ത്യാഗം

ഒരു കാട്ടിൽ ക്രൂരനായ ഒരു വേടൻ താമസിച്ചിരുന്നു. ദിവസേന പക്ഷികളേയും ജീവികളേയും വലവീശിപ്പിടിച്ച് അയാൾ ഭക്ഷിച്ചു. ഒരു ദിവസം വേടന്റെ വലയിൽ കുടുങ്ങിയത് ഒരു പെൺപ്രാവാണ്. അയാളതിനെ ഒരു കൂട്ടിലാക്കി. പ്രാവിനേയും കൊണ്ട് അയാൾ ദിവസങ്ങളോളം കാട്ടിൽ അലഞ്ഞു. പെട്ടെന്ന് ആകാശം കാർമേഘങ്ങൾകൊണ്ട് മൂടി. എങ്ങും ഇരുട്ടു പരന്നു. പെരുമഴയും വന്നു. ഭയന്നുവിറച്ച വേടൻ ഒരു മരച്ചുവട്ടിൽ അഭയം തേടി.

ആ മരക്കൊമ്പിൽ ഒരു ആൺപ്രാവ് ദുഃഖിതനായി താമസിച്ചിരുന്നു. ഇരതേടിപ്പോയ തന്റെ പ്രിയതമ ദിവസങ്ങൾ കഴിഞ്ഞിട്ടും തിരിച്ചെത്താത്തതായിരുന്നു പ്രാവിന്റെ ദു:ഖത്തിന് കാരണം. മരക്കൊമ്പിലിരുന്ന് അവൻ ഭാര്യയെക്കുറിച്ച് പറഞ്ഞു വിലപിച്ചു. വേടന്റെ കൂട്ടിൽ കിടന്ന പ്രാവായിരുന്നു അവന്റെ ഭാര്യ. അവർ പ്രിയതമന്റെ രോദനം കേട്ട് ആളെ തിരിച്ചറിഞ്ഞു. താനിവിടെയെത്തിയിട്ടുണ്ടെന്നും സമാധാനമായിരിക്കണമെന്നും പെൺപ്രാവ് വിളിച്ചുപറഞ്ഞു. വേടൻ തങ്ങളോട് ദ്രോഹം പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ അഭയം തേടിയെത്തിയതിനാൽ അയാളെ സഹായിക്കണമെന്ന് പെൺപ്രാവ് ഭർത്താവിനോട് പറഞ്ഞു. അത് ശരിയാണെന്ന് ആൺപ്രാവിനും തോന്നി. അവൻ പറന്നുവന്ന് വേടന്റെ മുന്നിലിരുന്ന് പറഞ്ഞു. “ഞങ്ങളുടെ താവളത്തിലെത്തിയ അങ്ങേക്ക് സ്വാഗതം. അങ്ങയെ ഉചിതമായി ശുശ്രൂഷിക്കേണ്ടത് ഞങ്ങളുടെ കടമയാണ്. അങ്ങേക്ക് വേണ്ടതെന്തായാലും പറയൂ.”

പ്രാവിന്റെ വാക്കുകൾ വേടനെ സന്തോഷിപ്പിച്ചു. അയാൾ മറുപടി പറഞ്ഞു. “തണുപ്പകറ്റണം. പിന്നെ, വിശപ്പു മാറ്റാൻ എന്തെങ്കിലും കിട്ടിയാൽ നന്നായിരുന്നു.” പ്രാവ് ഈ വാക്കുകൾ കേട്ടയുടനെ പറന്നുപോയി.

കുറെ ചുള്ളിക്കമ്പുകളുമായാണ് അവൻ പറന്നു വന്നത്. മഴ തോർന്നെ ങ്കിലും ചുള്ളിക്കമ്പുകളിൽ തീ പടരാൻ അല്പം താമസം വന്നു. വേടൻ തീകാഞ്ഞ് തണുപ്പകറ്റി. അപ്പോൾ പ്രാവ് പറഞ്ഞു. "അങ്ങയുടെ വിശപ്പു മാറ്റാൻ എന്റെ പക്കൽ ഒന്നുമില്ല. അതിഥിയെ വേണ്ടവിധം സൽക്കരി ക്കാത്തവർക്ക് സ്വർഗ്ഗത്തിൽ ഇടം ലഭിക്കില്ല. അതുകൊണ്ട് ഞാൻ എന്നെത്തന്നെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു." ഇതും പറഞ്ഞ് പ്രാവ് തീയിൽച്ചാടി പ്രാണത്യാഗം ചെയ്തു.

ഈ കാഴ്ച വേടന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ചു. ആൺപ്രാവിന്റെ ജീവത്യാഗം വേടന്റെ കണ്ണു തുറപ്പിച്ചു. ഇനിമേലിൽ ജീവകളേയും പക്ഷികളേയും കൊല്ലില്ലെന്നും സന്യാസജീവിതം നയിക്കുമെന്നും അയാൾ പ്രതിജ്ഞ ചെയ്തു. തന്റെ തെറ്റിനു പശ്ചാത്താപമായി കൂട്ടിൽ കിടക്കുന്ന പെൺപ്രാവിനെ അയാൾ തുറന്നുവിട്ടു. എന്നാൽ, ഭർത്താവിന്റെ വിയോഗത്തിൽ ദു:ഖിച്ച അവൾ പറന്നുയർന്ന് തീയിൽത്തന്നെ വീണ് ആത്മാഹൂതി ചെയ്തു. അങ്ങനെ പ്രാവുകളുടെ ആത്മാവുകൾ ഒന്നിച്ചുചേർന്ന് സ്വർഗ്ഗലോകം പൂകി.

വേടൻ അന്നുമുതൽ ധർമ്മനിഷ്ഠനായി ജീവിച്ചു. അങ്ങനെയിരി ക്കെ കാട്ടിൽ തീയാളിപ്പടർന്നപ്പോൾ അയാൾ അതിൽച്ചാടി ജീവനൊടു ക്കി. അങ്ങനെ, ദുഷ്ടനായ വേടനും സ്വർഗ്ഗം സിദ്ധിച്ചു.

---

**'അഭയം തേടി വരുന്നവരെ കൈയൊഴിയുന്നവൻ നല്ല ആതിഥേയനല്ല'**

---

## നല്ല കള്ളൻ

നഗരത്തിലെ ധനികനായ വ്യാപാരിയുടെ ഭാര്യ അകാലത്തിൽ മരിച്ചുപോയി. അതിനകംതന്നെ വാർദ്ധക്യത്തിലെത്തിയ അയാൾ ധാരാളം പണം നൽകി മറ്റൊരു വ്യാപാരിയുടെ ചെറുപ്പക്കാരിയായ മകളെ വിവാഹം കഴിച്ചു. ഒരു വൃദ്ധനെ ഭർത്താവാക്കേണ്ടിവന്നതിൽ അവൾ ദു:ഖിച്ചു. തന്റെ പിതാവിന്റെ നടപടിയിൽ പ്രതിഷേധിച്ച് അവൾ ഭർത്താവിന്റെ മുഖത്തു നോക്കാതെ കാലം കഴിച്ചു. ഇതിൽ വ്യാപാരിക്ക് പ്രയാസമുണ്ടായെങ്കിലും അയാളത് പ്രകടിപ്പിച്ചില്ല.

ഒരു ദിവസം, വ്യാപാരിയും ഭാര്യയും കിടപ്പറയിലിരിക്കുമ്പോൾ ഒരു കള്ളൻ പതുങ്ങിപ്പതുങ്ങി അവിടെയെത്തി. വ്യാപാരിയുടെ ഭാര്യ പെട്ടെന്നയാളെ കണ്ടു. അവൾ പേടിച്ചുവിറച്ച് ഭർത്താവിനെ കെട്ടിപ്പിടിച്ചു. തന്റെ ഭാര്യയുടെ ഈ പെരുമാറ്റം വ്യാപാരിയെ അത്ഭുതപ്പെടുത്തി. അപ്പോഴാണ് മുറിയുടെ മൂലയിൽ പതുങ്ങിനിൽക്കുന്ന കള്ളനെ അയാൾ കാണുന്നത്. അയാൾക്ക് കാര്യം മനസ്സിലായി. തന്റെ ഭാര്യയുടെ മനസ്സുമാറ്റിയ കള്ളന് അയാൾ നിരവധി സമ്മാനങ്ങൾ നൽകി.

---

**'തനിക്ക് അനുകൂലമായ നിലപാടെടുത്താൽ ശത്രുവിനെപ്പോലും ചിലർ അംഗീകരിക്കും'**

---

# ആദ്യം ആരെ?

**ഒ**രിടത്ത് യാഗകർമ്മങ്ങളിൽ അഗാധപാണ്ഡിത്യം നേടിയ ഒരു ദരിദ്രബ്രാഹ്മണനുണ്ടായിരുന്നു. തടിച്ചുകൊഴുത്ത രണ്ടു പശുക്കിടാവു കൾ മാത്രമായിരുന്നു ബ്രാഹ്മണന് ആകെയുള്ള മുതൽ. അദ്ദേഹം അവയെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിച്ചു.

എന്നാൽ, ഈ പശുക്കിടാങ്ങളെ ഒരു കള്ളൻ നോട്ടമിട്ടിരുന്നു. എങ്ങനേയും അവയെ തട്ടിയെടുക്കണമെന്നു കരുതി ഒരു രാത്രി അയാൾ ബ്രാഹ്മണന്റെ വീട്ടിലേയ്ക്ക് പുറപ്പെട്ടു. വഴിക്കുവെച്ച് ഭീമാകാരനായ ഒരു പിശാച് കള്ളനു മുന്നിൽ ചാടിവീണു. കള്ളൻ ഞെട്ടിപ്പോയെങ്കിലും പിശാച് അയാളോട് സൗഹൃദത്തോടെ പെരുമാറി. താൻ ബ്രാഹ്മണന്റെ പശുക്കിടാങ്ങളെ മോഷ്ടിക്കാനായി പോവുകയാണെന്ന് കള്ളൻ പറഞ്ഞു. എങ്കിൽ താനും കൂടെ വരാമെന്നും തനിക്ക് ബ്രാഹ്മണനെ പിടിച്ചു തിന്നണമെന്നും പിശാച് പറഞ്ഞു. രണ്ടുപേരും ഒരുമിച്ച് മുന്നോട്ടു നടന്നു.

ഇരുവരും ബ്രാഹ്മണന്റെ വീടിനടുത്തെത്തി. ബ്രാഹ്മണൻ ഉറക്കമായപ്പോൾ പിശാച് അയാളെ തിന്നാനായി മുന്നോട്ടാഞ്ഞു. അപ്പോൾ കള്ളൻ പറഞ്ഞു. “ചങ്ങാതീ, അതുവേണ്ട. നീ ബ്രാഹ്മണനെ തിന്നാൽ ശ്രമിക്കുമ്പോൾ അയാൾ ഉണർന്നാൽ എന്റെ കാര്യം നടക്കില്ല. അതുകൊണ്ട് ഞാനാദ്യം പശുക്കിടാങ്ങളേയുംകൊണ്ട് സ്ഥലംവിടാം.” പിശാചിന് ഇതൊട്ടും രസിച്ചില്ല. അവൻ പറഞ്ഞു. “ആ വേല നിന്റെ മനസ്സിലിരിക്കട്ടെ. നീ പശുക്കളെ അഴിക്കുമ്പോൾ അവ ശബ്ദമുണ്ടാക്കും. അപ്പോൾ ബ്രാഹ്മണൻ ഉണരും. പിന്നെ എന്റെ കാര്യം പോക്കാവും.” ഇതേച്ചൊല്ലി അവർ തമ്മിൽ വഴക്കായി. ശബ്ദം ഉച്ചത്തിലായപ്പോൾ ബ്രാഹ്മണൻ ഉണർന്നു. മുട്ടൻ വടിയുമായി അദ്ദേഹം പുറത്തിറങ്ങി.

ബ്രാഹ്മണനെക്കണ്ട് കള്ളൻ പറഞ്ഞു. “മഹാബ്രാഹ്മണാ, ഈ പിശാച് അങ്ങയെ തിന്നാൽ വന്നവനാണ്.” അപ്പോൾ പിശാച് പറഞ്ഞു. “ഈ കാട്ടുകള്ളനുണ്ടല്ലോ, ഇവൻ വന്നത് അങ്ങയുടെ പശുക്കിടാങ്ങളെ മോഷ്ടിക്കാനാണ്.” ഇതുകേട്ടപ്പോൾ ബ്രാഹ്മണന് കാര്യം മനസ്സിലായി. അദ്ദേഹം മന്ത്രം ജപിച്ച് പിശാചിനെ പേടിപ്പിച്ചോടിച്ചു. മുട്ടൻ വടികൊണ്ട് കള്ളനെ അടിച്ചവശനുമാക്കി.

**‘ശത്രുക്കളുടെ കലഹം പലപ്പോഴും നമ്മെ സഹായിക്കും’**



# പാമ്പുകളുടെ രഹസ്യം

**രാ**ജാവിന്റെ മകൻ അനുദിനം മെലിഞ്ഞുവന്നു. അയാളുടെ വയറ്റിൽ ഒരു പാമ്പ് വസിച്ചിരുന്നതാണ് ഇതിനു കാരണം. എന്നാൽ, കുമാരനെ ചികിത്സിച്ച വൈദ്യന്മാർക്കാർക്കും ഈ രഹസ്യം മനസ്സിലാക്കാനായില്ല. ജീവിതത്തോട് നിരാശ തോന്നിയ കുമാരൻ കൊട്ടാരം വിട്ടിറങ്ങി ദൂരെയുള്ള ക്ഷേത്രത്തിലെത്തി.

ആ രാജ്യത്തെ രാജാവിന് രണ്ട് പെൺമക്കളുണ്ടായിരുന്നു. രാജാവ് അവരിൽ ഒരാളെ കൂടുതൽ സ്നേഹിച്ചു. രാജാവിന്റെ അപ്രീതിക്കു പാത്രമായ രണ്ടാമത്തെ മകളെ ഏതെങ്കിലും യാചകന് വിവാഹം കഴിച്ചുകൊടുക്കാൻ നിർദ്ദേശിച്ച് കൊട്ടാരത്തിൽ നിന്നിറക്കി വിട്ടു. ക്ഷേത്രത്തിൽ ജീവിച്ചിരുന്ന കുമാരന് ഭടന്മാർ അവളെ വിവാഹം കഴിച്ചു കൊടുത്തു. രോഗബാധിതനെങ്കിലും കുമാരി ഭർത്താവിനെ പ്രാണനു തുല്യം സ്നേഹിച്ചു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രാജകുമാരനും കുമാരിയും ആ പട്ടണം ഉപേക്ഷിച്ച് മറ്റൊരിടത്തേക്ക് യാത്രയായി. വഴിമദ്ധ്യേ ഭർത്താവിനെ ഒരിടത്തിരുത്തി കുമാരി അദ്ദേഹത്തിന് ഭക്ഷണം തേടിപ്പോയി. ക്ഷീണം തോന്നിയ കുമാരൻ അടുത്തുകണ്ട ചിതൽപ്പുറ്റിൽ തലചായ്ച്ചുറങ്ങി. ആ സമയം കുമാരന്റെ വയറ്റിലെ പാമ്പ് വായിലുടെ പുറത്തേക്ക് തല നീട്ടി. കുമാരൻ തല വെച്ചുറങ്ങിയ പുറ്റിൽനിന്നും മറ്റൊരു സർപ്പവും അപ്പോൾ പുറത്തുവന്നു. രണ്ടു പാമ്പുകളും രൂക്ഷമായി പരസ്പരം നോക്കി. പുറ്റിലെ പാമ്പ് മറ്റേ പാമ്പിനോട് ദേഷ്യത്തോടെ ചോദിച്ചു. "ദുഷ്ട സർപ്പമേ, നീയെന്തിനാണ് ആ പാവം കുമാരനെ ഇങ്ങനെ ദ്രോഹിക്കുന്നത്. നിന്നെ നശിപ്പിക്കാനുള്ള വിദ്യ കുമാരനറിയാ ത്തതുകൊണ്ടല്ലേ നീ ജീവിക്കുന്നത്. പാൽക്കഞ്ഞിയും കടുകും വേവിച്ച്

കഴിച്ചാൽ നീ ചത്തു പോവുമെന്ന് എനിക്ക് നന്നായറിയാം." ഇതുകേട്ട് വയറ്റിലെ പാമ്പ് തിരിച്ചടിച്ചു. "നീയങ്ങനെ ആളാവാനൊന്നും നോക്കണ്ട. നിന്റെ പുറ്റിൽ നിറയെ സ്വർണ്ണകുംഭങ്ങളുണ്ടെന്ന കാര്യം എനിക്കറിയാം. നിന്റെ പുറ്റിൽ എണ്ണ തിളപ്പിച്ചൊഴിച്ചാൽ നീ ആ നിമിഷം ചത്തുപോകുമെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്."

രാജകുമാരന് ഭക്ഷണം വാങ്ങിവന്ന കുമാരി പാമ്പുകളുടെ ഈ വർത്തമാനമെല്ലാം ഒളിഞ്ഞുകേട്ടു. രാജകുമാരി തിളപ്പിച്ച എണ്ണയൊഴിച്ച് പുറ്റിലെ പാമ്പിനേയും കടുകും ചോറും ചേർത്ത് വേവിച്ച് വെള്ളമൊഴിച്ച് കുമാരനെക്കൊണ്ട് കുടിപ്പിച്ച് വയറ്റിലെ പാമ്പിനേയും കൊന്നു. അതോടെ കുമാരന്റെ ശരീരക്ഷീണം മാറി. പുറ്റിൽനിന്നും കിട്ടിയ സ്വർണ്ണം നിറച്ച കുടങ്ങളുമായി അവർ കൊട്ടാരത്തിലേക്ക് മടങ്ങി. രാജാവും ബന്ധുക്കളുമെല്ലാം അവരെ സസന്തോഷം സ്വീകരിച്ചു.

**'ദൗർബല്യങ്ങൾ രഹസ്യമാക്കിവച്ചില്ലെങ്കിൽ ആത്മനാശം വരും'**



# സൂത്രക്കാരി

**ഒ**രിടത്ത് ഒരു ആശാരിയും ഭാര്യയും ജീവിച്ചിരുന്നു. ദുഃസ്വഭാവ ക്കാരിയായ ഭാര്യയേക്കുറിച്ച് ജനങ്ങൾ പറഞ്ഞുപരത്തിയ അപവാദ ങ്ങളിൽ ചിലത് ആശാരിയുടെ കാതിലുമെത്തി. അവളെ പരീക്ഷിക്കാൻ തന്നെ അയാൾ തീരുമാനിച്ചു. ഒരു ദിവസം ആശാരി ഭാര്യയോട് പറഞ്ഞു. "പ്രിയതമേ, ജോലിയുടെ ആവശ്യത്തിനായി എനിക്ക് ഒരു ദൂരയാത്ര ചെയ്യാനുണ്ട്. കുറച്ചു ദിവസം കഴിഞ്ഞേ തിരിച്ചെത്തൂ. അതുവരെയുള്ള ഭക്ഷണവും വസ്ത്രവും തയ്യാറാക്കിത്തരണം." ആശാരിയുടെ ഭാര്യ ഇതുകേട്ട് സന്തോഷിച്ചു. അവൾ വേഗം യാത്രയ്ക്ക് വേണ്ട ഒരുക്കങ്ങൾ നടത്തി ഭർത്താവിനെ പറഞ്ഞയച്ചു. ആശാരിയാകട്ടെ, മറ്റൊരു വഴിയിലൂടെ വീടിന്റെ പിൻവാതിൽ തുറന്ന് കട്ടിലിനടിയിൽ ഒളിച്ചിരുന്നു.

ആശാരി പോയ ഉടനെ ഭാര്യ വീടുവിട്ടിറങ്ങി. ഭർത്താവ് ദൂരയാത്ര പോയിരിക്കയാണെന്നും രാത്രി വീട്ടിലെത്തണമെന്നും ജാരനെ ചട്ടംകെട്ടി അവൾ തിരിച്ചുപോന്നു. സന്ധ്യമയങ്ങിയപ്പോൾ ജാരൻ ആശാരിയുടെ വീട്ടിലെത്തി. ആശാരിയുടെ ഭാര്യ അയാളെ സ്നേഹപൂർവ്വം സ്വീകരിച്ച് കട്ടിലിലിരുത്തി. കട്ടിലിനടിയിലായിരുന്ന ആശാരി ഭാര്യയുടെ വിശ്വാസവഞ്ചന നേരിട്ട് കണ്ട് കുപിതനായി. എങ്കിലും അയാൾ ദേഷ്യമടക്കി ഇരുന്നതേയുള്ളൂ.

ജാരനോടൊപ്പം അവൾ കട്ടിലിലിരുന്നപ്പോൾ അവളുടെ കാലുകൾ ഭർത്താവിന്റെ ശരീരത്തിൽ ഒന്നു തട്ടി. ബുദ്ധിമതിയായ അവൾ കാര്യം മനസ്സിലാക്കി. തന്ത്രപൂർവ്വം പെരുമാറി ഭർത്താവിനെ പറ്റിക്കണമെന്ന് അവളുറച്ചു. അവൾ ജാരനോട് പറഞ്ഞു. "ദയവായി എന്നെ തൊടരുത്. ഞാനൊരു പതിവ്രതയാണ്." ഇതുകേട്ട് അമ്പരന്ന ജാരൻ ചോദിച്ചു. "പ്രിയേ, നീയെന്താണീ പറയുന്നത്? നീ ക്ഷണിച്ചിട്ടല്ലേ ഞാൻ വന്നത്?

എന്നിട്ടും....." അപ്പോൾ അവൾ പറഞ്ഞു. "ക്ഷമിക്കമം. എന്റെ നല്ലവനായ ഭർത്താവിന്റെ രക്ഷയ്ക്കു വേണ്ടിയാണ് അങ്ങയോട് വരാൻ പറഞ്ഞത്. കഴിഞ്ഞ ദിവസം എനിക്ക് ഒരശരീരിയുണ്ടായി. എന്റെ ഭർത്താവ് ആറുമാസത്തിനകം മരിച്ചുപോവുമെന്നായിരുന്നു അത്. ഈ വാക്കുകൾ എന്നെ ഞെട്ടിച്ചു. ഈ ദുർവ്വിധിക്കുള്ള പ്രതിവിധിയും അശരീരിയിലുണ്ടായിരുന്നു. ഞാൻ പരപുരുഷനോടൊത്ത് കിടക്കയിൽ കിടന്നാൽ മരണം ഭർത്താവിനെ വിട്ട് അയാളെ പിടികൂടുമത്രെ. അതുകൊണ്ട് ഭർത്താവിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടിയാണ് ഞാൻ നിങ്ങളെ ക്ഷണിച്ചത്".

അവളുടെ വാക്കുകൾ കേട്ടപ്പോൾ ജാരന് കാര്യം മനസ്സിലായി. അയാൾ ഒരു പുഞ്ചിരിയോടെ അവളെ പുണർന്നു. കട്ടിലിനടിയിലിരുന്ന ആശാരി ഇതുകേട്ട് പശ്ചാത്തപിച്ചു. നിഷ്കളങ്കയായ ഭാര്യയെ സംശയിക്കേണ്ടി വന്നതിൽ അയാൾ അതിയായി ദുഃഖിച്ചു. അയാൾ കട്ടിലിനടിയിൽനിന്നും പുറത്തുവന്ന് ഭാര്യയോട് മാപ്പുചോദിച്ചു. തന്റെ ജീവൻ രക്ഷിക്കാനായി മരണം വരിക്കാൻ തയ്യാറായ ജാരനോടും ആശാരി നന്ദി പറഞ്ഞു. ഭാര്യയുടെ സ്നേഹാധിക്യത്തിന്റെ കഥകൾ അയൽക്കാരോട് വിശദീകരിക്കാനും മണ്ടൻ ആശാരി മറന്നില്ല. ആശാരിയുടെ ഭാര്യ ഇതെല്ലാം കണ്ട് മനസ്സിൽ ചിരിച്ചു.

**'മണ്ടന്മാരെ നല്ല വാക്കുകൾ പറഞ്ഞ് വഴി തെറ്റിക്കാൻ എളുപ്പമാണ്'**

# മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയായി

നദിക്കരയിൽ ആശ്രമം കെട്ടി ദിവ്യനായ ഒരു സന്യാസി താമസിച്ചിരുന്നു. ഒരു ദിവസം അദ്ദേഹം നദിയിൽ മുങ്ങിയുയർന്ന് സന്ധ്യാവന്ദനത്തിനൊരുങ്ങിയപ്പോൾ കൈകളിൽ ഒരു ചുണ്ടെലി വന്നുവീണു. മുകളിലൂടെ പറന്നുപോയ പരുന്തിന്റെ കൊക്കിൽനിന്ന് താഴെ വീണതാണ് എലിക്കുഞ്ഞ്. സന്യാസിക്കെന്തോ അതിനോട് വാത്സല്യം തോന്നി. അദ്ദേഹം ആ ചുണ്ടെലിയെ സുന്ദരിയായ പെൺകുഞ്ഞാക്കി മാറ്റി. മക്കളില്ലാതിരുന്ന സന്യാസിയും ഭാര്യയും അവളെ സ്വന്തം മകളെ പ്പോലെ വളർത്തി.

പെൺകുഞ്ഞ് വളർന്ന് വിവാഹപ്രായമെത്തി. അവളെ സർവ്വഗുണസമ്പന്നനായ ഒരാളെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ സന്യാസി തീരുമാനിച്ചു. ലോകത്തുവച്ച് ഏറ്റവും ശക്തൻ സൂര്യഭഗവാനാണെന്നു തോന്നിയ അദ്ദേഹം തപഃശക്തിയാൽ സൂര്യനെ വിളിച്ചുവരുത്തി. എന്നാൽ, എടുക്കാനാവാത്തത്ര ചൂടുള്ള സൂര്യനെ ഭർത്താവായി കാണാനാവില്ലെന്ന് പെൺകുട്ടി പറഞ്ഞു. സൂര്യഭഗവാനേക്കാൾ യോഗ്യതയുള്ള ഒരാളെയാണ് തനിക്കാവശ്യമെന്നും അവൾ പറഞ്ഞു. ശക്തനായ മേഘത്തിന് തന്നെക്കാൾ യോഗ്യതയുണ്ടെന്നു പറഞ്ഞ് സൂര്യൻ അപ്രത്യക്ഷനായി.

ഉടൻതന്നെ സന്യാസി മേഘത്തെ വരുത്തി. എന്നാൽ കറുകറുത്ത മേഖത്തെ ഭർത്താവാക്കാൻ പെൺകുട്ടി തയ്യാറായില്ല. മേഘത്തെക്കാൾ യോഗ്യനാരെന്ന സന്യാസിയുടെ ചോദ്യത്തിന് വായുഭഗവാനെന്ന് മേഘം മറുപടി നൽകി. കാറ്റടിച്ചാൽ മേഘം നീങ്ങിപ്പോകുമെന്ന യാഥാർത്ഥ്യം മനസ്സിലോർത്ത് സന്യാസി വായുഭഗവാനെ വരുത്തി. എന്നാൽ സ്ഥിരസ്വഭാവമില്ലെന്നു പറഞ്ഞ് പെൺകുട്ടി അദ്ദേഹത്തേയും തിരസ്ക്കരിച്ചു. കൊടുങ്കാറ്റിനെപ്പോലും തടുക്കാൻ കഴിയുന്ന പർവ്വതം

പെൺകുട്ടിക്ക് ഉചിതനായ ഭർത്താവായിരിക്കുമെന്നു പറഞ്ഞ് വായു ഭഗവാൻ നിരാശയോടെ തിരിച്ചുപോയി. പർവ്വതവും സന്യാസിയുടെ ആഗ്രഹമനുസരിച്ച് ഉടനെയെത്തി. അലിവില്ലാത്ത കഠിനഹൃദയനെന്ന ദോഷമാണ് പെൺകുട്ടി പർവ്വതത്തിൽ കണ്ടത്.

പർവ്വതത്തേക്കാൾ യോഗ്യനാരെന്ന് സന്യാസി ചോദിച്ചു. പർവ്വതനിരകൾപോലും തുളയ്ക്കുന്ന എലിയാണ് ശക്തനെന്ന മറുപടി സന്യാസിയെ അത്ഭുതപ്പെടുത്തി. അദ്ദേഹം മൂഷികരാജനെ വിളിച്ചു വരുത്തി. സുന്ദരനായ എലിയെ കണ്ടപ്പോൾത്തന്നെ പെൺകുട്ടിക്ക് ഇഷ്ടമായി. ഇദ്ദേഹത്തെത്തന്നെ ഭർത്താവായി ലഭിച്ചാൽ മതിയെന്ന് അവൾ ഉറപ്പിച്ചുപറഞ്ഞു. സന്യാസി മകളെ വീണ്ടും എലിയാക്കി മാറ്റി. മൂഷികരാജാവിന് വിവാഹം ചെയ്തുകൊടുത്തു.

**'എത്ര ഉന്നതസ്ഥാനത്തെത്തിയാലും ചിലർ സ്വന്തം ജാതി മറക്കില്ല'**



# സ്വർണ്ണം വിസർജ്ജിക്കുന്ന പക്ഷി

**ഒ**രു കാട്ടിൽ വല വിരിച്ച വേടന് ഭീമാകാരനായ ഒരു പക്ഷിയെ കിട്ടി. പക്ഷിക്കു ചുറ്റും വീണുകിടക്കുന്ന വിസർജ്ജ്യങ്ങൾ സാക്ഷാൽ സ്വർണ്ണം തന്നെയാണെന്നറിഞ്ഞ വേടൻ അത്ഭുതപ്പെട്ടു. സ്വർണ്ണം വിസർജ്ജിക്കുന്ന പക്ഷിയെക്കുറിച്ച് അയാൾ അന്നാദ്യമായി കേൾക്കുകയായിരുന്നു. വേടൻ അതിനേയുംകൊണ്ട് സന്തോഷത്തോടെ വീട്ടിലേയ്ക്കു നടന്നു.


വീട്ടിലെത്തിയതും വേടന്റെ മനസ്സ് പലവിധ ചിന്തകളാൽ അസ്വസ്ഥമായി. മലം സ്വർണ്ണമായ ഈ പക്ഷിയെ ആരെങ്കിലും കാണുകയും ഈ വിവരം അവർ വഴി രാജാവിന്റെ കാതിലെത്തുകയും ചെയ്താൽ സംഗതിയാകെ കുഴപ്പമാകുമെന്ന് അയാൾക്ക് തോന്നി. വേടൻ ഭയാശങ്കകളോടെ പക്ഷിയെ രാജാവിനു മുന്നിൽ കാഴ്ചവച്ചു. സന്തുഷ്ടനായ രാജാവ് വേടന് നിരവധി സമ്മാനങ്ങൾ നൽകി.

രാജാവ് അനുചരന്മാരെ വിളിച്ചുവരുത്തി പറഞ്ഞു. “സ്വർണ്ണം വിസർജ്ജിക്കുന്ന അത്ഭുതപക്ഷിയാണിത്. ഇതിനെ പ്രത്യേകം കൂട്ടിലാക്കുകയും ഇഷ്ടംപോലെ ഭക്ഷണം കൊടുക്കുകയും വേണം. കൂടിനു ചുറ്റും കനത്ത കാവലും വേണം.” ഇതുകേട്ടുകൊണ്ടാണ് മന്ത്രി എത്തിയത്. അദ്ദേഹം പക്ഷിയെ സൂക്ഷിച്ചുനോക്കിയിട്ട് രാജാവിനോ ടായി പറഞ്ഞു. “അല്ലയോ തിരുമനസ്സേ, അങ്ങ് വേടന്റെ പാഴ്വാക്കുകൾ അപ്പടി വിശ്വസിച്ചത് ഒട്ടും ശരിയായില്ല. പക്ഷി സ്വർണ്ണം വിസർജ്ജിക്കും പോലും! ആ വേടൻ അങ്ങയെ കബളിപ്പിച്ചതാണ്. ഇനിയെങ്കിലും ഇതിനെ വിട്ടയക്കണമെന്നാണ് എന്റെ അഭിപ്രായം.” മന്ത്രിയുടെ വാക്കുകൾ അതുപോലെ വിശ്വസിച്ച രാജാവ് പക്ഷിയെ വിട്ടയച്ചു.

പക്ഷി ചിറകടിച്ച് പറന്നുയർന്നു. വഴിനീളെ സ്വർണ്ണം വിസർജ്ജിച്ചു

കൊണ്ടാണ് അത് പറന്നത്. ഇതുകണ്ട് രാജാവും മന്ത്രിയും ഇതികർത്ത വ്യതാമൂഢരായി നിന്നു. അപ്പോൾ പക്ഷി അവരെ പരിഹസിച്ചുകൊണ്ട് പറഞ്ഞു.“ ഇപ്പോൾ മണ്ടന്മാർ നാലായി. വേടനു മുന്നിൽ വിസർജ്ജിച്ച ഞാനാണ് ആദ്യത്തെയാൾ. എന്നെപ്പോലെ വിശിഷ്ടനായ പക്ഷിയെ അങ്ങേയ്ക്കുതന്ന വേടൻ രണ്ടാമത്തെ മണ്ടൻ. എന്റെ വിലയറിയാതെ എന്നെ വിട്ടയച്ച അങ്ങും കഴമ്പില്ലാത്ത ഉപദേശം തന്ന മന്ത്രിയും മൂന്നും നാലും മണ്ടന്മാർ.” ഇതും പറഞ്ഞ് പക്ഷി കാഴ്ചയിൽനിന്ന് മറഞ്ഞു.

**‘സത്യാവസ്ഥ പരിശോധിക്കാതെ ആരുടേയും ഉപദേശം ചെവിക്കൊള്ളരുത്’**



# ഗുഹ സംസാരിച്ചപ്പോൾ

ഒരു കാട്ടിൽ തന്ത്രശാലിയായ ഒരു കുറുക്കൻ ഉണ്ടായിരുന്നു. ഒരു ഗുഹയിലായിലുന്നു അവന്റെ താമസം. പതിവുപോലെ അവൻ അന്നും ഇരതേടി പുറത്തുപോയി. ഈ സമയത്താണ് വിശന്നുവലഞ്ഞ ഒരു സിംഹം അതുവഴി വന്നത്. പകലന്തിയോളം അലഞ്ഞിട്ടും സിഹത്തിന് ഒരു ജന്തുവിനേയും ആഹാരമായി കിട്ടിയിരുന്നില്ല. കുറുക്കന്റെ ഗുഹ കണ്ട് സിംഹം സന്തോഷിച്ചു. ഗുഹയുടെ ഉള്ളിൽ കയറിയിരിക്കാമെന്നും അതിന്റെ ഉടമ തിരിച്ചെത്തുമ്പോൾ പിടിച്ചുതിന്നാമെന്നും സിംഹം കരുതി. അപ്പോഴേയ്ക്കും നേരം സന്ധ്യയായിരുന്നു. സിംഹം ശ്രമപ്പെട്ട് ഗുഹയ്ക്കുള്ളിൽ കയറിക്കൂടി.

അല്പം കഴിഞ്ഞതും കുറുക്കൻ തിരിച്ചെത്തി. പെട്ടെന്നാണ് ഗുഹയിലേയ്ക്കുള്ള വഴിയിൽ ഒരു സിംഹത്തിന്റെ കാല്പാടുകൾ പതിഞ്ഞിട്ടുള്ളത് അവന്റെ ശ്രദ്ധയിൽപ്പെട്ടത്. അവൻ ആ പാടുകൾ വീണ്ടും ശ്രദ്ധിച്ചു. സിംഹം ഗുഹയ്ക്കുള്ളിലേക്ക് പോയതല്ലാതെ തിരിച്ചിറങ്ങിയതിന്റെ പാടുകൾ കാണാനില്ല. സിംഹം ഗുഹയ്ക്കുള്ളിൽ തന്നെയുണ്ടോ എന്ന കാര്യം ഒന്നുകൂടി ഉറപ്പുവരുത്തണമെന്ന് അവൻ തീരുമാനിച്ചു.

കുറുക്കൻ ഗുഹയുടെ മുന്നിൽനിന്ന് ഉറക്കെ വിളിച്ചു. “എന്റെ പ്രിയപ്പെട്ട ഗുഹേ, ഞാനിതാ തിരിച്ചെത്തിയിരിക്കുന്നു.” എന്നാൽ ഗുഹയിൽനിന്നും പ്രതികരണമൊന്നുമുണ്ടായില്ല. അപ്പോൾ കുറുക്കൻ പറഞ്ഞു. “ഗുഹേ, നീയെന്താണ് ഒന്നും മിണ്ടാത്തത്? നമ്മൾ തമ്മിൽ ഇങ്ങനെയായിരുന്നില്ലല്ലോ പതിവ്. ഞാൻ പുറത്തുപോയി തിരിച്ചു വന്നാൽ നിന്നെ വിളിക്കണമെന്നും അതുകേട്ട് നീ തിരികെ സ്വാഗതം ചെയ്യണമെന്നുമാണല്ലോ നമ്മളുണ്ടാക്കിയ ഉടമ്പടി. ഇന്നെന്തു പറ്റി?” ഇതു പറഞ്ഞ് കുറുക്കൻ തിരിച്ചുനടക്കാൻ ഭാവിച്ചു.

ഗുഹക്കുള്ളിലിരുന്ന സിംഹം ഇതെല്ലാം കേട്ടു. സംസാരിക്കുന്ന ഗുഹയെക്കുറിച്ചറിഞ്ഞ് സിംഹം അത്ഭുതപ്പെട്ടു. ഗുഹ പതിവായി സംസാരിക്കാറുണ്ടെന്നല്ലേ കുറുക്കൻ പറഞ്ഞത്. ഇന്ന് ആ പതിവ് തെറ്റിയാൽ അവൻ സംശയം തോന്നി മടങ്ങിപ്പോവും. മൃഗരാജനായ തന്നെ കണ്ടതുകൊണ്ട് ഗുഹ പേടിച്ചരണ്ടതുകൊണ്ടാണ് മിണ്ടാതിരിക്കുന്നതെന്നും സിംഹം കരുതി. അതുകൊണ്ട് സിംഹം ശബ്ദം മാറ്റി ഇങ്ങനെ പറഞ്ഞു. “ചങ്ങാതീ, നീ തിരിച്ചുവന്നതിൽ എനിക്ക് സന്തോഷമുണ്ട്. മടിക്കാതെ അകത്തുവന്ന് വിശ്രമിച്ചാലും.”

സിംഹം ഗുഹയിൽത്തന്നെയുണ്ടെന്ന് ഉറപ്പായപ്പോൾ കുറുക്കൻ ഓടി രക്ഷപ്പെട്ടു. ഓട്ടത്തിനിടയിൽ അവൻ വിളിച്ചുപറഞ്ഞു. “എടാ. മണ്ടൻ സിംഹത്താനേ, ഞാനീ ഗുഹയിൽ താമസിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇന്നുവരേയും ഈ ഗുഹയോ, മറ്റേതെങ്കിലും ഗുഹയോ സംസാരിച്ചതായിട്ട് ഞാൻ കേട്ടിട്ടില്ല.” ഇതു കേട്ടപ്പോൾ സിംഹം നിരാശനായി ഗുഹയിൽ നിന്നിറങ്ങിപ്പോയി.

**‘ദുരന്തം മുൻകൂട്ടി കണ്ടറിഞ്ഞ്**
**പോംവഴി തേടുന്നവനാണ് ബുദ്ധിമാൻ’**



# പാമ്പും തവളകളും

**ഒ**രു കുളക്കരയിൽ വൃദ്ധനായ വിഷസർപ്പം ജീവിച്ചിരുന്നു. ഇരകളെ തേടിപ്പിടിക്കാനുള്ള കരുത്തുപോലും അവനുണ്ടായിരുന്നില്ല. കുളത്തിലാണെങ്കിൽ നിരവധി തവളകളുണ്ടായിരുന്നു. അവയെ നോക്കി വെള്ളമിറക്കാനേ പാമ്പിനായുള്ളൂ. എന്തെങ്കിലും സൂത്രം ഉപയോഗിച്ച് ഇവറ്റകളെ അകത്താക്കണമെന്ന് പാമ്പ് തീരുമാനിച്ചു.

ഒരു ദിവസം പാമ്പ് കുളക്കരയിലിരുന്ന് ധ്യാനിക്കാൻ തുടങ്ങി. ഇതുകണ്ട് തവളകളുടെ നേതാവ് പാമ്പിനോട് കാര്യം തിരക്കി. അപ്പോൾ പാമ്പ് പറഞ്ഞു. " ചങ്ങാതീ, എനിക്ക് ജീവിതം മടുത്തിരിക്കുകയാണ്. ഒരു ദിവസം ഞാനൊരു തവളയെ പിന്തുടർന്ന് ബ്രാഹ്മണരുടെ യാഗശാല അശുദ്ധമാക്കി. പിന്നെയും ഞാനതിന്റെ പുറകെതന്നെ ഇഴഞ്ഞുചെന്നു. വെള്ളത്തിൽ ഒരു ബ്രാഹ്മണകുമാരന്റെ കാൽവിരൽ കണ്ട് തവളയാണെന്ന് തെറ്റിദ്ധരിച്ച് ഞാൻ കടിച്ചു. കുപിതനായ കുമാരൻ എന്നെ ശപിച്ചു. പാപിയായ ഞാൻ ജീവിതകാലം മുഴുവൻ തവളകളെ ചുമന്നു നടക്കണമെന്നും അവർ അറിഞ്ഞുതന്നാൽ മാത്രം വല്ലതും കഴിക്കണമെന്നുമായിരുന്നു ശാപം".

പാമ്പിന്റെ വാക്കുകൾകേട്ട് തവളകൾ ആഹ്ലാദത്തോടെ ചുറ്റും കൂടി. അവർ മത്സരിച്ച് പാമ്പിന്റെ തലയിൽ ചാടിക്കയറി. പാമ്പ് അവരേയും ചുമന്ന് അവിടെയെല്ലാം ഇഴഞ്ഞുനടന്നു. ഈ പതിവ് ദിവസവും തുടർന്നു. ഒരു ദിവസം പാമ്പ് ഇഴയാനാവാത്തത്ര ക്ഷീണം നടിച്ചു. തവള നേതാവ് ക്ഷീണത്തിനു കാരണം തിരക്കിയപ്പോൾ വിശപ്പുകൊണ്ട് താനവശനാണെന്ന് പാമ്പ് മറുപടി നൽകി. പാമ്പിന്റെ വിശപ്പകറ്റാൻ ചെറുതവളകളെ തിന്നാൻ നേതാവ് അനുമതി നൽകി. ഈ തക്കം പാർത്തിരുന്ന പാമ്പ് തവളകളെ ഒന്നൊന്നായി കൊന്നുതിന്നാൻ തുടങ്ങി. ഏറ്റവുമൊടുവിൽ നേതാവിനേയും.

---

**'അവസരം നോക്കി ബുദ്ധി ഉപയോഗിക്കുന്നവനേ നിലനിൽക്കാനാവൂ'**

---

# ഭഗവതിയുടെ അനുഗ്രഹം

**ഒ**രിടത്ത് ഒരു ബ്രാഹ്മണനും ഭാര്യയും ജീവിച്ചിരുന്നു. ബ്രാഹ്മണ പത്നി ഒരു നല്ല സ്ത്രീയായിരുന്നില്ല. അടുത്തുതന്നെ അവൾക്കൊരു ജാരനുണ്ടായിരുന്നു. എല്ലാ ദിവസവും ഭർത്താവറിയാതെ അവൾ മധുരപലഹാരങ്ങളുണ്ടാക്കി അയാൾക്ക് കൊടുത്തിരുന്നു. ഒരിക്കൽ ഇത് ബ്രാഹ്മണൻ കണ്ടെത്തി. മധുരപലഹാരങ്ങൾ എങ്ങോട്ടു കൊണ്ടു പോകുന്നുവെന്ന ചോദ്യത്തിന് ഭഗവതിയുടെ അടുത്തേക്ക് എന്നായിരുന്നു അവളുടെ മറുപടി.

ബ്രാഹ്മണൻ വേഗം ക്ഷേത്രത്തിലെത്തി ഭഗവതിയുടെ വിഗ്രഹത്തിനു പുറകിൽ മറഞ്ഞിരുന്നു. ഭർത്താവിന്റെ ശല്യം തീർക്കാനായി ഭഗവതിക്ക് മധുരം നൽകി പ്രാർത്ഥിക്കാമെന്നു കരുതിയ ബ്രാഹ്മണ പത്നിയും അവിടെയെത്തി. "ദേവീ, എന്റെ ഭർത്താവിന്റെ കണ്ണുപൊട്ടിപ്പോകാൻ എന്താണു ചെയ്യേണ്ടത്?" അവൾ കണ്ണടച്ച്, തൊഴുകൈയോടെ പ്രാർത്ഥിച്ചു. ഈ സമയം വിഗ്രഹത്തിനു പുറകിലിരുന്ന ബ്രാഹ്മണൻ ശബ്ദം നേർപ്പിച്ച് പറഞ്ഞു. "ഭർത്താവിന് എപ്പോളും ധാരാളം മധുരപലഹാരങ്ങൾ നൽകിയാൽ മതി. ക്രമേണ അയാൾ അന്ധനായിത്തീരും." ഇതുകേട്ട് അവൾ സന്തോഷത്തോടെ മടങ്ങി.

പിറ്റേന്നുമുതൽ ബ്രാഹ്മണപത്നി ഭർത്താവിന് ദിവസവും പലഹാരങ്ങൾ നൽകി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ തനിക്ക് കാഴ്ച കുറയുന്നുവെന്ന് പറഞ്ഞ് ബ്രാഹ്മണൻ അവളുടെ വിശ്വാസം പിടിച്ചുപറ്റി. അതോടെ ജാരൻ ദിവസേനയെന്നപോലെ അവിടെ കയറിവരാൻ തുടങ്ങി. അന്ധനായ ബ്രാഹ്മണന് ഒന്നും കാണാനാവില്ല എന്ന ധൈര്യത്തിലായിരുന്നു അത്. ഈ തക്കത്തിന് ബ്രാഹ്മണൻ ജാരനെ അടിച്ചവശനാക്കി. മർദ്ദനത്തിന്റെ കാഠിന്യത്താൽ അയാൾ മരിച്ചുപോയി. വിശ്വാസവഞ്ചകിയായ പത്നിയുടെ മൂക്കു മുറിച്ച് അവിടെനിന്നും ഓടിച്ചുവിട്ടു.

---

**'ബുദ്ധിമാൻ അവസരം വേണ്ടവിധം ഉപയോഗിക്കും'**

---

## പഞ്ചതന്ത്രം കഥകൾ

### നാലാം ഭാഗം

# മരക്കൊമ്പത്തെ ഹൃദയം

**ക**ടൽക്കരയിലുള്ള വലിയ ചാമ്പമരത്തിലായിരുന്നു കുരങ്ങൻ ജീവിച്ചിരുന്നത്. ഒരിക്കൽ ഒരു മുതല വെള്ളത്തിൽ നിന്നു കരയ്ക്കു കയറി ആ ചാമ്പ മരത്തിന്റെ ചുവട്ടിൽ വന്നുകിടന്നു. മരമുകളിലിരുന്ന കുരങ്ങന് മുതലയോട് സ്നേഹം തോന്നി. കുരങ്ങൻ ചാമ്പമരം ശക്തിയിൽ കുലുക്കി. അതിൽനിന്ന് പഴുത്ത് പാകം വന്ന ധാരാളം ചാമ്പയ്ക്കകൾ നിലത്തു വീണു. ചാമ്പയ്ക്കകൾ പെറുക്കിത്തിന്നാൻ കുരങ്ങൻ മുതലയോട് പറഞ്ഞു. മതല വയറുനിറയെ ചാമ്പയ്ക്ക തിന്നു. മുതലയും കുരങ്ങനും അതിവേഗം നല്ല സുഹൃത്തുക്കളായി. യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ മുതലയുടെ ഭാര്യയ്ക്കുവേണ്ടിയും കുറേ പഴുത്ത ചാമ്പയ്ക്ക കുരങ്ങൻ നൽകി.

ഇതൊരു പതിവായിത്തീർന്നു. ദിവസവും മുതല ചാമ്പച്ചുവട്ടിലെത്തുകയും കുരങ്ങനുമായി ഏറെനേരം സംസാരിച്ചിരിക്കുകയും ചെയ്തു. ഭാര്യയ്ക്കായി എന്നും ചാമ്പയ്ക്ക കൊടുത്തയയ്ക്കാനും കുരങ്ങൻ മറന്നില്ല. സ്വാദേറിയ ചാമ്പയ്ക്കകൾ മുതലയുടെ ഭാര്യ ആർത്തിയോടെ ഭക്ഷിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം അവൾ ഭർത്താവിനോട് ചോദിച്ചു. “പ്രിയതമാ, അങ്ങയുടെ സുഹൃത്തായ കുരങ്ങൻ ദിവസവും നമുക്ക് ചാമ്പയ്ക്ക തന്നയയ്ക്കുന്നുവല്ലോ. ഇപ്പോഴെനിക്കൊരു മോഹം തോന്നുന്നു. അത് അങ്ങ് സാധിച്ചുതരുമെന്നാണെന്റെ വിശ്വാസം. ഈ പഴങ്ങൾ എത്ര സ്വാദിഷ്ടമാണ്! അപ്പോൾ എന്നും ചാമ്പയ്ക്ക തിന്നുന്ന ആ കുരങ്ങന്റെ ഹൃദയം എത്ര മധുരമുള്ളതാവും. എന്നോട് ശരിക്കും സ്നേഹമുണ്ടെങ്കിൽ അവന്റെ ഹൃദയം എനിക്ക് തിന്നാൻ കൊണ്ടുവന്നു തരണം.”

ഭാര്യയുടെ ആഗ്രഹം മുതലയെ ഞെട്ടിച്ചു. തന്റെ ഉറ്റ ചങ്ങാതിയുടെ

ഹൃദയം ഇവൾക്കു വേണംപോലും! മുതല പലതും പറഞ്ഞ് ഭാര്യയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലിച്ചില്ല. കുരങ്ങന്റെ ഹൃദയം കൊണ്ടുവന്നില്ലെങ്കിൽ താൻ പട്ടിണികിടന്നു മരിക്കുമെന്ന് മുതലയുടെ ഭാര്യ ഭീഷണി മുഴക്കി. ഗത്യന്തരമില്ലാതെ മുതല കുറെ ദിവസങ്ങൾക്കു ശേഷം ചാമ്പച്ചുവട്ടിലേക്കു പോയി. സത്യം പറഞ്ഞാൽ കുരങ്ങൻ തന്റെ കൂടെ വരില്ലെന്നു മനസ്സിലാക്കിയ മുതല ഒരു സൂത്രം പ്രയോഗിച്ച് അവനെ കൊണ്ടുവരാൻ തീരുമാനിച്ചു.

ചാമ്പച്ചുവട്ടിലെത്തിയ മുതലയെ കുരങ്ങൻ ചാമ്പയ്ക്ക നൽകി സ്വീകരിച്ചു. കുറെനേരം സംസാരിച്ചിരുന്നശേഷം മുതല പറഞ്ഞു. "ചങ്ങാതീ, നിന്റെ സ്നേഹത്തിൽ എന്റെ ഭാര്യയ്ക്കും വലിയ മതിപ്പായി രിക്കുന്നു. കഴിഞ്ഞ ദിവസം ഭാര്യ എന്നെ കഠിനമായി ശാസിച്ചു. ഇത്രയും കാലം ചാമ്പയ്ക്ക തന്ന് സൽക്കരിച്ച ചങ്ങാതിയെ ഒരിക്കൽപ്പോലും വീട്ടിലേക്ക് ക്ഷണിച്ചില്ലല്ലോ എന്ന് കുറ്റപ്പെടുത്തിയാണിത്. ഒടുവിൽ ഇന്നുതന്നെ ഞാൻ ചങ്ങാതിയേയും കൂട്ടിവരാമെന്നു പറഞ്ഞപ്പോഴാണ് അവൾ അടങ്ങിയത്. അവൾ എന്റെ ചങ്ങാതിയെ സൽക്കരിക്കാൻ വിഭവങ്ങൾ തയ്യാറാക്കി കാത്തിരിക്കുകയാണിപ്പോൾ. അതുകൊണ്ട് നീ ഇപ്പോൾത്തന്നെ എന്റെ കൂടെ വരണം." മുതലയുടെ വാക്കുകൾ കുരങ്ങ നെ സന്തോഷിപ്പിച്ചു. അവൻ യാത്രക്കൊരുങ്ങി.

മുതലയുടെ പരുപരുത്ത പുറത്തുകയറി കുരങ്ങൻ യാത്ര തുടങ്ങി. തിരമാലകളെ കീറിമുറിച്ചുകൊണ്ട് അവർ മുന്നോട്ടു നീങ്ങി. വേഗത കൂടിയപ്പോൾ താൻ വെള്ളത്തിൽ വീണുപോകുമോ എന്ന് കുരങ്ങൻ ഭയന്നു. ഉൾക്കടലിൽ എത്തിക്കഴിഞ്ഞതിനാൽ ഇനി സത്യം തുറന്നു പറഞ്ഞാലും കുരങ്ങന് രക്ഷപ്പെടാനാവില്ലെന്ന് മുതലയ്ക്കു തോന്നി. അവൻ പറഞ്ഞു. "ചങ്ങാതീ, നിയെന്നോട് ക്ഷമിക്കണം. നിന്നെ കൊല്ലാൻ വേണ്ടിയാണ് ഞാൻ ഇങ്ങോട്ടു കൊണ്ടുവന്നിരിക്കുന്നത്. നിന്റെ ഹൃദയം തിന്നണമെന്ന എന്റെ ഭാര്യയുടെ ആഗ്രഹം സാധിക്കാനാണ് ഞാനിതു ചെയ്തത്."

മുതലയുടെ തനിനിറം മനസ്സിലായ കുരങ്ങൻ ഒന്നു ഞെട്ടി. എങ്ങനേയും ജീവൻ രക്ഷിക്കണമെന്ന് കുരങ്ങൻ തീരുമാനിച്ചു. കടലിന്റെ നടുക്കുവെച്ച് ശക്തനായ മുതലയോട് എതിരിടുന്നത് ബുദ്ധിയാവില്ല. എന്തെങ്കിലും സൂത്രപ്പണിയിലൂടെ മാത്രമേ രക്ഷപ്പെടാനാവൂ. പെട്ടെന്ന് കുരങ്ങന് ഒരു ബുദ്ധി തോന്നി. അവൻ പറഞ്ഞു. "ചങ്ങാതീ, നിന്റെ ഭാര്യയുടെ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി മരിക്കാൻ എനിക്ക്

സന്തോഷമേയുള്ളൂ. എന്നാൽ, ഇക്കാര്യം നിനക്ക് നേരത്തെ പറഞ്ഞു കൂടായിരുന്നോ? ഞാനെന്റെ ഹൃദയം ചാമ്പമരത്തിന്റെ പൊത്തിൽ വെച്ചിട്ടാണ് നിന്റെ കൂടെ വന്നത്. ഇനിയപ്പോൾ തിരിച്ചുപോവുകയേ നിവൃത്തിയുള്ളൂ. അവിടെ ചെന്നാലുടൻ പൊത്തിൽനിന്നും ഹൃദയമെടുത്ത് നിനക്കു തരാം." മണ്ടൻ മുതല കുരങ്ങന്റെ വാക്കുകൾ വിശ്വസിച്ച് തിരിച്ചു നീന്തി.

കരയിലെത്തിയതും കുരങ്ങൻ ഒറ്റച്ചാട്ടത്തിന് ചാമ്പയുടെ മുകളി ലെത്തി. ജീവൻ തിരിച്ചുകിട്ടിയ ആശ്വാസത്തോടെ അവൻ അവിടെത്ത ന്നെയിരുന്നു. കുറെ നേരമായിട്ടും കുരങ്ങൻ ഹൃദയവുമായി തിരിച്ചെത്താത്തതറിഞ്ഞ് മുതല വിളിച്ചുചോദിച്ചു. "ഏയ്, ചങ്ങാതീ, നീയെന്തെടുക്കുകയാണവിടെ? വേഗം ഹൃദയവുമായി വാ. എനിക്ക് പോകാൻ തിരക്കുണ്ട്." ഇതുകേട്ട് കുരങ്ങൻ പരിഹാസസ്വരത്തിൽ പറഞ്ഞു. "എടാ മരമണ്ടൻ മുതലേ, നീയവിടെ കാത്തുനിന്ന് വേരു പിടിപ്പിച്ചോ, ഹൃദയം മരപ്പൊത്തിൽ വെച്ചിട്ടാണ് ഞാൻ പോന്നതെന്ന വാക്കുകള നീ വിശ്വസിച്ചല്ലോ. ഹൃദയം പുറത്തെടുത്താൽ പിന്നെയാർ ക്കും ജീവിക്കാനാവില്ലെന്ന ബോധംപോലും നിനക്കില്ലാതെ പോയി. ഇനി നീ നിന്റെ പാടുനോക്കി പൊയ്ക്കോ. നമ്മൾ തമ്മിലുള്ള ചങ്ങാത്ത വും ഇതോടെ തീർന്നു."

മുതല ലജ്ജിച്ച് തലതാഴ്ത്തി. ചങ്ങാതിയെ ചതിച്ച് കൊല്ലാൻ ശ്രമിച്ചതിൽ അവന് വല്ലാത്ത കുറ്റബോധവും തോന്നി. അവൻ കുരങ്ങ നോട് പറഞ്ഞു. "ഞാൻ വീണ്ടും ക്ഷമ ചോദിക്കുന്നു. ഭാര്യയുടെ നിർബ ന്ധം മൂലം ഒരു ദുർബ്ബലനിമിഷത്തിൽ എന്റെ ബുദ്ധി തെറ്റായി സഞ്ചരി ച്ചതാണ്. ഇപ്പോൾ ഞാനതിൽ പശ്ചാത്തപിക്കുന്നു. എനിക്ക് നിന്റെ ഹൃദയം വേണ്ട. നീ ഇറങ്ങി വരൂ. നമുക്ക് പഴയപോലെ നല്ല സുഹൃത്തു ക്കളാവാം." അപ്പോൾ കുരങ്ങൻ പറഞ്ഞു. "നീയൊന്നും പറയണ്ട. ഒരിക്കൽ വിശ്വാസവഞ്ചന കാട്ടിയവനുമായി വീണ്ടും ചങ്ങാത്തം കൂടാൻ മാത്രം മണ്ടനല്ല ഞാൻ. പെൺചൊല്ലു കേൾക്കുന്നവൻ പെരുവഴിയി ലാകുമെന്ന ചൊല്ല് ശരിയാണെന്ന് നീ ഇനിയെങ്കിലും മനസ്സിലാക്കിക്കോ. നിന്ന് സമയം കളയാതെ പോവാൻ നോക്ക്."

വീണ്ടും മുതല കുരങ്ങന്റെ മനസ്സ് മാറ്റാൻ ശ്രമിച്ചു. ഒന്നും അല്പം പോലും ഫലിച്ചില്ല. അവർ സംസാരിച്ചിരിക്കെ മറ്റൊരു സമുദ്രജീവി അവിടെയെത്തി. മുതലയെ കാത്തുകാത്ത് പട്ടിണികിടന്ന ഭാര്യ മരിച്ചുപോയെന്നും മുതലയുടെ വീട്ടിൽ മറ്റൊരു മുതല പാർപ്പുറപ്പിച്ചെന്നും

അവൻ അറിയിച്ചു. ഇതറിഞ്ഞ് മുതല വല്ലാതെ ദുഃഖിച്ചു. ഈയവസ്ഥയിൽ താനെന്തു ചെയ്യണമെന്ന് മുതല കുരങ്ങനോട് ചോദിച്ചു. മുതലയുമായി സൗഹൃദം തുടരുന്നതിൽ താല്പര്യമില്ലാതിരുന്ന കുരങ്ങൻ ദുഷ്ടയായ ഭാര്യ മരിച്ചതിൽ ആശ്വസിക്കുകയാണ് വേണ്ടതെന്ന് മുതലയെ ഉപദേശിച്ചു. വീട് കയ്യേറി താമസമാക്കിയ മുതലയെ ആക്രമിച്ച് തോല്പിക്കുന്നതാവും ഉചിതമെന്ന് പറഞ്ഞ് കുരങ്ങൻ മുതലയെ യാത്രയാക്കി. മുതല വീട്ടിലെത്തി ശത്രുവിനോട് യുദ്ധം ചെയ്ത് അവനെ കൊന്നു. ശേഷിച്ച കാലം അവൻ തനിച്ച് അവിടെ സുഖമായിക്കഴിഞ്ഞു. എങ്കിലും കുരങ്ങന്റെ സൗഹൃദം നഷ്ടപ്പെടുത്തിയതിന്റെ ദുഃഖം അവനെ എപ്പോഴും വേട്ടയാടി.

**'ശക്തനായ മണ്ടനെ ബുദ്ധികൊണ്ട് തോല്പിക്കാം'**



# താൻ കുഴിച്ചകുഴിയിൽ......

**ത**വളരാജാവും പ്രജകളും നഗരത്തിലെ കിണറ്റിലാണ് വസിച്ചിരുന്നത്. രാജാവിന്റെ സ്വാർത്ഥതയോടെയുള്ള പെരുമാറ്റം മൂലം പ്രജകളിൽ ഭൂരിപക്ഷവും അദ്ദേഹത്തിനെതിരായി. അവർ രാജാവിനെ ധിക്കരിക്കാൻ തുടങ്ങി. തന്റെ എതിരാളികളെ എങ്ങനേയും നശിപ്പിച്ച് ആധിപത്യം ഉറപ്പിക്കണമെന്ന് രാജാവ് തീരുമാനിച്ചു. ഒരുദിവസം ആരോ വെള്ളം കോരാൻ ഇറക്കിയ പാളയിൽ കയറിക്കൂടി രാജാവ് കരയിലെത്തി.

ശത്രുക്കളെ പാഠം പഠിപ്പിക്കേണ്ടതെങ്ങനെയെന്ന് തലപുകഞ്ഞാലോചിച്ച് തവളരാജാവ് ഒരു പൊന്തക്കാട്ടിൽ ഒളിച്ചിരുന്നു. അപ്പോഴാണ് ഉഗ്രവിഷമുള്ള ഒരു പാമ്പ് പുറ്റിനുള്ളിലേക്ക് ഇഴഞ്ഞിറങ്ങുന്നത് അദ്ദേഹം കാണുന്നത്. ബദ്ധശത്രുക്കളാണെങ്കിലും ഇവനേയും കൂട്ടി കിണറ്റിലേക്ക് പോയാൽ എതിരാളികളെ വകവരുത്താമെന്ന് രാജാവിന് തോന്നി. അദ്ദേഹം പുറ്റിനടുത്തെത്തി ഉറക്കെ വിളിച്ചു. “ അല്ലയോ സർപ്പരാജാവേ, എന്നോട് സഖ്യമുണ്ടാക്കുന്ന പക്ഷം ജീവിതകാലം മുഴുവൻ ജീവിക്കാനുള്ള വഴി ഞാൻ കാട്ടിത്തരാം.” ശബ്ദം കേട്ട് പുറത്തുവന്ന പാമ്പ് തവളയെക്കണ്ട് അത്ഭുതപ്പെട്ടു. പരസ്പരവൈരികളായ ജീവികൾ സഖ്യമുണ്ടാക്കണമെന്ന് തവള നിർദ്ദേശിച്ചതാണ് പാമ്പിനെ അത്ഭുതപ്പെടുത്തിയത്. വൈരമെല്ലാം മറന്ന് സഖ്യമുണ്ടാക്കിയാൽ തന്റെ രാജ്യമായ കിണറ്റിലെ ശത്രുതവളകളെ ആഹാരമാക്കാമെന്ന് തവളരാജാവ് പറഞ്ഞു. രാജവിനെ അനാദരിച്ച തവളകളെ സംഹരിക്കുന്ന കാര്യം പാമ്പ് ഏറ്റു.

തവളയും പാമ്പും വെള്ളം കോരുന്ന പാള വഴി കിണറ്റിലെത്തി. കിണറ്റിൽ തന്റെ പക്ഷക്കാരായ തവളകളെ ഒരു കാരണവശാലും കൊല്ലരുതെന്നു ഉറപ്പും തവളരാജാവ് നേടിയെടുത്തു. കിണറ്റിൽ

വെള്ളത്തിനു മുകളിലുള്ള മാളം പാമ്പിന് താമസിക്കാനായി രാജാവ് ഒരുക്കിക്കൊടുത്തു. തവള രാജാവ് ചൂണ്ടിക്കാട്ടുന്ന തവളകളെ ഒന്നൊന്നായി പാമ്പ് കൊന്നുതിന്നാൽ തുടങ്ങി.


കുറച്ചു ദിവസങ്ങൾക്കുള്ളിൽ തവളരാജാവിന്റെ ശത്രുക്കളെയൊക്കെ പാമ്പ് തിന്നുകഴിഞ്ഞു. പിന്നെയും പാമ്പിന് വിശന്നപ്പോൾ തവളയോട് ഭക്ഷണം തരാൻ ആവശ്യപ്പെട്ടു. തന്റെ ശത്രുക്കളെല്ലാം നശിച്ചുകഴിഞ്ഞെന്നും ഇനി തിരികെ കരയ്ക്കു കയറി പുറ്റിലേയ്ക്കു പോകണമെന്ന് തവളരാജാവ് ആവശ്യപ്പെട്ടു. ഇതുകേട്ടപ്പോൾ പാമ്പിന്റെ ഭാവം മാറി. ഇനിയും ധാരാളം തവളകൾ കിണറ്റിലുള്ളതിൽനിന്ന് ദിവസേന ഓരോന്നിനെ വീതം തനിക്കു തന്നില്ലെങ്കിൽ എല്ലാറ്റിനേയും അകത്താക്കുമെന്ന് പാമ്പ് ഭീഷണി മുഴക്കി. വേറെ വഴിയില്ലാതെ ഓരോ തവളകളെ വീതം തവളരാജാവ് പാമ്പിന് കൊടുത്തു. രാജാവറിയാതെ വേറെ തവളകളേയും പാമ്പ് രഹസ്യമായി തിന്നുകൊണ്ടിരുന്നു. മറ്റ് തവളകൾ തീർന്നപ്പോൾ പാമ്പ് രാജാവിന്റെ ഭാര്യയേയും മകനേയും അകത്താക്കി.

കിണറ്റിൽ തവളരാജാവ് മാത്രം ശേഷിച്ചു. പാമ്പിന്റെ അടുത്ത ലക്ഷ്യം താനാണെന്നറിഞ്ഞ രാജാവ് അവിടെനിന്നും രക്ഷപ്പെടാനുള്ള വഴിയന്വേഷിച്ചു. അപ്പോൾ പാമ്പ് ഇഴഞ്ഞുവന്ന് തനിക്ക് സഹിക്കാനാവില്ലെന്നും ആഹാരം വേണമെന്നും ആവശ്യപ്പെട്ടു. അടുത്തുള്ള കുളംവരെ തന്നെ പോകാനനുവദിച്ചാൽ അവിടുത്തെ തവളകളെ പറഞ്ഞ് പ്രലോഭിപ്പിച്ച് ഇങ്ങോട്ടു കൊണ്ടുവരാമെന്ന് തവള രാജാവ് പറഞ്ഞു. പാമ്പ് സമ്മതം മൂളി. ഈ തക്കത്തിന് പാളയിൽ കയറി തവളരാജാവ് രക്ഷപ്പെട്ടു.

ദിവസങ്ങൾ കഴിഞ്ഞിട്ടും തവള തിരിച്ചെത്താതെ വന്നപ്പോൾ പാമ്പ് കിണറ്റിലെ താമസക്കാരനായ ഉടുമ്പിന്റെ സഹായം തേടി. ഉടുമ്പ് കരയിലെത്തി ഏറെനേരം തിരഞ്ഞ് തവളരാജാവിനെ കണ്ടെത്തി. കിണറ്റിലേക്ക് തിരിച്ചുവരാൻ പാമ്പ് സ്നേഹപൂർവ്വം അഭ്യർത്ഥിച്ചതായി ഉടുമ്പ് പറഞ്ഞു. അപ്പോൾ തവളരാജാവിന്റെ മറുപടി ഇതായിരുന്നു. “ചങ്ങാതീ, ഞാൻ ചെയ്ത ഒരു ബുദ്ധിമോശത്തിന്റെ ഫലം ഇതിനകം അനുഭവിച്ചു. എന്റെ ഭാര്യയേയും മകനേയും ബന്ധുക്കളേയുമെല്ലാം ആ ദുഷ്ടൻ തിന്നുകഴിഞ്ഞു. ആയുസ്സിന്റെ ബലംകൊണ്ട് ഞാൻ ഒരുവിധം രക്ഷപ്പെട്ടു. ഇപ്പോൾ അവന് എന്നോട് എന്തൊരു സ്നേഹമാണ്! ഞാൻ അതുവിശ്വസിച്ചു ചെന്നാൽ അവന് വീണ്ടു വിശക്കും. അപ്പോൾ എന്നെ

തിന്നുകയും ചെയ്യും. അതുകൊണ്ട് ഞാൻ തിരിച്ചുവരുന്ന പ്രശ്നമില്ലെന്ന് അവനോട് ചെന്നുപറഞ്ഞേക്ക്". ഇതും പറഞ്ഞ് തവള ചാടിച്ചാടി പോയി.

**'വിവേകപൂർവ്വം തീരുമാനങ്ങൾ എടുത്തില്ലെങ്കിൽ ദു:ഖിക്കേണ്ടി വരും'**



# തലച്ചോറില്ലാത്ത കഴുത

**സിം**ഹരാജാവിന്റെ വിശ്വസ്തനായിരുന്നു കുറുക്കൻ. ദിവസേന രണ്ടാളും കൂടി ഇരതേടിയിറങ്ങും. സിംഹം പിടികൂടി കൊല്ലുന്ന ജന്തുവിന്റെ ഇറച്ചി രണ്ടുപേരും പങ്കുവെച്ചു തിന്നും. അതായിരുന്നു പതിവ്. അങ്ങനെയിരിക്കെ സിംഹവും കാട്ടാനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ സിംഹത്തിന് ഗുരുതരമായ പരിക്കു പറ്റി. ഇരതേടാനുള്ള ശേഷിപോലും സിംഹത്തിന് നഷ്ടപ്പെട്ടു. വിശന്നു മരിക്കുമെന്നായപ്പോൾ സിംഹം കുറുക്കനോട് പറഞ്ഞു. ‘‘ഇനിയും താമസിച്ചാൽ നമ്മൾ മരിച്ചുപോകും. ഈയവസ്ഥയിൽ എനിക്കൊരു എലിയെപ്പോലും പിടിക്കാനാവില്ല. നീ എവിടെനിന്നെങ്കിലും ഏതെങ്കിലും ജന്തുവിനെ പറഞ്ഞു പറ്റിച്ചുകൊണ്ടുവന്നാൽ ഞാനതിനെ കൊല്ലാം. രണ്ടാൾക്കും വിശപ്പടക്കുകയുമാവാം.”

വിശന്നുപൊരിഞ്ഞിരുന്ന കുറുക്കൻ അപ്പോൾത്തന്നെ ഇരയെതേടി പുറപ്പെട്ടു. അടുത്ത ഒരു ഗ്രാമത്തിലെത്തിയപ്പോൾ തടിച്ചുകൊഴുത്ത ഒരു കഴുത ഉണക്കപ്പുല്ലു തിന്നുകൊണ്ട് നിൽക്കുന്നത് അവൻ കണ്ടു. കുറുക്കൻ തന്ത്രപൂർവ്വം അവനെ സമീപിച്ച് കുശലം പറഞ്ഞു. “ഏയ്, കഴുതച്ചേട്ടാ, ചേട്ടൻ ഒരുപാട് ക്ഷീണിച്ചുപോയല്ലോ. ഇവിടെ ചേട്ടന് തിന്നാനൊന്നും കിട്ടുന്നില്ലേ?” വിഷമത്തോടെയായിരുന്നു കഴുതയുടെ മറുപടി. “എന്തു പറയാനാ ചങ്ങാതീ. എന്റെ ഉടമയായ അലക്കുകാരൻ അല്പംപോലും കണ്ണിൽ ചോരയില്ലാത്ത മനുഷ്യനാണ്. പകലന്തിയോളം കഠിനമായി പണിയെടുപ്പിച്ചിട്ട് തിന്നാൻ തരുന്നത് ദാ.. ഈ ഉണക്കപ്പുല്ലാണ്. എന്തുചെയ്യാം? അടിമയായിപ്പോയതിനാൽ എല്ലാം സഹിക്കുകതന്നെ.” കുറുക്കൻ സഹതാപം അഭിനയിച്ച് പറഞ്ഞു. “ചേട്ടനെന്തിനാ ഇങ്ങനെ വിഷമിക്കുന്നത്? ഈ അടിമത്തം സഹിച്ച്

എത്രനാൾ ജീവിക്കാനാവും? ചേട്ടൻ എന്റെ കൂടെ വാ. നല്ല ഇളം പുല്ല് ധാരാളമുള്ള സ്ഥലം എന്റെ കാട്ടിലുണ്ട്. പണ്ട് അലക്കുകാരന്റെ വീട്ടിൽ നിന്ന് ഒളിച്ചോടിപ്പോയ മൂന്നു കഴുതപ്പെണ്ണുങ്ങളുണ്ടവിടെ. അവർക്ക് യോജിച്ച ഭർത്താവിനെ കണ്ടെത്താൻ കൂടിയാണ് ഞാൻ വന്നിരിക്കുന്നത്. ചേട്ടൻ എന്തുകൊണ്ടും അവർക്ക് നന്നായി ഇണങ്ങും." ഇളംപുല്ലിനേയും കഴുതപ്പെണ്ണുങ്ങളേയും കുറിച്ചു കേട്ടപ്പോൾ കഴുതക്ക് കൊതി അടക്കാനായില്ല. അവൻ അപ്പോൾത്തന്നെ കുറുക്കന്റെ കൂടെ കാട്ടിലേക്ക് പുറപ്പെട്ടു.

കുറുക്കൻ കഴുതയേയും കൊണ്ടുവരുന്നത് വിശന്നു പൊരിഞ്ഞ സിംഹം ദൂരെനിന്നുതന്നെ കണ്ടു. ആർത്തി അടക്കാനാവാതെ സിംഹം അലറിക്കൊണ്ട് കഴുതയുടെ മേൽ ചാടിവീണു. അപ്രതീക്ഷിതമായുണ്ടായ ആ സംഭവത്തിൽ കഴുത ഒന്നു ഞെട്ടിയെങ്കിലും അവൻ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി. പ്രാണനുംകൊണ്ട് അവൻ ഗ്രാമത്തിലേയ്ക്ക് തിരിച്ചോടിപ്പോയി.

കുറുക്കന് സിംഹത്തോട് കലശലായ ദേഷ്യം വന്നു. മുന്നിലെത്തിയ കഴുതയെ കൊല്ലാനാവാത്ത കിഴവൻ സിംഹത്തെ അവൻ മനസ്സിൽ ശാസിച്ചു. ഇളിഭ്യത മറച്ചുവെച്ച് സിംഹം പറഞ്ഞു. "അല്പം പിഴച്ചുപോയി. വേണ്ടത്ര തയ്യാറെടുപ്പിനുള്ള സമയം എനിക്ക് കിട്ടിയില്ല. നീ പോയി വേറെ വല്ല ജന്തുവിനേയും കൊണ്ടുവരുന്നതാണ് നല്ലത്." അല്പം ആലോചിച്ച ശേഷം കുറുക്കൻ ശബ്ദം താഴ്ത്തി പറഞ്ഞു. "ഞാൻ പോയി ആ കുഴുതയെത്തന്നെ കൊണ്ടുവരാമോ എന്നു നോക്കട്ടെ. ഇനിയും അബദ്ധം പറ്റാതിരുന്നാൽ മതി." കുറുക്കൻ വീണ്ടും ഗ്രാമത്തിലേയ്ക്കു പോയി.

അലക്കുകാരന്റെ വീട്ടുമുറ്റത്തുതന്നെ കഴുത നിൽക്കുന്നുണ്ടായിരുന്നു. കുറുക്കനെ കണ്ടതും അവൻ പരിഭവിച്ചു. "ചങ്ങാതീ, വല്ലാത്തൊരു ചതിയാണ് നീയെന്നോടു കാണിച്ചത്. ആ ക്രൂരജന്തുവിന്റെ കൈയിൽനിന്നും എന്തോ ഭാഗ്യംകൊണ്ടു രക്ഷപ്പെട്ടു.'' കുറുക്കൻ കഴുതയെ സമാധാനിപ്പിച്ചു. "ചേട്ടൻ എന്നെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഞാൻ പറഞ്ഞ കഴുതപ്പെണ്ണുങ്ങളിൽ ഒരുവൾതന്നെയാണ് ചേട്ടനെ കെട്ടിപ്പിടിക്കാൻ ചാടിവീണത്. പുല്ലു തിന്ന് നന്നായി തടിച്ചതിനാലാണ് ചേട്ടന് ആളെ തിരിച്ചറിയാനാവാതെ വന്നത്. ചേട്ടൻ തിരിച്ചുപോയ ശേഷം അവർ ദുഃഖം മൂലം പട്ടിണി കിടക്കുകയാണ്. ചേട്ടനെ വിളിച്ചു കൊണ്ടുവരാതെ ജലപാനം കഴിക്കില്ലെന്ന വാശിയിലാണവർ.''

ഇതുകേട്ടപ്പോൾ കഴുതയ്ക്ക് ദു:ഖം തോന്നി. മരമണ്ടനായ കഴുത കുറുക്ക നോടൊപ്പം കാട്ടിലേക്ക് വീണ്ടും പുറപ്പെട്ടു.

ഇത്തവണ സിംഹത്തിന് തെറ്റിയില്ല. ഒറ്റച്ചാട്ടത്തിന് സിംഹം കഴുതയുടെ കഥ കഴിച്ചു. താൻ കൈയും മുഖവും കഴുകി തിരിച്ചെത്തും വരെ കഴുതയെ സൂക്ഷിക്കണമെന്ന് പറഞ്ഞ് സിംഹം തോട്ടുവക്ക ത്തേയ്ക്ക് പോയി. വിശപ്പ് സഹിക്കവയ്യാതെ വന്ന കുറുക്കൻ കഴുതയുടെ തലച്ചോറും ചെവിയും തിന്നുതീർത്തു. എന്നിട്ട് 'ഞാനൊന്നുമറിഞ്ഞില്ലേ' എന്ന മട്ടിൽ നിന്നു. സിംഹം ദേഹശുദ്ധി വരുത്തി തിരിച്ചെത്തിയപ്പോൾ കഴുതയുടെ ശരീരം കടിച്ചുമുറിച്ച നിലയിൽ കണ്ട് കുപിതനായി. കുറുക്കനാണ് ഈ ധിക്കാരം പ്രവർത്തിച്ചതെന്നു മനസ്സിലാക്കിയ സിംഹം അവനോട് കയർത്തു. അപ്പോൾ കുറുക്കൻ വിനയത്തോടെ പറഞ്ഞു. "പ്രഭോ, അങ്ങ് ദേഷ്യപ്പെടരുത്. ഞാനീ ശവത്തിൽ തൊട്ടിട്ടുപോലുമില്ല. പിന്നെ ഈ മണ്ടൻ കഴുതയ്ക്ക് ചെവിയും തലച്ചോറുമില്ലെന്ന് അങ്ങേയ്ക്ക് ആലോചിച്ചാൽ മനസ്സിലാവും. ഇതൊക്കെ ഉണ്ടായിരുന്നെ ങ്കിൽ രണ്ടാമതും അവൻ ഇങ്ങോട്ടു വരുമായിരുന്നോ?"

കുറുക്കൻ പറഞ്ഞത് ശരിയാണെന്ന് സിംഹത്തിന് തോന്നി. സിംഹം കഴുതയുടെ തോലുപൊളിച്ചു. രണ്ടുപേരും കൂടി ഇറച്ചി പങ്കിട്ട് വിശപ്പു തീർത്തു.

---

**'കക്കാൻ പഠിച്ചാൽ നിൽക്കാനും പഠിക്കണം'**

---

# വീരകല

**നാ**ട്ടിലെ കടുത്ത ക്ഷാമം മൂലം ഒരു കുശവൻ നാടുവിട്ട് അടുത്ത രാജ്യത്തെത്തി. ചില ഭടന്മാരുടെ സഹായത്തോടെ അയാൾ രാജാവിന്റെ അടുത്തെത്തി. കുശവന്റെ നെറ്റിയിൽ ആഴത്തിലേറ്റ മുറിവിന്റെ പാടുണ്ടായിരുന്നു. ഒറ്റനോട്ടത്തിൽത്തന്നെ രാജാവിന്റെ ശ്രദ്ധയിൽ ഇതുപെട്ടു. ഇയാൾ ധീരനായ പോരാളിയാണെന്നും യുദ്ധത്തിൽ എതിരാളിയോടേറ്റുമുട്ടിയപ്പോൾ ഉണ്ടായ മുറിവാണ് നെറ്റിയിലെന്നും രാജാവ് കണക്കുകൂട്ടി. കൂടുതലൊന്നും ചോദിക്കാതെതന്നെ അദ്ദേഹം കുശവന് മുഖ്യമന്ത്രി സ്ഥാനവും നിരവധി സമ്മാനങ്ങളും നൽകി. കുശവന് ഉയർന്ന സ്ഥാനമാനങ്ങൾ നൽകിയത് രാജകുമാരന്മാരെ ക്ഷോഭിപ്പിച്ചെങ്കിലും പിതാവിനെതിരായി അവരൊന്നും പറഞ്ഞില്ല.


അങ്ങനെയിരിക്കെ, രാജാവിന്റെ സൈന്യത്തിൽ ആഭ്യന്തരകലഹം പൊട്ടിപ്പുറപ്പെട്ടു. സൈന്യത്തിൽ ഒരു വിഭാഗം രാജാവിനെ സ്ഥാനഭ്രഷ്ടനാക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടു. എങ്കിലും ധീരനായ മുഖ്യമന്ത്രി തനിക്കൊപ്പമുണ്ടെന്ന ധൈര്യം രാജാവിനുണ്ടായിരുന്നു. യുദ്ധം തുടങ്ങിയപ്പോൾ രാജാവ് കുശവനെ വിളിച്ച് ഇപ്രകാരം ചോദിച്ചു. ‘‘ഏതു പ്രതിസന്ധിഘട്ടത്തിലും താങ്കളുടെ പിന്തുണ എനിക്കുണ്ടാവുമെന്നറിയാം. എന്നാലും ചേദിക്കുകയാണ്. ഏതു വീരനുമായുള്ള യുദ്ധത്തിലാണ് താങ്കളുടെ നെറ്റിയിൽ ഈ വീരകലയുണ്ടായത്? താങ്കൾക്ക് മുറിവേറ്റെങ്കിലും എതിരാളിയുടെ പ്രാണൻ എടുത്തിട്ടുണ്ടാവുമല്ലേ.” അല്പം ലജ്ജയോടെയാണെങ്കിലും കുശവൻ യാഥാർത്ഥ്യം തുറന്നുപറഞ്ഞു. “മഹാരാജാവ് ക്ഷമിക്കണം. അങ്ങ് കരുതുന്നതുപോലെ ഞാൻ പടയാളിയൊന്നുമല്ല. വെറുമൊരു കുശവനാണ്. പട്ടിണി സഹിക്കാതെ വന്നപ്പോൾ കുടി വിട്ടുപോന്നതാണ്.

പിന്നെ, ഈ നെറ്റിയിലെ പാടിന്റെ കാര്യം. ഒരു ദിവസം കുടിച്ച് ലക്കുകെട്ട് വീട്ടിലെ പാത്രങ്ങളുടെ മുകളിൽ കാലിടറി വീണപ്പോൾ സംഭവിച്ചതാണിത്." കുശവന്റെ വാക്കുകൾ രാജാവിനെ ദേഷ്യം പിടിപ്പിച്ചു. അദ്ദേഹം ആ നിമിഷംതന്നെ കുശവനെ ശാസിച്ച് ഇറക്കിവിട്ടു.

---

**'സന്ദർഭം അറിയാതെ സത്യം പറയുന്നതും അപകടകരമാണ്'**

---



# കുറുക്കൻ കുഞ്ഞ്

**സിം**ഹക്കുഞ്ഞുങ്ങളും കുറുക്കൻകുഞ്ഞും ഒരുമിച്ചാണ് വളർന്നത്. സിംഹി രണ്ടു കുഞ്ഞുങ്ങളെ പ്രസവിച്ചു കിടന്നപ്പോഴാണ് സിംഹം കുറുക്കൻ കുഞ്ഞിനേയുംകൊണ്ട് ഗുഹയിലെത്തിയത്. ഇരതേടി നടന്നപ്പോൾ കുറ്റിക്കാട്ടിൽ അനാഥാവസ്ഥയിൽ കിടക്കുകയായിരുന്നു അവൻ. സിംഹത്തിന് അവനോട് ദയ തോന്നി. വിശന്നിരിക്കുകയാണെ ങ്കിലും സിംഹിക്കും കുറുക്കൻ കുഞ്ഞിനെ കൊല്ലാൻ തോന്നിയില്ല. തന്റെ കുഞ്ഞുങ്ങളോടൊപ്പം സിംഹി അവനേയും വളർത്തി. മൂന്നു കുഞ്ഞു ങ്ങളും സിംഹിയുടെ പാലുകുടിച്ചു വളർന്നു. ജ്യേഷ്ഠസ്ഥാനത്തായിരുന്നു കുറുക്കൻകുഞ്ഞ് വളർന്നത്. ജ്യേഷ്ഠൻ കുറുക്കന്റെ കുഞ്ഞാണെന്ന് സിംഹക്കുഞ്ഞുങ്ങൾ ഒരിക്കലും അറിഞ്ഞതുമില്ല.


കുഞ്ഞുങ്ങൾ വളർന്നുവന്നു. ഒരിക്കൽ മൂവരും കാട്ടിൽ കളിച്ചു നടക്കുമ്പോൾ എതിരെ ഒരു മദയാന കൊലവിളിച്ച് നടന്നുവന്നു. ഉടനെ സിംഹക്കുഞ്ഞുങ്ങൾ മീശവിറപ്പിച്ച് ആനയുടെ നേരെ ചെന്നു. ഇതുകണ്ട് ഭയന്ന കുറുക്കൻ കുഞ്ഞ് അവരെ ശാസിച്ച് വീട്ടിലേക്കു മടങ്ങി. ഇതോടെ വീര്യം ചോർന്നുപോയ സിംഹക്കുഞ്ഞുങ്ങളും തിരിഞ്ഞോടി.

സിംഹക്കുഞ്ഞുങ്ങൾ വീട്ടിലെത്തിയതും ജ്യേഷ്ഠന്റെ ഭീരുത്വ ത്തെക്കുറിച്ച് പറഞ്ഞ് പരിഹസിക്കാൻ തുടങ്ങി. ഇത് കുറുക്കൻ കുഞ്ഞി നെ പ്രകോപിപ്പിച്ചു. അവൻ കോപത്തോടെ അനുജന്മാരെ ആക്രമിക്കാന ടുത്തു. ഉടനെത്തന്നെ സിംഹി ഭയത്തോടെ പറഞ്ഞു. “മോനെ, അടങ്ങ്. മദയാനയെ കണ്ടപ്പോൾ നേരിട്ട് ഏറ്റുമുട്ടാനൊരുങ്ങിയത് സിംഹകുല ത്തിന്റെ ഗുണം. നീ തിരിഞ്ഞോടിയത് നിന്റെ കുലസ്വഭാവം കൊണ്ടും. നീ കുറുക്കന്റെ കുഞ്ഞാണ്. നിന്നോടു ദയ തോന്നി നിന്നെ എന്റെ മക്കളുടെ കൂടെ വളർത്തിയെന്നേയുള്ളൂ. നീ എത്ര ധീരനാണെങ്കിലും

കാട്ടാനയെക്കാണുമ്പോൾ തിരിഞ്ഞോടാനേ നിനക്കാവൂ. നീ കുറക്കൻ കുഞ്ഞാണെന്ന് എന്റെ മക്കൾ മനസ്സിലാക്കും മുമ്പ് ഇവിടം വിട്ട് നിന്റെ ജാതിക്കാരോടൊപ്പം ചേരുന്നതാവും നല്ലത്. അല്ലെങ്കിൽ ഇവർ നിന്നെ കൊലപ്പെടുത്താനും ഇടയുണ്ട്."

അപ്പോൾത്തന്നെ സിംഹക്കുഞ്ഞുങ്ങളെ വിട്ട് കുറുക്കൻകുഞ്ഞ് കാട്ടിനുള്ളിലേക്ക് പോയി. അവിടെ ഓരിയിട്ടു നടന്ന കുറുക്കൻകൂട്ട ത്തോടൊപ്പം ചേർന്നു. അപ്പോഴവന് നല്ല മനഃസുഖം തോന്നി.

**'ഏതു പരിതസ്ഥിതിയിൽ വളർന്നാലും ഒരുവൻ സ്വന്തം കുലസ്വഭാവമേ കാട്ടൂ'**



# പ്രാണന്റെ പകുതി

ഒരിടത്ത് ഒരു ബ്രാഹ്മണനും ഭാര്യയും ജീവിച്ചിരുന്നു. ബ്രാഹ്മണൻ ഭാര്യയെ വളരെയേറെ സ്നേഹിച്ചിരുന്നെങ്കിലും വഴക്കാളിയായ അവൾ ഭർത്താവിന് ഒരു നിമിഷംപോലും സ്വസ്ഥത കൊടുത്തില്ല. വീട്ടുകാരോടൊപ്പം വഴക്കടിക്കുന്ന ഭാര്യയുടെ സ്വഭാവത്തിൽ മനംനൊന്ത് ബ്രാഹ്മണൻ ഒരു ദിവസം ഭാര്യയേയുംകൂട്ടി നാടുവിട്ടു. കൊടുംകാട്ടിലൂടെ നടന്നുനടന്ന് അവർ തളർന്നു. ഇനിയും ഒരടി നടക്കാവാനില്ലന്ന അവസ്ഥ വന്നപ്പോൾ ഭാര്യയെ ഒരു മരത്തണലിലിരുത്തി ബ്രാഹ്മണൻ വെള്ളം തേടിപ്പുറപ്പെട്ടു.

ബ്രാഹ്മണൻ വെള്ളവുമായി തിരിച്ചെത്തിയപ്പോഴേക്കും ഭാര്യ ദാഹം സഹിക്കാനാവാതെ മരിച്ചുപോയിരുന്നു. അതുകണ്ട് ദുഃഖിതനായ ബ്രാഹ്മണൻ നിലവിളിച്ചു. അപ്പോൾ ഒരശരീരിയുണ്ടായി. ആയുസ്സറ്റതുകൊണ്ടാണ് ഭാര്യ മരിച്ചുപോയതെന്നും ബ്രാഹ്മണന്റെ പകുതി ആയുസ്സ് ഭാര്യയ്ക്ക് കൊടുക്കാൻ തയ്യാറാണെങ്കിൽ അവൾ ജീവിക്കുമെന്നുമായിരുന്നു അശരീരിയുടെ ഉള്ളടക്കം. ഭാര്യയെ ജീവനേക്കാൾ സ്നേഹിക്കുന്ന ബ്രാഹ്മണൻ അതിനു തയ്യാറായി. ഉടനെത്തന്നെ അവൾക്ക് ജീവൻ തിരിച്ചുകിട്ടി. ദൈവത്തിന് നന്ദി പറഞ്ഞ് രണ്ടുപേരും വീണ്ടും യാത്ര തുടർന്നു. ജീവൻ പോയതും ബ്രാഹ്മണന്റെ ആയുസ്സിന്റെ പകുതികൊണ്ട് വീണ്ടു ജീവൻ കിട്ടിയതുമൊന്നും ബ്രാഹ്മണൻ ഭാര്യയെ അറിയിച്ചില്ല.

അവർ ഒരു പട്ടണത്തിലെത്തി. നഗരമധ്യത്തിലെ പൂങ്കാവനത്തിൽ ഭാര്യയെ ഇരുത്തി, ബ്രാഹ്മണൻ അവൾക്ക് ഭക്ഷണം തേടിയിറങ്ങി. അവിടെ കാലുകൾക്ക് ശേഷിയില്ലെങ്കിലും സുമുഖനായ ഒരു യുവാവ് മധുരമായി ഓടക്കുഴൽ വായിച്ചുകൊണ്ടിരുന്നു. ബ്രാഹ്മണപത്നിക്ക് അയാളോട് അനുരാഗം തോന്നി. പ്രണയവിവശയായ അവൾ യുവാവിനെ

പ്രേമപൂർവ്വം പുണർന്നു. അപ്പോഴേക്കും ബ്രാഹ്മണൻ ഭക്ഷണവുമായി തിരിച്ചെത്തി. ഭാര്യയുടെ വാക്കുകേട്ട് ഭക്ഷണത്തിന്റെ ഒരു പങ്ക് യുവാവിനും കൊടുത്തു. ഈ യുവാവ് നന്നായി ഓടക്കുഴൽ വായിക്കുമെന്നും തനിക്കൊരു സഹായിയായി ഇയാളെയും കൂടെ കൂട്ടാമെന്നും അവൾ നിർബ്ബന്ധം പിടിച്ചപ്പോൾ ബ്രാഹ്മണൻ വഴങ്ങി. വികലാംഗനായ അയാളെ ഒരു പെട്ടിയിലടച്ച് ബ്രാഹ്മണൻതന്നെ ചുമന്നു.

കുറെ ദൂരം നടന്നപ്പോൾ ബ്രാഹ്മണന് ക്ഷീണം തോന്നി. അയാൾ പെട്ടി താഴെയിറക്കിവെച്ച് ഒരു കിണറിനടുത്തിരുന്ന് വിശ്രമിച്ചു. ക്ഷീണം കൊണ്ട് അയാൾ മയക്കത്തിലേയ്ക്ക് വഴുതിവീണു. ഈ തക്കത്തിന് ഭാര്യ അയാളെ കിണറ്റിലേയ്ക്ക് തള്ളിയിട്ടു. താനും ഓടക്കുഴൽ വായിക്കുന്ന യുവാവുമായുള്ള പ്രണയത്തിന് ബ്രാഹ്മണൻ തടസ്സ മായാലോ എന്നു ശങ്കിച്ചാണ് അവൾ അങ്ങനെ ചെയ്തത്. പിന്നെ, ഒട്ടും സമയം കളയാതെ അവൾ പെട്ടിയും ചുമന്ന് നടന്നു.

നേരം വെളുത്തപ്പോൾ അവൾ അടുത്ത രാജ്യത്തെത്തി. പെട്ടിയും ചുമന്ന് അപരിചിതയായ ഒരു സ്ത്രീ രാജ്യാതിർത്തി കടന്നതറിഞ്ഞ് ഭടന്മാർ അവളെ പിടികൂടി രാജാവിന്റെ മുന്നിലെത്തിച്ചു. രാജാവ് പെട്ടിതുറന്നു നോക്കിയപ്പോൾ അതിനുള്ളിൽ മുടന്തനായ ഒരു യൂവാവിനെ കണ്ട് അത്ഭുതപ്പെട്ടു. അപ്പോൾ ബ്രാഹ്മണപത്നി വിശദീകരിച്ചു. “മഹാരാജാവേ, ഇതെന്റെ ഭർത്താവാണ്. ഇദ്ദേഹത്തിന് സുഖമില്ലാത്തതിനാൽ പെട്ടിയിലാക്കി ചികിത്സയ്ക്ക് ഈ രാജ്യത്തേയ്ക്ക് കൊണ്ടുവന്നതാണ്.” ബ്രാഹ്മണപത്നിയുടെ വാക്കുകൾ രാജാവിനെ സന്തോഷിപ്പിച്ചു. അദ്ദേഹം അവർക്ക് താമസിക്കാനുള്ള സൗകര്യം ഏർപ്പാടാക്കിക്കൊടുത്തു. നിരവധി സമ്മാനങ്ങളും രാജാവ് അവർക്ക് സമ്മാനിച്ചു.

കിണറ്റിൽ വീണ ബ്രാഹ്മണനെ, അതുവഴിയെത്തിയ വഴിപോക്കർ കരയ്ക്കു കയറ്റി. ഭാര്യയുടെ കൊടുംവഞ്ചനയിൽ വേദനിച്ച് പലയിടത്തും അലഞ്ഞുനടന്ന അയാൾ ഒരു ദിവസം ഇതേ രാജ്യത്തെത്തി. ബ്രാഹ്മണന്റെ വരവറിഞ്ഞ പത്നി ഉടൻതന്നെ രാജാവിനെ സമീപിച്ച് ഇയാൾ തന്റെ ഭർത്താവിനെ കൊല്ലാനെത്തിയ ആളാണെന്നറിയിച്ചു. കുപിതനായ രാജാവ് ബ്രാഹ്മണനെ പിടികൂടി കൊല്ലാൻ ഉത്തരവിട്ടു. ശിക്ഷ നടപ്പാക്കാനായപ്പോൾ ബ്രാഹ്മണൻ രാജാവിനോട് അപേക്ഷിച്ചു. “മഹാരാജാവേ, അങ്ങുതരുന്ന ശിക്ഷ ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു. ഇവൾ പറയുന്നതുപോലെ ഞാനിവളുടെ ശത്രുവാണെങ്കിൽ ഞാനിവൾക്കു കൊടുത്ത വസ്തു തിരികെത്തരാൻ ദയവുണ്ടാ

കണം." മുമ്പ് തനിക്കു കിട്ടിയ പുനർജന്മത്തെക്കുറിച്ച് അറിവില്ലാതിരുന്ന ബ്രാഹ്മണപത്നി ഒന്നുമാലോചിക്കാതെ പറഞ്ഞു. "ഇയാൾ എനിക്കെന്തെങ്കിലും തന്നിട്ടുണ്ടെങ്കിൽ അത് തിരിച്ചുതരാൻ ഞാൻ തയ്യാറാണ്." അത് പറഞ്ഞുതീരേണ്ട താമസം, ബ്രാഹ്മണപത്നി പിടഞ്ഞുവീണു മരിച്ചു.

ബ്രാഹ്മണൻ രാജാവിനോട് നടന്നതെല്ലാം വിശദീകരിച്ചു. സത്യാവസ്ഥ മനസ്സിലാക്കിയ രാജാവ് ബ്രാഹ്മണനെ ശിക്ഷയിൽ നിന്നൊഴിവാക്കി. മുടന്തനെ നാടുകടത്തുകയും ചെയ്തു.

**'കുടിലചിത്തയായ സ്ത്രീയെ കരുതലോടെ നിരീക്ഷിക്കണം'**



# പെണ്ണൊരുമ്പെട്ടാൽ

**ധീ**രനായ രാജാവും ബുദ്ധിമാനായ മന്ത്രിയും ചേർന്നാണ് ആ രാജ്യം ഭരിച്ചിരുന്നത്. എന്നാൽ, പിടിവാശിക്കാരായ ഭാര്യമാർക്കു വേണ്ടി അവർക്ക് പല വിട്ടുവീഴ്ചകളും ചെയ്യേണ്ടിവന്നു. ഒരിക്കൽ മന്ത്രിയും പത്നിയുമായി സൗന്ദര്യ കലഹഹമുണ്ടായി. ഭാര്യയുടെ ദുഃഖകാരണം തിരക്കിയ മന്ത്രിയോട് അവൾ പറഞ്ഞു. ''പ്രയതമാ, എനിക്ക് സന്തോഷം തോന്നണമെങ്കിൽ അങ്ങ് തല മുണ്ഡനം ചെയ്ത് എന്റെ കാല്ക്കൽ വീഴണം." ഭാര്യയെ ഏറെ ഇഷ്ടപ്പെട്ടിരുന്ന മന്ത്രി അങ്ങനെ ചെയ്തു.

മന്ത്രിയുടെ ഭാര്യ ഭർത്താവിനെ വരച്ചവരയിൽ നിർത്തിയതറിഞ്ഞ് രാജപത്നി അസ്വസ്ഥയായി. അന്നുതന്നെ രാജ്ഞിയും പരിഭവം നടിച്ച് കിടപ്പായി. രാജാവ് കാര്യം തിരക്കിയപ്പോൾ രാജ്ഞി പറഞ്ഞു. "അങ്ങ് കുതിരയെപ്പോലെ നാൽക്കാലിയാവണം. ഞാൻ ജീനി കെട്ടി അങ്ങയുടെ പുറത്തുകയറിയിരിക്കാം. അപ്പോൾ അങ്ങ് കുതിര ഓടുംപോലെ അഭിന യിക്കണം. എന്നാലേ ഞാൻ സന്തോഷിക്കൂ." ഗത്യന്തരമില്ലാതെ രാജാവും അപ്രകാരം പ്രവർത്തിച്ചു.

പിറ്റേന്നു രാവിലെ തലമുണ്ഡനം ചെയ്തനിലയിൽ മന്ത്രിയെ കണ്ടപ്പോൾ രാജാവ് ചോദിച്ചു. "മന്ത്രിവര്യാ, ഇതെന്തു പറ്റി? പെട്ടന്നിങ്ങ നെയൊരു തോന്നൽ വരാൻ കാരണമെന്താണ്?'' അപ്പോൾ മന്ത്രി ചിരിയടക്കി പറഞ്ഞു. "മഹാരാജാവേ, പെണ്ണൊരുമ്പെട്ടാൽ ഇതും ഇതില പ്പുറവും ചെയ്യേണ്ടിവരും. എനിക്കിത്രയേ സംഭവിച്ചുള്ളൂ. എന്നാൽ വേറെ ചിലർ ഭാര്യയുടെ വാക്കുകേട്ട് നാൽക്കാലിയാവാൻവരെ മടി കാണിക്കു ന്നില്ല." മന്ത്രിയുടെ മറുപടി കേട്ട് രാജാവ് പൊട്ടിച്ചിരിച്ചു.

---

**'എത്ര ധീരനും പെണ്ണിന്റെ മുന്നിൽ നിസ്സാരനാവും'**

---

# പുലിയായ കഴുത

**ഒ**രിടത്ത് ഒരു അലക്കുകാരനും അയാൾക്ക് ഒരു കഴുതയും ഉണ്ടായിരുന്നു. ഭക്ഷണം കിട്ടാതെ കഴുത അനുദിനം ക്ഷീണിച്ചു വന്നു. അങ്ങനെയിരിക്കെ, ഒരുനാൾ അലക്കുകാരൻ വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ വഴിയിൽ ഒരു പുലി ചത്തുകിടക്കുന്നതു കണ്ടു. അപ്പോൾ അയാൾക്ക് ഒരു ബുദ്ധി തോന്നി. അയാൾ പുലിയുടെ തോൽ ഉരിഞ്ഞെടുത്ത് വീട്ടിലെത്തി.

പിറ്റേന്നു രാവിലെത്തന്നെ അലക്കുകാരൻ തന്റെ കഴുതയെ പുലിത്തോലണിയിച്ച് അടുത്തുള്ള നെൽവയലിലേയ്ക്ക് വിട്ടു. കഴുത വയറു നിറയെ നെല്ലു തിന്നു. വഴിപോക്കർ ഇതു കണ്ടെങ്കിലും പുലിയെ ഭയന്ന് അവർ വേഗം സ്ഥലം വിട്ടുപോയി. വൈകുന്നേരമായപ്പോൾ കഴുത വീട്ടിൽ തിരിച്ചെത്തി. തന്റെ തന്ത്രം ഫലിച്ചതിൽ അലക്കുകാരൻ ആഹ്ലാദിച്ചു. ഇത് തുടർന്നുള്ള ദിവസങ്ങളിലും ആവർത്തിച്ചു. ദിവസങ്ങൾക്കുള്ളിൽ കഴുത തടിച്ചുകൊഴുത്തു.

ഒരു ദിവസം നെൽച്ചെടികൾ തിന്ന് വയറു നിറഞ്ഞ കഴുത അല്പം വിശ്രമിക്കാനൊരുങ്ങിയപ്പോൾ ദൂരെനിന്ന് ഒരു കഴുതപ്പെണ്ണിന്റെ കരച്ചിൽ കേട്ടു. സന്തുഷ്ടനായ കഴുത സ്ഥലകാലബോധം വെടിഞ്ഞ് നീട്ടിക്കരഞ്ഞു. ഊ കഴുതക്കരച്ചിൽ വയലിന്റെ ഉടമയും വഴിപോക്കരും കേട്ടു. പുലി കഴുതയെപ്പോലെ കരയുന്നത് അവരെ ആദ്യം അത്ഭുതപ്പെടുത്തിയെങ്കിലും പിന്നീടവർക്ക് കാര്യം മനസ്സിലായി. അവർ കഴുതയെ അടിച്ചുകൊന്നു.

---

**'സമർത്ഥമായി രൂപം മാറിയാലും ജാത്യാലുള്ള സ്വഭാവം മാറില്ല'**

---

# കൂടുതൽ നഷ്ടം ആർക്ക്?

**വൃ**ദ്ധനായ കൃഷിക്കാരൻ ചെറുപ്പക്കാരിയായ ഒരു സ്ത്രീയെയാണ് വിവാഹം കഴിച്ചത്. അതുകൊണ്ടുതന്നെ അവൾ ഭർത്താവിനെ അവഗണിച്ച് മറ്റ് യുവാക്കളെ തേടിപ്പോയി. ഒരിക്കൽ മോഷ്ടാവായ ഒരു യുവാവ് അവളെ സമീപിച്ച് പ്രണയാഭ്യർത്ഥന നടത്തി. മോഷ്ടാവിന്റെ സൗന്ദര്യത്തിൽ മയങ്ങിയ അവൾ സമ്മതിച്ചു. രണ്ടുപേരും ചേർന്ന് നാടുവിട്ടുപോകാൻ പദ്ധതിയിട്ടു.

അന്നുരാത്രി വൃദ്ധനെ കബളിപ്പിച്ച് അയാളുടെ മുഴുവൻ സമ്പാദ്യവുമായി അവൾ വീടുവിട്ടിറങ്ങി. പണസഞ്ചിയുമായി അവൾ മോഷ്ടാവിന്റെ അടുത്തെത്തി. അയാൾ പ്രണയപൂർവ്വം അവളെ സ്വീകരിച്ചു. രണ്ടുപേരും കൂടി വേഗം നാടുവിട്ടു. കുറെദൂരം ചെന്നപ്പോൾ അവർക്ക് ഒരു പുഴ കടക്കേണ്ടതായി വന്നു. മോഷ്ടാവിന്റെ ധനമോഹം അപ്പോൾ തലപൊക്കി. ഇവളുടെ കയ്യിൽനിന്ന് മുഴുവൻ പണവും തട്ടിയെടുത്ത് സ്ഥലംവിടാൻ അയാൾ തീരുമാനിച്ചു. അയാൾ അവളോട് പറഞ്ഞു. "പ്രിയേ, ഈ പുഴ കടക്കുക ദുഷ്കരമാണ്. അതുകൊണ്ട് ഞാനൊരു കാര്യം ചെയ്യാം. പണസഞ്ചിയും നീ ധരിച്ചിരിക്കുന്ന പട്ടു വസ്ത്രങ്ങളും എനിക്കു തരിക. ഞാനത് നനയാതെ അക്കരെയെത്തിക്കാം. നീ പുറകെ പുഴ കടന്നുവന്നാൽ മതി. ഇവ അക്കരെയെത്തിച്ചിട്ട് ഞാൻ തിരിച്ചെത്തി പുഴ കടക്കാൻ സഹായിക്കുകയുമാവാം." അവൾ ശങ്ക കൂടാതെ പണസഞ്ചി മോഷ്ടാവിനെ ഏല്പിച്ചു. പിന്നെ, മുഴുവൻ വസ്ത്രങ്ങളും അഴിച്ച് കൊടുത്തു അയാൾ അതുമായി സ്ഥലം വിട്ടു.

കള്ളൻ തിരിച്ചുവരുന്നതും കാത്ത് അവൾ നഗ്നയായി പുഴക്കരയിലെ ഇരിപ്പ് തുടർന്നു. അപ്പോൾ വായിൽ ഇറച്ചിക്കഷ്ണ വുമായി ഒരു കുറുക്കൻ അവിടെയെത്തി. പുഴക്കരയിൽ ഒരു വലിയ

മത്സ്യം കിടക്കുന്നത് അവൻ അപ്പോഴാണ് കണ്ടത്. കുറുക്കൻ ഇറച്ചിക്കഷ്ണം നിലത്തിട്ട് മീനിനു പുറകെ പോയി. കുറുക്കനെ കണ്ടതും മീൻ ഒന്നുപിടിച്ച് പുഴയിലേക്ക് ഊളിയിട്ടുപോയി. നിരാശനായ കുറുക്കൻ ഇറച്ചിക്കഷ്ണമെടുക്കാൻ ശ്രമിച്ചെങ്കിലും അതിനുമുമ്പേ ഒരു കഴുകൻ അത് റാഞ്ചി കൊണ്ടുപോയി.

ഇതെല്ലാം കണ്ട് പുഴയോരത്തിരുന്ന സ്ത്രീ കുറുക്കനെ കളിയാക്കി. "എടാ കള്ളക്കുറുക്കാ, നിന്റെ മണ്ടത്തരംകൊണ്ട് ഇറച്ചിയും മീനും ഒരുമിച്ച് നഷ്ടപ്പെട്ടില്ലേ? കഷ്ടം!" അപ്പോൾ കുറുക്കൻ അവളോട് പറഞ്ഞു. "എനിക്കിതല്ലേ നഷ്ടപ്പെട്ടുള്ളൂ. എന്നാൽ നിന്റെ അവസ്ഥയോ? ഭർത്താവ് പോയി, പണം പോയി, ഉടുവസ്ത്രങ്ങളും നാണവും പോയി. ഇപ്പോഴിതാ ജാരനും അവന്റെ വഴിക്കു പോയിരിക്കുന്നു. ഇനി പറയ്, കൂടുതൽ നഷ്ടം ആർക്കാണ്?" കുറുക്കന്റെ വാക്കുകൾ കേട്ട് അവൾ ലജ്ജിച്ചു തലതാഴ്ത്തി.

---

**'എടുത്തുചാട്ടം നഷ്ടം വരുത്തും.'**

---

## മണി ചതിച്ചു

നഗരത്തിലെ മരപ്പണിക്കാരൻ പരമ ദരിദ്രനായിരുന്നു. എത്ര പണിയെടുത്തിട്ടും പട്ടിണി മാത്രം മിച്ചമായപ്പോൾ നിരാശപൂണ്ട് അയാൾ നാടുവിട്ടുപോയി. എന്നാൽ, വഴിമധ്യേ അയാൾക്ക് ഒരു ഒട്ടകക്കുഞ്ഞിനെ കിട്ടി. അതിനോട് വാത്സല്യം തോന്നിയ അയാൾ ഒട്ടകക്കുഞ്ഞിനേയും കൊണ്ട് വീട്ടിലേക്ക് തിരിച്ചുപോന്നു.

മരപ്പണിക്കാരന്റെ ശുശ്രൂഷകൊണ്ട് ഒട്ടകക്കുഞ്ഞ് അതിവേഗം വളർന്ന് ലക്ഷണമൊത്ത ഒട്ടകപ്പെണ്ണായിത്തീർന്നു. ഒട്ടകപ്പാൽ കറന്നെ ടുത്ത് വിറ്റ് അയാൾ പണം സമ്പാദിക്കുകയും ചെയ്തു. ഒട്ടകത്തോടുള്ള വാത്സല്യസൂചകമായി അയാൾ അതിന്റെ കഴുത്തിൽ ഒരു ഓട്ടുമണി കെട്ടി. മണികിലുക്കി ഒട്ടകം നാട്ടിലെങ്ങും തലയുയർത്തി നടന്നു.

അങ്ങനെയിരിക്കെ, മരപ്പണിക്കാരൻ വീണ്ടും ഒട്ടകങ്ങളെ വാങ്ങി ക്കൂട്ടാൻ തീരുമാനിച്ചു. കുറഞ്ഞ നാളുകൾക്കകം അയാളുടെ മുറ്റമെങ്ങും ഒട്ടകങ്ങളെക്കൊണ്ട് നിറഞ്ഞു. പാൽ വിറ്റ് അയാൾ ധനവാനായി. ഒരിക്കൽ മരപ്പണിക്കാരന്റെ ഒട്ടകക്കൂട്ടം പുല്ലുമേഞ്ഞ് കാട്ടിലെത്തി. ഒട്ടക ത്തിന്റെ കഴുത്തിലെ മണി ശത്രുക്കളെ ആകർഷിക്കുമെന്നതിനാൽ അത് ഊരിക്കളയണമെന്ന് മറ്റ് ഒട്ടകങ്ങൾ ഉപദേശിച്ചു. എന്നാൽ, ഒട്ടകം അത് അവഗണിച്ച്, അഹങ്കാരത്തോടെ മുന്നിൽ നടന്നു.

അല്പസമയം കഴിഞ്ഞപ്പോൾ ഒരു സിംഹം അവരുടെ മുന്നിൽ ചാടിവീണു. സിംഹത്തിന്റെ ഘോരമായ അലർച്ച് കേട്ട് ഒട്ടകങ്ങൾ ചിതറിയോടി ഒരോ വഴിക്ക് രക്ഷപ്പെട്ടു. എന്നാൽ, കഴുത്തിൽ മണിയുള്ള ഒട്ടകത്തിന് രക്ഷപ്പെടാനായില്ല. ഒട്ടകം കാട്ടുപൊന്തയിൽ ഒളിച്ചെങ്കിലും മണിനാദം കേട്ട് അവിടെയെത്തിയ സിംഹം അതിനെ കൊന്നുതിന്നു.

---

**'നല്ല ഉപദേശങ്ങൾ നിരസിക്കുന്ന അഹങ്കാരികൾ ആപത്തിൽപ്പെടും'**

---

# ശത്രുവിനെ നേരിടേണ്ടത്

**ഒ**രു കാട്ടിൽ സൂത്രശാലിയായ കുറുക്കൻ താമസിച്ചിരുന്നു. അവൻ കാട്ടിൽ ഇരതേടി നടക്കുമ്പോൾ ഒരു കാട്ടാന ചത്തുകിടക്കുന്നതു കണ്ടു. നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ട് ആനയിറച്ചി തിന്നാൻ അവൻ തിടുക്കം കാട്ടി. എന്നാൽ ആനയുടെ കനത്ത തോൽ പൊളിക്കാൻ അവനായില്ല. എങ്ങനെ തന്റെ ലക്ഷ്യം നേടിയെടുക്കാമെന്ന ചിന്തയിൽ മുഴുകി അവൻ നിന്നു.

അപ്പോഴാണ് വനരാജാവായ സിംഹം അതിലെ വന്നത്. സിംഹം ആനയെക്കണ്ടാൽ തനിക്ക് അല്പംപോലും ഇറച്ചി തരാതെ മുഴുവനും തിന്നുതീർക്കുമെന്ന് കുറുക്കനറിയാമായിരുന്നു. അതുകൊണ്ട് അവനൊരു തന്ത്രം പ്രയോഗിച്ചു. കുറുക്കൻ സിംഹത്തെക്കണ്ടതും വിനയ ത്തോടെ കാൽക്കൽ വീണിട്ട് പറഞ്ഞു. “മഹാരാജാവേ, ഞാൻ അങ്ങേക്കായി ഒരു കാട്ടാനയെ കൊന്നിരിക്കുകയാണ്. ഇതിന്റെ ഇറച്ചി തിന്ന് വിശപ്പടക്കാൻ ദയവുണ്ടാകണം.” എന്നാൽ ആനയിറച്ചി തിന്നാൻ സിംഹം കൂട്ടാക്കിയില്ല. വനരാജാവായ താൻ മറ്റൊരാൾ കൊന്ന മൃഗത്തെ തിന്നില്ലെന്നു പറഞ്ഞ് സിംഹം തിരിച്ചുപോയി. കുറുക്കൻ സന്തോഷ ത്തോടെ മനസ്സിൽ ചിരിച്ചു.

അല്പം കഴിഞ്ഞപ്പോൾ ഒരു പുലിയാണ് ആ വഴിവന്നത്. ആർത്തിക്കാരനായ പുലിയുടെ കൈയിൽനിന്നും കാട്ടാനയുടെ ഇറച്ചി രക്ഷിച്ചെടുക്കണമെന്ന് കുറുക്കൻ തീരുമാനിച്ചു. അവൻ ഭയം നടിച്ച് പുലിയുടെ അടുത്തെത്തി. “പ്രഭോ, വേഗം ഇവിടന്ന് രക്ഷപ്പെട്ടോ. ദാ.... ഈ കാട്ടാനയെ സിംഹരാജൻ കൊന്നിട്ടിരിക്കുകയാണ്. എന്നെ നോക്കാ നേല്പിച്ചിട്ട് സിംഹം കൈയും മുഖവും കഴുകാൻ പോയിരിക്കുകയാ ണിപ്പോൾ. വല്ല പുലിയോ മറ്റോ വന്ന് ഇറച്ചി എച്ചിലാക്കാതെ നോക്കണ മെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. അങ്ങനെ സംഭവിച്ചാൽ ആ പുലിയെ ഒറ്റയടിക്ക് കൊന്ന് തൊലിയുമുരിഞ്ഞ് എല്ലാവരും കാൺകെ തൂക്കിയിടു മെന്നാണ് രാജാവിന്റെ ഭീഷണി.” ഇതുകേട്ട് പുലി വല്ലാതെ ഭയന്നു. താനിവിടെ വന്ന കാര്യം അബദ്ധത്തിൽപോലും സിംഹം അറിയാനിടവര

രുതെന്ന് അപേക്ഷിച്ച് പുലി ഓടിപ്പോയി.


മൂന്നാമതെത്തിയത് കഴുതപ്പുലിയാണ്. ഇവനെക്കൊണ്ട് തന്റെ കാര്യം സാധിക്കണമെന്ന് തീരുമാനിച്ച കുറുക്കൻ പറഞ്ഞു. "ചേട്ടാ, ഈ കാട്ടാനയെ സിംഹരാജാവാണ് കൊന്നിട്ടത്. അദ്ദേഹം കൈകഴുകി തിരിച്ചെത്തും മുമ്പ് ചേട്ടനു വേണമെങ്കിൽ ഇത്തിരി ഇറച്ചി തിന്നാം." വിശപ്പുണ്ടായിരുന്നെങ്കിലും സിംഹത്തെക്കുറിച്ചുള്ള ഭയം കൊണ്ട് കഴുതപ്പുലി ആ ക്ഷണം നിരസിച്ചു. അപ്പോൾ കുറുക്കൻ അവന് ധൈര്യം പകർന്നു. "ചേട്ടൻ ഭയക്കരുത്. ധൈര്യമായി ഇറച്ചി തിന്നോളൂ. സിംഹം വരുന്നു ണ്ടോ എന്ന് ഞാൻ ശ്രദ്ധിച്ചോളാം. സിംഹത്തിന്റെ പൊടി കണ്ടാൽ അപ്പോൾതന്നെ ഞാൻ ഓരിയിട്ട് ചേട്ടനെ അറിയിക്കാം." കഴുതപ്പുലി തന്റെ മൂർച്ചയുള്ള നഖവും പല്ലും ഉപയോഗിച്ച് കാട്ടാനയുടെ തോൽ മുറിച്ചു. അപ്പോഴേക്കും കുറുക്കൻ നീട്ടി ഓരിയിട്ടു. കഴുതപ്പുലി ഭയന്ന് ജീവനും കൊണ്ട് പാഞ്ഞു. കുറുക്കനാകട്ടെ ഒരു മൂളിപ്പാട്ടും പാടി ആനയിറച്ചി തിന്നാൻ തുടങ്ങി.

അല്പം കഴിഞ്ഞതും മറ്റൊരു കുറുക്കൻ അവിടെയെത്തി. ഇക്കുറി കുറുക്കന് ഒട്ടും പരിഭ്രമം തോന്നിയില്ല. ശത്രു തനിക്ക് സമനായതുകൊണ്ട് ധൈര്യപൂർവ്വം അതിനെ എതിരിട്ട് കൊലപ്പെടുത്തി. അതോടെ ആനയി റച്ചി അവനു സ്വന്തമായി കിട്ടി.

---

**'ശത്രുവിന്റെ തരമറിഞ്ഞുവേണം**
**തന്ത്രങ്ങൾ പ്രയോഗിക്കുവാൻ'**

---



# ദേശസഞ്ചാരം

**ഗ്രാ**മത്തിൽ കലശലായ ദാരിദ്ര്യം അനുഭവപ്പെട്ടപ്പോൾ അവിടത്തെ ഒരു പട്ടി നാടുവിട്ട് അകലെയുള്ള ഒരു പട്ടണത്തിലെത്തി. പട്ടണത്തിലെ പലവീടുകളിലും അവൻ യഥേഷ്ടം കയറുകയും വയറുനിറയെ ഭക്ഷണം മോഷ്ടിച്ച് കഴിക്കുകയും ചെയ്തു. ഇത് പല ദിവസവും തുടർന്നു. ഒരിക്കൽ വയറുനിറയെ ഭക്ഷണം കഴിച്ച് പുറത്തിറങ്ങിയതും ഒരു പറ്റം പട്ടികൾ കുരച്ചുകൊണ്ട് അവനെ വളഞ്ഞു. അവ അവന്റെ ശരീരത്തിൽ പലയിടത്തും കടിച്ചുമുറിച്ചു. ഇനിയും ഇവിടെ ജീവിക്കുന്നത് നന്നല്ലെന്നു തോന്നിയ പട്ടി ജീവനും കൊണ്ട് രക്ഷപ്പെട്ട് ഗ്രാമത്തിൽ തിരിച്ചെത്തി.

ചങ്ങാതിയുടെ വിദേശയാത്രയെക്കുറിച്ചറിയാൻ ഗ്രാമത്തിലെ മറ്റു പട്ടികൾ അവനു ചുറ്റും കൂടി. പട്ടി അവരോടായി പറഞ്ഞു. "കൂട്ടുകാരേ, എന്തുകൊണ്ടും സുഖമാണ് പട്ടണത്തിലെ ജീവിതം. ഏതുവീട്ടിൽ കയറിയാലും വയറുനിറയെ ഭക്ഷണം കിട്ടും. പക്ഷേ, ഒരേയൊരു ദോഷമുണ്ട്. നമ്മുടെ എല്ലാ നന്മകൾക്കും അവിടെ എതിരു നിൽക്കുന്നത് സ്വന്തം ജാതിക്കാർ തന്നെയാണ് എന്നതാണത്. അവരാണ് എന്നെ ഈ അവസ്ഥയിലാക്കിയത്. എന്തായാലും ഇനി ഞാനങ്ങോട്ടില്ല. അവിടത്തെ ഭീഷണിയിൽ സുഭിക്ഷമായി ജീവിക്കുന്നതിനേക്കാൾ നല്ലത് ഇവിടെ ഭയമില്ലാതെ പട്ടിണി കിടക്കുന്നത് തന്നെയാണ്." മറ്റു പട്ടികളും അത് തലയാട്ടി സമ്മതിച്ചു.

**'അന്യദേശത്തെ സുഭിക്ഷതയേക്കാൾ**
**സ്വഗ്രാമത്തിലെ ദാരിദ്ര്യമാണ് നല്ലത്'**

# പഞ്ചതന്ത്രം കഥകൾ

## അഞ്ചാം ഭാഗം

# സ്വർണ്ണം കൊതിച്ച ക്ഷുരകൻ

**ഒ**രു നഗരത്തിൽ നല്ലവനായ ഒരു വ്യാപാരിയുണ്ടായിരുന്നു. വിധിവശാൽ അയാൾക്ക് കച്ചവടത്തിൽ നഷ്ടം വരികയും മാസങ്ങൾക്കകം ദരിദ്രനായിത്തീരുകയും ചെയ്തു. നിരാശനായ വ്യാപാരി പട്ടിണി കിടന്ന് മരിക്കാൻ തീരുമാനിച്ചു. എന്നാൽ, മനുഷ്യൻ തീരുമാനിക്കുന്നതൊന്ന്, ഈശ്വരൻ തരുന്നത് മറ്റൊന്ന് എന്നാണല്ലോ പ്രമാണം. അന്നുരാത്രി ഒരു ബുദ്ധസന്യാസി അയാളുടെ സ്വപ്നത്തിലൂടെ വന്ന് ഇപ്രകാരം പറഞ്ഞു. "അല്ലയോ വ്യാപാരീ, താങ്കൾ ദരിദ്രനായതിൽ ദുഃഖിക്കാനില്ല. ഉടൻതന്നെ ഈയവസ്ഥയിൽനിന്ന് അങ്ങേക്ക് കരകയറാനാവും. ലാളെ രാവിലെ ഇതേ രൂപത്തിൽ ഞാൻ താങ്കളുടെ വീട്ടിലെത്തും. താങ്കൾ ഒരു വടിയെടുത്ത് എന്റെ തലയിൽ അടിക്കണം. ആ നിമിഷം ഞാൻ സ്വർണ്ണപ്രതിമയായിത്തീർന്ന് അങ്ങേക്ക് ഐശ്വര്യം പകർന്നു തരും." സ്വപ്നം കണ്ട് വ്യാപാരി ഞെട്ടിയുണർന്നു. താൻ കണ്ട മധുരസ്വപ്നം വിശ്വസിക്കാൻ അയാൾക്കായില്ല.

പിറ്റേന്നു രാവിലെത്തന്നെ ഒരു ക്ഷുരകൻ ക്ഷൗരകർമ്മങ്ങൾക്കായി വ്യാപാരിയുടെ വീട്ടിലെത്തി. അപ്പോഴാണ് വ്യാപാരിയെ അത്ഭുതപ്പെടുത്തിക്കൊണ്ട് തലേന്ന് സ്വപ്നത്തിൽ കണ്ട ബുദ്ധസന്യാസിയും അവിടെയെത്തിയത്. വ്യാപാരി ഒന്നും പറയാതെ ഒരു വടിയെടുത്ത് സന്യാസിയുടെ തലയ്ക്കടിച്ചു. സന്യാസി അപ്പോൾത്തന്നെ കനകപ്രതിമയായി മാറി. വ്യാപാരി പ്രതിമ താങ്ങിയെടുത്ത് അകത്ത് ഭദ്രമായി വെച്ചു.

ക്ഷുരകൻ ഇതെല്ലാം കണ്ട് വാ പിളർന്നുനിന്നു. വ്യാപാരിയാകട്ടെ. ഇവിടെ നടന്ന കാര്യങ്ങൾ ആരോടും പറയരുതെന്ന് പറഞ്ഞ് ക്ഷുരകന് കുറെ പണം നൽകി പറഞ്ഞയച്ചു. എന്നാൽ, അവിടെ നിന്നിറങ്ങിയിട്ടും

ആ അത്ഭുതദൃശ്യങ്ങൾ ക്ഷുരകന്റെ മനസ്സിൽനിന്ന് മാഞ്ഞില്ല. എളുപ്പത്തിൽ പണമുണ്ടാക്കാവുന്ന തന്ത്രം മനസ്സിലാക്കിയ സന്തോഷ ത്തിലായിരുന്നു അയാൾ.

പിറ്റേ ദിവസംതന്നെ ക്ഷുരകൻ അടുത്തുള്ള ബുദ്ധവിഹാര ത്തിലേയ്ക്ക് പോയി. അവിടെയുള്ള ബുദ്ധസന്യാസിമാരെയെല്ലാം തന്റെ വീട്ടിൽ വിരുന്നിനു ക്ഷണിച്ചു. ബുദ്ധസന്യാസിമാർ ആദ്യം എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും ക്ഷുരകന്റെ നിർബ്ബന്ധം മൂലം ഒടുവിൽ ക്ഷണം സ്വീകരിച്ചു.

നൂറോളം വരുന്ന ബുദ്ധസന്യാസിമാർ ഉച്ചഭക്ഷണത്തിന്റെ സമയത്ത് ക്ഷുരകന്റെ വീട്ടിലെത്തി. ഈ സന്ദർഭം തന്നെയായിരുന്നു ക്ഷുരകനും കാത്തിരുന്നത്. അയാൾ നേരത്തെതന്നെ തയ്യാറാക്കി വെച്ചിരുന്ന മുട്ടൻ വടിയെടുത്ത് ബുദ്ധസന്യാസിമാരുടെ തലയിൽ മാറിമാറി അടിച്ചു. അടിയേറ്റ് സന്യാസിമാരുടെ മൊട്ടത്തലകൾ പൊളിഞ്ഞ് ചോരയൊഴുകി. അവർ വാവിട്ടു കരഞ്ഞു. തല്ലിന്റെ ശക്തി പോരാഞ്ഞതുകൊണ്ടാവാം ഇവർ സ്വർണ്ണപ്രതിമകളാവാത്തതെന്നു തെറ്റിദ്ധരിച്ച് ക്ഷുരകൻ വീണ്ടു അടിച്ചു.

ബുദ്ധസന്യാസിമാരുടെ കൂട്ടക്കരച്ചിൽ വഴിയിൽ കാവൽ നിന്ന ഭടന്മാരിൽ ചിലർ  കേട്ടു. അവർ ക്ഷുരകന്റെ വീട്ടിലെത്തിയപ്പോൾ അവിടുത്തെ കാഴ്ച കണ്ട് അമ്പരന്നു. ഭടന്മാർ ക്ഷുരകനെ പിടികൂടി ന്യായാധിപന്റെ മുന്നിലെത്തിച്ചു. ന്യായാധിപൻ അയാളെ ചോദ്യം ചെയ്തു. വ്യാപാരിയെ അനുകരിച്ചാണ് താനീ ക്രൂരകൃത്യം ചെയ്ത തെന്ന് അയാൾ വെളിപ്പെടുത്തി. ക്ഷുരകന്റെ വാക്കുകളിൽ അത്ഭുതം തോന്നിയ ന്യായാധിപൻ വ്യാപാരിയെ വരുത്തി. വ്യാപാരി നടന്ന കാര്യങ്ങളെല്ലാം വിശദീകരിച്ചു. സ്ത്യാവസ്ഥ മനസ്സിലാക്കിയ ന്യായാധിപൻ വ്യാപാരിയെ വെറുതെ വിട്ടു. കാര്യമറിയാതെ ഗുരുദ്രോഹം ചെയ്ത ക്ഷുരകനെ ശൂലത്തിൽ തറച്ചു കൊല്ലാൻ ന്യായാധിപൻ ഉത്തരവിട്ടു. അടുത്ത ക്ഷണത്തിൽത്തന്നെ ആ ശിക്ഷ നടപ്പാക്കപ്പെട്ടു.

---

**'എല്ലാ വശങ്ങളും നന്നായി മനസ്സിലാക്കാതെ**
**ഒന്നും പരീക്ഷിച്ചുനോക്കരുത്'**

---

# കഥയറിയാതെ

**ബ്രാ**ഹ്മണപത്നി സുന്ദരനായ കുഞ്ഞിന് ജന്മം കൊടുത്ത ദിവസം തന്നെ അവരുടെ മുറ്റത്ത് ഒരു കീരിപ്രസവവും നടന്നു. പ്രസവത്തിൽ അമ്മക്കീരി മരിച്ചുപോയി. കീരിക്കുഞ്ഞിനോട് സഹതാപം തോന്നിയ പ്രാഹ്മണപത്നി അതിനെ സ്വന്തം മുലപ്പാൽ കൊടുത്ത്, തന്റെ കുഞ്ഞിനോടൊപ്പം വളർത്തി.

ബ്രാഹ്മണന്റെ കുഞ്ഞും കീരിക്കുഞ്ഞും ഇണ പിരിയാത്ത കൂട്ടുകാരായി വളർന്നു വന്നു. എങ്കിലും ജന്മസ്വഭാവംകൊണ്ട് കീരി തന്റെ മകനെ ആക്രമിക്കുമോ എന്ന ഭയം ബ്രാഹ്മണപത്നിക്ക് എപ്പോഴുമുണ്ടായിരുന്നു. അതുകൊണ്ട് അവരുടെ ഒരു കണ്ണ് ഏതു സമയത്തും മകന്റെ ശരീരത്തിൽ തന്നെയായിരുന്നു. ഒരിക്കൽ ബ്രാഹ്മണ പ്തനി മകനെ തറയിൽ കിടത്തി എന്തോ ആവശ്യത്തിനായി അടുക്കള യിലേയ്ക്കു പോയി. മകനെ കീരി ഉപദ്രവിക്കാതെ നോക്കണമെന്ന് അവർ ഭർത്താവിനോട് പറഞ്ഞിരുന്നെങ്കിലും അത് കാര്യമാക്കാതെ അയാൾ ഭിക്ഷ തേടി പുറത്തിറങ്ങി.

ഈ സമയത്ത് മുറ്റത്തെ മാളത്തിൽനിന്നും ഒരു വിഷസർപ്പം ഇഴഞ്ഞ് പുറത്തിറങ്ങി. ബദ്ധവൈരിയായ പാമ്പിനെ കണ്ടതും കീരി ക്രൗര്യത്തോടെ പാഞ്ഞുചെന്ന് പാമ്പുമായി കടികൂടി. ഏറെനേരത്തെ ബലപ്രയോഗത്തിനു ശേഷം കീരി പാമ്പിനെ വകവരുത്തി. പാമ്പിന്റെ ചോര കീരിയുടെ മുഖത്തെല്ലാം പടർന്നു. പാമ്പിനെ കൊന്ന് കുഞ്ഞിനെ രക്ഷിച്ച സന്തോഷം അറിയിക്കാനായി കീരി സന്തോഷത്തോടെ ബ്രാഹ്മണപത്നിയുടെ അടുത്തെത്തി. കീരിയുടെ മുഖത്തെ ചോര കണ്ട് ബ്രാഹ്മണപത്നി തെറ്റിദ്ധരിച്ചു. കീരി കുഞ്ഞിനെ കടിച്ചുകീറിയിരിക്കുമെന്നു കരുതി അവർ അതിനെ തല്ലിക്കൊന്നു. എന്നിട്ട് പുറത്തുചെന്നു നോക്കി. അപ്പോഴാണ് അവർ സത്യമറിഞ്ഞത്. അവർ പശ്ചാത്താപംകൊണ്ട് വീർപ്പുമുട്ടി. ഭിക്ഷയാചിച്ചുപോയ ഭർത്താവും അപ്പോൾ തിരിച്ചെത്തി. ഇതിനെല്ലാം കാരണക്കാരൻ ബ്രാഹ്മണനാണെന്നു പറഞ്ഞ് അവർ വഴക്കുകൂടി.

---

**'മുൻവിധിയോടെയുള്ള സമീപനം പലപ്പോഴും പശ്ചാത്താപത്തിനിടയാക്കും'**

---

# നാലാളും നാലുവഴിയും

**ഒ**രിടത്ത് ഉറ്റ സുഹൃത്തുക്കളായ നാല് ബ്രാഹ്മണകുമാരന്മാർ ജീവിച്ചിരുന്നു. ദാരിദ്ര്യംകൊണ്ട് പൊറുതിമുട്ടിയ അവർ ഒരു രാത്രി വീടും വീട്ടുകാരേയും ഉപേക്ഷിച്ച് നാടുവിട്ടു. അവർ അതിവിദൂരത്തിലുള്ള ഒരു ക്ഷേത്രത്തിലാണ് എത്തിച്ചേർന്നത്. ദേഹശുദ്ധി വരുത്തി ധ്യാനത്തിലിരുന്നപ്പോൾ അവർ ഒരു സന്യാസിയുമായി സൗഹൃദത്തി ലായി. അദ്ദേഹം അവരുടെ യാത്രാലക്ഷ്യം തിരക്കി. ഒന്നുകിൽ ധനവാനാ വുക, അല്ലെങ്കിൽ മരണം വരിക്കുക എന്ന ലക്ഷ്യത്തോടെ നാടുവിട്ട സുഹൃത്തുക്കളാണ് തങ്ങളെന്ന് അവർ പറഞ്ഞു. ലക്ഷ്യപ്രാപ്തിക്കായി താൻ സഹായിക്കാമെന്ന് സന്യാസി അവർക്ക് ഉറപ്പുകൊടുത്തു.

പിറ്റേന്നുതന്നെ സന്യാസി സ്നേഹിതന്മാരെ വിളിച്ചുവരുത്തി. അദ്ദേഹം നാലുതിരികൾ കത്തിച്ച് ഓരോന്നും ഓരോരുത്തർക്ക് നൽകിയിട്ട് പറഞ്ഞു. "ഈ പ്രകാശം നിങ്ങളെ ലക്ഷ്യങ്ങളിലേക്ക് വഴി തെളിക്കും. ഈ തിരികളുമായി നിങ്ങൾ പർവ്വതനിരകളിലേക്ക് പോകണം. എവിടെവെച്ചാണോ തിരി താഴെവീണു കെടുന്നത് അവിടെ കുഴിച്ചു നോക്കിയാൽ നിങ്ങൾക്ക് ധനികരാവാനുള്ള നിധി കിട്ടും. അത്യാഗ്രഹം പാടില്ലെന്ന കാര്യം മാത്രം ഓർത്താൽ മതി." സന്യാസിയോട് നന്ദി പറഞ്ഞ് അവർ യാത്ര തുടങ്ങി.

കുറെ ദൂരം പോയപ്പോൾ അവരിൽ ഒരാളുടെ കൈയിലെ തിരി നിലത്തു വീണു. അയാൾ അവിടെ കുഴിച്ചുനോക്കിയപ്പോൾ നിറയെ ചെമ്പ് കണ്ടെത്തി. അയാൾ ആഹ്ലാദത്തോടെ വിളിച്ചുപറഞ്ഞു. "ചങ്ങാതിമാരേ, ഇതാ നിധി കിട്ടിക്കഴിഞ്ഞു. നമുക്കാവശ്യമുള്ളത്ര ചെമ്പ് കുഴിച്ചെടുത്ത് നാട്ടിലേക്കു പോകാം." എന്നാൽ, മറ്റു കുമാരന്മാർ അയാളെ പരിഹസിക്കുകയാണ് ചെയ്തത്. വെറും ചെമ്പുമായി വീട്ടിലേ ക്കു തിരിച്ചുപോകാൻ തങ്ങളില്ലെന്ന് അവർ തീർത്തുപറഞ്ഞു. ബ്രാഹ്മണകുമാരൻ തനിക്കാവശ്യമുള്ള ചെമ്പുമായി തിരിച്ചുപോയി.

മറ്റുള്ളവർ തിരികളുമായി വീണ്ടും യാത്ര തുടർന്നു. അല്പം കഴിഞ്ഞപ്പോൾ ഓരാളുടെ തിരികൂടി താഴെ വീണു. നിലം കുഴിച്ചു നോക്കിയപ്പോൾ അളവറ്റ വെള്ളിയാണ് കാണാനായത്. അയാൾ ഭാണ്ഡങ്ങൾ നിറയെ വെള്ളി ശേഖരിച്ച് തിരിച്ചുപോയപ്പോൾ മറ്റു രണ്ട്

കുമാരന്മാർ അയാളെ കളിയാക്കി. വീണ്ടും മുന്നോട്ടുപോയപ്പോൾ മൂന്നാമന്റെ തിരിയും അണഞ്ഞു. വിലപിടിച്ച സ്വർണ്ണക്കൂമ്പാരമാണ് അയാൾക്ക് കണ്ടെത്താനായത്. സ്വർണ്ണത്തേക്കാൾ വിലപിടിപ്പുള്ള വസ്തുവാണ് തന്നെ കാത്തിരിക്കുന്നതെന്ന് പറഞ്ഞ് നാലാമത്തെ കുമാരൻ വീണ്ടും മലകയറാൻ തുടങ്ങി. സ്വർണ്ണം പങ്കിട്ടെടുക്കാമെന്ന ചങ്ങാതിയുടെ വാഗ്ദാനം അയാൾ പുച്ഛിച്ചുതള്ളി.

നാലാമത്തെ ബ്രാഹ്മണകുമാരൻ തിരിയുമായി വളരെ ദൂരം നടന്നു. സ്വത്തിനോടുള്ള അത്യാർത്തി മൂലം അയാൾക്ക് വഴി തെറ്റി. ദീർഘയാത്രമൂലം അയാൾക്ക് കനത്ത വിശപ്പും ദാഹവും ഉണ്ടായി. പെട്ടന്നാണ് അടുത്തെവിടെയോനിന്ന് ഒരു ദീനവിലാപം അയാളുടെ കാതിൽ വന്നലച്ചത്. അയാൾ ആ കരച്ചിലിന്റെ ഉറവിടം അന്വേഷിച്ചു. അപ്പോൾ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. ദേഹമാസകലം ചോരയൊലിപ്പിച്ച് ഒരു യുവാവ് നിൽക്കുന്നു. നിറയെ കൂർത്ത ആണികൾ തറച്ച വലിയൊരു ചക്രം അയാളുടെ തലയിലിരുന്ന് തിരിയുന്നു. ചക്രം തലയിൽ തറഞ്ഞാണ് ചോര പൊടിഞ്ഞത്. ബ്രാഹ്മണകുമാരൻ അയാളോട് ചോദിച്ചു. ''സുഹൃത്തേ, താങ്കൾ ആരാണ്? ഇത്തരമൊരു ദുരവസ്ഥ താങ്കൾക്കെങ്ങനെ വന്നുചേർന്നു?'' ഇതുപറഞ്ഞുതീരേണ്ട താമസം, അയാളുടെ തലയിലെ ചക്രം ബ്രാഹ്മണകുമാരന്റെ തലയിൽ വന്നമർന്നു. അയാൾ അസഹ്യമായ വേദന അനുഭവിച്ചു.

''എന്തുചെയ്യാം? വിധിബലം അനുഭവിച്ചേ തീരൂ. അത്യാർത്തി കൊണ്ട് ഇവിടെയെത്തുന്നവരുടെ തലയിലാണ് ഈ ചക്രം തിരിയുക. താങ്കൾ എന്നെക്കുറിച്ച് ചോദിച്ച മാത്രയിൽ ഇത് ആ തലയിലെത്തി. മുമ്പെത്തെയാളോട് സഹതാപം പ്രകടിപ്പിച്ചപ്പോഴാണ് ഇത് എന്റെ തലയിൽ വന്നത്. ഇനി കുറേക്കാലം ഇതിന്റെ കാഠിന്യം താങ്കൾ അനുഭവിച്ചേ പറ്റൂ. ധനദേവനായ കുബേരൻ തന്റെ പണം മനുഷ്യരാൽ മോഷ്ടി ക്കപ്പെടുമോ എന്നു ഭയന്നാണ് ഈ ചക്രം സ്ഥാപിച്ചിട്ടുള്ളത്. ഞാൻ തന്നെ എത്ര സംവത്സരമായി ഇത് ചുമന്നുനിൽക്കുന്നു എന്ന് വ്യക്തമല്ല. ചക്രം തലയിലേറിയാൽ വിശപ്പോ ഉറക്കമോ, മരണഭയമോ ഒന്നുമു ണ്ടാകില്ല. ഏതായാലും എന്നെ മോചിപ്പിച്ചതിന് താങ്കളോട് നന്ദിയുണ്ട്. അത്യാഗ്രഹിയായ മറ്റൊരാൾ ഇവിടെയെത്തുംവരെ ചക്രം ചുമന്ന് താങ്കൾ ഇവിടെ നിൽക്കൂ. ഞാൻ പോകുന്നു.'' ഇത്രയും പറഞ്ഞ യുവാവ് വീട്ടിലേക്കു നടന്നു.

അപ്പോഴേക്കും സ്വർണ്ണം കിട്ടിയ കുമാരൻ അവിടെയെത്തി.

രത്നങ്ങൾ കിട്ടുമെന്ന വ്യാമോഹത്തോടെ പോയ ചങ്ങാതിയുടെ ദുരവസ്ഥ കണ്ട് അയാൾ ദുഃഖിച്ചു. അയാൾ ചങ്ങാതിയുടെ ദു:ഖത്തിൽ പങ്കുചേർന്ന് അല്പസമയം വിനിയോഗിച്ചശേഷം യാത്ര പറഞ്ഞ് തിരിച്ചുപോയി. ചക്രം ചുമന്ന കുമാരനാകട്ടെ സ്വയം കൃതാനർത്ഥത്തെക്കുറിച്ചോർത്ത് പശ്ചാത്തപിച്ച് നിൽപ്പ് തുടർന്നു, കാലങ്ങളോളം.

**'അത്യാഗ്രഹിയുടെ തലയിൽ ചക്രം തിരിയും'**

# അറിവും ബുദ്ധിയും

**പ**ണ്ഡിതനായ ബ്രാഹ്മണന് നാല് ആൺമക്കൾ ഉണ്ടായിരുന്നു. അവർ നാലുപേരും സകലഗ്രന്ഥങ്ങളും പഠിച്ച് അറിവു നേടി. എന്നാൽ, നാലാമനൊഴികെ മറ്റുള്ളവർക്ക് ബുദ്ധി കുറവായിരുന്നു. തങ്ങൾ സ്വായത്തമാക്കിയ അറിവുകൾ ഔചിത്യമില്ലാതെ പ്രയോഗിക്കുക വഴി അവർ പല അപകടങ്ങളിലും ചെന്നുപെട്ടു.

ഒരിക്കൽ നാലു ബ്രാഹ്മണകുമാരന്മാരും കൂടി ദേശാന്തരം പോയി. മൂഢനായ നാലമനെ കൂടെകൊണ്ടുപോകുന്നത് അനുചിതമാണെന്ന് മൂത്ത സഹോദരന്മാർ അഭിപ്രായപ്പെട്ടപ്പോൾ മൂന്നാമൻ അതിനെ എതിർത്തു. ഒടുവിൽ ഇളയ കുമാരനെക്കൂടി കൂടെകൂട്ടാൻ അവർ തയ്യാറായി.

ഒരു കാട്ടിലൂടെയാണ് അവർക്ക് പോകേണ്ടിയിരുന്നത്. വഴി മധ്യേ കുറെ അസ്ഥികൾ ചിതറി കിടക്കുന്നത് അവർ കണ്ടു. അതൊരു സിംഹത്തിന്റെ അസ്ഥികളാണെന്ന് കുമാരന്മാർക്ക് ഒറ്റനോട്ടത്തിൽ മനസ്സിലായി. തങ്ങൾ പഠിച്ചവിദ്യകൾ മുഴുവനും ഈ അസ്ഥിയിൽ പ്രയോഗിക്കാൻ മൂത്ത സഹോദരന്മാർ തീർച്ചയാക്കി. ഇതനുസരിച്ച് മൂത്തയാൾ അസ്ഥികൾ യഥാവിധി ചേർത്ത് സിംഹത്തി ന്റെ അസ്ഥികൂടം തയ്യാറാക്കി. രണ്ടാമൻ ഇറച്ചിയും ചോരയും ചേർത്തു. മൂന്നാമൻ തന്റെ അറിവുകൊണ്ട് സിംഹത്തിന് ജീവൻ കൊടുക്കാനൊ രുങ്ങി. അപ്പോൾ ഇളയ കുമാരൻ വിളിച്ചുപറഞ്ഞു. “അയ്യോ! ജ്യേഷ്ഠാ, അവിവേകം കാട്ടരുത്. അങ്ങ് ജീവിപ്പിക്കാൻ പോകുന്നത് സാക്ഷാൽ സിംഹത്തേയാണ്. അതപകടമാണ്.” ഇതു കേട്ട് മൂത്ത സഹോദരൻമാർ അവനെ ഭീരുവെന്ന് പരിഹസിച്ചു.

ജ്യേഷ്ഠന്മാരോട് എതിർത്തൊന്നും പറഞ്ഞിട്ട് ഫലമില്ലെന്നു കണ്ട

ഇളയകുമാരൻ അടുത്തുള്ള മരത്തിൽ കയറിയിരുന്നു. മൂന്നാമത്തെ കുമാരൻ മന്ത്രം ചൊല്ലി സിംഹത്തെ ജീവിപ്പിച്ചു. സിംഹം അലറിക്കൊണ്ട് മൂന്നു കുമാരന്മാരേയും പിടിച്ചുതിന്നു. മരത്തിലിരുന്ന ഇളയകുമാരൻ ജ്യേഷ്ഠന്മാരുടെ ദുരവസ്ഥ കണ്ട് ദുഃഖിച്ചു. പിന്നെ, സിംഹം പോയപ്പോൾ മരത്തിൽ നിന്നിറങ്ങി വീട്ടിലേക്കു നടന്നു.

**'ബുദ്ധിശൂന്യരുടെ കൈയിലെ വിദ്യ വിപരീതഫലം ചെയ്യും'**



# പണ്ഡിത മണ്ടന്മാർ

മറുനാട്ടിലെ പഠനമെല്ലാം കഴിഞ്ഞ് നാല് ബ്രാഹ്മണസുഹൃത്തുക്കൾ ഗുരുദക്ഷിണ നൽകി നാട്ടിലേക്ക് മടങ്ങി. നീതിസാരങ്ങളും വേദോപനിഷത്തുക്കളുമായിട്ടായിരുന്നു അവരുടെ മടക്കയാത്ര. അറിവ് അവസരോചിതമായി പ്രയോഗിക്കുന്നതിനുപകരം എന്തും പുസ്തകം നോക്കി ഉറപ്പുവരുത്തി അതുപോലെ പ്രവർത്തിക്കാനാണ് അവർ ശ്രമിച്ചത്.

ഇടയ്ക്കുവെച്ച് അവർക്ക് വഴിതെറ്റി. മുന്നിൽ കാണുന്ന രണ്ടു വഴികളിൽ തങ്ങളുടെ വഴിയേതെന്നറിയാതെ അവർ കുഴങ്ങി. അപ്പോൾ ഒരു ശവയാത്ര അതിലെ കടന്നുപോയി. അപ്പോൾ ബ്രാഹ്മണർ പുസ്തകം വിടർത്തി. 'മഹാജനങ്ങൾ പോകുന്ന വഴിയാണ് ശരിയായ വഴി'യെന്ന് അതിൽ വായിച്ചു. അതിന്റെ അർത്ഥം ശരിക്കുമനസ്സിലാക്കാതെ ആ മണ്ടന്മാർ ശവയാത്രയുടെ പുറകെ കൂടി. അവർ ശ്മശാനത്തിലെത്തിയപ്പോൾ ഒരു കഴുതയെ കണ്ടു. അവർ വീണ്ടും പുസ്തകം വായിച്ചു. 'ദാരിദ്ര്യത്തിലും ക്ഷാമത്തിലും കൊട്ടാരത്തിലും ശ്മശാനത്തിലും നിൽക്കുന്നവനാണ് ഉറ്റബന്ധു'വെന്ന് അതിൽ കണ്ടു. അപായത്തിൽ കൈവെടിയാത്തവനാണ് ബന്ധുവെന്നായിരുന്നു അതിന്റെ ആശയം. അതു മനസ്സിലാക്കാതെ അവർ കഴുതയെ കെട്ടിപ്പിടിച്ച് സ്നേഹം പ്രകടിപ്പിച്ചു. 'ഗതിവേഗമുള്ളതാണ് ധർമ്മം' എന്ന വചനം വായിച്ച് തലയുയർത്തിയപ്പോൾ അവർ കണ്ടത് ഒരൊട്ടകത്തെയാണ്. ഒട്ടകം തന്നെയാണ് ധർമ്മമെന്നും അവർ ധരിച്ചു. പുസ്തകത്തിലെ അടുത്ത വരി ഇങ്ങനെയായിരുന്നു. "ഇഷ്ടവും ധർമ്മവും യഥാവിധി ചേരേണ്ടവരാകുന്നു". ഇഷ്ടപ്പെട്ട കാര്യം ധർമ്മത്തിനനുസരിച്ച് ചെയ്യണമെന്ന ശരിയായ അർത്ഥം ഗ്രഹിക്കാത്ത ആ മണ്ടന്മാർ കഴുതയേയും ഒട്ടകത്തേയും കൂട്ടിക്കെട്ടി. അതിനെ തെളിച്ചുകൊണ്ടു നടന്നപ്പോൾ കഴുതയുടെ ഉടമയായ അലക്കുകാരൻ മുട്ടൻ വടിയുമായി എത്തി

ബ്രാഹ്മണരെ അടിച്ചോടിച്ചു. ജീവനും കൊണ്ടോടിയ ബ്രാഹ്മണർ നാലും നാലു വഴിക്കോടി.

ആദ്യത്തെയാൾ എത്തിയത് നദിക്കരയിലാണ്. വെള്ളത്തിലൂടെ വലിയൊരില ഒഴുകിപ്പോകുന്നതു കണ്ടപ്പോൾ അയാൾ പുസ്തകം വിടർത്തി. തോണി എന്ന അർത്ഥത്തിൽ 'പത്രം കണ്ടാൽ അതിലേറി പുഴകടക്കണ'മെന്നു വായിച്ചു. അർത്ഥം ഗ്രഹിക്കാത്ത ബ്രാഹ്മണൻ ഇലയിൽ കയറിയിരുന്നു. ഫലമോ? അയാൾ മുങ്ങിപ്പോയി. ഇതുകണ്ടെത്തിയ രണ്ടാമത്തെയാൾക്ക് ജ്യേഷ്ഠന്റെ മുടിയിൽ പിടികിട്ടി. ഇനി എന്തു ചെയ്യണമെന്നറിയാൻ അയാൾ പുസ്തകം നോക്കി. "എല്ലാം നശിക്കുമെന്നായാൽ പാതി ഉപേക്ഷിക്കാൻ മടിക്കരുത്" എന്നു വായിച്ച് അയാൾ ജ്യേഷ്ഠന്റെ കഴുത്തു വെട്ടി.

പിന്നീട്, മൂന്നു ബ്രാഹ്മണരും ഒത്തുചേർന്ന് മറ്റൊരു ഗ്രാമത്തിലെത്തി. അവിടുത്തെ ഗ്രാമീണർ ഇവരെ സ്വീകരിച്ചു. അവർ ബ്രാഹ്മണർക്ക് മധുരപലഹാരം നൽകിയെങ്കിലും പുസ്തകത്തിൽ ദീർഘസൂത്രി നാശത്തിനിടയാക്കു'മെന്ന് വായിച്ച് അവർ കഴിച്ചില്ല. കാര്യങ്ങൾ നീട്ടിക്കൊണ്ടുപോകുന്നത് നന്നല്ലെന്നായിരുന്നു അതിന്റെ ശരിയായ അർത്ഥം. ആഴമില്ലാത്തതും ഉപരിപ്ലവവുമായ ജ്ഞാനം അല്പായുസ്സാണെന്ന നീതിസാരം മനസ്സിലാകായ്കയാൽ മറ്റൊരാൾ കൊടുത്ത നെയ്യപ്പവും അവർ ഉപേക്ഷിച്ചു. മൂന്നാമതൊരാൾ കൊടുത്തത് ഉഴുന്നുവടയാണ്. അവർ വീണ്ടും പുസ്തകം പരതി. 'ഛിദ്രവും അനർത്ഥവും പരസ്പരം പൂരകങ്ങളാണെന്ന്' വായിച്ച അവർ തുളയുള്ള ഉഴുന്നുവട കഴിക്കാതെ എഴുന്നേറ്റുപോയി.

വിശപ്പുണ്ടായിട്ടും ഒന്നും കഴിക്കാനാവാതെ വന്നതിൽ സ്വയം ശപിച്ച് ബ്രാഹ്മണർ തെരുവിലൂടെ നടന്നു. ഇവർക്ക് ഭ്രാന്താണെന്നു കരുതി ഗ്രാമീണർ പുറകെ നടന്ന് കൂകിവിളിച്ചു. ഗത്യന്തരമില്ലാതെ അവർ വേഗം നാട്ടിലേക്ക് തിരിച്ചുപോയി.

---

**'അറിവുണ്ടെങ്കിലും പ്രായോഗിക ബുദ്ധിയില്ലാത്തവൻ പരിഹാസ്യനാകും'**

---

# മീൻബുദ്ധി പിൻബുദ്ധി

**ഗ്രാ**മത്തിലെ ഒരു കുളത്തിൽ രണ്ട് മത്സ്യങ്ങൾ ജീവിച്ചിരുന്നു. വലിയ ബുദ്ധിമാന്മാരാണ് തങ്ങളെന്ന ഭാവം ഇവർക്കുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരു തവള കുളക്കരയിലെത്തി. തവളയുടെ നർമ്മസംഭാഷണങ്ങളിൽ താല്പര്യം തോന്നിയ മത്സ്യങ്ങൾ അവനെ കൂട്ടുകാരനാക്കി. ഒഴിവുസമയങ്ങളിലെല്ലാം തവളയും മത്സ്യങ്ങളും ഒത്തുകൂടി വർത്തമാനം പറഞ്ഞിരിക്കുക പതിവായി.

ഒരു ദിവസം അവർ സംസാരിച്ചിരിക്കുമ്പോൾ കുറെ മുക്കുവന്മാർ അതിലേ വന്നു. ഈ കുളത്തിൽ നിറയെ മത്സ്യങ്ങളുണ്ടെന്നും അടുത്ത ദിവസം വന്ന് ഇവയെ പിടിക്കാമെന്നും അവർ തമ്മിൽ പറഞ്ഞു. ഇതുകേട്ട് തവളയ്ക്ക് പരിഭ്രമമായി. മുക്കുവന്മാർ വീണ്ടു വരുന്നതിനു മുമ്പ് ഈ കുളം വിട്ടുപോകുന്നതാവും നല്ലതെന്ന് തവള പറഞ്ഞു. എന്നാൽ മത്സ്യങ്ങൾ അവനെ പരിഹസിച്ചു. അല്പന്മാരായ മുക്കുവ ന്മാരെ ഭയന്ന് സ്വന്തം വീടുവിട്ടുപോകുവാൻ മാത്രം ഭീരുക്കളല്ല തങ്ങളെ ന്ന് അവർ വീമ്പിളക്കി. മാത്രമല്ല, മുക്കുവന്മാർ വരുമ്പോൾ അവരെ കബളിപ്പിച്ച് രക്ഷപ്പെടാനുള്ള ബുദ്ധി തങ്ങൾക്കുണ്ടെന്ന് അവർ പറഞ്ഞു. തവളയുടെ കുടുംബത്തേയും വലയിൽ കുടുങ്ങാതെ രക്ഷപ്പെടുത്താ മെന്നും ഉറപ്പു നൽകി.

മത്സ്യങ്ങളുടെ വാക്കു വിശ്വസിച്ച് ഒരു പരീക്ഷണത്തിനു മുതിരാൻ തവള തയ്യാറായില്ല. അന്നുരാത്രിതന്നെ തവള കുടുംബത്തേയും കൂട്ടി മറ്റൊരു കുളത്തിലേയ്ക്ക് താമസം മാറ്റി. പിറ്റേന്നു രാവിലെ മുക്കവന്മാരെത്തി കുളം വറ്റിച്ചു. ബുദ്ധിമാന്മാരെന്ന് അഹങ്കരിച്ച മത്സ്യങ്ങൾ ചെളിയിൽ പുതഞ്ഞു കിടന്നെങ്കിലും എളുപ്പം മുക്കുവന്മാരുടെ പിടിയിലായി. വലിയ മത്സ്യങ്ങളെ കിട്ടിയ സന്തോഷത്തോടെ അവർ തിരിച്ചുപോകുന്നത് പൊട്ടക്കുളത്തിലിരുന്ന് തവള കണ്ടു. സ്നേഹിതന്മാരെക്കുറിച്ച് അവൻ അതിയായി ദു:ഖിച്ചു.

---

**'അനവസരത്തിൽ ധൈര്യം നടിക്കുന്നവർ അപകടത്തിൽപ്പെടും'**

---

# കഴുത ഭാഗവതർ

**പ**ട്ടണത്തിലെ അലക്കുകാരന് ഒരു കഴുതയുണ്ടായിരുന്നു. അവന്റെ ചങ്ങാതിയായി ഒരു കുറുക്കനുമുണ്ടായിരുന്നു. അവരുടെ അടുത്തായി വിളഞ്ഞുനിൽക്കുന്ന വെള്ളരിത്തോട്ടം അവരിൽ കൊതിയുണർത്തി. ഒരു രാത്രി അവർ തോട്ടത്തിന്റെ വേലി പൊളിച്ച് അകത്തുകടന്നു. ഇളംവെള്ളരിക്ക വയറുനിറയെ തിന്ന് നേരം പുലരും മുമ്പേ രണ്ടുപേരും തിരിച്ചുപോന്നു.

പിന്നീടുള്ള എല്ലാ രാത്രികളിലും അവർ ഈ മോഷണം തുടർന്നു. കുറഞ്ഞകാലംകൊണ്ട് രണ്ടുപേരും തടിച്ചുകൊഴുത്തു. അങ്ങനെ യിരിക്കെ, നല്ല നിലാവുള്ള ഒരു രാത്രിയിൽ വെള്ളരിക്ക തിന്നു വയറു നിറഞ്ഞപ്പോൾ കഴുതയ്ക്ക് ഒരാഗ്രഹം തോന്നി. അവൻ കുറുക്കനോട് പറഞ്ഞു. "ചങ്ങാതീ, ഈ പാൽനിലാവ് എന്നെ മദിപ്പിക്കുന്നു. ഈ സുഖകരമായ കാലവസ്ഥയിൽ ഞാൻ മനസ്സുനിറഞ്ഞൊന്ന് പാടാൻ പോകുന്നു." ഇതുകേട്ട് കുറുക്കൻ ഭയന്നു. കഴുതയെ തടഞ്ഞുകൊണ്ട് അവൻ പറഞ്ഞു. "അപകടം കാട്ടരുത്. നീ ഉറക്കെ പാടിയാൽ ആളുകൾ ഓടിക്കൂടും. അവർ നമ്മളെ ശരിയാക്കും."

കുറുക്കന്റെ ഉപദേശം കഴുതയ്ക്ക് തീരെ രസിച്ചില്ല. അവൻ പാടാനായി വായ് തുറന്നു. വീണ്ടും കുറുക്കൻ ഇടപെട്ടു. "അരുത് വെറുതെ ആപത്ത് വിളിച്ചുവരുത്തരുത്. പാട്ടിന് ഒട്ടും ഇണങ്ങാത്തതാണ് നിന്റെ കഴുതരാഗം. പാറപ്പുറത്ത് ചിരട്ട ഉരയ്ക്കുന്നതുപോലെയാണ് ആ ശ്ബ്ദം. പറ്റാത്ത പണിക്ക് എന്തിനാണ് പോകുന്നത്?" ഇതുകൂടി കേട്ടപ്പോൾ കഴുതയ്ക്ക് ശുണ്ഠി വന്നു. "അതു ശരി, നീയെന്നെ പരിഹസിക്കുകയാണല്ലേ. സംഗീതത്തെക്കുറിച്ച് പറയാൻ നിനക്കെന്താ അവകാശം? സംഗീതത്തിലെ രാഗം, താളം, സ്വരം, ശ്രുതി എന്നിവയെ ക്കുറിച്ചൊക്കെ എനിക്ക് നല്ല ധാരണയുണ്ട്. എന്റെ സ്വരമാധുരിയെ പലരും പുകഴ്ത്തിയിട്ടുമുണ്ട്. വെറും അല്പജ്ഞാനിയായ നീയെന്തു പറഞ്ഞാലും ശരി ഞാനിപ്പോൾ പാടും". കഴുതയെ വീണ്ടും ഉപദേശി ക്കുന്നതിൽ അർത്ഥമില്ലെന്നു തോന്നിയ കുറുക്കൻ തന്ത്രപൂർവ്വം പറഞ്ഞു. "ശരി, ഞാൻ

സംഗീതബോധമില്ലാത്തവൻ തന്നെ. നീ പാടിക്കോളൂ. ഞാൻ വേലിയുടെ അടുത്തുപോയിനിന്ന് കേട്ടോളാം. അഥവാ. പാട്ടുകേട്ട് ആരെങ്കിലും വരുന്നുണ്ടെങ്കിൽ ഞാൻ പറയുകയുമാവാം.

കുറുക്കൻ വെള്ളരിത്തോട്ടത്തിന്റെ പുറത്തെത്തി കാട്ടുപൊന്തയിൽ ഒളിച്ചിരുന്നു. കഴുത വായ്പൊളിച്ച് അസഹ്യമായ ശബ്ദത്തിൽ പാടാൻ തുടങ്ങി. അതുകേൾക്കേണ്ട താമസം തോട്ടം കാവൽക്കാർ വെള്ളരി മോഷ്ടാവിനെ അടിച്ചവശനാക്കി. ദേഷ്യം തീരാതെ അവർ കഴുതയുടെ കഴുത്തിൽ കരിങ്കല്ല് കെട്ടിത്തൂക്കി.

തോട്ടം കാവൽക്കാർ പോയതും കുറുക്കൻ വീണ്ടും അവിടെയെത്തി. അസഹ്യമായ വേദനയനുഭവിച്ചും കല്ലിന്റെ ഭാരംകൊണ്ട് എഴുന്നേൽക്കാനാവാതെയും കിടക്കുന്ന കഴുതയോട് അവൻ പറഞ്ഞു. “നിന്റെ ഗാനം ഗംഭീരമായി. എത്ര ആസ്വാദകരാണ് അതു കേട്ട് ഇവിടെയെത്തിയത്! മാത്രമല്ല, അവർ നിന്റെ കഴുത്തിൽ വീരശൃംഖലയും അണിയിച്ചിട്ടാണല്ലോ പോയത്.” ഈ വാക്കുകൾ കേട്ടപ്പോൾ മണ്ടൻ കഴുതയ്ക്ക് തന്നോടുതന്നെ അഭിമാനം തോന്നി.

---

**‘ഔചിത്യമില്ലാതെ അറിവ് വിളമ്പരുത്**

---



# വരം പാഴായി

**ത**റിക്കു യോജിച്ച മരം തേടി നെയ്ത്തുകാരൻ മഴുവുമായി കാട്ടി ലെത്തി. ഏറെ നേരത്തെ തിരച്ചിലിനു ശേഷം അയാൾ നല്ല കാതലുള്ള ഒരു മരം കണ്ടെത്തി. അത് മുറിക്കാൻ മഴുവുയർത്തിയപ്പോൾ ഒരശരീരി യുണ്ടായി. "അരുത്, ദയവു ചെയ്ത് ഈ മരം മുറിക്കരുത്. വനദേവത യായ എന്റെ ആവാസസ്ഥാനമാണിത്. ഇത് മുറിച്ചാൽ എന്റെ അഭയം നഷ്ടപ്പെടും. ഇത് മുറിച്ചുമാറ്റാനുള്ള നീക്കത്തിൽനിന്ന് ദയവുചെയ്ത് പിന്തിരിയണം." എന്നാൽ, ഇതൊന്നും നെയ്ത്തുകാരൻ മുഖവില യ്ക്കെടുത്തില്ല. തന്റെ തറിക്ക് ഈ മരം തന്നെ വേണമെന്ന നിർബന്ധ ത്തിൽ അയാൾ ഉറച്ചു നിന്നു.

''ഏയ് മനുഷ്യാ, നിങ്ങൾ എന്റെ താവളമായ വൃക്ഷത്തെ ഉപദ്രവിക്കാതെ തിരിച്ചുപോകുന്ന പക്ഷം ഞാനൊരു വരം തരാം. എന്താണ് വേണ്ടതെന്ന് ചോദിച്ചോളൂ. എന്താഗ്രഹമായാലും അതുടനെ നടക്കും." വനദേവത പറഞ്ഞു. എന്നാൽ എന്താണു ചോദിക്കേണ്ട തെന്നതിനെക്കുറിച്ച് അയാൾക്ക് ഒരു രൂപവും തോന്നിയില്ല. താൻ വീട്ടിൽച്ചെന്ന് സുഹൃത്തിനോടും ഭാര്യയോടും തിരക്കിയശേഷം വരം ആവശ്യപ്പെടാമെന്ന് നെയ്ത്തുകാരൻ പറഞ്ഞു. വനദേവത അതിന് അനുവദിച്ചു.

നെയ്ത്തുകാരൻ നാട്ടിലെത്തി ഉറ്റസുഹൃത്തായ ക്ഷുരകനോട് കാര്യമെല്ലാം വിശദീകരിച്ചു. കുറച്ചുനേരം ആലോചിച്ചശേഷം അയാൾ പറഞ്ഞു. "ഇതിലിത്ര ചിന്തിക്കാനെന്തിരിക്കുന്നു? ഇക്കാലത്ത് രാജപദവി ലഭിക്കുന്നതിലും വലിയ മറ്റെന്തെങ്കിലും നേട്ടമുണ്ടോ? രാജാവായാൽ സകല സുഖസൗകര്യങ്ങളും അനുഭവിച്ച് സർവ്വരുടേയും ആദരവ് ഏറ്റുവാങ്ങി സുഖമായി ജീവിക്കാം. നീ വേഗം ചെന്ന് വനദേവതയോട് ഈ വരം ആവശ്യപ്പെടണം." നെയ്ത്തുകാന് ഈ ഉപദേശം ശരിയായി തോന്നിയെങ്കിലും ഭാര്യയുടെ അഭിപ്രായം കൂടി അറിയുന്നത് നല്ലതാ

ണെന്ന് തോന്നി. എന്നാൽ, ക്ഷുരകൻ അതിനെ അനുകൂലിച്ചില്ല. ഇത്തരം കാര്യങ്ങളിൽ അല്പബുദ്ധികളായ സ്ത്രീകളുടെ അഭിപ്രായം തേടുന്നത് നന്നല്ലെന്ന് അയാൾ പറഞ്ഞു.

എങ്കിലും, ഭാര്യയെ അതിയായി സ്നേഹിച്ചിരുന്ന നെയ്ത്തുകാരൻ അവളുടെ അഭിപ്രായവും തിരക്കി. അവൾ പറഞ്ഞു. “നിങ്ങളൊരു ശുദ്ധനായിപ്പോയല്ലോ മനുഷ്യാ. നിങ്ങളോട് ചങ്ങാത്തം കൂടി ആ ക്ഷുരകൻ നിങ്ങളെ വഞ്ചിക്കാൻ ശ്രമിക്കുകയായിരുന്നു. നിങ്ങൾ വനദേവതയോട് ചെന്ന് രാജാവാകാനുള്ള വരം ചോദിക്കും. എന്നിട്ടു വേണം വല്ല രാജാക്കന്മാരുമായി യുദ്ധം ചെയ്ത് മരിക്കാനോ തുറുങ്കിലകപ്പെടാനോ. ഇപ്പോൾ നെയ്ത്തുകാരനായി ജീവിക്കുമ്പോഴുള്ള സ്വസ്ഥതപോലും രാജാവായാൽ കിട്ടില്ല. ഓർത്തോ.’’ ഭാര്യ കലിതുള്ളുന്നത് കണ്ട് അസ്വസ്ഥതയോടെ നെയ്ത്തുകാരൻ ചോദിച്ചു. “പിന്നെ ഞാനെന്തു വരമാണ് ചോദിക്കേണ്ടതെന്നുകൂടി നീ പറഞ്ഞു താ.” അവൾ മറുപടി നൽകി. “അങ്ങനെ ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്ക്. നമുക്ക് വേണ്ടത് പണമല്ലേ? ഇപ്പോൾ രണ്ടു കണ്ണുകൊണ്ട് കണ്ട് രണ്ട് കൈകൊണ്ട് നിങ്ങൾ നെയ്യുന്ന വസ്ത്രങ്ങൾക്കുതന്നെ മോശമല്ലാത്ത പണം കിട്ടുന്നുണ്ടല്ലോ. നിങ്ങൾക്ക് രണ്ടു കൈയും ഒരു തലയും കൂടിയുണ്ടെങ്കിൽ ഇപ്പോൾ നെയ്യുന്നതിന്റെ ഇരട്ടി തുണി നെയ്ത് ഇരട്ടി പണമുണ്ടാക്കാമല്ലോ. അല്ലാതെ കുറേ പണം വേണമെന്ന് നാം ആവശ്യപ്പെട്ടാൽ അത് ശാശ്വതമാകണമെന്നില്ല.”

ഭാര്യയുടെ വാക്കുകൾ കേട്ടപ്പോൾ അതാണ് കൂടുതൽ നല്ലതെന്ന് നെയ്ത്തുകാരന് തോന്നി. അയാൾ കാട്ടിലെത്തി വനദേവതയോട് ആ വരം ആവശ്യപ്പെട്ടു. നിമിഷനേരംകൊണ്ട് നെയ്ത്തുകാരന്റെ ശരീരത്തിൽ ഒരു തലയും രണ്ടുകൈകളും അധികമായി പ്രത്യക്ഷപ്പെട്ടു. സന്തുഷ്ടനായ നെയ്ത്തുകാരൻ വീട്ടിലേക്ക് മടങ്ങി. എന്നാൽ, വികൃതരൂപിയായ നെയ്ത്തുകാരനെ അയൽക്കാർ തിരിച്ചറിഞ്ഞില്ല. ഏതോ ചെകുത്താൻ ഗ്രാമത്തിലെത്തിയതാണെന്നു കരുതി അവർ നെയ്ത്തുകാരനെ തല്ലിക്കൊന്നു.

---

**‘പല മാർഗ്ഗങ്ങളിൽനിന്ന് ഔചിത്യപൂർവ്വം തിരഞ്ഞെടുപ്പു നടത്തിയാലേ വിജയം വരിക്കാനാവൂ’**

---

# അരിപ്പൊടിക്കാരന്റെ സ്വപ്നം

**ഒ**രു ഗ്രാമത്തിൽ ദരിദ്രനായ ഒരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. ഭിക്ഷയെടുത്താണ് അയാൾ അന്നന്നേയ്ക്കുള്ള ആഹാരത്തിന് വഴി കണ്ടെത്തിയത്. ഒരിക്കലും നടക്കാത്ത കാര്യങ്ങൾ സ്വപ്നം കാണുക അയാളുടെ സ്വഭാവമായിരുന്നു.

ഭിക്ഷ യാചിച്ചു കിട്ടുന്ന അരിപ്പൊടിയിൽനിന്ന് അത്യാവശ്യം ഭക്ഷണത്തിനു മാത്രമുള്ളതെടുത്തശേഷം ബാക്കി വരുന്നത് ഒരു മൺകലത്തിലാക്കി കട്ടിലിനു മുകളിൽ തൂക്കിയിരുന്നു. അതിലേയ്ക്ക് നോക്കിക്കിടന്ന് സ്വപ്നം മെനയുന്നതിലായിരുന്നു അയാൾക്ക് താല്പര്യം. പതിവുപോലെ അന്നും അരിപ്പൊടിക്കലത്തിലേക്ക് നോക്കി അയാൾ സ്വപ്നം മെനയുന്നതിലായിരുന്നു അയാൾക്ക് താല്പര്യം. പതിവുപോലെ അന്നും അരിപ്പൊടിക്കലത്തിലേക്ക് നോക്കി അയാൾ സ്വപ്നം കണ്ടുതുടങ്ങി. "അരിപ്പൊടികൊണ്ട് ഇപ്പോൾ ഈ കലം നിറ യാറായിട്ടുണ്ട്. ദാരിദ്ര്യം കഠിനമായാൽ ഇതു വിൽക്കണം. ഇതു വിറ്റു കിട്ടുന്ന നൂറു വെള്ളിനാണയങ്ങൾകൊണ്ട് രണ്ടാടുകളെ വാങ്ങണം. ഒന്നു പെണ്ണാടും മറ്റൊന്ന് മുട്ടനാടും. പെണ്ണാട് ആറാറുമാസത്തി ലൊരിക്കൽ പ്രസവിക്കും. പാലും ചാണകവും വിറ്റ് ധാരാളം കാശുണ്ടാക്കാം. ആടുകൾ പെറ്റുപെരുകുമ്പോൾ അവയിൽ കുറെയെണ്ണ ത്തിനെ വിറ്റ് പശുക്കളെയും അവയെ വിറ്റ് എരുമകളേയും വാങ്ങാം. എരുമകൾ കുറെയാകുമ്പോൾ അവയെ വിറ്റ് പെൺകുതിരകളെ വാങ്ങുന്നതാവും ഉചിതം. പെൺകുതിരകൾ പ്രസവിക്കുന്ന കുതിരക്കുഞ്ഞുങ്ങൾ വളർന്നു വലുതായാൽ ഒരുപാടു സ്വർണ്ണം വിലയായി വാങ്ങി അവയെ വിൽക്കാം. അപ്പോഴേക്കും നഗരത്തിലെ ഏറ്റവും ധനാഢ്യ നായിക്കഴിഞ്ഞ തന്നെ വിവാഹം കഴിക്കാൻ തരുണീമണികൾ നിരനിയായി നിൽക്കും. കൂട്ടത്തിൽ ഏറ്റവും ധനികനായ ബ്രാഹ്മണന്റെ സുന്ദരിയായ മകളെ ഞാൻ ഭാര്യയാക്കും. കാലക്രമത്തിൽ ഞങ്ങൾക്ക് ഒരാൺകുഞ്ഞ് പിറക്കും. കൊട്ടാരസദൃശ്യമായ വീട്ടിൽ ഞാൻ ഗൗരവ ത്തോടെ ഇരിക്കുമ്പോഴാകും

മകൻ ഇഴഞ്ഞിഴഞ്ഞുവന്ന് എന്റെ ശ്രദ്ധ കെടുത്തുക. കുപിതനായ ഞാൻ ഭാര്യയോട് മകനെ എടുത്തുകൊണ്ടു പോകാൻ ആവശ്യപ്പെടും. അടുക്കളയിൽ എന്തോ ജോലി ചെയ്യുക യായിരുന്ന അവൾ അതു കേൾക്കില്ല. അപ്പോൾ എനിക്ക് ദേഷ്യം കൂടും. ഞാൻ എഴുന്നേറ്റുചെന്ന് അവൾക്ക് ആഞ്ഞൊരു ചവിട്ടുകൊടുക്കും...."

ഇങ്ങനെ ഓരോന്നു ചിന്തിച്ച് ബ്രാഹ്മണൻ ആഞ്ഞുചവിട്ടി. അയാളുടെ കാൽ ചെന്നുകൊണ്ടത് മുകളിൽ തൂക്കിയിരുന്ന അരിപ്പൊടി ക്കലത്തിലാണ്. കലം പൊട്ടി അരിപ്പൊടി മുഴുവൻ അയാളുടെ ദേഹത്തും നിലത്തും വീണുചിതറി. തന്റെ മുഴുവൻ സമ്പാദ്യവും നഷ്ടപ്പെട്ടതിൽ അയാൾ പൊട്ടിക്കരഞ്ഞുപോയി.

**'സംഭവിക്കാനിടയില്ലാത്തത് ആഗ്രഹിച്ചു നടക്കുന്നവന് ഉള്ളതും കൂടി ഇല്ലാതാവും'**



# പകരത്തിനു പകരം

**ഒ**രു രാജ്യത്ത് ധീരനായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം യുദ്ധം ജയിക്കാനായി ലക്ഷണമൊത്ത കുറേ കുതിരകളേയും രാജകുമാരന്മാർക്ക് കളിക്കാൻവേണ്ടി കുരങ്ങൻ പറ്റത്തേയും ആട്ടിൻപറ്റത്തേയും വളർത്തിയിരുന്നു. വയറുനിറയെ ആഹാരം കഴിച്ച് അലസമായി ജീവിച്ചിരുന്ന കുരങ്ങന്മാർ കൊട്ടാരത്തിലുടനീളം സ്വാതന്ത്ര്യത്തോടെ ഓടിനടന്നു. എന്നാൽ, കുരങ്ങന്മാരുടെ നേതാവ് വലിയ ജ്ഞാനിയും ദീർഘദൃഷ്ടിയുള്ളവനുമായിരുന്നു. തന്റെ പ്രജകളുടെ ഈ അലസ ജീവിതം അവന് രസിച്ചില്ല.

വരാൻപോകുന്ന വലിയ ഒരപകടം നേതാവ് മുൻകൂട്ടി കണ്ടു. ആട്ടിൻപറ്റം പലപ്പോഴും പാചകശാലയിൽ കടന്ന് ഓരോന്നു കട്ടുതിന്നുന്നതും പാചകക്കാർ അവയെ ആട്ടിയോടിക്കുന്നതും നേതാവ് പതിവായി കാണുന്ന കാഴ്ചയായിരുന്നു. എന്നിട്ടും കൂസാതെ ആടുകൾ വീണ്ടും അടുക്കളയിൽ കയറി. സഹികെടുന്ന ഒരു ദിവസം പാചകക്കാർ തീക്കൊള്ളികൊണ്ട് ആടുകളെ കുത്തുമെന്നും അങ്ങനെ ആടിന്റെ രോമങ്ങൾ തീപടരുമെന്നും നേതാവ് ഊഹിച്ചു. താടിയിലും മറ്റുരോമ ങ്ങളിലും തീ പടർന്നാൽ ആടുകൾ ഗത്യന്തരമില്ലാതെ അടുത്തുള്ള കുതിരലായത്തിലേക്കോടും. അപ്പോൾ രാജാവിന്റെ ഓമനകളായ കുതിരകൾക്കും പൊള്ളലേൽക്കും. കുതിരപ്പന്തിയിലെ വൈക്കോലി നുകൂടി തീ പിടിക്കുമ്പോൾ കുതിരകളുടെ പൊള്ളൽ രൂക്ഷമാകും. ദുഃഖിതനായ രാജാവ് കൊട്ടാരം വൈദ്യനെ വരുത്തി പ്രതിവിധി അന്വേഷിക്കുമ്പോൾ കുരങ്ങന്മാരുടെ തലച്ചോറരച്ച് മുറിവിൽ പുരട്ടണമെന്ന് അദ്ദേഹം പറയും. കുരങ്ങന്മാരേക്കാൾ കുതിരകളെ സ്നേഹിക്കുന്ന രാജാവ് എല്ലാ കുരങ്ങന്മാരേയും കൊല്ലാൻ ഉത്തരവിടും.

ഇതെല്ലാം ഓർത്തപ്പോൾ നേതാവിന് പരിഭ്രമമായി. അവൻ

കുരങ്ങന്മാരെയെല്ലാം വിളിച്ച് ഈ അപകടം വിവരിച്ചു. എത്രയും വേഗം ഇവിടം വിട്ടുപോവുകയാവും നല്ലതെന്നും പറഞ്ഞു. എന്നാൽ, മറ്റു കുരങ്ങന്മാർക്ക് ഇതത്ര സ്വീകാര്യമായില്ല. ഒരിക്കലും നടക്കാനിടയില്ലാത്ത കാര്യത്തെ ഭയന്ന് ഈ സുഖജീവിതം ഉപേക്ഷിക്കാൻ തങ്ങളില്ലെന്ന് അവർ തീർത്തുപറഞ്ഞു. ഇതുകേട്ട് നേതാവ് ദുഃഖത്തോടെ അവരെ അവിടെ വിട്ട് കാട്ടിൽപോയി.

ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ, നേതാവ് പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. പാചകക്കാർ ആടിന്റെ രോമത്തിന് തീവെച്ചു. പരിഭ്രാന്തരായി ഓടിയ ആടുകൾ കുതിരലായത്തിൽ തീ പടർത്തി. അതിൽപ്പെട്ട് കുതിരകൾക്ക് പൊള്ളലേറ്റു. പൊള്ളൽ ശമിക്കാൻ കുരങ്ങന്മാരുടെ തലച്ചോറു വേണമെന്ന വൈദ്യന്റെ വാക്കനുസരിച്ച് എല്ലാ കുരങ്ങന്മാരേയും കൊല്ലാൻ രാജാവ് ഉത്തരവിട്ടു. അപ്പോൾത്തന്നെ വിധി നടപ്പാക്കപ്പെട്ടു.

തന്റെ ബന്ധുക്കളെ മുഴുവൻ രാജാവ് കൊലപ്പെടുത്തിയ വിവര മറിഞ്ഞപ്പോൾ നേതാവിന് കനത്ത കോപവും നിരാശയും തോന്നി. ദുഃഖിതനായ അവൻ കാട്ടിലെങ്ങും അലഞ്ഞുനടന്നു. കുറെദൂരം നടന്നപ്പോൾ അദ്ദേഹത്തിന് കലശലായ ദാഹം തോന്നി. അടുത്തു കണ്ട കുളത്തിൽനിന്ന് വെള്ളം കുടിച്ച് ദാഹം തീർക്കാമെന്നു കരുതി അങ്ങോട്ടു നടന്നു. പെട്ടെന്നാണ് അദ്ദേഹം ഒരു കാര്യം ശ്രദ്ധിക്കുന്നത്. കുളത്തിലേയ്ക്കുള്ള വഴിയിൽ നിറയെ കാല്പാടുകൾ പതിഞ്ഞിട്ടുണ്ട്. എന്നാൽ, അവരാരും തിരിച്ചുവന്നതിന്റെ ലക്ഷണവുമില്ല.

ഇതിലെന്തോ പന്തികേടുണ്ടെന്നു തോന്നിയ കുരങ്ങൻ വെള്ളത്തിലിറങ്ങിയില്ല. പകരം ഒരു ചെടിയുടെ തണ്ട് വലിച്ചെടുത്ത് അതു കുഴലാക്കി വെള്ളം വലിച്ചുകുടിച്ചു. അപ്പോൾ കാതുപൊട്ടുന്നത്ര ഉച്ചത്തിൽ അലറിക്കൊണ്ട് ഒരു രാക്ഷസൻ പൊന്തിവന്നു. പേടിച്ചുവിറച്ചു നിൽക്കുന്ന നേതാവിനെ നോക്കി രാക്ഷസൻ പറഞ്ഞു. "പേടിക്കണ്ട. നിന്റെ ബുദ്ധിസാമർത്ഥ്യത്തിൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. നീ വെള്ളത്തിലിറങ്ങിയിരുന്നെങ്കിൽ ആ നിമിഷം ഞാൻ നിന്നെ വിഴുങ്ങുമായിരുന്നു. എന്നാൽ നീ സാമർത്ഥ്യം കാട്ടി. അതുകൊണ്ട് ഞാൻ വിലപിടിപ്പുള്ള ഒരു വൈരമാല നിനക്കു തരാം." രാക്ഷസൻ കുരങ്ങന് തിളങ്ങുന്ന മാല സമ്മാനിച്ചു.

തന്റെ കുലം നശിപ്പിച്ച രാജാവിനോട് പകരം വീട്ടാനുള്ള സന്ദർഭം ഇതാണെന്ന് കുരങ്ങന് തോന്നി. വൈരമാലക്ക് പകരമായി വയറു നിറയെ ഭക്ഷണം കൊണ്ടുവന്നുതരാമെന്ന് രാക്ഷസന് വാക്കു നൽകി അവൻ

നാട്ടിലേക്കു തിരിച്ചു.

വൈരമാല കഴുത്തിലിട്ട കുരങ്ങനെക്കണ്ട് നാട്ടുകാർ അത്ഭുതം കൂറി. എന്നാൽ, അവർക്ക് പിടികൊടുക്കാതെ അവൻ ഒഴിഞ്ഞുമാറി. ഈ വിവരം രാജാവിന്റെ കാതിലുമെത്തി. അത്ഭുതവാനരനെ കാണാൻ രാജാവും മന്ത്രിയും പരിവാരങ്ങളും എഴുന്നള്ളി. വിലയേറിയ ഈ വൈരമാല എങ്ങനെ കിട്ടിയെന്ന ചോദ്യത്തിന് കാട്ടിൽ ഒരു മാന്ത്രികക്കുളമുണ്ടെന്നും അതിലിറങ്ങി മുങ്ങുന്ന ആർക്കും ഇതുപോലൊരു മാല സമ്മാനമായി കിട്ടുമെന്നും കുരങ്ങൻ പറഞ്ഞു. ആത്യാർത്തികളായ രാജവും പരിവാരങ്ങളും അപ്പോൾത്തന്നെ കുരങ്ങനൊപ്പം പോവാൻ തയ്യാറായി.

കുരങ്ങൻ അവർക്ക് വഴികാട്ടിയായി. കുളക്കരയിലെത്തിയപ്പോൾ നേതാവ് പറഞ്ഞു. "മഹാരാജാവേ, അങ്ങൊഴികെയുള്ള എല്ലാവരും കുളത്തിലിറങ്ങട്ടെ, അങ്ങ് പിന്നീടിറങ്ങിയാൽ മതി. അപ്പോളേ കൂടുതൽ മൂല്യമുള്ള മാല കിട്ടൂ." ഇതു വിശ്വസിച്ച രാജാവ് കൂടെ വന്നവരോട് കുളത്തിലിറങ്ങാൻ ആജ്ഞാപിച്ചു. വൈരമാല സ്വപ്നം കണ്ട് വെള്ളത്തിലിറങ്ങിയ അവരെ രാക്ഷസൻ വിഴുങ്ങി.

കുറെനേരം കഴിഞ്ഞിട്ടും അവർ പൊങ്ങിവരാതെ വന്നപ്പോൾ രാജാവിന് പരിഭ്രമമായി. അദ്ദേഹം നേതാവിനോട് കാര്യം തിരക്കി. അപ്പോൾ കുരങ്ങൻ പറഞ്ഞു. "ദുഷ്ടനായ രാജാവേ, ഞാൻ നിന്നോട് മധുരമായി പകവീട്ടുകയായിരുന്നു. എന്റെ കുലം മുടിച്ച നിന്റെ പരിവാരങ്ങൾ മുഴുവനും ഇതിനകം രാക്ഷസന്റെ ഭക്ഷണമായിക്കഴിഞ്ഞു. നിന്നെ കൊല്ലാതെ വിട്ടത് എനിക്ക് കുറെനാൾ ഭക്ഷം തന്നവൻ എന്ന പരിഗണന കൊണ്ടുമാത്രമാണ്. ഒറ്റപ്പെട്ടവന്റെ ദുഃഖം അനുഭവിച്ചറിഞ്ഞ് നീ ഇനിയുള്ള കാലം ജീവിക്കണം".

---

**'ആപത്തുവരുമ്പോൾ നല്ല ഉപദേശം കേൾക്കാത്തവർക്ക് അധോഗതിയാവും ഫലം'**

---

# രാക്ഷസനും കള്ളനും

**ഒ**രു രാജ്യത്തെ രാജാവിന് വിവാഹാനന്തരം ഏറെ കഴിഞ്ഞാണ് മകൾ ജനിച്ചത്. അവൾ വളർന്ന് കൗമാരപ്രായമെത്തിയപ്പോൾ ആരും കൊതിക്കുന്നത്ര സുന്ദരിയായി. ഒരിക്കൽ ആകാശമാർഗ്ഗം വന്ന ഒരു രാക്ഷസൻ കന്യകയിൽ അനുരക്തയായി. അവൻ അവളെ ആശ്ലേഷിക്കാനാഗ്രഹിച്ച് കോട്ടയ്ക്കു ചുറ്റു പറന്നുനടന്നു. എന്നാൽ, ആയുധധാരികളായ കാവൽക്കാരുടെ കണ്ണുവെട്ടിച്ച് അവളുടെ അടുത്തെത്താൻ രാക്ഷസനായില്ല. എങ്കിലും രാക്ഷസന്റെ സാമീപ്യംമൂലം രാജകുമരി രോഗബാധിതയായി. ഇടയ്ക്കിടെ ദേഹമാസകലം വിറച്ച് ബോധ രഹിതയായി വീഴുക പതിവായി. വിദഗ്ദരായ വൈദ്യന്മാർ ആവുന്നത്ര ശ്രമിച്ചിട്ടും രോഗകാരണം കണ്ടെത്താനായില്ല.

ഒരു ദിവസം കുമാരിയും തോഴിയും തമ്മിലുള്ള സംസാരം രാക്ഷസൻ ഒളിഞ്ഞുനിന്നു കേട്ടു. ഏതോ പിശാച് പിടികൂടിയതിനാൽ തനിക്ക് ഇടക്കിടയ്ക്ക് ബോധക്ഷയം വരുന്നുവെന്നാണ് അവൾ പറഞ്ഞത്. തന്റെ സ്വാധീനം മൂലമാണ് രാജകുമാരിക്ക് അസുഖം വന്നതെന്ന് അറിയാതിരുന്ന രാക്ഷസൻ ഇതുകേട്ട് അന്ധാളിച്ചു. രാജകുമാരിയെ തന്നിൽനിന്ന് തട്ടിയെടുക്കാൻ വന്ന ആ പിശാചിനെ ശരിപ്പെടുത്തിയിട്ടുതന്നെ കാര്യമെന്ന് അവൻ തീരുമാനിച്ചു. അവൻ അപ്പോൾത്തന്നെ കുതിരയുടെ രൂപം ധരിച്ച് കുതിരലായത്തിൽ ചെന്നു നിന്നു.

രാത്രിയായപ്പോൾ തടിമിടുക്കുള്ള ഒരു കള്ളൻ ലായത്തിലെത്തി. രാജാവിന്റെ ലക്ഷണമൊത്ത കുതിരകളിലൊന്നിനെ മോഷ്ടിക്കുക യായിരുന്നു അവന്റെ ലക്ഷ്യം. അവൻ കുതിരകളെയെല്ലാം വിശദാമായി

നിരീക്ഷിച്ചു. വേഷം മാറിനിന്ന രാക്ഷസനെയാണ് അവന് കൂടുതൽ ബോധിച്ചത്. അതിനെത്തന്നെ മോഷ്ടിക്കാനും കള്ളൻ തീരുമാനിച്ചു.

രാത്രി കുതിരലായത്തിൽ ഒളിച്ചുകടന്ന കള്ളനെ കണ്ടപ്പോൾ ഇവൻ തന്നെയാണ് രാജകുമാരിയെ ഭയപ്പെടുത്തുന്ന പിശാചെന്ന് രാക്ഷസൻ തീർച്ചയാക്കി. പിശാചിന്റെ കൈയിൽനിന്ന് എങ്ങനെ രക്ഷപ്പെടുമെന്ന് ചിന്തിക്കുംമുമ്പേ കള്ളൻ കുതിരപ്പുറത്തു കയറി. ഭയന്നുവിറച്ച് രാക്ഷസൻകുതിര പാഞ്ഞുപോയി. കുതിരയുടെ വേഗത കൂടുന്നതറിഞ്ഞ് അതിന്റെ പുറത്തിരുന്ന കള്ളൻ പരിഭ്രമിച്ചു. അവൻ കടിഞ്ഞാൺ വലിച്ചിട്ടും കുതിര വേഗത കുറച്ചില്ല. അപ്പോഴാണ് സംഗതിയുടെ ഗൗരവം കള്ളന് മനസ്സിലായത്. ഇത് സാധാരണ കുതിരയല്ലെന്നും ഏതോ രാക്ഷസൻ കുതിരയിൽ ആവേശിച്ചിരിക്കുകയാണെന്നും അറിഞ്ഞ് അയാൾ ഭയപ്പെട്ടു.

കുതിര ഒരു മരത്തിന്റെ ചുവട്ടിലെത്തിയതും കള്ളൻ രണ്ടും കല്പിച്ച് അതിന്റെ ചില്ലയിൽ തൂങ്ങി. അയാൾ വേഗംതന്നെ ആ മരത്തിന്റെ പൊത്തിൽ ഒളിച്ചിരുന്നു. പിശാചിൽനിന്നും രക്ഷപ്പെട്ട ആശ്വാസത്തോടെ രാക്ഷസൻകുതിരയും മുന്നോട്ടോടി. ആ മരത്തിൽ രാക്ഷസന്റെ സുഹൃത്തായ ഒരു കുരങ്ങൻ വസിച്ചിരുന്നു. അവൻ ഈ കാഴ്ച കണ്ട് രാക്ഷസനെ തിരിച്ചുവിളിച്ചു. " നീയെങ്ങോട്ടാണ് ചങ്ങാതീ ഓടുന്നത്? നിന്റെ പുറത്തിരുന്നത് വെറും മനുഷ്യനാണ്".

കുരങ്ങന്റെ വാക്കുകൾ രാക്ഷസന് ധൈര്യം പകർന്നു. അവൻ തിരികെ വന്നു. ഈ തക്കത്തിന് പൊത്തിലിരുന്ന കള്ളൻ കുരങ്ങന്റെ വാലിൽ ശക്തിയായി കടിച്ചു. വേദന സഹിക്കാനാവതെ കുരങ്ങൻ ഉറക്കെ കരഞ്ഞു. പിശാച് തന്റെ ചങ്ങാതിയേയും പിടികൂടിയിരിക്കുകയാണെന്നു ധരിച്ച രാക്ഷസൻ ഓടിരക്ഷപ്പെട്ടു.

---

**'പ്രാണഭയമുള്ളവനെ ഉപദേശിക്കുക എളുപ്പമല്ല'**

---

# ഭാഗ്യഹീനയായ രാജകുമാരി

ഒരു രാജ്യത്തെ രാജാവിന് ആറ്റുനോറ്റിരുന്ന ശേഷമാണ് പെൺകുഞ്ഞ് പിറന്നത്. എന്നാൽ, കുഞ്ഞിനെ കണ്ടതും അദ്ദേഹത്തിന് സങ്കടമായി. ആ കുഞ്ഞിന്റെ മാറിൽ രണ്ടിനു പകരം മൂന്നു മുലകളാണ് ഉണ്ടായിരുന്നുത്. വിരൂപയായ കുഞ്ഞിനെ കാട്ടിൽ കൊണ്ടുപോയി കളയാൻ രാജാവ് നിശ്ചയിച്ചു. എന്നാൽ ജ്യോതിഷികളുടെ അഭിപ്രായം ആരാഞ്ഞശേഷം മതി കുഞ്ഞിനെ കളയുന്നതെന്ന് മന്ത്രി ഉപദേശിച്ചു. രാജാവ് ജ്യോതിഷപണ്ഡിതന്മാരെ വിളിച്ചുവരുത്തി കാര്യം പറഞ്ഞു. അവർ കവിടി നിരത്തി പറഞ്ഞു. “മഹാരാജാവേ, അങ്ങയുടെ മകൾ ഒരു ദുർനിമിത്തമാണ്. ഇവൾ ഇവിടെ വളരുന്നത് പിതാവായ അങ്ങേയ്ക്ക് ദോഷം വരുത്തും. എന്നാൽ ഈ കുഞ്ഞിനെ ഉപേക്ഷിക്കേണ്ടതില്ല. അവൾ ഇവിടെത്തന്നെ വളരട്ടെ. വിവാഹപ്രായമാകുമ്പോൾ അങ്ങ് വിളംബരം ചെയ്യണം. ആരാണോ ഇവളെ സ്വീകരിക്കാനെത്തുന്നത് അയാൾക്ക് മകളെ കൊടുത്തിട്ട് പിന്നീടൊരിക്കലും തിരിച്ചുവരാത്ത വിധം നാടുവിടാൻ ആവശ്യപ്പെടണം.”

കുമാരി വളർന്ന് വവാഹപ്രായമെത്തി. മൂന്നു മുലകളുള്ള പെൺ കുട്ടിയെ വിവാഹം ചെയ്യാനാഗ്രഹിക്കുന്നവർക്ക് ഒരു ലക്ഷം സ്വർണ്ണ നാണയം നൽകുമെന്ന് രാജാവ് പെരുമ്പറകൊട്ടി വിളംബരം ചെയ്തു. എന്നിട്ടും വികലാംഗയായ പെൺകുട്ടിയെ സ്വീകരിക്കാൻ ആരും മുന്നോട്ടു വന്നില്ല. രാജാവ് നിരാശനായി.

അപ്പോഴാണ് ഒരു കുരടനും ചങ്ങാതിയായ കൂനനും ആ രാജ്യത്തെ ത്തുന്നത്. അവർ ഈ വിളംബരം കേട്ടു. ഒരു ലക്ഷം സ്വർണ്ണനാണയം കിട്ടുമെന്നായപ്പോൾ രാജകുമാരിയെ വിവാഹം കഴിക്കാൻ കുരുടൻ തയ്യാറായി. അയാൾ രാജാവിനെ മുഖം കാണിച്ച് സമ്മതം അറിയിച്ചു.

സന്തുഷ്ടനായ രാജാവ് സ്വർണ്ണനാണയങ്ങളോടൊപ്പം മകളെയും അയാൾക്ക് നൽകി. പണം വാങ്ങി കൂനനും കുരുടനും അവളേയും കൊണ്ട് നാടുവിട്ടു.

അയൽരാജ്യത്തെത്തിയ അവർ ഒരു വീട് വാടയ്ക്കെടുത്ത് താമസം തുടങ്ങി. തന്നെ വിവാഹം ചെയ്തത് കുരുടനാണെങ്കിലും രാജകുമാരിക്ക് പ്രണയം തോന്നിയത് കൂനനോടായിരുന്നു. കുരുടനറിയാതെ അവർ പരസ്പരം പ്രേമിച്ചു. കുരുടന്റെ സാമീപ്യം ഒരു ശല്യമായി തോന്നിയപ്പോൾ എങ്ങനേയും അയാളെ കൊന്നുകളയാൻ കൂനനും കുമാരിയും തീരുമാനിച്ചു.

ഒരു ദിവസം വലിയ വിഷപ്പാമ്പിന്റെ ജഡവുമായാണ് കൂനൻ തിരിച്ചെത്തിയത്. പാമ്പിനെ കറിവെച്ച് മത്സ്യക്കറിയെന്ന് തെറ്റിദ്ധരിപ്പിച്ച് കുരുടനെക്കൊണ്ട് കഴിപ്പിക്കാനാണ് അവർ പദ്ധതിയിട്ടത്. പാമ്പിനെ കഷ്ണങ്ങളാക്കി നുറുക്കി അടുപ്പത്ത് വെച്ചു. വെന്തുകൊണ്ടിരിക്കുന്ന മത്സ്യക്കറി ഒന്ന് ഇളക്കണമെന്ന് കൂനൻ കരുടനോടാവശ്യപ്പെട്ടു. മീൻ കൊതിയനായ കുരുടൻ സന്തോഷപൂർവ്വം ഇളക്കാൻ തുടങ്ങി. കഷ്ണങ്ങളിൽനിന്നുള്ള ശക്തിയായ വിഷപ്പുക കണ്ണിലടിച്ചപ്പോൾ കുരുടൻ അസ്വസ്ഥനായി. എന്നാൽ, അല്പം കഴിഞ്ഞതും ആ പുകയുടെ ശക്തി കൊണ്ട് അയാളുടെ കാഴ്ചശക്തി തിരിച്ചുകിട്ടി. കൂനനും തന്റെ ഭാര്യയും ചേർന്ന് തന്നെ ചതിക്കുകയായിരുന്നെന്ന് അയാൾ മനസ്സിലാക്കിയെങ്കിലും അത് പുറത്തുകാട്ടിയില്ല.

കുരുടന് കാഴ്ച തിരിച്ചുകിട്ടിയ കാര്യം അറിയാതെ കൂനനും രാജകുമാരിയും അയാളുടെ മുന്നിൽവെച്ചുതന്നെ പ്രണയകേളികൾ നടത്തി. ഇതുകണ്ട് സഹികെട്ട കുരുടൻ കൂനനെ എടുത്തുപൊക്കി രാജകുമാരിയുടെ ദേഹത്തേക്കെറിഞ്ഞു. ആ ഏറിന്റെ ശക്തിയിൽ കൂനന്റെ കൂന് നിവർന്നു. കൂനൻ ശക്തിയിൽ ചെന്നു വീണതിനാൽ രാജകുമാരിയുടെ മൂന്നു മുലകളിൽ ഒന്ന് നെഞ്ചത്തേയ്ക്കിറങ്ങി അപ്രത്യക്ഷമായി. അനന്തരം അവർ സസുഖം ജീവിച്ചു.

---

**'സമയം ഉചിതമെങ്കിൽ**
**പ്രതീക്ഷിക്കാത്ത പല നേട്ടങ്ങളുമുണ്ടാകും'**

---

# കാൽ നനഞ്ഞാൽ

**ഒ**രിടത്ത് ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാൾ ഒരിക്കൽ കാട്ടിൽ അലഞ്ഞുനടക്കുമ്പോൾ ഭീകരനായ ഒരു രാക്ഷസൻ ചുമലിൽ കയറിയിരുന്നു. തൊട്ടടുത്ത താമരക്കുളത്തിലേയ്ക്ക് തന്നേയും കൊണ്ടുപോകാൻ രാക്ഷസൻ ആജ്ഞാപിച്ചു. ഭയത്തോടെയാണെങ്കിലും അയാൾ അനുസരിച്ചു. കാൽ നനഞ്ഞാൽ പിന്നെ നിലത്തമർത്തില്ല എന്നൊരു വ്രതം താനെടുത്തിട്ടുണ്ടെന്ന് രാക്ഷസൻ പറഞ്ഞു.

രാക്ഷസന്റെ പിടിയിൽനിന്നും എങ്ങനെ രക്ഷപ്പെടുമെന്ന് ചിന്തിച്ച് ബ്രാഹ്മണൻ കുളത്തിനടുത്തെത്തി. ദേഹശുദ്ധി വരുത്തി തിരിച്ചെത്തും വരെ ഇവിടെയിരിക്കണമെന്ന് നിർദ്ദേശിച്ച് രാക്ഷസൻ കുളത്തിലിറങ്ങി. രാക്ഷസൻ തിരിച്ചുവന്നാൽ തന്നെ വിഴുങ്ങുമെന്ന് ബ്രാഹ്മണന് ഉറപ്പായിരുന്നു. അപ്പോഴാണ് അയാൾക്ക് രാക്ഷസന്റെ വ്രതം ഓർമ്മ വന്നത്. രാക്ഷസന്റെ കാൽ നനഞ്ഞുവെന്നറിഞ്ഞതും ബ്രാഹ്മണൻ ജീവനുംകൊണ്ട് ഓടിപ്പോയി. രാക്ഷസന് അതുകണ്ട് കലശലായ ദേഷ്യം വന്നെങ്കിലും വ്രതം തെറ്റിക്കാനാവാത്തതുമൂലം അയാളെ പിന്തുടരാനായില്ല.

---

**‘ബുദ്ധിമാന്മാർ രക്ഷപ്പെടാനുള്ള പഴുതുകൾ പാഴാക്കാറില്ല.’**

---

# രണ്ടുവായും ഒരു വയറും

**ഒ**രിടത്ത് ഒരത്ഭുതപ്പക്ഷിയുണ്ടായിരുന്നു. അതിന് രണ്ടു തലകളും ഒരു ഉടലുമാണ് ഉണ്ടായിരുന്നത്. തലകൾ തമ്മിൽ എപ്പോഴും ബദ്ധശത്രുതയിലാണ് കഴിഞ്ഞത്. ഒരിക്കൽ ഒരു വായിന് സ്വാദേറിയ പഴം ലഭിച്ചു. ആ വായ് പഴം തനിച്ചു തിന്നിട്ട് അതിന്റെ മാധുര്യത്തെ ക്കുറിച്ച് പുകഴ്ത്താൻ തുടങ്ങി. ഇതുകേട്ട് കൊതിയടക്കാനാവാതെ മറ്റേവായ് പഴത്തിൽ നിന്നല്പം തരണമെന്നാവശ്യപ്പെട്ടു. അപ്പോൾ ആദ്യത്തെ വായ് പറഞ്ഞു. "അതിന്റെ ആവശ്യമെന്ത്' ഞാൻ തിന്നാലും നീ തിന്നാലും ഒരേ വയറ്റിലല്ലേ ഇതെത്തുന്നത്. അതുകൊണ്ട് ഞാനിതു തരില്ല." പഴത്തിന്റെ അവശേഷിച്ച ഭാഗം വായ തന്റെ ഭാര്യക്ക് കൊടുത്തു. മറ്റേ വായിന് വല്ലാത്ത സങ്കടമായി.

ദിവസങ്ങൾ ചിലത് കഴിഞ്ഞപ്പോൾ രണ്ടാമത്തെ വായിന് ഒരു വിഷക്കായ കിട്ടി. ആ വായ് അതുകാട്ടി കൊതിപ്പിച്ചുകൊണ്ട് തിന്നാനൊരുങ്ങി. അത് വിഷപ്പഴമാണെന്നും തിന്നാൽ ചത്തുപോകുമെന്നും പറഞ്ഞ് ആദ്യത്തെ വായ് വിലക്കാൻ ശ്രമിച്ചു. എന്നാൽ, അതെല്ലാം അവഗണിച്ച് വായ് വിഷപ്പഴം തിന്നു. വിഷം വയറ്റിലെത്തിയതും പക്ഷി തൽക്ഷണം മരിച്ചുവീണു.

---

**'സ്വയം നാശത്തിലെത്തിക്കുന്ന പകവീട്ടൽ അർത്ഥശൂന്യമാണ്'**

---

# ഞണ്ട് രക്ഷിച്ചു

**ഒ**രിടത്ത് ഒരു ബ്രാഹ്മണകുമാരനും അദ്ദേഹത്തിന്റെ വൃദ്ധമാതാവും ജീവിച്ചിരുന്നു. ഒരിക്കൽ ബ്രാഹ്മണകുമാരന് ദൂരസഞ്ചാരം നടത്തേണ്ടി വന്നു. വിജനമായ വഴിയിലൂടെ ഏറെ യാത്ര ചെയ്യാനുള്ളതിനാൽ ആരെയെങ്കിലും സഹായിയായി കൂടെ കൂട്ടുവാൻ അമ്മ ഉപദേശിച്ചു. എന്നാൽ, ബ്രാഹ്മണകുമാരൻ അത് നിരസിച്ചു. അപ്പോൾ അമ്മ മുറ്റത്തുനിന്നും ഒരു ഞണ്ടിനെ പിടിച്ച് കർപ്പൂരപ്പാത്രത്തിലാക്കി മകന് സമ്മാനിച്ചു. ഇത് എപ്പോഴെങ്കിലും ഗുണം ചെയ്യുമെന്നും അമ്മ പറഞ്ഞു.

ഞണ്ടിനെ സഞ്ചിയിലാക്കി ബ്രാഹ്മണകുമാരൻ യാത്രയായി. പൊരിവെയിലത്തുകൂടിയാണ് അദ്ദേഹം നടന്നത്. കുറച്ചുദൂരം ചെന്നപ്പോൾ ബ്രാഹ്മണകുമാരന് വല്ലാത്ത ക്ഷീണം തോന്നി. അദ്ദേഹം സഞ്ചി നിലത്തിറക്കിവെച്ച് ഒരു മരത്തണലിൽ കിടന്നുറങ്ങി. ഈ സമയത്ത് മരക്കൊമ്പിൽനിന്ന് ഒരു വിഷപ്പാമ്പ് ഇഴഞ്ഞു വന്ന് സഞ്ചി കടിച്ചുമുറിച്ചു. സഞ്ചിയിലെ കർപ്പൂരപ്പാത്രം അപ്പോഴാണ് പാമ്പിന്റെ ശ്രദ്ധയിൽപ്പെട്ടത്. അവൻ അത് കടിച്ചുപൊട്ടിച്ചു. അപ്പോൾ അതിനുള്ളിലിരുന്ന ഞണ്ട് പാമ്പിന്റെ കഴുത്തിൽ ഇറുക്കി. ഏറെ നേരത്തെ മൽപ്പിടുത്തത്തിനുശേഷം പാമ്പ് ചത്തു. ഈ ബഹളം കേട്ട് ഉണർന്ന ബ്രാഹ്മണകുമാരൻ തന്റെയടുത്ത് പാമ്പിന്റെ ജഡം കണ്ട് കാര്യം മനസ്സിലാക്കി. അമ്മയുടെ സമ്മാനം എത്ര വിലപ്പെട്ടതാണെന്ന് അദ്ദേഹം മനസ്സിലാക്കി.

# കഥാന്ത്യം

പഞ്ചതന്ത്രം കഥകളെല്ലാം വിഷ്ണുശർമ്മ കുമാരന്മാരെ വിശദമായി പഠിപ്പിച്ചു. ബുദ്ധി വളർന്ന കുമാരന്മാർ ഈ കഥകളിലെ നീതിസാരങ്ങളും ഹൃദിസ്ഥമാക്കി. അനന്തരം വിഷ്ണുശർമ്മ കുമാരന്മാരെയുംകൊണ്ട് മഹാരാജാവിന്റെ അടുത്തെത്തി. രാജാവ് കുമാരന്മാരുടെ ബുദ്ധിവൈഭവം നേരിൽ പരീക്ഷിച്ചറിഞ്ഞു. സന്തുഷ്ടനായ രാജാവ് വിഷ്ണുശർമ്മയ്ക്ക് ധാരാളം സമ്മാനങ്ങൾ നൽകി യാത്രയാക്കി.